# കർത്താവിന്റെ വചനം
## *(Verbum Domini)*

‘ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും’ എന്ന വിഷയത്തെ സംബന്ധിച്ച്, മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതജീവിതം നയിക്കുന്നവർക്കും അല്മായവിശ്വാസികൾക്കുമായി

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അപ്പസ്തോലിക ഉദ്ബോധനം ‘കർത്താവിന്റെ വചനം’**

(*Verbum Domini*)

## ഉപക്രമം

**1.** “കർത്താവിന്റെ വചനം നിത്യം നിലനിൽക്കുന്നു. ആ വചനം തന്നെയാണ് നിങ്ങളോട് പ്രസംഗിക്കപ്പെട്ട സുവിശേഷം” (1 പത്രോ. 1:25; cf. ഏശ. 40:8). ഏശയ്യാ ദീർഘദർശിയുടെ വാക്കുകൾ അനുസ്മരിപ്പിച്ചുകൊണ്ട് വിശുദ്ധ പത്രോസ് തന്റെ ഒന്നാം ലേഖനത്തിൽ നടത്തുന്ന ഈ പ്രഖ്യാപനം നമ്മെ ദൈവത്തിന്റെ മഹാരഹസ്യത്തിന്റെ മുമ്പാകെ എത്തിക്കുന്നു — തന്റെ വചനത്തിലൂടെ സ്വയം വെളിപ്പെടുത്താൻ തിരുമനസ്സായ ദൈവത്തിന്റെ രഹസ്യം. നിത്യം നിലനിൽക്കുന്ന ഈ വചനം കാലത്തിൽ പ്രവേശിച്ചു. ദൈവം തന്റെ നിത്യമായ വചനം മാനുഷികമായ രീതി

യിൽ ഉച്ചരിച്ചു; അവിടുത്തെ "വചനം മാംസമായി" (യോഹ. 1:14). ഇതാണ് സുവിശേഷം. നൂറ്റാണ്ടുകളിലൂടെ കടന്ന് ഇന്ന് നമുക്ക് ലഭിക്കുന്ന പ്രഖ്യാപനം ഇതാണ്. 2008 ഒക്ടോബർ 5 മുതൽ 26 വരെ വത്തിക്കാനിൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ പന്ത്രണ്ടാമത് സാധാരണ പൊതുസമ്മേളനം ചർച്ചാ വിഷയമായി തെരഞ്ഞെടുത്തത് *'ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും'* എന്നതായിരുന്നു. പിതാവിന്റെ വചനവും, തന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മദ്ധ്യേ സന്നിഹിതനുമായ ക്രിസ്തുവിനെ കണ്ടുമുട്ടുക എന്ന ആഴമേറിയ അനുഭവമായിരുന്നു അത് (മത്താ. 18:20). സിനഡ് സമ്മേളനത്തിൽ നിന്നുണ്ടായ ശ്രദ്ധേയമായ ഫലങ്ങളും ഞങ്ങളുടെ കൂട്ടായ പ്രവർത്തനത്തിൽനിന്ന് ഉരുത്തിരിഞ്ഞ ശുപാർശകളും ദൈവജനത്തെ മുഴുവൻ അറിയിക്കണമെന്ന് അതിൽ സംബന്ധിച്ച പിതാക്കന്മാർ നടത്തിയ അഭ്യർത്ഥനയോട് സസന്തോഷം ഞാൻ നടത്തുന്ന പ്രതികരണമാണ് ഈ 'സിനഡനന്തര അപ്പസ്തോലിക ആഹ്വാനം' (*Post Synodal Apostolic Exhortation*).[1] അതുകൊണ്ട് സിനഡ് സംബന്ധിച്ച രേഖകളുടെ വെളിച്ചത്തിൽ ഈ സമ്മേളനം ചെയ്ത ജോലിയെ വിലയിരുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. *ലിനിയമെന്ത, ഇൻസ്ത്രമേന്തും ലബോറിസ്, റെലാസിയോനെസ് ആന്തേ എത്ത് പോസ്ത്ത് ഡിഷെപ്താസിയോനെം,* സഭയിൽ അവതരിപ്പിച്ചതും രേഖാമൂലം സമർപ്പിച്ചതുമായ ഇടപെടലുകൾ, ചർച്ചാസംഘങ്ങൾ നൽകിയ റിപ്പോർട്ടുകൾ, ദൈവജനത്തിനായി അവസാനം നൽകിയ സന്ദേശം, എല്ലാറ്റിനുമുപരിയായി സുപ്രധാനമെന്ന് സിനഡ് പിതാക്കന്മാർ കരുതിയ വ്യക്തമായ ചില നിർദ്ദേശങ്ങൾ — ഇവയുടെ വെളിച്ചത്തിലാണ് ഈ വിലയിരുത്തലിന് ഒരുങ്ങുന്നത്. ഇപ്രകാരം നിരന്തരം നടക്കേണ്ട നവീകരണത്തിന്റെ ഉറവിടമായി സഭയുടെ ജീവിതത്തിൽ ദൈവവചനത്തെ വീണ്ടും കണ്ടെത്തുന്നതിനുള്ള ചില അടിസ്ഥാനപരമായ സമീപനങ്ങൾ ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. അതേസമയംതന്നെ സഭാസംബന്ധമായ എല്ലാ പ്രവർത്തനങ്ങളുടെയും കാതലായ അംശം ദൈവവചനം

ആയിരിക്കട്ടെയെന്ന പ്രത്യാശയും ഞാൻ പ്രകടിപ്പിച്ചുകൊള്ളുന്നു.

## നമ്മുടെ സന്തോഷം സമ്പൂർണ്ണമാകുന്നതിനായി

**2.** ആദ്യമായി സിനഡ്സമ്മേളനത്തിനിടയ്ക്ക് ഞങ്ങൾക്കനുഭവപ്പെട്ട കർത്താവായ യേശുവിനെ പുതുതായി കണ്ടുമുട്ടിയതിന്റെ സന്തോഷവും മനോഹാരിതയും അനുസ്മരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എല്ലാ സിനഡ് പിതാക്കന്മാരോടുമൊപ്പം സമസ്ത വിശ്വാസികളെയും വിശുദ്ധ യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ വാക്കുകളിൽ ഞാൻ അഭിവാദ്യം ചെയ്യുന്നു: "പിതാവിനോടുകൂടി ആയിരുന്നതും ഞങ്ങൾക്ക് വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്" (യോഹ. 1:2–3). കേൾക്കുക, കാണുക, സ്പർശിക്കുക, സൂക്ഷിച്ചുവീക്ഷിക്കുക ഇവയെപ്പറ്റിയാണ് അപ്പോസ്തലൻ നമ്മോട് പറയുന്നത്. കാരണം, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ടത് ജീവൻതന്നെ ആയിരുന്നു. ദൈവവുമായും മനുഷ്യർ തമ്മിലുമുള്ള കൂട്ടായ്മയിലേയ്ക്കു വിളിക്കപ്പെട്ട നാം ഈ ദാനം ഉച്ചത്തിൽ പ്രഖ്യാപിക്കണം. സന്ദേശത്തിന്റെ ഈ കാഴ്ചപ്പാടിൽനിന്ന് നോക്കിക്കണ്ടാൽ സഭയ്ക്കും ലോകത്തിനും, തിരുസഭയുടെ കൂട്ടായ്മയിൽ കണ്ടുമുട്ടുന്ന ദൈവവചനത്തിന്റെ മഹത്തായ മനോഹാരിത പ്രകടമാക്കുന്ന ഒരു സാക്ഷ്യമായിരുന്നു സിനഡ്സമ്മേളനം. സഭയ്ക്കും ലോകം മുഴുവനുമായുള്ള ഒരു സാക്ഷ്യം. ഇക്കാരണത്താൽ ജീവന്റെ വചനത്തിന്റെ ദൃശ്യരൂപമായ ക്രിസ്തുവുമായുള്ള വ്യക്തിപരവും കൂട്ടായ്മക്കടുത്തതുമായ കണ്ടുമുട്ടൽ നവീകരിക്കുവാനും ക്രിസ്തുവിന്റെ മുന്നോടികളാകുവാനും എല്ലാ വിശ്വാസികളെയും പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ

ദൈവിക ജീവന്റെ ദാനമായ കൂട്ടായ്മ ലോകമെങ്ങും വ്യാപിക്കുവാൻ, ഇടയാകണം. ദൈവത്തിന്റെ ജീവനിൽ പങ്കാളിയാകുക, സ്നേഹത്തിന്റെ ത്രിത്വമായ ദൈവത്തിന്റെ ജീവനിൽ പങ്കാളിയാകുക, എന്നതാണ് *സമ്പൂർണ്ണമായ ആനന്ദം* (1 യോഹ. 1:4). നമ്മുടെ മദ്ധ്യേ വസിക്കുന്ന ദൈവവചനമായ ക്രിസ്തു എന്ന വ്യക്തിയെ കണ്ടുമുട്ടുന്നതുവഴി ഉണ്ടാകുന്ന ഈ സന്തോഷം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയെന്നത് സഭയുടെ ദാനവും ഒഴിച്ചുകൂടാനാകാത്ത ചുമതലയുമാണ്. ദൈവത്തെ ആവശ്യമില്ല, ദൈവം അപ്രസക്തമാണെന്ന് മിക്കപ്പോഴും കരുതുന്ന ഈ ലോകത്ത് അവിടുത്തെ പക്കൽ മാത്രമാണ് "നിത്യജീവന്റെ വചനങ്ങൾ" ഉള്ളത് എന്ന് വിശുദ്ധ പത്രോസിനൊപ്പം നമ്മളും ഏറ്റുപറയുന്നു (യോഹ. 6:68). നമ്മുടെ കാലഘട്ടത്തിൽ ജീവിക്കുന്ന ആളുകളെ ഒരിക്കൽക്കൂടി ദൈവത്തെ കണ്ടുമുട്ടാൻ കഴിവുള്ളവരാക്കുക. നമുക്ക് സമൃദ്ധമായി ജീവൻ ലഭ്യമാകുന്നതിന് നമ്മോട് സംസാരിക്കുകയും നാമുമായി സ്നേഹം പങ്കുവയ്ക്കുകയും ചെയ്യുന്ന ദൈവത്തെ കണ്ടുമുട്ടാൻ അവരെ ശക്തരാക്കുക (യോഹ. 10:10) ഇതിനേക്കാൾ മുൻഗണന അർഹിക്കുന്നതായി യാതൊന്നുമില്ല:

## "ദൈവവചനത്തിൽ" *(Dei Verbum)* നിന്ന് ദൈവവചനം സംബന്ധിച്ച സിനഡിലേക്ക്

**3.** ദൈവവചനം സംബന്ധിച്ച് മെത്രാന്മാരുടെ സിനഡിന്റെ പന്ത്രണ്ടാമത് സാധാരണ പൊതുസമ്മേളനത്തോടുകൂടി ക്രൈസ്തവജീവിതത്തിന്റെ *ഹൃദയം* തന്നെയാണ് ഞങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന അവബോധം ഞങ്ങൾക്കുണ്ടായി. *"ദിവ്യകാരുണ്യം" സഭയുടെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും സ്രോതസ്സും ഉച്ചകോടിയും* എന്ന വിഷയത്തെ സംബന്ധിച്ച് നേരത്തെ നടത്തിയ സിനഡിന്റെ തുടർച്ചയാണ് ഇതെന്നും ഞങ്ങൾ തിരിച്ചറിഞ്ഞു. ദൈവവചനം എന്ന അടിത്തറയിലാണ് തിരുസഭ പണിതുയർത്തപ്പെട്ടിരിക്കുന്നത്. ആ വചനത്തിൽനിന്നാണ് അവൾ രൂപമെടുത്തതും ജീവിക്കുന്നതും.[2] ചരിത്രത്തിലുടനീളം

ദൈവജനം ദൈവവചനത്തിൽ എപ്പോഴും ശക്തി കണ്ടെത്തിയിരുന്നു. ആ വചനം ശ്രവിച്ചും ആഘോഷിച്ചും പഠിച്ചും ആണ് ഇന്നും സഭാസമൂഹം വളരുന്നത്. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ഈ വിഷയം സംബന്ധിച്ച് സഭാജീവിതത്തിനു കൂടുതൽ തിരിച്ചറിവുണ്ടായിട്ടുണ്ട്. പ്രത്യേകിച്ചും ക്രൈസ്തവ വെളിപാട്, സജീവ പാരമ്പര്യം, വിശുദ്ധഗ്രന്ഥം ഇവയുമായി ബന്ധപ്പെട്ട തലങ്ങളിൽ. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ കാലംതൊട്ട് സഭയുടെ ജീവിതത്തിൽ വിശുദ്ധഗ്രന്ഥപഠനത്തിന്റെയും ദൈവവചനത്തിന്റെയും പ്രാധാന്യം സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമങ്ങൾക്ക് അടിക്കടി ആക്കം കൂടിവന്നു.[3] ഇത് പാരമ്യത്തിലെത്തുന്നത് രണ്ടാം വത്തിക്കാൻ സൂനഹദോസിലാണ്. പ്രത്യേകിച്ചും '*ദൈവവചനം*' (*Dei verbum*) എന്ന ദിവ്യ വെളിപാട് സംബന്ധിച്ച പ്രമാണരേഖയുടെ വിജ്ഞാപനത്തിൽ. ഈ പ്രമാണരേഖ സഭയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു. "വിശുദ്ധഗ്രന്ഥവ്യാഖ്യാനം, ദൈവശാസ്ത്രം, ആത്മീയത, അജപാലനം, സഭാ ഐക്യം എന്നീ തലങ്ങളിൽ ഈ പ്രമാണരേഖ സഭാജീവിതത്തിൽ എന്തുമാത്രം ഗുണം ചെയ്തു എന്ന് സിനഡ് പിതാക്കന്മാർ നന്ദിപൂർവ്വം തിരിച്ചറിയുന്നു.[4]" ഇതിനുശേഷമുള്ള വർഷങ്ങളിലും ഇത് സംബന്ധിച്ച അവബോധം വളരുന്നതായി നാം കാണുന്നു. "വെളിപാടിന്റെ ത്രിത്വബദ്ധവും രക്ഷാകരചരിത്രത്തിന്റേതുമായ ചക്രവാളം സംബന്ധിച്ചും[5]" ഉള്ള അവബോധം; ഈ പശ്ചാത്തലത്തിൽ "യേശുക്രിസ്തു മദ്ധ്യസ്ഥനും എല്ലാ വെളിപാടിന്റെയും പൂർണ്ണതയും[6]" ആയി തിരിച്ചറിയപ്പെടണം. ഈ തിരിച്ചറിവിന് ആക്കം കൂടിയിട്ടുണ്ട്. ഓരോ തലമുറയോടും തിരുസഭ നിരന്തരം ഉദ്ഘോഷിക്കുന്നത് ക്രിസ്തു "വെളിപാട് പൂർത്തിയാക്കി, സമ്പൂർണ്ണമാക്കി" എന്നാണ്. "അവിടുത്തെ സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട എല്ലാക്കാര്യവും അവിടുന്ന് നടത്തിയ സ്വയം വെളിപ്പെടുത്തലും ഇത് കൈവരിക്കുന്നതിനായിരുന്നു: അവിടുത്തെ വാക്കുകളും പ്രവൃത്തികളും, അടയാളങ്ങളും അത്ഭുതങ്ങളും എല്ലാറ്റിനുമുപരിയായി അവിടുത്തെ മരണവും മരിച്ചവരിൽനിന്നുള്ള ഉയിർത്തെഴുന്നേ

ല്പും, അവസാനമായി അവിടുന്ന് തന്റെ അരൂപിയെ അയച്ചതും.[7]"

തിരുസഭയുടെ ജീവിതത്തിൽ ദൈവവചനത്തിലുള്ള താത്പര്യം പുതിയ ഒരുണർവ് നേടുന്നതിനും ദിവ്യവെളിപാട് സംബന്ധിച്ച ദൈവശാസ്ത്രപരമായ വിചിന്തനത്തിനും വിശുദ്ധഗ്രന്ഥപഠനത്തിനും *'ദൈവവചനം'* (*Dei Verbum*) എന്ന പ്രമാണരേഖ എത്രമാത്രം ഉത്തേജനം നൽകിയെന്ന് എല്ലാവർക്കും അറിയാം. കഴിഞ്ഞ നാല്പത് വർഷമായി തിരുസഭ പ്രബോധനാധികാരം വിനിയോഗിച്ച് ഈ വിഷയം സംബന്ധിച്ച് നിരവധി പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.[8] പരിശുദ്ധാരൂപിയുടെ മാർഗ്ഗദർശനം സ്വീകരിച്ചുകൊണ്ട് തന്റെ യാത്ര തുടരേണ്ടതുണ്ടെന്ന് തിരിച്ചറിഞ്ഞ്, ഈ സിനഡ് സമ്മേളിക്കുകവഴി, ദൈവവചനം എന്ന വിഷയം സംബന്ധിച്ച കൂടുതൽ വിചിന്തനം നടത്തേണ്ടതാണെന്നും വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് ഒരു അവലോകനം നടത്താനും ക്രൈസ്തവവിശ്വാസികളുടെ മുമ്പിൽ ഈ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിനും ഈ വിചിന്തനം ആവശ്യമാണെന്ന് സഭയ്ക്ക് തോന്നി.

## ദൈവവചനം സംബന്ധിച്ച് മെത്രാന്മാരുടെ സിനഡ്

**4.** സിനഡിന്റെ പന്ത്രണ്ടാമത് സമ്മേളനത്തിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള മെത്രാന്മാർ ദൈവവചനത്തിനുചുറ്റും ഒന്നിച്ചുകൂടി പ്രതീകാത്മകമായി വിശുദ്ധഗ്രന്ഥം സമ്മേളനവേദിയുടെ മധ്യത്തിൽ പ്രതിഷ്ഠിച്ചു. അനുദിനജീവിതത്തിൽ നമ്മുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്ന ഒരു വസ്തുത അടിവരയിട്ട് കാട്ടുവാനാണ് ഇങ്ങനെ ചെയ്തത്. *"ദൈവം നമ്മോട് സംസാരിക്കുന്നു; നമ്മുടെ ചോദ്യങ്ങൾക്ക് അവിടുന്ന് മറുപടി പറയുന്നു."*[9] ഇതാണ് ആ വസ്തുത. ഞങ്ങൾ ഒന്നിച്ച് കർത്താവിന്റെ വചനം ശ്രവിച്ചു, കർത്താവിന്റെ വചനം ആഘോഷിച്ചു. ദൈവജനത്തിന്റെ മദ്ധ്യത്തിൽ കർത്താവ് ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഞങ്ങൾ പരസ്പരം പറഞ്ഞുകേൾപ്പിച്ചു. പ്രത്യാശകളും ആശ

ങ്കകളും ഞങ്ങൾ പങ്കുവച്ചു. ദൈവവചനവുമായി നമുക്കുള്ള ബന്ധം 'സഭയുടെ കൂട്ടായ്മയിൽ' മാത്രമേ ആഴമുള്ളതാക്കാൻ കഴിയൂ എന്ന് ഇതിലൂടെയെല്ലാം ഞങ്ങൾക്ക് ബോദ്ധ്യമായി. പരസ്പരം പറഞ്ഞും പറയുന്നത് ശ്രദ്ധിച്ചുകേട്ടും, പരസ്പരം അംഗീകരിച്ചും മാത്രമേ ഇത് സാദ്ധ്യമാകൂ. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സഭാജീവിതം എങ്ങനെ നടക്കുന്നു എന്നതു സംബന്ധിച്ച സാക്ഷ്യങ്ങളോട് ഇതിന് ഞങ്ങൾ നന്ദി പറയണം. സമ്മേളനത്തിനിടയ്ക്കുണ്ടായ വിവിധ ഇടപെടലുകളാണ് ഈ സാക്ഷ്യത്തിന് നിമിത്തമായത്. സിനഡ് സമ്മേളനത്തിൽ പങ്കെടുക്കാൻ ഞങ്ങൾ ക്ഷണിച്ച സഹോദരദൗത്യസംഘങ്ങളെ ശ്രവിച്ചതും വികാരനിർഭരമായ ഒരനുഭവമായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ എക്യൂമെനിക്കൽ പാത്രിയാർക്കീസായ ബർത്തലോമിയോസ് ഒന്നാമന്റെ മാദ്ധ്യസ്ഥം ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. സിനഡ് പിതാക്കന്മാർ അങ്ങേയറ്റം വിലമതിച്ച അഭിപ്രായങ്ങളായിരുന്നു തിരുമേനിയുടേത്.[10] ചരിത്രത്തിൽ ആദ്യമായി സിനഡ് പിതാക്കന്മാർ ഒരു യഹൂദഗുരുവിനെ സമ്മേളനത്തിലേക്ക് ക്ഷണിച്ചിരുന്നു. ഹീബ്രുബൈബിൾ സംബന്ധിച്ച അദ്ദേഹത്തിന്റെ വിലപ്പെട്ട സാക്ഷ്യം ലഭ്യമാകാനാണ് ഇങ്ങനെ ചെയ്തത്. ഹീബ്രു വിശുദ്ധഗ്രന്ഥവും നമ്മുടെ വിശുദ്ധഗ്രന്ഥത്തിന്റെ ഒരു ഭാഗമാണല്ലോ.[11]

ഇങ്ങനെ "സഭയിൽ ഇന്ന് ഒരു പെന്തക്കോസ്താദിവസം ആണ്" എന്ന് സന്തോഷത്തോടും കൃതജ്ഞതയോടും തിരിച്ചറിയാൻ ഞങ്ങൾക്ക് കഴിഞ്ഞു. അതായത്, സഭ വിവിധ ഭാഷകളിൽ സംസാരിക്കുന്നു; ബാഹ്യമായി മാത്രമല്ല, ലോകത്തിലെ സുപ്രധാനഭാഷകളെല്ലാം സഭയിൽ ഉപയോഗിക്കുന്നുണ്ടെന്ന അർത്ഥത്തിൽ മാത്രമല്ല, കുറേക്കൂടി ആഴമേറിയ അർത്ഥത്തിൽ സഭ ഭിന്ന ഭാഷകൾ സംസാരിക്കുന്നുണ്ട്. ലോകത്തെയും ദൈവത്തെയും സംബന്ധിച്ച വ്യത്യസ്ത അനുഭവങ്ങൾ സഭയ്ക്കുള്ളിൽത്തന്നെയുണ്ട്. സമ്പന്നമായ വ്യത്യസ്ത സംസ്കാരങ്ങളെ സഭ ഉൾക്കൊള്ളുന്നുണ്ട്. ഇങ്ങനെ മാത്രമേ മാനുഷികാനുഭവം എത്ര വിശാലമാണെന്ന് നാം മനസ്സിലാക്കുകയുള്ളൂ. അങ്ങനെ ദൈവവചനം എത്ര

വിശാലമാണെന്നും നാം മനസ്സിലാക്കും."[12] തുടർന്നുകൊണ്ടിരിക്കുന്ന ഒരു പെന്തക്കോസ്താ കാണാനും ഞങ്ങൾക്കവിടെ കഴിഞ്ഞു. വിവിധ ജനതകൾ അവരുടെ സ്വന്തം ഭാഷയിലും സംസ്കാരത്തിലും ദൈവവചനം പ്രഘോഷിക്കപ്പെടുവാൻ ഇപ്പോഴും കാത്തിരിക്കുകയാണ്.

സിനഡിൽ ഉടനീളം പൗലോസ് അപ്പോസ്തലന്റെ സാക്ഷ്യം ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു എന്ന വസ്തുത ഞാൻ എങ്ങനെ അനുസ്മരിക്കാതിരിക്കും! ജനതകളുടെ മഹാനായ അപ്പോസ്തലന് പ്രത്യേകം അർപ്പിക്കപ്പെട്ടിരുന്ന വർഷം, വിശുദ്ധൻ ജനിച്ച് രണ്ടായിരംവർഷം തികയുന്ന അവസരത്തിൽ, സിനഡിന്റെ ഈ പന്ത്രണ്ടാം സാധാരണ പൊതു സമ്മേളനം നടക്കാനിടയായതും ദൈവപരിപാലനയുടെ ഭാഗമാണ്. ദൈവവചനം പ്രചരിപ്പിക്കുന്നതിലുള്ള തീക്ഷ്ണതയാണ് പൗലോസിന്റെ ജീവിതത്തിൽ നിറഞ്ഞുനിന്നത്. ദൈവവചനം പ്രസംഗിക്കുകയാണ് തന്റെ ദൗത്യം എന്ന് വിശുദ്ധൻ വികാരോഷ്മളതയോടെ പറയുന്നത് നമ്മുടെ ഹൃദയത്തെ എങ്ങനെയാണ് സ്പർശിക്കാതിരിക്കുക! "സുവിശേഷത്തിനുവേണ്ടി ഞാൻ ഇവയെല്ലാം ചെയ്യുന്നു" (1 കോറി. 9:23). റോമാക്കാർക്കുള്ള ലേഖനത്തിൽ വിശുദ്ധൻ എഴുതുന്നു: "സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ വിശ്വസിക്കുന്ന ഏവർക്കും, അത് രക്ഷയിലേക്ക് നയിക്കുന്ന ദൈവശക്തിയാണ്" (റോമാ 1:16). സഭയുടെ ജീവിതവും ദൗത്യവുമായി ബന്ധപ്പെടുത്തി ദൈവവചനം നാം വിചിന്തനത്തിനുവിധേയമാക്കുമ്പോഴെല്ലാം വിശുദ്ധ പൗലോസിനെയും ക്രിസ്തുവിന്റെ രക്ഷാകരസന്ദേശം എല്ലാ ജനതകൾക്കും എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ചെലവഴിച്ച വിശുദ്ധന്റെ ജീവിതത്തെയും ഓർമ്മിക്കാതിരിക്കുക വയ്യ.

## യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖം ഒരു വഴികാട്ടി

**5.** സഭയുടെ ജീവിതത്തിൽ സിനഡിന്റെ പ്രവർത്തനം യഥാർത്ഥത്തിൽ ഫലമുണ്ടാക്കണം എന്ന എന്റെ ആഗ്രഹമാണ് ഈ അപ്പസ്തോലിക ആഹ്വാനം പ്രകടമാക്കുന്നത്.

വിശുദ്ധഗ്രന്ഥവുമായി നമുക്കുള്ള വ്യക്തിപരമായ ബന്ധം, ആരാധനാക്രമത്തിലും മതബോധനത്തിലും വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കൽ അതുപോലെ ശാസ്ത്രീയ ഗവേഷണം — ഈ മേഖലകളിലെല്ലാം ബൈബിൾ ഭൂതകാലത്തുനിന്നുവന്ന വചനം മാത്രമായി തീരരുത്, ജീവനുള്ളതും കാലോചിത വുമായ ഒരു വചനമായിരിക്കണം അത്. ഇത് നേടുന്നതിന് സിനഡിന്റെ പ്രവർത്തനം വിശദീകരിക്കാനും അത് വിശ്വാ സികളുടെ മുമ്പിൽ അവതരിപ്പിക്കാനും ഞാൻ ആഗ്രഹിക്കു ന്നു. ഇതിലേക്കു യോഹന്നാന്റെ സുവിശേഷത്തിന്റെ ആമു ഖത്തെ കൂടെക്കൂടെ പരാമർശിക്കേണ്ടിവരും (യോഹ. 1:1–8). നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം എന്ത് എന്ന് അറിയി ക്കുന്നതാണ് ഈ ആമുഖം: ആദിമുതലേ ദൈവത്തോടൊ പ്പമായിരുന്ന വചനം; മാംസമായി നമ്മുടെ ഇടയിൽ വസിച്ച വചനം" (യോഹ. 1:14). ഇത് അതിമനോഹരമായ ഒരു വച നഭാഗമാണ്. സമസ്ത ക്രൈസ്തവവിശ്വാസത്തിന്റെയും ഒരു ഉദ്ഗ്രഥനം ഇതിൽ അടങ്ങിയിട്ടുണ്ട്. ക്രിസ്തുവിനെ കണ്ടു മുട്ടുകയും പിൻചെല്ലുകയും ചെയ്ത വ്യക്തിപരമായ അനു ഭവത്തിൽനിന്ന്, "യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ" (യോ ഹ. 13:23; 20:2; 21:7, 20) എന്ന് പാരമ്പര്യം പറയുന്ന യോഹ ന്നാനും "ആഴമേറിയ ഒരു ഉറപ്പുണ്ടായി. ദൈവത്തിന്റെ വിജ്ഞാനം മനുഷ്യനായി അവതരിച്ചതാണ് യേശു; അനാ ദികാലം മുതലേയുള്ള ദൈവവചനം മരണമുള്ള മനുഷ്യ നായി തീർന്ന"താണ് അവിടുന്ന്.[13] "കാണുകയും വിശ്വസി ക്കുകയും" (cf. യോഹ. 20:8) ചെയ്ത യോഹന്നാൻ ക്രിസ്തു വിന്റെ മാറിൽ ചാരിയിരിക്കുവാൻ നമ്മെയും സഹായിക്കട്ടെ (യോഹ. 13:25). രക്തവും ജലവും ഒഴുകിവന്നത് അവിടെനി ന്നാണല്ലോ (cf. യോഹ. 19:34). തിരുസഭയിലെ കൂദാശകളുടെ പ്രതീകങ്ങളാണ് ഈ രക്തവും ജലവും. അപ്പോസ്തലനായ യോഹന്നാന്റെയും പ്രചോദിതരായ മറ്റ് ഗ്രന്ഥകർത്താക്കളു ടെയും മാതൃക പിൻതുടർന്ന് *ദൈവവചനത്തോട് എപ്പോഴും കൂടുതൽ സ്നേഹം* ഉണ്ടാകുന്ന രീതിയിൽ പരിശുദ്ധാരൂപി നമ്മെ നയിക്കുന്നതിന് നമുക്ക് സ്വയം അനുവദിക്കാം.

## ഭാഗം ഒന്ന്

# ദൈവവചനം

# (*Verbum Dei*)

*"ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവമായിരുന്നു... വചനം മാംസമായി"*

*(യോഹ. 1:1, 14).*

# സംസാരിക്കുന്ന ദൈവം

## ദൈവം സംവാദത്തിൽ

**6.** മനുഷ്യരുമായി സംഭാഷണം നടത്താൻ ദൈവം ആഗ്രഹിക്കുന്നു. ആ സംഭാഷണത്തിലൂടെ ദൈവം അറിയപ്പെടുന്നു — ഈ വസ്തുതയിലാണ് ബൈബിളിലെ വെളിപാടിന്റെ നവീനത അടങ്ങിയിരിക്കുന്നത്.[14] *'ദൈവവചനം'* എന്ന പ്രമാണരേഖ ഇത് പ്രകടമാക്കുന്നത് "അദൃശ്യനായ ദൈവം തന്റെ സ്നേഹത്തിന്റെ പൂർണ്ണതയിൽനിന്ന് മനുഷ്യരെ (സ്ത്രീപുരുഷന്മാരെ), തന്റെ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നതിനും സ്വീകരിക്കുന്നതിനുംവേണ്ടി സുഹൃത്തുക്കൾ എന്ന രീതിയിൽ അവരെ അഭിസംബോധന ചെയ്യുന്നു, അവരുടെ ഇടയിൽ വസിക്കുന്നു, എന്ന് അംഗീകരിച്ചുകൊണ്ടാണ്,[15] എന്നാൽ ദൈവം മനുഷ്യരുമായി സ്നേഹപൂർവ്വമായ കൂട്ടായ്മ ഉണ്ടാക്കുന്നു എന്ന വസ്തുത മാത്രം ഗ്രഹിച്ചാൽ യോഹന്നാന്റെ ആമുഖത്തിൽ അടങ്ങിയിട്ടുള്ള സന്ദേശം പൂർണ്ണമായും ഉൾക്കൊള്ളാൻ നമുക്ക് കഴിയുകയില്ല. യഥാർത്ഥത്തിൽ ആരിലൂടെയാണോ സർവ്വവും സൃഷ്ടിക്കപ്പെട്ടത് (യോഹ. 1:1) "ആ ദൈവവചനം, "മാംസമായ വചനം" (യോഹ. 1:3) "ആദിയിൽ ഉണ്ടായിരുന്ന അതേ വചനം" (യോഹ. 1:14) തന്നെയാണ്. ഉത്പത്തിയുടെ പുസ്തകത്തിന്റെ തുടക്കത്തെയാണ് ഇത് സൂചിപ്പിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ തികച്ചും സമ്പൂർണ്ണമായ ഒരു *ആരംഭമാണ്* (*beginning*) നാം കണ്ടുമുട്ടുക. ദൈവത്തിന്റെ ആന്തരികജീവിതത്തെപ്പറ്റി നമ്മോട് പറയുന്ന ഒരു ആദിമുഹൂർത്തം. വചനം, *ലോഗോസ്,* യഥാർത്ഥത്തിൽ *അനന്തകാലം* തൊട്ടേ ഉണ്ടെന്നാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖം

നമുക്ക് വ്യക്തമാക്കിത്തരുന്നത്. അനന്തകാലംതൊട്ടേ *വചനം* ദൈവമാണെന്നും. ദൈവം ഒരിക്കലും തന്റെ വചനത്തിൽനിന്ന് വേർപെട്ട് നിന്നിരുന്നില്ല. പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതിനുമുമ്പേ *വചനം* ഉണ്ട്. അങ്ങനെ ദൈവികജീവന്റെ ഉള്ളറയിൽ കൂട്ടായ്മ നിലവിലുണ്ട്. സമ്പൂർണ്ണമായ ദാനം അവിടെയുണ്ട്. *"ദൈവം സ്നേഹമാകുന്നു"* (യോഹ. 4:16) എന്ന് അപ്പോസ്തലൻ പറയുന്നു. "ദൈവത്തെ സംബന്ധിച്ചുള്ള ക്രൈസ്തവ സങ്കല്പവും അതിൽനിന്ന് ഉരുത്തിരിയുന്ന മനുഷ്യവർഗ്ഗ സങ്കല്പവും മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തിക ലക്ഷ്യവും" സൂചിപ്പിക്കുന്നതാണ് ഈ വാക്യം.[16] ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് അനന്തമായ സ്നേഹത്തിന്റെ ദിവ്യരഹസ്യമായിട്ടാണ്. ആ അനന്തമായ സ്നേഹത്തിൽ പിതാവ് അനാദികാലംതൊട്ടേ പരിശുദ്ധാരൂപിയിൽ തന്റെ *വചനം* ഉച്ചരിക്കുന്നു. അതുകൊണ്ട് ആദിമുതലേ ദൈവത്തോടൊപ്പമുള്ള *വചനം* ദൈവമാണ്; ദൈവിക ആളുകൾ തമ്മിലുള്ള സ്നേഹസംവാദത്തിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നു. ആ സ്നേഹത്തിൽ പങ്കാളികളാകാൻ ദൈവം നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. സ്നേഹസ്വരൂപിയായ ദൈവത്തിന്റെ സാദൃശ്യത്തിലും ഛായയിലുമാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് *വചനത്തെ* സ്വീകരിച്ചാൽ മാത്രമേ നമുക്ക് നമ്മെത്തന്നെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. പരിശുദ്ധാരൂപിയുടെ പ്രവർത്തനവുമായി വിനയപൂർവ്വം സഹകരിക്കുകയും വേണം. ദൈവവചനം നടത്തിയിട്ടുള്ള വെളിപ്പെടുത്തലിന്റെ വെളിച്ചത്തിൽ മനുഷ്യാവസ്ഥയാകുന്ന സമസ്യ ആത്യന്തികമായി വിശദമാകുന്നുണ്ട്.

## ദൈവവചനത്തിന്റെ സാധർമ്മ്യം

**7.** യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ കാണുന്ന ക്രൈസ്തവ രഹസ്യത്തിന്മേൽ ധ്യാനിച്ചുനടത്തിയ വിചിന്തനത്തിന്റെ വെളിച്ചത്തിൽ, '*ദൈവവചന*'ത്തെപ്പറ്റി പറയുമ്പോൾ ഏതെല്ലാം വ്യത്യസ്ത രീതിയിൽ നാം സംസാരിക്കുന്നു എന്നതിനെപ്പറ്റി സിനഡ് പിതാക്കന്മാർ എടുത്തുപ

റഞ്ഞ കാര്യങ്ങൾ നാം ഇപ്പോൾ പരിഗണിക്കേണ്ടിയിരിക്കുന്നു. പദത്തിന്റെ 'സ്വരലയ'ത്തെപ്പറ്റി (symphony) അവർ ന്യായമായ പരാമർശം നടത്തി. വിവിധ അർത്ഥങ്ങൾ, എന്നാൽ പരസ്പരം ചേർച്ചയുള്ള അർത്ഥങ്ങൾ. ഒറ്റവാക്ക്, അനേകം രീതിയിൽ ഗ്രഹിക്കാവുന്ന ഒരു വാക്ക്. 'ബഹുസ്വരത്തിലുള്ള ഒരു കീർത്തനം'("a polyphonic hymn").[17] ദൈവവചനത്തെപ്പറ്റി പറയുമ്പോൾ മനുഷ്യന്റെ ഭാഷ സാധർമ്മ്യ രീതിയിലാണ് (analogically) സംസാരിക്കുന്നത്. ഈ വസ്തുത സിനഡ് പിതാക്കന്മാർ ചൂണ്ടിക്കാട്ടി. ദൈവം സ്വയം വെളിപ്പെടുന്നതിനെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നതെങ്കിലും ഈ വാക്കിന് വ്യത്യസ്ത അർത്ഥങ്ങളുണ്ട്. അവ ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും അവ പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുകയും വേണം. ദൈവശാസ്ത്ര വിചിന്തനത്തിന്റെയും അജപാലന കീഴ്‌വഴക്കത്തിന്റെയും കാഴ്ചപ്പാടിൽനിന്നും ഈ പരിശോധന നടത്തണം. യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖം വ്യക്തമാക്കുന്നതുപോലെ, *വചനം* എന്നു പറയുമ്പോൾ ആദ്യമായി ഉദ്ദേശിക്കുന്നത് അനാദികാലംമുതലുള്ള വചനം, പുത്രൻ, എല്ലാ യുഗങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും പിതാവിന്റെതന്നെ സ്വഭാവം ഉള്ളവനുമായ പുത്രൻ എന്നാണ്. *വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു.* ഇതേ വചനം "മാംസം ആയി" (യോഹ. 1:14) എന്ന് വിശുദ്ധ യോഹന്നാൻ പറയുന്നു. അങ്ങനെ കന്യകാമറിയത്തിൽനിന്നുപിറന്ന യേശുക്രിസ്തു യഥാർത്ഥത്തിൽ ദൈവത്തിന്റെ വചനമാണ്. മാംസമാകുകവഴി മനുഷ്യസ്വഭാവമുള്ളവനുമായി. നമ്മെപ്പോലെതന്നെ ഒരു മനുഷ്യൻ. ഈ സാഹചര്യത്തിൽ "ദൈവവചനം" എന്ന് പറയുമ്പോൾ അത് യേശുക്രിസ്തു എന്ന വ്യക്തിയെ സൂചിപ്പിക്കുന്നു; അനാദികാലം മുതലേ ദൈവത്തിന്റെ പുത്രനായിരുന്നവനും മനുഷ്യനായിത്തീർന്നവനുമായ യേശുക്രിസ്തു.

ക്രിസ്തുസംഭവമാണ് ദൈവിക വെളിപാടിന്റെ കേന്ദ്രബിന്ദു. എങ്കിലും സൃഷ്ടപ്രപഞ്ചവും — പ്രപഞ്ചമാകുന്ന പു

സ്തകം (*liber naturae*) — അനേകസ്വരത്തിൽ സ്വരലയത്തോടെ ആലപിക്കുന്ന ഗാനത്തിൽ ഒരു അവിഭാജ്യഘടകമാണെന്ന് നാം അറിയണം. അനേകം സ്ഥായിയിൽ, സ്വരത്തിൽ, ഉച്ചരിക്കപ്പെടുന്ന ഒരേ വചനത്തിന്റെ ഭാഗമാണ് സൃഷ്ടപ്രപഞ്ചവും. രക്ഷാകരചരിത്രത്തിലും ദൈവം തന്റെ വചനം ഉച്ചരിച്ചു എന്ന നമ്മുടെ വിശ്വാസം നാം ഏറ്റുപറയുന്നുണ്ട്. അവിടുന്ന് തന്റെ സ്വരം നാം കേൾക്കാൻ ഇടയാക്കി. അരൂപിയുടെ ശക്തിയാൽ "പ്രവാചകന്മാരിലൂടെ ദൈവം സംസാരിച്ചു."[18] അങ്ങനെ രക്ഷയുടെ ചരിത്രത്തിലുടനീളം ദൈവവചനം ഉച്ചരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റം പൂർണ്ണമായി വചനം ഉച്ചരിക്കപ്പെട്ടിരിക്കുന്നത് ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും മരണത്തിലും ഉയിർത്തെഴുന്നേൽപ്പിലും ആണ്. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15) എന്ന കല്പന അനുസരിച്ച് അപ്പോസ്തലന്മാർ പ്രസംഗിച്ചതും ആ ദൈവവചനം തന്നെയാണ്. അങ്ങനെ ദൈവവചനം സഭയുടെ സജീവമായ പാരമ്പര്യത്തിലൂടെ കൈമാറപ്പെട്ടുകൊണ്ടിരിക്കുന്നു. അവസാനമായി, ദൈവവചനമാണ് വിശുദ്ധഗ്രന്ഥം. സാക്ഷ്യപ്പെടുത്തപ്പെട്ടതും ദൈവിക പ്രചോദനം ഉൾക്കൊണ്ട് രചിച്ചിട്ടുള്ളതുമായ വിശുദ്ധഗ്രന്ഥം; പഴയനിയമവും പുതിയനിയമവും. നാം തിരുസഭയിൽ വിശുദ്ധഗ്രന്ഥത്തെ വളരെയധികം ആദരിക്കുന്നുണ്ടെങ്കിലും ക്രൈസ്തവവിശ്വാസം ഒരു പുസ്തകത്തെ ആധാരമാക്കിയുള്ള മതമല്ല. ഈ വസ്തുത ഗ്രഹിക്കാൻ മേല്പ്പറഞ്ഞതെല്ലാം സഹായിക്കും. "ദൈവവചനത്തിന്റെ മതമാണ് ക്രൈസ്തവമതം." "എഴുതപ്പെട്ട മൂകമായ വാക്കിന്റെ മതമല്ല അത്. മനുഷ്യാവതാരം ചെയ്ത സജീവമായ വചനത്തിന്റെ മതമാണ്"[19] അതുകൊണ്ട് വിശുദ്ധഗ്രന്ഥം പ്രഘോഷിക്കപ്പെടണം, കേൾക്കപ്പെടണം, വായിക്കപ്പെടണം, ദൈവവചനമായി ആദരിക്കപ്പെടണം, അനുഭവിച്ചറിയണം. ഇത് അപ്പസ്തോലിക പാരമ്പര്യത്തിന്റെ മുഖ്യധാരയിൽനിന്നുകൊണ്ടാകണം. ആ പാരമ്പര്യത്തിൽനിന്ന് അടർത്തിമാറ്റാനാകാ

ത്തതാണ് വിശുദ്ധഗ്രന്ഥം.[20]

സൂനഹദോസ് പിതാക്കന്മാർ പ്രസ്താവിച്ചിട്ടുള്ളതുപോലെ "ദൈവവചനം" എന്ന പദപ്രയോഗം സാധർമ്മ്യത്തിന്റെ അടിസ്ഥാനത്തിലാണ് (*analogically*). ഇത് നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ പ്രയോഗത്തിന്റെ വിവിധ അർത്ഥങ്ങൾ മനസ്സിലാക്കാൻ വിശ്വാസികളെ ഇനിയും കൂടുതലായി സഹായിക്കേണ്ടതുണ്ട്. അതേസമയംതന്നെ ആ പ്രയോഗത്തിന് ഒരു അവിഭാജ്യ അർത്ഥവുമുണ്ടെന്നും അവർ മനസ്സിലാക്കണം. ദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് നോക്കുമ്പോൾ ഈ പ്രയോഗത്തിന്റെ വ്യത്യസ്ത അർത്ഥങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതു സംബന്ധിച്ച് ഇനിയും പഠനം നടത്തേണ്ടതുണ്ട്. അങ്ങനെ ദൈവത്തിന്റെ പദ്ധതിയിലെ ഐക്യവും ആ പദ്ധതിയിൽ ക്രിസ്തു എന്ന വ്യക്തിക്കുള്ള പ്രമുഖ സ്ഥാനവും കൂടുതൽ വ്യക്തമായി പ്രകടമാകണം.[21]

## വചനത്തിന്റെ പ്രാപഞ്ചിക മാനം

**8.** അനാദിമുതലേയുള്ള മാംസമായ ദൈവവചനത്തെ പരാമർശിക്കുന്നതായി "ദൈവവചനം" എന്ന പ്രയോഗത്തിന്റെ അടിസ്ഥാനപരമായ അർത്ഥത്തെ കാണുകയും മനുഷ്യവർഗ്ഗവും ദൈവവും തമ്മിലുള്ള ബന്ധത്തിൽ മദ്ധ്യസ്ഥനും മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷകനുമായി[22] മാംസമായ വചനത്തെ കണ്ട് വചനം ശ്രവിക്കുകയും ചെയ്യുമ്പോൾ എല്ലാ യാഥാർത്ഥ്യത്തിന്റെയും അടിസ്ഥാനം വചനമാണ് എന്ന തിരിച്ചറിവിലേക്ക് വിശുദ്ധഗ്രന്ഥത്തിലെ വെളിപ്പെടുത്തൽ നമ്മെ നയിക്കും. ദൈവത്തിന്റെ വചനത്തെപ്പറ്റി (ലോഗോസ്) യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ പറയുന്നത് "സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" എന്നാണ് (യോഹ. 1:3). *കൊളോസ്സിയർക്കുള്ള ലേഖനത്തിൽ* "ക്രിസ്തു എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യ ജാതനാണ്" എന്ന് പറയുന്നു (കൊളോ. 1:15). "എല്ലാ വസ്തുക്കളും അവനിലൂടെയും അവനു

വേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്" (കൊളോ. 1:16). *ഹെബ്രായർക്കുള്ള ലേഖനത്തിന്റെ* കർത്താവും ഇതുപോലുള്ള പ്രസ്താവന നടത്തുന്നുണ്ട്. "ദൈവത്തിന്റെ വചനത്താൽ ലോകം സൃഷ്ടിക്കപ്പെട്ടെന്നും കാണപ്പെടുന്നവ കാണപ്പെടാത്തവയിൽനിന്നുണ്ടായി എന്നും വിശ്വാസംമൂലം നാം അറിയുന്നു" (ഹെബ്രാ. 11:3).

നമ്മെ സംബന്ധിച്ചിടത്തോളം ഈ പ്രഘോഷണം സ്വാതന്ത്ര്യത്തിന്റെ വചനമാണ്. ലോകത്തിലുള്ള യാതൊരു വസ്തുവും യാദൃച്ഛയാ ഉണ്ടായതല്ലെന്നും ദൈവം തീരുമാനിച്ചതും അവിടുത്തെ പദ്ധതിയുടെ ഭാഗമായുള്ളതും ആണ് അവയെന്നും വിശുദ്ധഗ്രന്ഥം പറയുന്നു. ദൈവത്തിന്റെ പദ്ധതിയുടെ കേന്ദ്രബിന്ദുവായി നിൽക്കുന്ന ക്രിസ്തുവിൽ; ദൈവിക ജീവനിൽ, പങ്കാളികളാകാൻ നമുക്ക് നൽകുന്ന ക്ഷണവും അതിൽ അന്തർലീനമാണ്. 'ലോഗോസി'ൽ നിന്നാണ്, വചനത്തിൽനിന്നാണ്, പ്രപഞ്ചം ഉണ്ടായത്. *അതിനെ നിയന്ത്രിക്കുന്നതും നയിക്കുന്നതും സർഗ്ഗാത്മകമായ പ്രജ്ഞയാണ്* എന്നതിന്റെ അടയാളം മായിച്ചു കളയാനാകാത്തവിധം പ്രപഞ്ചത്തിൽ കുറിച്ചിട്ടുണ്ട്. സന്തോഷം തുളുമ്പുന്ന വാക്കുകളിൽ അചഞ്ചലമായ ഉറപ്പോടെ സങ്കീർത്തകൻ പാടുന്നു. "കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു അവിടുത്തെ കൽപ്പനയാൽ ആകാശഗോളങ്ങളും" (സങ്കീ. 33:6). "അവിടുന്ന് അരുളിച്ചെയ്തു; ലോകം ഉണ്ടായി; അവിടുന്ന് കല്പിച്ചു, അത് സുസ്ഥാപിതമായി" (സങ്കീ. 33:9). എല്ലാ വസ്തുക്കളും ഈ രഹസ്യം പ്രകടമാക്കുന്നു: "ആകാശം ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു" (സങ്കീ. 19:1). സൃഷ്ടിയെ നിരീക്ഷിച്ച് സ്രഷ്ടാവിനെ തിരിച്ചറിയാൻ വിശുദ്ധഗ്രന്ഥംതന്നെ നമ്മെ ക്ഷണിക്കുന്നു (cf. ജ്ഞാനം 13:5; റോമാ. 1:19–20). വചനത്തിലെ 'സ്വരലയം' (*Symphony*) എന്ന ഈ ആശയം പരമ്പരാഗത ക്രൈസ്തവചിന്ത വികസിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, വിശുദ്ധ ബൊനവെന്തൂര ഗ്രീക്ക് പിതാക്കന്മാരുടെ പാരമ്പര്യം പിൻതുടർന്നുകൊണ്ട് വചനത്തിൽ (ലോ

ഗോസ്)[23] സൃഷ്ടിയുടെ സർവ്വ സാദ്ധ്യതകളും ഒളിഞ്ഞുകിടപ്പുണ്ടെന്ന് പറയുന്നു. അദ്ദേഹം പറയുന്നു, "ഓരോ സൃഷ്ടിയും ദൈവത്തിന്റെ ഒരു വചനമാണ്. കാരണം, അത് ദൈവത്തെ പ്രഘോഷിക്കുന്നു."[24] *'ദൈവവചനം'* (*Dei Verbum*) എന്ന പ്രമാണരേഖ ഈ തത്ത്വം ഉദ്ഗ്രഥിക്കുന്നത് ഇങ്ങനെയാണ്. "തന്റെ വചനത്താൽ സർവ്വവും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ദൈവം (cf. യോഹ. 1:3) സൃഷ്ടിക്കപ്പെട്ട വസ്തുക്കളിലൂടെ തന്നെപ്പറ്റി നിരന്തരം തെളിവ് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു."[25]

## മനുഷ്യന്റെ സൃഷ്ടി

**9.** യഥാർത്ഥമായവയെല്ലാം വചനത്തിൽനിന്നുപിറന്നവയാണ്; അവ വചനത്തിന്റെ സൃഷ്ടിയാണ് (*Creatura Verbi*). എല്ലാ യാഥാർത്ഥ്യവും വചനത്തിനു സേവനമനുഷ്ഠിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവവും ദൈവത്തിന്റെ സൃഷ്ടിയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ചരിത്രം മുഴുവനും വികസിക്കുന്നത് പ്രപഞ്ചത്തിന്റെ പശ്ചാത്തലത്തിലാണ്; അങ്ങനെ മനുഷ്യന്റെ നിത്യരക്ഷയാണ് എല്ലാത്തിലും അന്തർലീനമായിരിക്കുന്ന ന്യായം. രക്ഷാകരചരിത്രത്തിന്റെ കാഴ്ചപ്പാടിലൂടെ പ്രപഞ്ചത്തെ നോക്കിക്കാണുമ്പോൾ മനുഷ്യനു പ്രപഞ്ചത്തിലുള്ള അനന്യവും സവിശേഷവുമായ സ്ഥാനം നമുക്ക് ബോദ്ധ്യമാകും: "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു" (ഉത്പ. 1:27). സ്രഷ്ടാവിൽനിന്ന് നമുക്ക് ലഭിച്ച അമൂല്യമായ ദാനങ്ങളെ പൂർണ്ണമായും തിരിച്ചറിയുന്നതിനുള്ള കഴിവ് ഇത് നമുക്ക് നൽകുന്നു: നമ്മുടെ ശരീരത്തിന്റെ മൂല്യം, യുക്തിചിന്തയെന്ന അനുഗ്രഹം, സ്വാതന്ത്ര്യം, മന:സാക്ഷി ഇതെല്ലാം സ്രഷ്ടാവിൽനിന്ന് നമുക്ക് ലഭിച്ച ദാനങ്ങളാണ്. തത്ത്വചിന്തയുടെ പാരമ്പര്യത്തിൽ "സ്വാഭാവികനിയമം"(*natural law*) എന്നു പറയുന്നതും ഇവിടെ നാം കണ്ടെത്തുന്നു.[26] ഫലത്തിൽ, "അവബോധവും ഉത്തരവാദിത്തബോ

ധവുമുള്ള എല്ലാ മനുഷ്യർക്കും നന്മ ചെയ്യാനുള്ള ഒരു ഉൾവിളി അനുഭവപ്പെടുന്നു,"[27] അങ്ങനെ തിന്മ ഒഴിവാക്കാനുള്ള ഉൾവിളിയും. സ്വാഭാവികനിയമത്തിലെ മറ്റെല്ലാ അനുശാസനങ്ങൾക്കും അടിസ്ഥാനമായുള്ളത് ഈ തത്ത്വമാണെന്ന് വിശുദ്ധ തോമസ് അക്വീനാസ് പറയുന്നു.[28] ദൈവവചനം ശ്രവിക്കുമ്പോൾ പ്രഥമവും പ്രധാനവുമായി നമുക്കുണ്ടാകുന്ന അനുഭവം "മനുഷ്യഹൃദയങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള നിയമം"(റോമാ. 2:15, 7:23)[29] അനുസരിച്ച് ജീവിക്കണം, അത് വിലപ്പെട്ടതാണെന്നതത്രേ . അപ്പോൾ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന് നൽകുന്നത് ഒരു പുതിയ നിയമമാണ്, സുവിശേഷത്തിന്റെ നിയമം. ഈ പുതിയ നിയമം സ്വാഭാവികനിയമത്തെ ഉൾക്കൊള്ളുകയും ഉത്തമമായ രീതിയിൽ അതിനെ പൂർത്തീകരിക്കുകയും ചെയ്യുന്നു. അങ്ങനെ പാപത്തിന്റെ നിയമത്തിൽനിന്ന് നമ്മെ സ്വതന്ത്രരാക്കുന്നു. ഇതിന്റെ ഫലമായി, വിശുദ്ധ പൗലോസ് പറയുംപോലെ, "നന്മ ഇച്ഛിക്കാൻ എനിക്ക് സാധിക്കും; എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല" (റോമാ. 7:18). കൃപാവരത്തിലൂടെ ദൈവിക ജീവനിൽ പങ്കാളികളാകുന്നതിനും തങ്ങളുടെ സ്വാർത്ഥതയെ പരാജയപ്പെടുത്തുന്നതിനും സർവ്വ മനുഷ്യരെയും അത് ശക്തമാക്കുന്നു.[30]

## വചനത്തിന്റെ യാഥാർത്ഥ്യബോധം

**10.** ദൈവവചനം അറിയാവുന്നവർക്ക് സൃഷ്ടിക്കപ്പെട്ട ഓരോ വസ്തുവിന്റെയും പൊരുൾ പൂർണ്ണമായും മനസ്സിലാകും. സമസ്തവസ്തുക്കളും "എല്ലാറ്റിലും മുമ്പുള്ളവനിലാണ് സ്ഥിതിചെയ്യുന്നത്" (കൊളോ. 1:17). എങ്കിൽ, അവിടുത്തെ വചനത്തിൽ തങ്ങളുടെ ജീവിതം പണിതുയർത്തുന്നവർ യഥാർത്ഥത്തിൽ ശക്തവും നിലനിൽക്കുന്നതുമായ രീതിയിലാണ് അത് പണിയുന്നത്. യാഥാർത്ഥ്യബോധം സംബന്ധിച്ച നമ്മുടെ സങ്കല്പം മാറ്റാൻ ദൈവവചനം ഇടയാക്കുന്നു. ദൈവവചനത്തിൽ എല്ലാറ്റിന്റെയും അടിസ്ഥാനം തിരിച്ചറിയുന്നവനാണ് ശരിക്കും യാഥാർത്ഥ്യബോധമുള്ളവൻ.[31]

നമ്മുടെ ജീവിതം പടുത്തുയർത്തുന്നതിനായി നാം പലതിലും വിശ്വാസമർപ്പിച്ചു. അവയിൽ നാം പ്രതീക്ഷ അർപ്പിക്കുകയും അവയെ വിശ്വസിക്കുവാൻ ഒരുങ്ങുകയും ചെയ്തു. എന്നാൽ അവ അല്പായുസ്സുകളാണെന്ന് വ്യക്തമായ ഒരു കാലഘട്ട മാണ് നമ്മുടേത്. നമ്മുടെ കാലഘട്ടത്തിൽ ഈ യാഥാർത്ഥ്യ ബോധം പ്രത്യേകിച്ചും ആവശ്യമാണ്. സമ്പത്തും സുഖവും അധികാരവും മനുഷ്യഹൃദയത്തിന്റെ ആഴത്തിലുള്ള ആഗ്ര ഹങ്ങൾ നിറവേറ്റില്ലെന്ന് ഇന്നല്ലെങ്കിൽ നാളെ വ്യക്തമാകും. നമ്മുടെ ജീവിതം പണിതുയർത്താൻ ശക്തമായ അടിത്തറ ആവശ്യമാണ്. മാനുഷികമായ നിശ്ചിതത്ത്വങ്ങൾ തകരു മ്പോഴും നിലനിൽക്കുന്ന ഒരടിത്തറ. "കർത്താവേ, അങ്ങ യുടെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സുസ്ഥാപിതമാണ്; അവിടുത്തെ വിശ്വാസ്യത തലമുറകളോളം നിലനിൽക്കുന്നു" (സങ്കീ. 119:89–90); ഈ വചനമാകുന്ന അടിത്തറയിൽ തന്റെ ജീവിതസൗധം പണിയുന്നവൻ പാറമേലാണ് അത് പണി യുന്നത് (cf. മത്താ. 7:24) "അവിടുന്ന് എന്റെ അഭയകേന്ദ്രവും പരിചയുമാണ്; ഞാൻ അങ്ങയുടെ വചനത്തിൽ പ്രത്യാശ അർപ്പിക്കുന്നു" (സങ്കീ. 119:114) എന്ന് ഓരോ ദിവസവും നമ്മുടെ ഹൃദയത്തിനു ദൈവത്തോട് പറയാൻ കഴിയട്ടെ. "ഗുരോ, അങ്ങ് പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം" (ലൂക്കാ 5:5) എന്നു പറഞ്ഞ പത്രോസിനെപ്പോലെ നമുക്കും നമ്മുടെ അനുദിനവ്യാപാരങ്ങൾ, നമ്മെത്തന്നെ, കർത്താ വിന്റെ കൈകളിൽ ഏല്പിച്ചുകൊടുക്കാം.

## വചനത്തിന്റെ ക്രിസ്തുവിജ്ഞാനീയം

**11.** എല്ലാ വസ്തുക്കളും ദിവ്യവചനത്തിലൂടെ പരിശുദ്ധ ത്രിത്വത്തിന്റെ സൃഷ്ടിയാണെന്ന് മനസ്സിലാക്കി ആ കാഴ്ച പ്പാടിലൂടെ നോക്കുമ്പോൾ; ഹെബ്രായ ലേഖനകർത്താവിന്റെ പ്രസ്താവന നമുക്ക് മനസ്സിലാക്കാൻ കഴിയും: "പൂർവ്വകാല ങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരി ച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ

പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു" (ഹെബ്രാ. 1:1-2). പഴയനിയമം മുഴുവനും ദൈവം തന്റെ വചനം നമ്മെ അറിയിക്കുന്നതിന്റെ ചരിത്രമായി എങ്ങനെ കാണപ്പെടുന്നു എന്നത് വളരെ ആകർഷണീയമായിരിക്കുന്നു. "അബ്രഹാമുമായും (cf. ഉൽപ. 15:18) മോശയിലൂടെ ഇസ്രായേൽജനവുമായും (cf. പുറ.24:8) ഉടമ്പടി ഉണ്ടാക്കി ദൈവം തനിക്കായി ഒരു ജനതയെ നേടി. അവർക്ക് വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും താൻ ജീവിക്കുന്ന സത്യദൈവമാണെന്ന് അവിടുന്ന് വെളിപ്പെടുത്തി. ദൈവം മനുഷ്യരുമായി എങ്ങനെ ഇടപെടുന്നു എന്ന് ഇസ്രായേൽ അനുഭവത്തിലൂടെ അറിയണം എന്നായിരുന്നു ദൈവം നിശ്ചയിച്ചിരുന്നത്. പ്രവാചകന്മാരിലൂടെ ദൈവം സംസാരിക്കുന്നത് അവർ ശ്രദ്ധിച്ചുകേൾക്കണം. അങ്ങനെ ക്രമേണ ദൈവത്തിന്റെ വഴികൾ അവർ കൂടുതൽ സമ്പൂർണ്ണമായും വ്യക്തമായും മനസ്സിലാക്കുകയും അവ ജനതകളുടെ ഇടയിൽ കൂടുതൽ വിശാലമായതോതിൽ അറിയപ്പെടാൻ ഇടയാക്കുകയും ചെയ്യണമെന്നായിരുന്നു ദൈവത്തിന്റെ പദ്ധതി (cf. സങ്കീ. 21:28-29; 95:1-3; ഏശ. 2:1-4; ജെറ. 3:17).[32]

തന്റെ മഹിമവെടിഞ്ഞുപോലും ദൈവം മനുഷ്യരോട് കാണിക്കുന്ന ഈ ദാക്ഷിണ്യം ഏറ്റവുമധികം പ്രകടമാകുന്നത് വചനത്തിന്റെ മനുഷ്യാവതാരത്തിലാണ്. അനാദികാലം മുതലേ ഉള്ള വചനം, പ്രപഞ്ചസൃഷ്ടിയിലും രക്ഷാകരപ്രവൃത്തിയുടെ ചരിത്രത്തിലും പ്രകടമാക്കിയിട്ടുള്ള വചനം, ക്രിസ്തുവിൽ മനുഷ്യനായി "സ്ത്രീയിൽനിന്ന് ജാതനായി" (ഗലാ. 4:4). പ്രസംഗത്തിലും ആശയങ്ങളിലും ചട്ടങ്ങളിലും കൂടിയല്ല ഇവിടെ വചനം പ്രധാനമായും പ്രത്യക്ഷമാകുന്നത്. ഇവിടെ യേശു എന്ന വ്യക്തിയുടെ മുമ്പിൽ നാം നിൽക്കുന്നു. അവിടുത്തെ അനന്യവും സവിശേഷവുമായ ചരിത്രമാണ് ദൈവം മനുഷ്യവർഗ്ഗത്തോട് സംസാരിക്കുന്ന അവസാനത്തെ വാക്ക്. "ക്രൈസ്തവനായിരിക്കുകയെന്നത് സദാ

ചാരം സംബന്ധിച്ച ഒരു തീരുമാനത്തെയല്ല, ഒരു ഉന്നത ആശയത്തെയല്ല, ആശ്രയിച്ചിരിക്കുന്നത്; ഒരു സംഭവവും ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലിന്റെ ഫലമാണ് അത്. ജീവിതത്തിന് ഒരു പുതിയ ചക്രവാളവും പുതിയ ദിശാബോധവും നൽകുന്നതാണ് ഈ കണ്ടുമുട്ടൽ."[33] ഈ കണ്ടുമുട്ടൽ നിരന്തരം നവീകരിക്കുന്നതും ഈ അവബോധം പുതുക്കുന്നതും ദൈവം മുൻകൈയെടുത്ത് പ്രവർത്തിക്കുന്നതും കണ്ട് വിശ്വാസികൾ അത്യധികം അത്ഭുതപ്പെടാൻ കാരണമാകുന്നു. മനുഷ്യർക്ക് യുക്തിചിന്തകൊണ്ടും ഭാവനകൊണ്ടും ഒരിക്കലും സ്വപ്നം കാണാൻപോലും ആകുമായിരുന്നില്ല ദൈവത്തിന്റെ ഈ സൗമനസ്യം. കീഴ്വഴക്കമില്ലാത്തതും മാനുഷികമായി പറഞ്ഞാൽ സങ്കല്പിക്കാൻ ആകാത്തതുമായ ഒരു സവിശേഷ സംഭവത്തെപ്പറ്റിയാണ് നാം ഇവിടെ പറയുന്നത്. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1:14a). ഇത് ആലങ്കാരികഭാഷയിലുള്ള രചനയല്ല; അനുഭവിച്ചറിഞ്ഞ ഒരു യാഥാർത്ഥ്യം കുറിക്കുന്ന വാക്കുകളാണ് ഇവ. ദൃക്സാക്ഷിയായ യോഹന്നാൻ പറയുന്നു: "അവന്റെ മഹത്ത്വം ഞങ്ങൾ ദർശിച്ചു, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏക ജാതന്റേതുമായ മഹത്ത്വം" (യോഹ. 1:14b). അനാദിമുതലേയുള്ള വചനം നമ്മെപ്പോലെ ഒരു മനുഷ്യനായി എന്നാണ് അപ്പോസ്തലിക വിശ്വാസം സാക്ഷ്യപ്പെടുത്തുന്നത്. *ദൈവവചനം* യഥാർത്ഥത്തിൽ *മാനുഷികമായ വാക്കുകളിൽ* ആവിഷ്കരിക്കപ്പെടുന്നു.

**12.** സഭാപിതാക്കന്മാരുടെയും മദ്ധ്യമയുഗങ്ങളുടെയും പാരമ്പര്യത്തിൽ "വചനത്തിന്റെ ക്രിസ്തു വിജ്ഞാനീയം" സംബന്ധിച്ച് നമ്മെ ചിന്തിപ്പിക്കുന്ന ഒരു പ്രയോഗമുണ്ട് — '*വചനം സംഗ്രഹിക്കപ്പെട്ടു*.'[34] പഴയനിയമത്തിന്റെ ഈ ഗ്രീക്ക് പരിഭാഷയിൽ ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ സഭാപിതാക്കന്മാർ ഇതിന് സമാനമായ ഒരു വാക്യം കണ്ടെത്തി. പഴയനിയമത്തിൽതന്നെ ദൈവത്തിന്റെ പുതിയ വഴികൾ മുൻകൂട്ടി അറിയിച്ചിട്ടുണ്ടെന്നതിന് തെളിവായിട്ട്. പൗലോസ് അപ്പോസ്തലനും ഇത് ഉദ്ധരിക്കുന്നുണ്ട്. "ദൈവം തന്റെ

വചനം ചെറുതാക്കി, ഹ്രസ്വമാക്കി" (ഏശ. 10:23; റോമാ. 9:28). പുത്രൻതന്നെയാണ് വചനം; അനാദികാലംമുതലേ ഉണ്ടായിരുന്ന വചനം, ലോഗോസ്, ചെറുതായി; ഒരു പുൽക്കൂട്ടിൽ കിടക്കാനാകുംവിധം ചെറുതായി അവിടുന്ന് ഒരു ശിശുവായി. നാം വചനത്തെ മനസ്സിലാക്കുന്നതിനായിട്ടാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്[35] ഇപ്പോൾ വചനം ശ്രവിക്കപ്പെടാൻ മാത്രമല്ല കഴിയുക. അതിന് ഒരു *'സ്വരം'* മാത്രമല്ല ഉള്ളത്. ഇപ്പോൾ വചനത്തിനു ഒരു *'മുഖം'* ഉണ്ടായി. നമുക്ക് കാണാവുന്ന ഒരു മുഖം; നസ്രായനായ യേശുവിന്റെ മുഖം.[36]

സുവിശേഷത്തിലെ വിവരണങ്ങൾ വായിക്കുമ്പോൾ യേശുവിന്റെ മനുഷ്യത്വം അനന്യമായ അതിന്റെ എല്ലാ സവിശേഷതകളോടുംകൂടി കാണപ്പെടുന്നത് ദൈവവചനവുമായുള്ള ബന്ധത്തിലാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. സമ്പൂർണ്ണമായ അവിടുത്തെ മനുഷ്യത്വത്തിൽനിന്നുകൊണ്ട് അവിടുന്ന് എപ്പോഴും പിതാവിന്റെ തിരുമനസ്സ് നിറവേറ്റുന്നു; യേശു പിതാവിന്റെ സ്വരം കേൾക്കുകയും അത് തന്റെ അസ്തിത്വത്തിന്റെ പൂർണ്ണതയിൽ അനുസരിക്കുകയും ചെയ്യുന്നു. യേശുവിന് പിതാവിനെ അറിയാം. യേശു പിതാവിന്റെ വാക്ക് അനുസരിക്കുകയും ചെയ്യുന്നു (cf. യോഹ. 8:55). പിതാവ് തന്നോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ യേശു നമ്മെ അറിയിക്കുന്നു (cf. യോഹ. 12:50); "അങ്ങ് എനിക്ക് നൽകിയ വചനം ഞാൻ അവർക്ക് നൽകി" (യോഹ. 17:8). അങ്ങനെ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ദിവ്യവചനം, *ലോഗോസ്* താനാണെന്ന് യേശു വ്യക്തമാക്കുന്നു. അതേ സമയംതന്നെ, പുതിയ ആദം ആയ യേശു, യഥാർത്ഥ മനുഷ്യൻ; തന്റെ ഇഷ്ടാനുസരണമല്ല പ്രവർത്തിക്കുക; എപ്പോഴും പിതാവിന്റെ ഇഷ്ടമാണ് യേശു നിറവേറ്റുന്നത്. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ. 2:52). തികച്ചും സമഗ്രമായ രീതിയിൽ യേശു ദൈവവചനം ശ്രവിക്കുകയും അതിന്റെ മൂർത്തീഭാവമായിത്തീരുകയും അത് നമ്മെ അറിയിക്കുകയും ചെയ്യുന്നു (cf. ലൂക്കാ 5:1)

യേശുവിന്റെ ദൗത്യം ആത്യന്തികമായി നിറവേറ്റപ്പെടുന്നത് പെസഹാരഹസ്യത്തിലാണ്. ഇവിടെ നാം "കുരിശിന്റെ വചന"ത്തിന് മുൻപിലാണ് നിൽക്കുന്നത് (1 കോറി. 1:18). വചനം നിശ്ശബ്ദമാണ്, മൂകമാണ്. മാരകമായ നിശബ്ദത. കാരണം, പറയാനുള്ളതെല്ലാം അത് പറഞ്ഞുകഴിഞ്ഞു നമ്മോട് പറയാനുള്ള യാതൊന്നും പറയാതിരുന്നില്ല. ഈ ദിവ്യരഹസ്യത്തെപ്പറ്റി ധ്യാനിച്ച സഭാപിതാക്കന്മാർ ദൈവത്തിന്റെ മാതാവിന്റേതായി ഒരു വാക്യം കണ്ടെത്തി, ഹൃദയസ്പർശിയായ ഒരു വാക്യം. "പിതാവിന്റെ വചനത്തിന് വാക്കുകളില്ല. സംസാരിക്കുന്ന എല്ലാ ജീവികളുടെയും സ്രഷ്ടാവിന് വാക്കുകളില്ല. ആരുടെ വാക്കനുസരിച്ച്, ആരുടെ നിർദ്ദേശം അനുസരിച്ച്, എല്ലാ ജീവജാലങ്ങളും ചലിക്കുന്നുവോ ആ സ്രഷ്ടാവിന്റെ കണ്ണുകൾ നിർജ്ജീവമാണ്."[37] തന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വന്തം ജീവൻ ബലികൊടുക്കുന്ന ആ സ്നേഹം (cf. യോഹ. 15:13) "വലിയ" ആ സ്നേഹം, അവിടുന്ന് യഥാർത്ഥത്തിൽ നമുക്ക് പങ്കുവയ്ക്കുന്നു.

ഈ മഹാരഹസ്യത്തിൽ *നൂതനവും എന്നെന്നും നിലനിൽക്കുന്നതുമായ ഉടമ്പടിയുടെ വചനമായി* യേശു വെളിപ്പെടുത്തപ്പെടുന്നു: ദൈവത്തിന്റെ സ്വാതന്ത്ര്യവും മനുഷ്യന്റെ സ്വാതന്ത്ര്യവും ക്രൂശിതനായ അവിടുത്തെ മാംസത്തിൽ പൂർണ്ണമായും ലയിച്ചുചേർന്നു. അവിഭാജ്യവും അനന്തകാലത്തേക്ക് സാധുവും ആയ ഒരു ഉടമ്പടി. യേശു തന്നെ അവസാനത്തെ അത്താഴത്തിൽ ദിവ്യകാരുണ്യം എന്ന കൂദാശ സ്ഥാപിച്ചുകൊണ്ട് തന്റെ രക്തത്തിലുള്ള "പുതിയതും സനാതനവുമായ" ഉടമ്പടിയെപ്പറ്റി പറയുന്നുണ്ട് (cf. മത്താ. 26–28, മർക്കോ. 14:24, ലൂക്കാ 22–20). അടിമത്തത്തിൽനിന്നും നമ്മെ എന്നന്നേക്കും മോചിപ്പിക്കുന്ന ബലിക്കുള്ള യഥാർത്ഥ കുഞ്ഞാട് താൻതന്നെയാണെന്ന് യേശു വ്യക്തമാക്കുന്നു.[38]

പുനരുത്ഥാനം എന്ന ഏറ്റം പ്രകാശമാനമായ ദിവ്യരഹസ്യത്തിൽ വചനത്തിന്റെ ഈ നിശബ്ദത അതിന്റെ ആധികാരികവും നിർണ്ണായകവുമായ അർത്ഥത്തിൽ പ്രകടമാക്കുന്നുണ്ട്. ക്രിസ്തു മനുഷ്യനായി അവതരിച്ച് കുരിശിൽ മരിച്ച്

ഉയർത്തെഴുന്നേറ്റ ദൈവവചനമാണ്. അവിടുന്ന് എല്ലാറ്റിന്റേയും കർത്താവാണ് (*Pantocrator*) അവിടുന്ന് ജേതാവാണ്. അതുകൊണ്ട് എല്ലാ വസ്തുക്കളും എന്നന്നേക്കുമായി ക്രിസ്തുവിൽ ഒന്നിപ്പിക്കപ്പെടുന്നു (cf. ഏഫേ. 1:10). ക്രിസ്തു "ലോകത്തിന്റെ പ്രകാശമാകുന്നു. ഇരുട്ടിൽ തെളിയുന്ന വെളിച്ചം. ഈ പ്രകാശത്തെ ഇരുട്ടിന് കീഴടക്കാനാവില്ല" (യോഹ. 8:12, 1:5). 119-ാം സങ്കീർത്തനത്തിലെ വാക്കുകളുടെ അർത്ഥം പൂർണ്ണമായും ഗ്രഹിക്കാൻ നമുക്ക് കഴിയുന്നത് ഈ സാഹചര്യത്തിലാണ്. "അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും, പാതയിൽ പ്രകാശവുമാണ് (119:105). അങ്ങനെ ഉയിർത്തെഴുന്നേറ്റ വചനമാണ് നമുക്ക് വഴി തെളിക്കുന്ന നിർണ്ണായകമായ വിളക്ക്. ക്രിസ്തുവിൽ ദൈവത്തിന്റെ വചനം ഒരു വ്യക്തി എന്ന നിലയിൽ സന്നിഹിതമാണെന്ന് ആദ്യം മുതൽക്കേ ക്രൈസ്തവർ മനസ്സിലാക്കിയിരുന്നു. മനുഷ്യർക്ക്, സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ട യഥാർത്ഥ വെളിച്ചമാണ് ദൈവവചനം. പുനരുത്ഥാനത്തിൽ ലോകത്തിന്റെ യഥാർത്ഥ വെളിച്ചമായി ദൈവപുത്രൻ പ്രത്യക്ഷപ്പെടുന്നു. അവിടുത്തോടൊപ്പം ജീവിക്കുകവഴി, അവിടുന്നിൽ ജീവിക്കുകവഴി, നമുക്ക് പ്രകാശത്തിൽ ജീവിക്കാൻ കഴിയുന്നു.

**13.** "വചനത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിൽ," അതിന്റെ ഉള്ളിന്റെ ഉള്ളിൽ, മനുഷ്യാവതാരം ചെയ്ത വചനത്തിൽ, അടങ്ങിയിരിക്കുന്ന ദൈവിക പദ്ധതിയുടെ ഐകരൂപ്യം എടുത്തുപറയേണ്ടതുണ്ട്. പെസഹാരഹസ്യം വിശുദ്ധഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതിന് അനുസൃതമാണ് എന്നും അതിന്റെ പൂർത്തീകരണമാണെന്നും പുതിയനിയമം എടുത്തുകാട്ടുന്നു. വിശുദ്ധ പൗലോസ് കൊറീന്തിയക്കാർക്കുള്ള ഒന്നാംലേഖനത്തിൽ പറയുന്നത് യേശുക്രിസ്തു "വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ," നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും (15:3) സംസ്കരിക്കപ്പെടുകയും മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു" എന്നത്രേ (15:4).

അങ്ങനെ അപ്പോസ്തലൻ കർത്താവിന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും തന്റെ ജനവുമായി ദൈവം ഉണ്ടാക്കിയ പഴയ ഉടമ്പടിയുടെ ചരിത്രവുമായി ബന്ധപ്പെട്ട സംഭവമായിക്കാണുന്നു. ആ സംഭവത്തിൽനിന്നാണ് ചരിത്രത്തിന് അതിന്റെ ആന്തരികമായ യുക്തിഭദ്രതയും യഥാർത്ഥ അർത്ഥവും ലഭിക്കുന്നത് എന്നും അപ്പോസ്തലൻ എടുത്തുകാട്ടുന്നു. പെസഹാരഹസ്യത്തിൽ "വിശുദ്ധലിഖിതങ്ങളിലെ വാക്കുകൾ" പൂർത്തീകരിക്കപ്പെട്ടു. വേറൊരു രീതിയിൽ പറഞ്ഞാൽ, വിശുദ്ധലിഖിതങ്ങളനുസരിച്ച് ഉണ്ടായ ഈ മരണം ദൈവവചനത്തെ ഉൾക്കൊള്ളുന്ന ഒരു സംഭവമാണ്. അതിന്റെ ആന്തരിക യുക്തി അതാണ്, ദൈവവചനം പൂർണ്ണമായും "മാംസമായി" മനുഷ്യന്റെ "ചരിത്ര"മായി, എന്നതിന് ക്രിസ്തുവിന്റെ മരണം സാക്ഷ്യംവഹിക്കുന്നു.[39] അതുപോലെതന്നെ, "വിശുദ്ധ ലിഖിതങ്ങളനുസരിച്ച്" മൂന്നാം ദിവസമാണ് യേശുവിന്റെ പുനരുത്ഥാനം നടന്നത്. യഹൂദരുടെ വിശ്വാസമനുസരിച്ച് മൂന്നാം ദിവസത്തിനുശേഷമേ, ശരീരം ജീർണ്ണിച്ചു തുടങ്ങുകയുള്ളൂ. അങ്ങനെ അഴിഞ്ഞുപോകാതെയാണ് ലിഖിതങ്ങളിലെ വാക്ക് പൂർത്തീകരിച്ചുകൊണ്ട് യേശു ഉയിർത്തെഴുന്നേറ്റത്. ദൈവവചനത്തിന്റെ സർഗ്ഗശക്തിവഴിയാണ് ക്രിസ്തു മരണത്തിന്റെമേൽ വിജയംവരിച്ചത് എന്ന അപ്പോസ്തലന്മാരുടെ പ്രബോധനം വിശുദ്ധ പൗലോസ് വിശ്വസ്തതയോടെ പകർന്നുകൊടുക്കുന്നു (cf. 1 കൊറി. 15:3). ഈ ദൈവികശക്തി പ്രത്യാശയും ആനന്ദവും നൽകുന്ന ഒന്നാണ്. ചുരുക്കിപ്പറഞ്ഞാൽ, പെസഹാ സംബന്ധിച്ച വെളിപാടിലെ മോചനത്തിന്റെ ഘടകം ഇതാണ്. ഉയിർപ്പുതിരുനാൾ ദിവസം ദൈവം സ്വയം വെളിപ്പെടുത്തുന്നു. തിന്മയുടെയും മരണത്തിന്റെയും വിനാശകരമായ ശക്തികളെ ത്രിതൈക ദൈവത്തിന്റെ സ്നേഹത്തിന്റെ ശക്തി തകർക്കുന്നു; ഛിന്നഭിന്നമാക്കുന്നു.

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഈ ഘടകങ്ങളെ അനുസ്മരിക്കുമ്പോൾ സൃഷ്ടിയും പുതിയ സൃഷ്ടിയും, രക്ഷാകര ചരിത്രവും ക്രിസ്തുവിൽ ആഴമേറിയ

ഐക്യം നേടിയിരിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ഉദാഹരണത്തിന്, നമുക്ക് പ്രപഞ്ചത്തെ ഒരു "പുസ്തകത്തോട്" ഉപമിക്കാൻ കഴിയും. ഗലീലിയോതന്നെ ഉപയോഗിച്ച ഒരു ഉദാഹരണമാണ് ഇത്. "സൃഷ്ടികർമ്മം എന്ന 'സ്വരലയത്തിലൂടെ', സിംഫണിയിലൂടെ, സ്വയം ആവിഷ്കരിക്കുന്ന ഒരു ഗ്രന്ഥകാരൻ രചിച്ച ഒരു പുസ്തകമായി പ്രപഞ്ചത്തെ നോക്കിക്കാണുക. ഈ സിംഫണിയിൽ ഒരു പ്രത്യേക ഘട്ടത്തിലെത്തുമ്പോൾ സംഗീതത്തിന്റെ ഭാഷയിൽ 'സോളോ' എന്നു പറയുന്ന ഒരു ദശാസന്ധി കാണപ്പെടും. ഒരു സംഗീതോപകരണം അഥവാ ഒരു ഗായകൻ തനിയേ കൈകാര്യം ചെയ്യേണ്ട ഒരു ഭാഗം. കൃതി മുഴുവന്റെയും അർത്ഥം ഈ 'സോളോ'യെ ആശ്രയിച്ചാണിരിക്കുന്നത്. അത്ര പ്രാധാന്യമുള്ളതാണ് ഈ ഭാഗം. യേശുവാണ് ഈ 'സോളോ....' മനുഷ്യപുത്രൻ സ്വർഗ്ഗത്തെയും ഭൂമിയെയും തന്നിൽ ഉൾക്കൊള്ളുന്നു; സൃഷ്ടപ്രപഞ്ചത്തെയും സ്രഷ്ടാവിനെയും, മാംസത്തെയും അരൂപിയെയും, തന്നിൽത്തന്നെ ഉൾക്കൊള്ളുന്നു. പ്രപഞ്ചത്തിന്റെയും ചരിത്രത്തിന്റെയും കേന്ദ്രബിന്ദു അവിടുന്നാണ്. കാരണം, രചയിതാവും രചനയും യാതൊരു സംഭ്രാന്തിയുമില്ലാതെ യേശുവിൽ സംയോജിക്കുന്നു."[40]

## ദൈവവചനത്തിന്റെ യുഗാന്ത്യോന്മുഖമായ മാനം

**14.** യേശുക്രിസ്തുവിനോടൊപ്പം ദൈവത്തിന്റെ നിർണ്ണായകമായ വചനത്തിന്റെ മുമ്പിലാണ് താൻ നിൽക്കുന്നത് എന്ന അവബോധം തിരുസഭ ഇതിലെല്ലാം പ്രകടമാക്കുന്നുണ്ട്. അവിടുന്നാണ് *"ആദിയും അന്ത്യവും"* (വെളി. 1:17). പ്രപഞ്ചത്തിനും ചരിത്രത്തിനും ആത്യന്തികമായ അർത്ഥം നൽകുന്നത് അവിടുന്നാണ്. അതുകൊണ്ട് ദൈവവചനത്തിന്റെ യുഗാന്ത്യവുമായി ബന്ധപ്പെട്ട താളത്തിനൊപ്പം കാലത്തിലും ദൈവത്തിന്റെ സൃഷ്ടപ്രപഞ്ചത്തിലും ജീവിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. "അങ്ങനെ ക്രൈസ്തവ സംവിധാനം ഒരിക്കലും ഇല്ലാതാകില്ല. കാരണം, നവീനവും നിർണ്ണായകവുമായ ഉടമ്പടിയാണ് അത്. നമ്മുടെ കർത്താവായ യേശു

ക്രിസ്തു മഹത്ത്വത്തിൽ പ്രത്യക്ഷപ്പെടുംവരെ പുതുതായി ഒരു പൊതു വെളിപാടും ഉണ്ടാകില്ല” (cf. തിമോ. 6:14; തീത്തൂസ് 2:13).[41] സിനഡിൽ പിതാക്കന്മാർ പറഞ്ഞതുപോലെ, “ക്രിസ്തുസംഭവത്തിലാണ് ക്രൈസ്തവ മതത്തിന്റെ അനന്യത പ്രകടമാകുന്നത്. വെളിപാടുകളുടെ ഉച്ചകോടിയും ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ആണ് യേശുക്രിസ്തു. മനുഷ്യനും ദൈവത്തിനും ഇടയ്ക്ക് നിൽക്കുന്ന മദ്ധ്യസ്ഥനാണ് ക്രിസ്തു. ‘ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തത്’ യേശുവാണ് (യോഹ. 1:18); മനുഷ്യവർഗ്ഗത്തിനു നൽകപ്പെട്ട നിർണ്ണായകമായ, ആത്യന്തികമായ, വചനമാണ് അവിടുന്ന്.[42] കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഈ സത്യം അതിമനോഹരമായി ഇപ്രകാരം ആവിഷ്കരിക്കുന്നു: “ദൈവം നമുക്ക് തന്റെ പുത്രനെ നൽകി. ദൈവത്തിന്റെ ഏക വചനമാണ് പുത്രൻ (ദൈവത്തിനു വേറെ വചനമില്ല). അങ്ങനെ ദൈവത്തിന് പറയാനുള്ളതെല്ലാം ഈ ഒറ്റവചനത്തിൽ ഒതുക്കി. കൂടുതലായി ദൈവത്തിന് ഒന്നും പറയാനില്ല. കാരണം, മുൻപ് പ്രവാചകന്മാർവഴി ഭാഗികമായി ചില കാര്യങ്ങൾ പറഞ്ഞു. എന്നാൽ ഇപ്പോൾ സർവ്വവും ഒന്നിച്ചുപറഞ്ഞിരിക്കുന്നു. തന്റെ പുത്രനെ നമുക്ക് നൽകുകവഴി ദൈവം ചെയ്തത് അതാണ്. ആരെങ്കിലും ദൈവത്തെ ചോദ്യം ചെയ്താൽ, തനിക്ക് ദർശനവും വെളിപാടും ലഭിക്കണമെന്ന് ആഗ്രഹിച്ചാൽ, അയാളുടെ പെരുമാറ്റം മറയത്തരമായിരിക്കാമെന്നു മാത്രമല്ല അത് ദൈവത്തിന്റെ മുമ്പിൽ കുറ്റകരവുമായിരിക്കും കാരണം ക്രിസ്തുവിൽമാത്രം മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുന്നതിനുപകരം വേറെ എന്തെങ്കിലും പുതുമ കാണണമെന്ന ആഗ്രഹത്തോടെ ജീവിക്കുകയാണ് അവർ ചെയ്യുന്നത്.[43]”

ഇക്കാരണത്താൽ “സ്വകാര്യ വെളിപാടുകളിൽനിന്ന് ദൈവവചനത്തെ തിരിച്ചറിയാൻ വിശ്വാസികളെ സഹായിക്കേണ്ടതിന്റെ ആവശ്യകത”[44] സിനഡ് ചൂണ്ടിക്കാട്ടി. “ക്രിസ്തുവിന്റെ നിർണ്ണായക വെളിപ്പെടുത്തലിനെ പൂർത്തീകരിക്കുകയല്ല സ്വകാര്യ വെളിപാടുകളുടെ ലക്ഷ്യം; ചരിത്ര

ത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിൽ ക്രിസ്തുവിന്റെ വെളി പാടനുസരിച്ച് കൂടുതൽ സജീവമായി ജീവിക്കാൻ സഹാ യിക്കുകയാണ് അത് ചെയ്യുന്നത്."[45] എല്ലാവർക്കുമായുള്ള പൊതുവെളിപാട് ഒന്നേയുള്ളൂ. അതിന്റേതിൽനിന്ന് അടി സ്ഥാനപരമായി വ്യത്യസ്തമാണ് സ്വകാര്യ വെളിപാടുകളുടെ മൂല്യം. പൊതുവെളിപാട് വിശ്വാസം ആവശ്യപ്പെടുന്നുണ്ട്; പൊതുവെളിപാടിലൂടെ മാനുഷിക ഭാഷയിൽ നമ്മോട് സംസാരിക്കുന്നത് ദൈവംതന്നെയാണ്. സഭയാകുന്ന സജീവ സമൂഹത്തിലാണ് ഇത് നടക്കുന്നത്. ഒരു സ്വകാര്യ വെളി പാട് സത്യമാണോയെന്ന് തിരിച്ചറിയാനുള്ള മാനദണ്ഡം അത് ക്രിസ്തുവിലേക്കാണോ വിരൽചൂണ്ടുന്നത്, നയിക്കു ന്നത്, എന്നതാണ്. അത് നമ്മെ ക്രിസ്തുവിൽനിന്ന് അകറ്റു കയാണ്, വേറൊരു ദിശയിലേക്ക് നയിക്കുകയാണ് ചെയ്യു ന്നതെങ്കിൽ അത് പരിശുദ്ധാരൂപിയിൽനിന്നുവരുന്നതല്ല. പരി ശുദ്ധാരൂപി നമ്മെ സുവിശേഷത്തിലേക്ക് കൂടുതൽ ആഴ ത്തിൽ നയിക്കുകയേ ഉള്ളൂ. ഒരിക്കലും സുവിശേഷത്തിന്റേ തിൽനിന്ന് വ്യത്യസ്തമായ ദിശയിലേക്ക് നയിക്കുകയില്ല. സ്വകാര്യ വെളിപാട് ക്രിസ്തുവിലുള്ള വിശ്വാസത്തിന് സഹാ യകമാകണം. ഏകവും പൊതുവായതുമായ വെളിപാടിലേക്ക് നയിക്കുന്നു, അതുമായി അനുരൂപപ്പെട്ടിരിക്കുന്നു, എന്ന താണ് സ്വകാര്യ വെളിപാടിന് വിശ്വാസ്യത നൽകുന്നത്. സഭാ തലത്തിൽ ഒരു സ്വകാര്യ വെളിപാടിന് അംഗീകാരം നൽകു കയെന്നു പറഞ്ഞാൽ വിശ്വാസത്തിനും സന്മാർഗ്ഗ നിയമ ങ്ങൾക്കും വിരുദ്ധമായി ഒന്നും ആ വെളിപാടിന്റെ സന്ദേശ ത്തിൽ അടങ്ങിയിട്ടില്ലെന്ന് അംഗീകരിക്കുന്നു എന്നാണർത്ഥം; അത് പരസ്യപ്പെടുത്തുക അനുവദനീയമാണ്; വിവേകപൂർവ്വം അത് പിൻതുടരാൻ വിശ്വാസികൾക്ക് അനുവാദമുണ്ട്. ഒരു സ്വകാര്യ വെളിപാടിന് ചില കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കാൻ കഴിയും; പുതിയ ഭക്താഭ്യാസങ്ങൾ ആരം ഭിക്കാം; പഴയ ഭക്താഭ്യാസങ്ങൾക്ക് കൂടുതൽ ആഴമുണ്ടാ ക്കാം. ഒരുതരം പ്രവാചകദൗത്യവും അതിനുണ്ടായി എന്നു വരാം (1 തെസ്സ. 5:19-21). ഒരു പ്രത്യേക കാലഘട്ടത്തിൽ

സുവിശേഷം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഗ്രഹിക്കുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും സ്വകാര്യ വെളിപാടുകൾ സഹായകമായേക്കാം. അതുകൊണ്ട് സ്വകാര്യ വെളിപാടിനെ നിസ്സാരമായി തള്ളിക്കളയരുത്. അത് വാഗ്ദാനം ചെയ്യപ്പെട്ട ഒരു സഹായമാണ്. എന്നാൽ അത് പ്രയോജനപ്പെടുത്താൻ ആർക്കും ബാദ്ധ്യതയില്ല. ഏതായാലും അത് വിശ്വാസത്തെയും പ്രത്യാശയെയും സ്നേഹത്തെയും പരിപോഷിപ്പിക്കുന്നതായിരിക്കണം. ഇവ മൂന്നുമാണല്ലോ എല്ലാവർക്കും നിത്യരക്ഷയ്ക്കുള്ള മാർഗ്ഗം.[46]

## ദൈവവചനവും പരിശുദ്ധാരൂപിയും

**15.** ദൈവത്തിന്റെ ലോകത്തോടുള്ള അന്തിമവും നിർണ്ണായകവുമായ വചനത്തെപ്പറ്റി വിചിന്തനം നടത്തിയശേഷം ദൈവവചനവുമായി ബന്ധപ്പെട്ട പരിശുദ്ധാരൂപിയുടെ ദൗത്യത്തെപ്പറ്റി ഇപ്പോൾ പറയേണ്ടിയിരിക്കുന്നു. പാരക്ലേത്തായുടെ പ്രവർത്തനത്തിൽനിന്ന് വേർപെട്ട് ക്രൈസ്തവ വെളിപാടിനെപ്പറ്റി ആധികാരികമായ ഒരറിവും ഉണ്ടാകുക സാദ്ധ്യമല്ല. കാരണം; ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ എപ്പോഴും പുത്രനും പരിശുദ്ധാരൂപിയുമായുള്ള ബന്ധവുമായി ഇടകലർന്നതാണ്. ലിയോൺസിലെ ഇറണേവൂസ് പുത്രനെയും പരിശുദ്ധാരൂപിയെയും വിശേഷിപ്പിക്കുന്നത് "പിതാവിന്റെ ഇരുകരങ്ങൾ" എന്നാണ്.[47] രക്ഷാകരചരിത്രത്തിൽ പ്രത്യേകിച്ചും യേശുവിന്റെ ജീവിതത്തിൽ പരിശുദ്ധാരൂപിയുടെ സാന്നിദ്ധ്യത്തെപ്പറ്റി വിശുദ്ധലിഖിതങ്ങൾ തന്നെ പറയുന്നു. പരിശുദ്ധാരൂപിയുടെ ശക്തിയാലാണ് കന്യകാമറിയം യേശുവിനെ ഗർഭം ധരിച്ചത് (cf. മത്താ. 1:18; ലൂക്കാ 1:35); തന്റെ പരസ്യജീവിതത്തിന്റെ തുടക്കത്തിൽ, ജോർദ്ദാൻ നദീതടത്തിൽ, പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാരൂപി തന്റെ മേൽ ഇറങ്ങിവന്നത് യേശു കണ്ടു (cf. മത്താ. 3:16); യേശു സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും സന്തോഷിക്കുന്നതും ഇതേ അരൂപിയിൽ തന്നെയാണ് (cf. ലൂക്കാ 10:21); ഇതേ അരൂപിയിൽ അവിടുന്ന് സ്വയം ബലിയായി അർപ്പിക്കുകയും

ചെയ്യുന്നു (ഹെബ്രാ. 9:14). വിശുദ്ധ യോഹന്നാൻ പറയുന്ന തനുസരിച്ച്, തന്റെ ദൗത്യം അവസാനിക്കാറായപ്പോൾ യേശു തന്നെ തന്റെ ജീവത്യാഗവും അരൂപിയെ അയയ്ക്കുന്നതും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. തനിക്കുള്ളവരുടെമേൽ പരിശുദ്ധാരൂപിയെ അയക്കും എന്ന് അവിടുന്നു പറഞ്ഞു (cf. യോഹ. 16:7). പുനരുത്ഥാനം ചെയ്ത യേശു തന്റെ ശരീരത്തിൽ പീഡാനുഭവത്തിന്റെ ചിഹ്നങ്ങൾ വഹിച്ചുകൊണ്ട് എങ്ങും അരൂപിയെ സമൃദ്ധമായി വർഷിക്കുന്നു (cf. യോഹ.20.22). അങ്ങനെ തന്റെ ശിഷ്യന്മാരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കുന്നു (cf. യോഹ. 20:21). ശിഷ്യന്മാരെയെല്ലാം പഠിപ്പിക്കുന്നതും ക്രിസ്തു പറഞ്ഞതെല്ലാം അവരെ ഓർമ്മിപ്പിക്കുന്നതും പരിശുദ്ധാരൂപിയാണ് (cf. യോഹ. 14:26). സത്യത്തിന്റെ അരൂപിയാണ് പരിശുദ്ധാത്മാവ്. ശിഷ്യന്മാരെ എല്ലാ സത്യങ്ങളിലേക്കും നയിക്കുന്നത് ഈ അരൂപിയാണ് (യോഹ. 16:13). അവസാനം, പെന്തക്കോസ്താദിവസം മറിയത്തോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്ന അപ്പോസ്തലന്മാരുടെമേൽ അരൂപി ഇറങ്ങിവന്നു എന്ന് നാം *അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളിൽ* വായിക്കുന്നു (cf. 2:1–4). എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കുകയെന്ന ദൗത്യം ഏറ്റെടുക്കാൻ അപ്പോസ്തലന്മാർക്ക് പ്രേരകമാകുന്നതും ഈ അരൂപിയാണ്.[48]

പരിശുദ്ധാരൂപിയുടെ പ്രവർത്തനംവഴി ദൈവവചനം മനുഷ്യരുടെ ഭാഷയിൽ, വാക്കുകളിൽ, ആവിഷ്കരിക്കപ്പെടുന്നു. പുത്രന്റെയും പരിശുദ്ധാരൂപിയുടെയും ദൗത്യങ്ങൾ അവിഭാജ്യമാണ്; രണ്ടുംകൂടി രക്ഷാകരപ്രവൃത്തിയെ ഏക സംവിധാനമായി മാറ്റുന്നു. കന്യകാമറിയത്തിന്റെ ഉദരത്തിൽ വചനം മാംസമാകാൻ പ്രവർത്തിച്ച അതേ അരൂപിതന്നെയാണ് തന്റെ ദൗത്യത്തിൽ ഉടനീളം യേശുവിനെ നയിക്കുന്നത്. തന്റെ ശിഷ്യന്മാർക്ക് വാഗ്ദാനം ചെയ്യുന്നതും ഈ അരൂപിയെത്തന്നെയാണ്. പ്രവാചകന്മാരിലൂടെ സംസാരിച്ച അതേ അരൂപിതന്നെയാണ് ദൈവവചനം പ്രഘോഷിക്കുകയെന്ന അവളുടെ ദൗത്യം നിർവഹിക്കാൻ തിരുസഭയ്ക്ക് പ്രചോദനം

നൽകുന്നതും. അപ്പോസ്തലന്മാരുടെ സുവിശേഷപ്രചരണത്തിൽ അവർക്കും പ്രചോദനമാകുന്നതും വിശുദ്ധ ലിഖിതങ്ങളുടെ രചനയിൽ ഗ്രന്ഥകാരന്മാർക്ക് പ്രചോദനമായിരുന്നതും ഈ അരൂപിതന്നെയാണ്.

**16.** അരൂപിയുടെ ഈ വിശാല ചക്രവാളത്തെപ്പറ്റി ബോധവാന്മാരായിരുന്ന സിനഡ് പിതാക്കന്മാർ തിരുസഭയിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തിനുള്ള പ്രാധാന്യം എടുത്തുപറയുന്നു. വിശുദ്ധലിഖിതങ്ങൾ സംബന്ധിച്ച് വിശ്വാസികളുടെ ഹൃദയങ്ങളിൽ പരിശുദ്ധാരൂപി നടത്തുന്ന പ്രവർത്തനത്തിനും അവർ ഊന്നൽ നൽകുന്നു.[49] "സത്യത്തിന്റെ അരൂപി" (യോഹ. 4:16), ഫലപ്രദമാംവിധം പ്രവർത്തിച്ചെങ്കിലേ കർത്താവിന്റെ വാക്കുകൾ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. വിശുദ്ധ ഇരണേവൂസ് പറയുന്നു: "അരൂപിയിൽ പങ്കാളികളാകാത്തവർ സഭാമാതാവിന്റെ മടിത്തട്ടിൽനിന്ന് ഒന്നും സ്വീകരിക്കുന്നില്ല; ജീവന്റെ ആഹാരമാണ് അവിടെനിന്ന് ലഭിക്കുക. ക്രിസ്തുവിന്റെ ശരീരമാകുന്ന ശുദ്ധമായ അരുവിയിൽനിന്ന് ഒഴുകിയെത്തുന്ന യാതൊന്നും അവർക്ക് ലഭിക്കുന്നില്ല.[50]" ക്രിസ്തുവിന്റെ ശരീരത്തിൽനിന്ന് ദൈവവചനം വരുന്നതുപോലെ, ദിവ്യകാരുണ്യമെന്ന ശരീരത്തിൽനിന്നും വിശുദ്ധലിഖിതമെന്ന ശരീരത്തിൽനിന്നും, പരിശുദ്ധാരൂപിയുടെ പ്രവർത്തനംവഴി, ദൈവവചനം നമുക്ക് ലഭിക്കുന്നു. ഇത് യഥാർത്ഥത്തിൽ സ്വായത്തമാക്കാനും ഗ്രഹിക്കുവാനും അതേ അരൂപിയിൽമാത്രമേ സാദ്ധ്യമാകൂ.

വിശ്വാസികൾക്ക് വിശുദ്ധലിഖിതങ്ങളുമായി ഉണ്ടായിരിക്കേണ്ട ബന്ധത്തെപ്പറ്റി പറയുമ്പോഴെല്ലാം, ക്രൈസ്തവപാരമ്പര്യത്തിലെ പ്രശസ്തരായ എല്ലാ ഗ്രന്ഥകാരന്മാരും പരിശുദ്ധാരൂപിയുടെ പ്രാധാന്യത്തെപ്പറ്റി ഏക സ്വരത്തിലാണ് സംസാരിക്കുന്നത്. "വിശുദ്ധലിഖിതത്തിന് അരൂപിയുടെ വെളിപ്പെടുത്തൽ ആവശ്യമാണ്. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ യഥാർത്ഥ പൊരുൾ മനസ്സിലാക്കുന്നതിനും അങ്ങനെ ധാരാളമായി ഫലമെടുക്കുന്നതിനും ഇതാവശ്യമാണ്" എന്ന് വിശുദ്ധ ജോൺ ക്രിസോസ്തോം പറയുന്നു.[51]

"വിശുദ്ധ ലിഖിതങ്ങൾക്ക് പ്രചോദനം നൽകിയത് പരിശുദ്ധാരൂപിയാണ്. ആ പരിശുദ്ധാരൂപിയുടെ സഹായമില്ലാതെ വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കുവാൻ നമുക്ക് കഴിയുകയില്ല" എന്ന ഉറച്ച വിശ്വാസമാണ് വിശുദ്ധ ജെറോമിന് ഉണ്ടായിരുന്നത്.[54] ബൈബിളിന്റെ രൂപീകരണത്തിലും വ്യാഖ്യാനത്തിലും പരിശുദ്ധാരൂപി വഹിക്കുന്ന പങ്ക് മഹാനായ വിശുദ്ധ ഗ്രിഗറി ഭംഗിയായി എടുത്തുപറയുന്നുണ്ട്. "പരിശുദ്ധാരൂപിയാണ് വിശുദ്ധഗ്രന്ഥത്തിലെ വാക്കുകൾ സൃഷ്ടിച്ചത്. അവയുടെ അർത്ഥം വെളിപ്പെടുത്തുന്നതും ആ അരൂപിതന്നെയാണ്."[53] വിശുദ്ധലിഖിതം മനസ്സിലാക്കുന്നതിന് നമുക്കു വേണ്ടത് പരിശുദ്ധാരൂപി പ്രകാശം നൽകുകയും പഠിപ്പിക്കുകയും ചെയ്ത "പ്രാവുകളുടെ കണ്ണുകളാണ്" എന്ന് സെന്റ് വിക്ടറിലെ റിച്ചാർഡ് ചൂണ്ടിക്കാട്ടുന്നു.[54]

ആരാധനാനുഷ്ഠാനങ്ങളുടെ ഗ്രന്ഥങ്ങളിൽ നാം കാണുന്ന പരിശുദ്ധാരൂപിയും വിശുദ്ധലിഖിതങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ അതിപ്രധാനമായ സാക്ഷ്യം ഇവിടെ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആരാധനാക്രമത്തിലാണല്ലോ വിശ്വാസികൾക്കായി ദൈവവചനം പ്രഘോഷിക്കപ്പെടുകയും അത് ശ്രവിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്യുന്നത്. വായനകൾക്ക് മുൻപ് പരിശുദ്ധാരൂപിയോടുള്ള പ്രാചീനമായ പ്രാർത്ഥനകളിൽ ഒരു ആഹ്വാനത്തിന്റെ രൂപത്തിൽ ഇത് നാം കാണുന്നു. "അങ്ങയുടെ അരൂപിയായ പാറക്ലേത്തായെ ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് അയയ്ക്കണമേ. ആ അരൂപി പ്രചോദനം നൽകിയ വിശുദ്ധലിഖിതങ്ങൾ ഞങ്ങൾ മനസ്സിലാക്കുവാൻ ഇടയാക്കണമേ. ഈ ലിഖിതങ്ങളെ അർഹമാംവിധം വ്യാഖ്യാനിക്കുവാൻ എനിക്ക് കഴിവ് നൽകണമേ. അങ്ങനെ ഇവിടെ കൂടിയിരിക്കുന്ന വിശ്വാസികൾക്ക് ആ വ്യാഖ്യാനത്തിൽനിന്നും പ്രയോജനം ഉണ്ടാകട്ടെ." വചന പ്രഘോഷണത്തിന്റെ അവസാനം ചൊല്ലുന്ന പ്രാർത്ഥനകളിൽ വിശ്വാസികളുടെമേൽ തന്റെ ദാനമായ അരൂപിയെ അയയ്ക്കണമേ! എന്ന് ദൈവത്തോട് പ്രാർത്ഥിക്കുന്നു: "രക്ഷകനായ ദൈവമേ, അങ്ങയുടെ

ജനത്തിനുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. അവരുടെമേൽ പരിശുദ്ധാരൂപിയെ അയയ്ക്കണമേ. കർത്താവായ യേശു അവരെ സന്ദർശിക്കുകയും എല്ലാവരുടെയും മനസ്സിനോട് സംസാരിക്കുകയും അവരുടെ ഹൃദയങ്ങളെ വിശ്വാസത്തിന് സജ്ജമാക്കുകയും ഞങ്ങളുടെ ആത്മാക്കളെ അങ്ങയിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെയെന്ന് കാരുണ്യവാനായ ദൈവമേ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു." തിരുസഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും പരിശുദ്ധാരൂപി നടത്തുന്ന പ്രവർത്തനങ്ങൾക്കായി നമ്മുടെ ഹൃദയങ്ങൾ തുറക്കുന്നില്ലായെങ്കിൽ വചനത്തിന്റെ അർത്ഥം മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

## പാരമ്പര്യവും വിശുദ്ധ ലിഖിതങ്ങളും

**17.** ദൈവവചനവും പരിശുദ്ധാരൂപിയും തമ്മിലുള്ള ഗാഢമായ ബന്ധം വീണ്ടും പ്രഖ്യാപിക്കുകവഴി സഭയിൽ സജീവമായ പാരമ്പര്യത്തിനും വിശുദ്ധലിഖിതങ്ങൾക്കുമുള്ള നിർണ്ണായകമായ മൂല്യവും അർത്ഥവും മനസ്സിലാക്കുന്നതിനാവശ്യമായ അടിത്തറ നാം ഇട്ടുകഴിഞ്ഞു. "തന്റെ ഏകജാതനെ നൽകുവാൻതക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). അതുകൊണ്ട് കാലത്തിൽ ഉച്ചരിക്കപ്പെട്ട ദൈവവചനത്തെ നിർണ്ണായകമായ രീതിയിൽ സഭയ്ക്ക് ഏല്പിച്ചുകൊടുത്തിരിക്കയാണ്. എക്കാലത്തും എല്ലായിടങ്ങളിലും രക്ഷ സംബന്ധിച്ച പ്രഘോഷണം ഫലപ്രദമായ രീതിയിൽ നടത്തുന്നതിനുവേണ്ടിയാണ് ദിവ്യവചനം സഭയെ ഏല്പിച്ചിരിക്കുന്നത്. *ദൈവവചനം* (*Dei Verbum)* എന്ന പ്രമാണരേഖ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, ക്രിസ്തു തന്നെ സുവിശേഷം പ്രസംഗിക്കുവാൻ അപ്പോസ്തലന്മാരോട് കല്പിച്ചു. പ്രവാചകന്മാർ മുമ്പേ വാഗ്ദാനം ചെയ്തിരുന്നതും ക്രിസ്തുവാകുന്ന വ്യക്തിയിൽ പൂർത്തീകരിക്കപ്പെട്ടതും ക്രിസ്തുവിന്റെ അധരങ്ങൾ തന്നെ പ്രഖ്യാപിച്ചതുമാണ് ഈ സുവിശേഷം. എല്ലാവർക്കും രക്ഷ നൽകുന്ന സത്യത്തിന്റെയും സദാചാര നിയമത്തിന്റെയും

സ്രോതസ്സായിട്ട് ഈ സുവിശേഷം എല്ലാവരോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. സുവിശേഷം ദൈവത്തിന്റെ ദാനങ്ങളെ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുന്നു. ഈ ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിക്കപ്പെട്ടു. അപ്പോസ്തലന്മാർ ജനങ്ങളോട് ഈ സുവിശേഷം പ്രസംഗിച്ചു; അങ്ങനെ അത് കൈമാറി. തങ്ങളുടെ മാതൃകയാലും അനുശാസനങ്ങളാലും അവർ സുവിശേഷം ജനങ്ങൾക്ക് പകർന്നു. ക്രിസ്തുവിന്റെ പഠനത്തിൽനിന്നും അവിടുത്തെ ജീവിതത്തിൽനിന്നും പ്രവൃത്തികളിൽനിന്നും അപ്പോസ്തലന്മാർക്ക് ലഭിച്ചതാണ് ഈ സുവിശേഷം. ചിലപ്പോൾ പരിശുദ്ധാരൂപിയുടെ പ്രചോദനത്താൽ അവർ ഗ്രഹിച്ചതാകാം ഈ സന്ദേശം. അപ്പോസ്തലന്മാരും അവരുമായി ബന്ധപ്പെട്ടവരും സുവിശേഷം പ്രസംഗിച്ചു, പ്രചരിപ്പിച്ചു. അതേ പരിശുദ്ധാരൂപിയുടെ പ്രചോദനത്താൽ അവർ രക്ഷയുടെ ഈ സന്ദേശം എഴുതിവയ്ക്കുകയും ചെയ്തു.[56]

അപ്പോസ്തലന്മാരിൽനിന്ന് തുടങ്ങുന്ന പാരമ്പര്യം സജീവവും ക്രിയാത്മകവുമായ ഒരു യാഥാർത്ഥ്യമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും പറഞ്ഞിട്ടുണ്ട്. “ഇത് സഭയിൽ പരിശുദ്ധാരൂപിയുടെ സഹായത്തോടെ പുരോഗമിക്കുന്നു;” പുരോഗമിക്കുകയെന്നു പറയുമ്പോൾ അതിന്റെ സത്യത്തിൽ മാറ്റം വരുന്നു എന്നല്ല ഉദ്ദേശിക്കുന്നത്. ആ സത്യം ശാശ്വതമാണ്. “യാഥാർത്ഥ്യങ്ങളുടെയും തലമുറകൾക്ക് കൈമാറുന്ന വാക്കുകളുടെയും ഉൾക്കാഴ്ച, ആന്തരിക അർത്ഥം, സംബന്ധിച്ച അറിവ്, വികസിക്കുന്നു” എന്നാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ആഴമുള്ള ആത്മീയ അനുഭവത്തിൽനിന്ന് ലഭിക്കുന്ന ഗ്രഹണശക്തിയുപയോഗിച്ച് ധ്യാനിച്ചും പഠിച്ചുമാണ് ഈ വികസനം ഉണ്ടാകുക. “മെത്രാൻപദവിയിൽ എത്തുകയും സത്യത്തിന്റെ പ്രഭാവം നിശ്ചയമായും ലഭിക്കുകയും ചെയ്തിട്ടുള്ളവരുടെ പ്രസംഗം ശ്രവിച്ചും” ഈ ഉൾക്കാഴ്ച വികസിക്കുന്നുണ്ട്.[57]

വിശുദ്ധലിഖിതങ്ങളിൽ വെളിപ്പെടുത്തിയിട്ടുള്ള സത്യം കാലത്തിന്റെ പുരോഗതി അനുസരിച്ച് മനസ്സിലാക്കേണ്ടതു

ണ്ട്. ഇതിനുള്ള കഴിവ് സഭയ്ക്ക് ലഭിക്കുവാൻ സജീവമായ പാരമ്പര്യം കൂടിയേതീരൂ. "ഇതേ പാരമ്പര്യംവഴിയാണ് വിശുദ്ധഗ്രന്ഥത്തിൽ ഉൾപ്പെടുത്തേണ്ട ഗ്രന്ഥങ്ങളുടെ മുഴുവൻ പട്ടികയും സഭയ്ക്ക് ലഭിക്കുന്നത്. വിശുദ്ധലിഖിതങ്ങൾതന്നെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനും അവ സഭയിൽ നിരന്തരം ഫലപ്രദമായിത്തീരുന്നതിനും ഇടയാക്കുന്നത് പാരമ്പര്യമാണ്."[58] അവസാനമായി, വിശുദ്ധലിഖിതങ്ങൾ ദൈവവചനമാണെന്ന് മനസ്സിലാക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും സഭയുടെ പാരമ്പര്യമാണ്. വിശുദ്ധലിഖിതങ്ങൾക്കുമുമ്പേ നിലവിലുള്ളതും വിശുദ്ധലിഖിതങ്ങളേക്കാൾ വിപുലവുമാണ് ദൈവവചനം. എങ്കിലും ദൈവത്തിന്റെ പ്രചോദനത്താൽ ഉണ്ടായ വിശുദ്ധലിഖിതങ്ങൾ ദിവ്യവചനത്തെ ഉൾക്കൊള്ളുന്നുണ്ട്; (2 തിമോ. 3:16) "തികച്ചും സവിശേഷമായരീതിയിൽ" അത് ദൈവവചനത്തെ ഉൾക്കൊള്ളുന്നു.[59]

**18.** സഭയുടെ സജീവ പാരമ്പര്യവുമായി ബന്ധപ്പെടുത്തി വിശുദ്ധലിഖിതങ്ങളെ സമീപിക്കുവാൻ ദൈവജനത്തെ ശരിക്കും പഠിപ്പിക്കുന്നതും ശീലിപ്പിക്കുന്നതും എത്രമാത്രം പ്രാധാന്യമർഹിക്കുന്ന സംഗതിയാണെന്ന് നാം വ്യക്തമായി കാണുന്നു. വിശുദ്ധലിഖിതങ്ങളിലുള്ളത് ദൈവവചനം തന്നെയാണെന്ന് തിരിച്ചറിയുന്നതിനും ഈ പഠനവും പരിശീലനവും ആവശ്യമാണ്. ആത്മീയ ജീവിതത്തിന്റെ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ വിശ്വാസികളിൽ ഇത്തരം ഒരു സമീപനം വളർത്തിയെടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. "മാംസമായ വചനവും" "പുസ്തകമായി"ത്തീർന്ന വചനവും തമ്മിലുള്ള സാധർമ്മ്യം സഭാപിതാക്കന്മാർ എടുത്തുകാട്ടിയിട്ടുള്ളത് ഓർമ്മിക്കുന്നത് ഇവിടെ സഹായകമായേക്കാം.[60] *ദൈവവചനം* എന്ന പ്രബോധനരേഖ ഈ പ്രാചീന പാരമ്പര്യം ചർച്ച ചെയ്യുന്നു. "നമുക്ക് ലഭിച്ചിട്ടുള്ള വിശുദ്ധഗ്രന്ഥം പുത്രന്റെ ശരീരമാണ്" എന്ന് വിശുദ്ധ അംബ്രോസ് പറയുന്നു.[61] "മനുഷ്യന്റെ ഭാഷയിൽ ആവിഷ്കരിച്ചിട്ടുള്ള ദൈവത്തിന്റെ വാക്കുകൾ, എല്ലാ വിധത്തിലും മനുഷ്യന്റെ സംസാരം പോലെതന്നെയാണ്. അനന്ത ദൈവമായ പിതാ

വിന്റെ വചനം മനുഷ്യരെപ്പോലെ ദുർബലമായ മാംസം ധരിച്ച പ്പോൾ ആ വചനം മനുഷ്യരെപ്പോലെ ആയതുപോലെയാണ് ദൈവത്തിന്റെ വാക്കുകൾ മനുഷ്യന്റെ ഭാഷയിലാകുമ്പോഴും സംഭവിക്കുക."[62] ഈ രീതിയിൽ മനസ്സിലാക്കുമ്പോൾ, ഉള്ള ടക്കത്തിലും രൂപത്തിലും ഏറെ വൈവിദ്ധ്യമുള്ള വിശുദ്ധലി ഖിതങ്ങൾ ഒരേ ഒരു യാഥാർത്ഥ്യമായി നമുക്ക് കാണപ്പെടു ന്നു. വിശുദ്ധലിഖിതങ്ങളിലെ അനവധി വാക്കുകളിലൂടെ ദൈവം ഒരുവാക്ക്, ഒരു വചനം, മാത്രമേ നമ്മോട് പറയുന്നു ള്ളൂ. തന്നെ പൂർണ്ണമായും ആവിഷ്കരിക്കുന്നതും താൻ ഉച്ച രിക്കുന്നതുമായ വചനം (cf. ഹെബ്രാ. 1:1–3).[63] ഇക്കാര്യം വിശുദ്ധ അഗുസ്തീനോസ് നേരത്തേ പറഞ്ഞിട്ടുണ്ട്: "വിശുദ്ധ ലിഖിതങ്ങളിൽ ആദ്യന്തം കാണുന്നത് ദൈവ ത്തിന്റെ ഒരേ ഒരു പ്രഭാഷണമാണെന്ന് ഓർമ്മിക്കുക. വിശു ദ്ധഗ്രന്ഥങ്ങൾ രചിച്ച എല്ലാവരുടെയും അധരങ്ങളിൽനിന്ന് മുഴങ്ങുന്നത് ഒരേ ഒരു വചനം മാത്രമാണ്."[64]

ചുരുക്കിപ്പറഞ്ഞാൽ, പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തി ലൂടെയും പ്രബോധനാധികാരത്തിന്റെ മാർഗ്ഗദർശനംവഴിയും ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സർവ്വ കാര്യങ്ങളും എല്ലാ തലമുറകൾക്കും തിരുസഭ കൈമാറിയിട്ടുണ്ട്. പഴയകാലത്ത് സംസാരിച്ച കർത്താവ് സഭയുടെ സജീവ പാരമ്പര്യത്തിലൂ ടെയും വിശുദ്ധലിഖിതങ്ങളിലൂടെയും ഇന്നും തന്നെ വെളി പ്പെടുത്തുന്നു എന്ന ഉത്തമ ബോദ്ധ്യത്തിലാണ് തിരുസഭ ജീവിക്കുന്നത്. വെളിപാടിന്റെ പ്രചോദിത സാക്ഷ്യമായിട്ടാണ് വിശുദ്ധലിഖിതങ്ങളിൽ ദൈവവചനം നമുക്ക് നൽകപ്പെട്ടി രിക്കുന്നത്. സഭയുടെ സജീവ പാരമ്പര്യത്തിനൊപ്പം വിശുദ്ധ ലിഖിതങ്ങളാണ് വിശ്വാസത്തിന്റെ ശക്തവും സമുന്നതവു മായ ഏക നിയമാവലി.[65]

## വിശുദ്ധലിഖിതങ്ങൾ, പ്രചോദനവും സത്യവും

**19.** വിശുദ്ധ ലിഖിതങ്ങൾ ദൈവവചനം മനുഷ്യന്റെ ഭാഷ യിൽ പറഞ്ഞുവച്ചിരിക്കുന്നതാണെന്ന് മനസ്സിലാക്കാൻ അവ ശ്യംവേണ്ട ഒരു ആശയം തീർച്ചയായും 'നിവേശനം' ആണ്.

ഇവിടെയും ഒരുപമ സഹായകമാകും. പരിശുദ്ധാരൂപിയുടെ ശക്തിയാൽ ദൈവവചനം കന്യകാമറിയത്തിന്റെ ഉദരത്തിൽ മാംസമായതുപോലെ അതേ അരൂപിയുടെ ശക്തിയാൽ സഭയുടെ ഉദരത്തിൽ ഉണ്ടായതാണ് വിശുദ്ധലിഖിതങ്ങൾ. "പരിശുദ്ധാരൂപിയുടെ പ്രചോദനത്താൽ എഴുതിവച്ചിട്ടുള്ള ദൈവവചനമാണ് വിശുദ്ധലിഖിതങ്ങൾ."[66] പ്രചോദനം സ്വീകരിച്ച് ഗ്രന്ഥം രചിച്ച രചയിതാവിന്റെ മുഴുവൻ പ്രാധാന്യവും നാം തിരിച്ചറിയുന്നു. അതേസമയംതന്നെ അവയുടെ യഥാർത്ഥ രചയിതാവ് ദൈവംതന്നെ ആണെന്നും നാം തിരിച്ചറിയുന്നു.

ശരിയായ രീതിയിൽ വിശുദ്ധലിഖിതങ്ങളെ സമീപിക്കുന്നതിനും അവയെ വ്യാഖ്യാനിക്കുന്നതിനും പ്രചോദനം എന്ന ആശയത്തിന് തികച്ചും നിർണ്ണായകമായ ഒരു പങ്കുണ്ടെന്ന് സിനഡ് പിതാക്കന്മാർ സ്ഥിരീകരിക്കുന്നുണ്ട്.[67] ഏത് അരൂപിയാലാണോ വിശുദ്ധഗ്രന്ഥം രചിക്കപ്പെട്ടത് അതേ അരൂപിയാലാകണം അതിനെ വ്യാഖ്യാനിക്കുന്നതും.[68] വിശുദ്ധഗ്രന്ഥത്തിന്റെ പ്രചോദനം സംബന്ധിച്ച് നമുക്കുള്ള അവബോധം ദുർബലമാകുമ്പോഴെല്ലാം ചരിത്രപരമായ ജിജ്ഞാസയെ തൃപ്തിപ്പെടുത്താൻമാത്രം വിശുദ്ധഗ്രന്ഥം വായിക്കുകയെന്ന അപകടമുണ്ടാകാം. പരിശുദ്ധാരൂപിയുടെ സൃഷ്ടിയാണ് വിശുദ്ധഗ്രന്ഥം, അതിലൂടെ നാം കേൾക്കുന്നത് കർത്താവ് പറയുന്നതുതന്നെയാണെന്ന് നാം വിസ്മരിച്ചുപോകും. ചരിത്രത്തിലെ കർത്താവിന്റെ സാന്നിദ്ധ്യം വിശുദ്ധഗ്രന്ഥത്തിൽ നാം തിരിച്ചറിയണം.

വിശുദ്ധലിഖിതങ്ങളിലെ നിവേശനം എന്ന പ്രമേയവും *വിശുദ്ധഗ്രന്ഥങ്ങൾ സത്യമാണെന്ന വസ്തുതയും* തമ്മിലുള്ള ബന്ധം സിനഡ് പിതാക്കന്മാർ എടുത്തുപറയുന്നുണ്ട്.[69] പ്രചോദനം എന്ന പ്രക്രിയയെപ്പറ്റി കൂടുതൽ ആഴത്തിൽ പഠനം നടത്തിയാൽ വിശുദ്ധഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്ന അറിവ് തീർച്ചയായും വർദ്ധിക്കും. ഇത് സംബന്ധിച്ച കൗൺസിലിന്റെ പ്രബോധനത്തിൽ പറയുന്നതുപോലെ, പ്രചോദനത്തിന്റെ ഫലമായി എഴുതിയ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നത് സത്യമാണ്. "നിവേശനം ലഭിച്ച

ഗ്രന്ഥകർത്താക്കളും വിശുദ്ധഗ്രന്ഥത്തിന്റെ രചയിതാക്കളും പറയുന്നതെല്ലാം പരിശുദ്ധാരൂപി പറയുന്നതായി കരുതണം. അതുകൊണ്ട് നമ്മുടെ നിത്യരക്ഷയ്ക്കായി വിശുദ്ധലിഖിതങ്ങളിൽ ഉൾപ്പെടുത്താൻ ദൈവം തിരുമനസ്സായ സത്യം ശക്തമായും വിശ്വസ്തതയോടുകൂടിയും തെറ്റുകൂടാതെയും വിശുദ്ധലിഖിതങ്ങളിലെ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു എന്ന് നാം അംഗീകരിക്കണം. അങ്ങനെ "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്, അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പ്രാപ്തനാകുകയും ചെയ്യുന്നു"(2 തിമോ. 3:16-17 ഗ്രീക്ക്).[70]

വിശുദ്ധലിഖിതങ്ങളെ സഭയുടെ കാഴ്ചപ്പാടിലൂടെ വ്യാഖ്യാനിക്കുന്നതിന് നിവേശനം, സത്യം എന്നീ രണ്ട് ആശയങ്ങൾ പരമപ്രധാനമാണെന്ന് ദൈവശാസ്ത്രപരമായ വിചിന്തനം എപ്പോഴും തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാലും ഈ കാലഘട്ടത്തിൽ ഈ യാഥാർത്ഥ്യങ്ങളെ കുറേക്കൂടി പൂർണ്ണമായും കാലഘട്ടത്തിന് അനുയോജ്യമായ രീതിയിലും പഠിക്കേണ്ടത് ആവശ്യമാണെന്ന് നാം അംഗീകരിക്കണം. വിശുദ്ധലിഖിതങ്ങളെ അവയുടെ സ്വഭാവം അനുസരിച്ച് വ്യാഖ്യാനിക്കുകയെന്ന ആവശ്യത്തോട് കൂടുതൽ സമഗ്രമായി പ്രതികരിക്കുന്നതിന് ഇതാവശ്യമാണ്. ഈ മേഖലയിലെ ഗവേഷണം പുരോഗമിക്കുമെന്നും അത് വിശുദ്ധഗ്രന്ഥ വിജ്ഞാനീയത്തിനും വിശ്വാസികളുടെ ആത്മീയജീവിതത്തിനും ഫലപ്രദമാകും എന്നുമുള്ള എന്റെ തീവ്രമായ പ്രത്യാശ ഇവിടെ പ്രകടിപ്പിച്ചുകൊള്ളട്ടെ.

## പിതാവായ ദൈവം, വചനത്തിന്റെ സ്രോതസ്സും ആരംഭവും

**20.** വെളിപാടിന്റെ സൂക്ഷ്മ സംവിധാനം തുടങ്ങുന്നത് പിതാവായ ദൈവത്തിൽനിന്നാണ്. അവിടുത്തെ വചനത്താൽ "ആകാശം നിർമ്മിക്കപ്പെട്ടു; അവിടുത്തെ കല്പനയാൽ

ആകാശഗോളങ്ങളും" (സങ്കീ. 33:6) അവിടുന്നു തന്നെയാണ്, "ക്രിസ്തുവിന്റെ മുഖത്ത് വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം" നമുക്ക് നൽകിയത് (2 കോറി. 4:6; cf. മത്താ. 16:17; ലൂക്കാ 9,29).

പുത്രനിൽ, തന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുവാൻ (cf. യോഹ. 4:34) "മാംസമായ വചനത്തിൽ" (cf.യോഹ. 1:14). എല്ലാ വെളിപാടിന്റേയും സ്രോതസ്സായ ദൈവം തന്നെത്തന്നെ പിതാവായി വെളിപ്പെടുത്തുന്നു. അങ്ങനെ, ഇതുവരെ പ്രവാചകന്മാരുടെ വാക്കുകളിലൂടെയും സൃഷ്ടിയിൽ അവിടുന്ന് നിർവഹിച്ച മഹത്തായ കാര്യങ്ങളിലൂടെയും തന്റെ ജനത്തിന്റേയും മനുഷ്യവർഗ്ഗം മുഴുവന്റേയും ചരിത്രത്തിലും നിർവഹിച്ചിരുന്ന ദൈവിക പ്രബോധന പദ്ധതി പൂർത്തീകരിക്കുന്നു. പിതാവായ ദൈവത്തിന്റെ വെളിപ്പെടുത്തൽ അതിന്റെ പൂർണ്ണതയിൽ എത്തുന്നത് പുത്രൻ പാരക്ലേത്തായെ ദാനമായി നൽകുമ്പോഴാണ് (cf. യോഹ. 14:16) "നമ്മെ എല്ലാ സത്യത്തിലേക്കും" (യോഹ. 16:13) നയിക്കുന്ന പിതാവിന്റേയും പുത്രന്റേയും അരൂപിയായ പാരക്ലേത്തായെ.

ദൈവത്തിന്റെ എല്ലാ വാഗ്ദാനങ്ങളും പൂർത്തീകരിക്കപ്പെടുന്നത് യേശുക്രിസ്തുവിലാണ് (cf. 2 കോറി 1:20). അങ്ങനെ പിതാവിലേക്ക് നയിക്കുന്ന വഴിയിലൂടെ ചരിക്കുവാൻ എല്ലാ മനുഷ്യരും, സ്ത്രീകളും പുരുഷന്മാരും, പ്രാപ്തരാകുന്നു. അതുവഴി ഒടുവിൽ "ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിനുതന്നെ" (1 കോറി. 15:28).

**21.** ക്രിസ്തുവിന്റെ കുരിശ് തെളിയിക്കുന്നതുപോലെ, തന്റെ മൗനത്തിലൂടെയും ദൈവം സംസാരിക്കുന്നു. മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ, പുത്രനായ ദൈവത്തിന്റെ, ഈ ഭൂമിയിലൂടെയുള്ള പ്രയാണത്തിൽ ഒരു നിർണ്ണായക ഘടകമാണ് സർവ്വശക്തനായ പിതാവിൽനിന്നുമുള്ള ദൂരം സംബന്ധിച്ച അനുഭവം, ദൈവത്തിന്റെ മൗനം. ആ മൗനം എന്തു മാത്രം വേദനയ്ക്ക് കാരണമായി എന്നത് കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ യേശു നടത്തിയ വിലാപം വ്യക്തമാക്കുന്നുണ്ട്: "എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് അങ്ങ്

എന്നെ ഉപേക്ഷിച്ചു. (മർക്കോ. 15:34, മത്താ. 27:46). തന്റെ അവസാന ശ്വാസംവരെയും യേശു അനുസരണത്തോടെ ജീവിച്ചു. മരണത്തിന്റെ അന്ധകാരത്തിൽ യേശുപിതാവിനെ വിളിച്ചു. ജീവിതത്തിൽനിന്നും മരണത്തിലേക്ക് കടന്ന സമയം, അനന്തമായ ജീവനിലേക്ക് പ്രവേശിച്ച സമയം, യേശു തന്നെത്തന്നെ പിതാവിന് ഏല്പിച്ചുകൊടുത്തു. "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ. 23:46).

ദൈവത്തിന്റെ വചനം കേൾക്കുകയും അത് തിരിച്ചറിയുകയും ചെയ്തവർ അവിടുത്തെ മൗനവും നേരിടേണ്ടിവരും. അങ്ങനെയുള്ള സാഹചര്യങ്ങളിൽ കഴിയുന്നവരുടെ അനുഭവമാണ് യേശുവിന്റെ ഈ അനുഭവത്തിൽ പ്രതിഫലിക്കുന്നത്. നിരവധി വിശുദ്ധന്മാരുടേയും യോഗികളുടേയും അനുഭവം ഇതായിരുന്നു. ഇന്നും അനേകം വിശ്വാസികളുടെ യാത്രയുടെ ഒരു ഭാഗമാണ് ഇത്. ദൈവത്തിന്റെ മൗനം അവിടുന്ന് നേരത്തെ ഉച്ചരിച്ച വാക്കുകളെ തുടർന്നുകൊണ്ടുപോകുന്നു. അന്ധകാരത്തിന്റെ ഈ നിമിഷങ്ങളിൽ മൗനത്തിന്റെ മഹാരഹസ്യത്തിലൂടെ അവിടുന്ന് സംസാരിക്കുന്നു. അങ്ങനെ ക്രൈസ്തവ വെളിപാടിന്റെ ചാലകശക്തിയിൽ ദൈവവചനത്തിന്റെ സുപ്രധാനമായ ഒരു ആവിഷ്കരണമായി മൗനം കാണപ്പെടുന്നു.

# സംസാരിക്കുന്ന ദൈവത്തോടുള്ള നമ്മുടെ പ്രതികരണം

## ദൈവവുമായുള്ള ഉടമ്പടിയിലേക്കുള്ള ക്ഷണം

**22.** വചനത്തിന്റെ വിവിധ രൂപങ്ങൾ എടുത്തുകാട്ടിയതിലൂടെ ദൈവം മനുഷ്യരോട് എങ്ങനെയെല്ലാം സംസാരിക്കുന്നു, എങ്ങനെ അവരുമായി കണ്ടുമുട്ടുന്നു, എങ്ങനെ സംഭാഷണത്തിൽ അവർക്കുതന്നെ വെളിപ്പെടുത്തുന്നു എന്നെല്ലാം വിചിന്തനം നടത്താൻ നമുക്ക് കഴിഞ്ഞു. "വെളിപാടിനെപ്പറ്റി പറയുമ്പോൾ സംവാദം അഥവാ സംഭാഷണം,

എന്നുപറയുമ്പോൾ ദൈവം മനുഷ്യനോട് അരുളിച്ചെയ്ത വചനത്തിന്റെ പ്രാമുഖ്യമാണ് ഉദ്ദേശിക്കുന്നത് എന്ന് സിനഡ് പിതാക്കന്മാർ പ്രഖ്യാപിക്കുന്നു.[71] തന്റെ വചനത്തിലൂടെ മനുഷ്യനെ വിളിക്കുകയും മനുഷ്യൻ അതിനോട് പ്രതികരിക്കുകയും ചെയ്തപ്പോൾ ഉണ്ടായ, ദൈവ മനുഷ്യബന്ധത്തിന്റെ ആവിഷ്കരണമാണ് ഉടമ്പടിയെന്ന ദിവ്യരഹസ്യം. ഇത് രണ്ട് സമന്മാർ തമ്മിലുള്ള കണ്ടുമുട്ടലും ഉടമ്പടിയിൽ ഏർപ്പെടലും അല്ലെന്ന് വ്യക്തമാണ്. പഴയ ഉടമ്പടിയെന്നും പുതിയ ഉടമ്പടിയെന്നും നാം പറയുന്നത് ഒരേ പദവിയുള്ള രണ്ട് കക്ഷികൾ ഉണ്ടാക്കുന്ന ഉടമ്പടിയല്ല. ഇത് പൂർണ്ണമായും ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ സ്നേഹമാകുന്ന ഈ ദാനത്തിലൂടെ മനുഷ്യനും ദൈവവും തമ്മിലുള്ള ദൂരം ഇല്ലാതാക്കുന്ന ഒരു പാലം ദൈവം സൃഷ്ടിക്കുന്നു. അങ്ങനെ നമ്മെ യഥാർത്ഥത്തിൽ തന്റെ പങ്കാളികളാക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള വൈവാഹിക സ്നേഹത്തിന്റെ രഹസ്യം വെളിപ്പെടുത്തുവാനാണ് ഇത്. ഈ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ ഓരോ പുരുഷനോടും, ഓരോ സ്ത്രീയോടും, ദൈവം സംസാരിക്കുന്നതായി കാണാം. സ്വതന്ത്രമായ ഒരു പ്രതികരണത്തിലൂടെ ഈ സംവാദത്തിൽ പ്രവേശിക്കുവാൻ അവിടുന്ന് നമ്മെ വെല്ലുവിളിക്കുന്നു, ക്ഷണിക്കുന്നു. അങ്ങനെ ദൈവത്തിന്റെ *വചനം ശ്രവിക്കുന്നതിനും അതിനോട് പ്രതികരിക്കുന്നതിനും* നാം ഓരോരുത്തരേയും അവിടുന്ന് ശക്തരാക്കുന്നു. വചനത്തിലാണ് നാം സൃഷ്ടിക്കപ്പെട്ടത്. വചനത്തിൽ നാം ജീവിക്കുകയും ചെയ്യുന്നു. ഈ സംവാദത്തിന് നാം ഹൃദയം തുറന്നുകൊടുക്കുന്നില്ലെങ്കിൽ നമുക്ക് നമ്മെത്തന്നെ മനസ്സിലാക്കാൻ സാദ്ധ്യമാവുകയില്ല. മനുഷ്യന്റെ അസ്തിത്വത്തിന്റെ സ്വഭാവം പുത്രനിർവ്വിശേഷമാണ്, ബന്ധങ്ങളുടേതാണ്, എന്ന് ദൈവവചനം വെളിപ്പെടുത്തുന്നു. പിതാവിന്റെ പുത്രനായ ക്രിസ്തുവിനോട് കൃപാവരത്തിലൂടെ അനുരൂപരാകുവാനും ക്രിസ്തുവിൽ രൂപാന്തരം പ്രാപിക്കുന്നതിനും നാം വിളിക്കപ്പെട്ടിരിക്കുന്നു.

## ദൈവം നമ്മെ ശ്രവിക്കുകയും നമ്മുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യുന്നു

**23.** ദൈവവുമായുള്ള ഈ സംവാദത്തിൽ നാം നമ്മെത്തന്നെ മനസ്സിലാക്കാൻ ഇടയാകുന്നു. നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽനിന്നുള്ള ചോദ്യങ്ങൾക്ക് നാം ഉത്തരം കണ്ടെത്തുന്നതും ഈ സംവാദത്തിലാണ്. ദൈവത്തിന്റെ വചനം നമ്മോട് ശത്രുത പുലർത്തുന്നില്ല. നമ്മുടെ യഥാർത്ഥത്തിലുള്ള ആഗ്രഹങ്ങളെ അത് ശ്വാസം മുട്ടിക്കുന്നതുമില്ല. മറിച്ച് നമ്മുടെ ആഗ്രഹങ്ങളുടെമേൽ പ്രകാശം പരത്തുകയാണ്, അവയെ പവിത്രീകരിച്ച് അവ സഫലമാക്കുകയാണ് ചെയ്യുന്നത്. *ഓരോ സ്ത്രീയുടേയും ഓരോ പുരുഷന്റേയും ഹൃദയത്തിൽ നിലനില്ക്കുന്ന തീവ്രമായ ആഗ്രഹങ്ങളോട് ദൈവം മാത്രമേ പ്രതികരിക്കുന്നുള്ളു* എന്ന് കണ്ടെത്തുക നമ്മുടെ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സംഗതിയാണ്! എന്നാൽ ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച് പാശ്ചാത്യലോകത്ത് വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരാശയം ഉണ്ട്. ദൈവം മനുഷ്യരുടെ ജീവിതത്തിനും പ്രശ്നങ്ങൾക്കും ബാഹ്യമാണ് എന്ന ചിന്താഗതി; ദൈവത്തിന്റെ സാന്നിദ്ധ്യം തന്നെ മനുഷ്യ സ്വാതന്ത്ര്യത്തിന് ഒരു ഭീഷണിയാണ് എന്ന ധാരണ. എന്നാൽ രക്ഷാകരപ്രവൃത്തിയുടെ സംവിധാനമത്രയും തെളിയിക്കുന്നത്, ദൈവം നമ്മുടെ നന്മയ്ക്കുവേണ്ടിയും നമ്മുടെ സമഗ്രമായ രക്ഷയ്ക്കുവേണ്ടിയുമാണ് ചരിത്രത്തിൽ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും എന്നത്രേ. അങ്ങനെ അജപാലനത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് നോക്കുമ്പോൾ, വിശ്വാസികൾ അനുദിനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സംവാദത്തിലേർപ്പെടാൻ ദൈവവചനത്തിന് കഴിയും എന്ന രീതിയിൽ ദൈവവചനത്തെ അവതരിപ്പിക്കുന്നത് നിർണ്ണായകമായ ഒരു കാര്യമാണ്. നമുക്ക് സമൃദ്ധമായി ജീവൻ ഉണ്ടാകുന്നതിനുവേണ്ടിയാണ് താൻ വന്നത് എന്ന് യേശുതന്നെ പറയുന്നു (cf. യോഹ. 10:10). അതുകൊണ്ട്, നമ്മുടെ പ്രശ്നങ്ങളോടുള്ള തുറന്ന സമീപനമായും നമ്മുടെ ചോദ്യങ്ങൾക്കുള്ള മറുപ

ടിയായിട്ടും നമ്മുടെ മൂല്യബോധത്തെ കൂടുതൽ വിശാലമാക്കുകയും നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റിത്തരുകയും ചെയ്യുന്ന വചനമായും. ദൈവവചനം പങ്കുവയ്ക്കുവാൻ നാം എല്ലാ രീതിയിലും ശ്രമിക്കേണ്ടതുണ്ട്; അജപാലനപ്രവർത്തനത്തിൽ നമ്മുടെ ആവശ്യങ്ങൾ ദൈവം കാണുന്നുണ്ടെന്നും സഹായത്തിനുവേണ്ടിയുള്ള നമ്മുടെ അപേക്ഷ ദൈവം കേൾക്കുന്നുണ്ടെന്നും വ്യക്തമായി കാണിച്ചുകൊടുക്കേണ്ടതിന്റെ ആവശ്യം ഉണ്ട്. വിശുദ്ധ ബൊനവെന്തൂര തന്റെ *'ബ്രേവിലോക്വിയും'* എന്ന കൃതിയിൽ ഇപ്രകാരം പറയുന്നു: "വിശുദ്ധ ലിഖിതത്തിന്റെ ഫലം എന്തെങ്കിലും ഫലമല്ല; നിത്യാനന്ദത്തിന്റെ പൂർണ്ണതയാണ് അത് നൽകുന്നത്. വിശുദ്ധഗ്രന്ഥത്തിൽ നിത്യജീവന്റെ വചസ്സുകളാണ് അടങ്ങിയിരിക്കുന്നത്. നാം അത് വിശ്വസിച്ചാൽ മാത്രംപോരാ, നിത്യജീവനും സ്വന്തമാക്കണം. നാം കാണുകയും സ്നേഹിക്കുകയും ചെയ്യുന്ന, നമ്മുടെ ആഗ്രഹങ്ങളെല്ലാം സഫലീകരിക്കപ്പെടുന്ന അവസ്ഥയാണല്ലോ നിത്യജീവൻ."[72]

## അവിടുത്തെ വചനങ്ങളിലൂടെ ദൈവവുമായി സംഭാഷണത്തിൽ

**24.** ദൈവവചനം നാം ഓരോരുത്തരെയും തന്നിലേക്ക് അടുപ്പിക്കുകയും നമ്മോട് സംസാരിക്കുകയും അവിടുത്തോട് എങ്ങനെ സംസാരിക്കണമെന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്യുന്ന കർത്താവുമായുള്ള ഒരു സംഭാഷണത്തിൽ ഉൾപ്പെടുത്തുന്നു. ഇവിടെ സ്വാഭാവികമായും നാം സങ്കീർത്തനങ്ങളുടെ പുസ്തകത്തെ ഓർമ്മിക്കും. ദൈവത്തോട് സംസാരിക്കാനുള്ള വചനങ്ങൾ ദൈവം നമുക്ക് തരുന്നത് അവിടെയാണ്. നമ്മുടെ ജീവിതം അവിടുത്തെ മുമ്പിൽ വയ്ക്കാൻ, അങ്ങനെ ജീവിതത്തെ തന്നെ ദൈവത്തിലേക്കുള്ള ഒരു വഴിയായി മാറ്റാൻ, അത് നമ്മെ പഠിപ്പിക്കുന്നു.[73] മാനുഷികമായ എല്ലാ വികാരങ്ങളും ഭംഗിയായി ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത് എങ്ങനെയെന്ന് സങ്കീർത്തനങ്ങളിൽ നമുക്ക് കാണാനാകും; സന്തോഷവും വേദനയും, വിഷമതകളും

പ്രതീക്ഷയും, ഭയവും അസ്ഡാളിപ്പും എല്ലാം സങ്കീർത്തന ങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. സങ്കീർത്തനങ്ങളോടൊപ്പം മാദ്ധ്യസ്ഥപ്രാർത്ഥനയിലൂടെ ദൈവത്തിലേക്ക് തിരിയുന്നത് ആവിഷ്കരിച്ചിട്ടുള്ള ഭാഗങ്ങൾ വേറെയും വിശുദ്ധലിഖിത ത്തിൽ ഉണ്ട് (cf.പുറ. 33:12–16). വിജയത്തിൽ ആഹ്ലാദിക്കുന്ന ഗാനങ്ങൾ (cf. പുറ. 15), നമ്മുടെ ദൗത്യം നിറവേറ്റുന്നതിൽ അനുഭവപ്പെടുന്ന വിഷമതകൾ സംബന്ധിച്ച ദുഃഖത്തിന്റെ പ്രകടനം (cf. ജെറെ. 20:7,18) ഇതെല്ലാം വിശുദ്ധഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഇങ്ങനെ നാം ദൈവത്തോട് പറയുന്ന വാക്കു കൾ ദൈവത്തിന്റെ വചനങ്ങളായിത്തീരുന്നു. അങ്ങനെ എല്ലാ ക്രൈസ്തവ വെളിപാടിന്റെയും സംവാദക സ്വഭാവം (*dialogical nature*) വീണ്ടും ഉറപ്പാകുന്നു.[74] അങ്ങനെ നമ്മുടെ ജീവിതം മുഴുവനും സംസാരിക്കുകയും നാം പറയുന്നത് ശ്രദ്ധിച്ചുകേൾക്കുകയും ചെയ്യുന്ന, നമ്മെ വിളിക്കുകയും നമ്മുടെ ജീവിതത്തിനു ദിശാബോധം നൽകുകയും ചെയ്യുന്ന ദൈവവുമായുള്ള ഒരു സംഭാഷണമായിത്തീരുന്നു. നമ്മുടെ ജീവിതം മുഴുവനും ദൈവത്തിന്റെ വിളിക്ക് വിധേയമാണെന്ന് ദൈവവചനം വെളിപ്പെടുത്തുന്നു.[75]

## ദൈവവചനവും വിശ്വാസവും

**25.** "സ്വയം വെളിപ്പെടുത്തുന്ന ദൈവത്തോട് നമുക്കുള്ള പ്രതികരണം 'വിശ്വാസത്തിലുള്ള അനുസരണത്തിന്റേ'താ യിരിക്കണം (റോമാ. 16:26; റോമാ 1:5; 2 കോറി. 10:5–6). വിശ്വാ സത്തിലൂടെ ഒരാൾ തന്നെ പൂർണ്ണമായും സ്വതന്ത്രമായി ദൈവത്തിനു ഏല്പിച്ചുകൊടുക്കുന്നു. വെളിപ്പെടുത്തുന്ന ദൈവത്തിനു തന്റെ പ്രജ്ഞയും ഇച്ഛാശക്തിയും പൂർണ്ണ മായും വിധേയമാക്കുന്നു. ദൈവം നൽകിയ വെളിപാട് പൂർണ്ണമനസ്സോടെ സ്വീകരിക്കുന്നു."[76] ദൈവത്തോട് നാം സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് *ദൈവവചനം* എന്ന പ്രമാണരേഖ നൽകുന്ന കൃത്യമായ വിവരണമാണ് ഇത്. *സംസാരിക്കുന്ന ദൈവത്തിന് മനുഷ്യൻ നൽകേണ്ട ശരിയായ പ്രതികരണം വിശ്വാസമാണ്.* "വിശുദ്ധ ലിഖിതങ്ങളിൽ അട

ങ്ങിയിരിക്കുന്ന ദൈവവചനം ഗ്രഹിക്കുന്നതിനു നമ്മെ ശക്തരാക്കുന്ന പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങൾക്ക് മനസ്സും ഹൃദയവും തുറന്നുകൊടുത്തെങ്കിൽ മാത്രമേ വെളിപാട് സ്വീകരിക്കാൻ കഴിയൂ" എന്ന് വ്യക്തമായി നാം കാണുന്നു.[77] ദൈവവചനം പ്രസംഗിക്കുന്നതുവഴിയാണ് വിശ്വാസം ഉണ്ടാകുക. അതിലൂടെ വെളിപ്പെടുത്തപ്പെട്ട സത്യം നാം ഹൃദയപൂർവ്വം അംഗീകരിക്കുകയും അങ്ങനെ നാം പൂർണ്ണമായും ക്രിസ്തുവിന് സ്വയം ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നു, ക്രിസ്തുവിനോട് പ്രതിബദ്ധത പ്രഖ്യാപിക്കുന്നു: "വിശ്വാസം കേൾവിയിൽനിന്നും, കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്" (റോമാ. 10:17). വചനവും ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിൽനിന്നുണ്ടാകുന്ന വിശ്വാസവും തമ്മിലുള്ള ആഴമേറിയ ബന്ധത്തിന് രക്ഷാകര ചരിത്രം മുഴുവൻ പടിപടിയായി സാക്ഷ്യംവഹിക്കുന്നു. നാം നമ്മുടെ ജീവിതം മുഴുവൻ ഏല്പിച്ചുകൊടുക്കുന്ന ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലിൽനിന്നാണ് വിശ്വാസം ഉരുത്തിരിയുന്നത്. തന്റെ ശരീരമാകുന്ന സഭയിൽ യേശുക്രിസ്തു ഇന്നും ചരിത്രത്തിൽ സന്നിഹിതനാണ്. അങ്ങനെ നമ്മുടെ വിശ്വാസപ്രകരണം ഒരേസമയം വ്യക്തിപരവും സഭാബദ്ധവും ആണ്.

## പാപം ദൈവവചനം ശ്രവിക്കുന്നതിനുള്ള വിമുഖത എന്ന നിലയിൽ

**26.** നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവവുമായി ഉടമ്പടിയുണ്ടാക്കുന്ന സംവാദത്തിനായിട്ടാണ്. ഈ സംവാദത്തിൽനിന്ന് മനുഷ്യന്റെ സ്വാതന്ത്ര്യത്തിനു പിൻവാങ്ങാൻ കഴിയും എന്ന ദുരന്തസാദ്ധ്യതയും ദൈവവചനം അനിവാര്യമായിത്തന്നെ വെളിപ്പെടുത്തുന്നു. മനുഷ്യന്റെ ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്ന പാപത്തെയും ദൈവവചനം വെളിപ്പെടുത്തുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും പാപത്തെപ്പറ്റി പറയുന്നത് *വചനം കേൾക്കാൻ വിസമ്മതിക്കുന്നതാണ്, ഉടമ്പടി ലംഘിക്കുന്നതാണ്* പാപം എന്നത്രേ.

ദൈവവുമായിട്ടുള്ള ഐക്യത്തിലേക്കുള്ള ക്ഷണം അവഗണിച്ച്, ദൈവം പ്രവേശിക്കാതെ ഹൃദയത്തിന്റെ വാതിലടയ്ക്കുന്നതാണ് പാപം.[78] മനുഷ്യന്റെ പാപം അടിസ്ഥാനപരമായി അനുസരണം ഇല്ലായ്മയും കേൾക്കാൻ വിസമ്മതിക്കലും ആണെന്ന് വിശുദ്ധലിഖിതങ്ങൾ കാണിച്ചുതരുന്നു. കുരിശുമരണംവരെയും നിലനിന്ന യേശുവിന്റെ സമ്പൂർണ്ണമായ അനുസരണം (cf. ഫിലി. 2:8) ഈ പാപത്തിന്റെ മുഖം മൂടി എടുത്തുമാറ്റുന്നു. അവിടുത്തെ അനുസരണം ദൈവവും മനുഷ്യനും തമ്മിൽ പുതിയ ഉടമ്പടി ഉണ്ടാക്കുന്നു. അങ്ങനെ നമുക്ക് അനുരഞ്ജനപ്പെടാനുള്ള സാദ്ധ്യത സൃഷ്ടിക്കുന്നു. നമ്മുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്കുവേണ്ടിയുള്ള ഒരു പരിഹാരബലിയാകാനാണ് പിതാവ് യേശുവിനെ അയച്ചത് (cf. 1 യോഹ 2:2; 4:10; ഹെബ്രാ. 7:27). അങ്ങനെ, വീണ്ടെടുക്കപ്പെടാനുള്ള സാദ്ധ്യത ദയാപൂർവ്വം നമുക്ക് നൽകപ്പെട്ടിരിക്കുന്നു, ക്രിസ്തുവിൽ പുതിയ ഒരു ജീവിതം ആരംഭിക്കാനുള്ള സാദ്ധ്യത. കർത്താവിന്റെ വചനം കേൾക്കാൻ വിസമ്മതിക്കുന്നതിലാണ് പാപത്തിന്റെ വേര് ഓടിയിരിക്കുന്നത് എന്നു തിരിച്ചറിയാൻ വിശ്വാസികളെ പഠിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഇവിടെയാണ് കാണുന്നത്. ദൈവവചനമായ യേശുവിൽ നിത്യരക്ഷയിലേക്ക് വാതിൽതുറക്കുന്ന മാപ്പ്, പാപങ്ങളുടെ പൊറുതി സ്വീകരിക്കാനും വിശ്വാസികളെ പഠിപ്പിക്കേണ്ടതുണ്ട്.

## മറിയം "ദൈവവചനത്തിന്റെയും" "വിശ്വാസത്തിന്റെയും" മാതാവ്

**27.** "ദൈവവചനത്തിൽ സഭയ്ക്കുള്ള വിശ്വാസം നവീകരിക്കുക" എന്നതാണ് പന്ത്രണ്ടാം സമ്മേളനത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം എന്ന് സിനഡ് പിതാക്കന്മാർ പ്രഖ്യാപിച്ചു. ഈ ലക്ഷ്യം നേടുന്നതിന്, ദൈവവചനവും വിശ്വാസവും തമ്മിലുള്ള പരസ്പരപ്രവർത്തനം പരിപൂർണ്ണതയിലെത്തിയിട്ടുള്ള കന്യകാമറിയത്തെ നാം നിരീക്ഷിക്കണം. "ഉടമ്പടിയുടെ വചനത്തോടും തന്റെ ദൗത്യത്തോടും സമ്മ

തംമൂളിയ മറിയം മനുഷ്യവർഗ്ഗത്തിന്റെ ദൈവവിളി പൂർണ്ണമായും പൂർത്തിയാക്കിയവളാണ്."[79] വചനത്തിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യനെന്ന യാഥാർത്ഥ്യം അതിന്റെ ഏറ്റം പരിപൂർണ്ണമായ പ്രതിച്ഛായ കാണുന്നത് മറിയത്തിന്റെ അനുസരണത്തോടുകൂടിയ വിശ്വാസത്തിലാണ്. മംഗലവാർത്തതൊട്ട് പെന്തക്കോസ്താവരെ ദൈവതിരുമനസ്സിനു പൂർണ്ണമായും തന്നെത്തന്നെ തുറന്നുകൊടുത്ത ഒരു സ്ത്രീയായി മറിയം കാണപ്പെടുന്നു. അവൾ അമലോത്ഭവയാണ്; ദൈവം അവളെ 'നന്മനിറഞ്ഞവൾ' ആക്കി (cf. ലൂക്കാ 1:28). നിരുപാധികം അവൾ ദൈവത്തിന്റെ വചനത്തിനുവിധേയയാകുന്നു. (cf. ലൂക്കാ 1:38). ദൈവത്തിന്റെ പദ്ധതിയിൽ ഓരോ നിമിഷവും അവളുടെ ജീവിതത്തെ രൂപപ്പെടുത്തുന്നത് അവളുടെ അനുസരണാപൂർവ്വമായ വിശ്വാസമാണ്. സദാസമയവും ദൈവവചനം ശ്രദ്ധാപൂർവ്വം കേൾക്കുന്ന ഒരു കന്യക. അവളുടെ ജീവിതം എപ്പോഴും വചനവുമായി പൊരുത്തപ്പെടുന്നതാണ്, സ്വരലയം നിലനിർത്തുന്നതാണ്. തന്റെ പുത്രനുമായി ബന്ധപ്പെട്ട സംഭവങ്ങൾ അവൾ തന്റെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിച്ചു. ഒരു നാനാവർണ്ണ ചിത്രത്തിലെ വിവിധ ഭാഗങ്ങൾ പോലെ അവയെ അവൾ കൂട്ടിയിണക്കി (cf. ലൂക്കാ 2:19,51).[80]

നസറത്തിലെ മറിയം ദൈവവചനം വിശ്വസ്തതയോടെ കേൾക്കുന്നു. ഇത് സൃഷ്ടിക്കുന്ന ബന്ധം കൂടുതൽ വ്യക്തമായി കാണാൻ നമ്മുടെ കാലഘട്ടത്തിലെ വിശ്വാസികളെ സഹായിക്കേണ്ടതുണ്ട്. *'മരിയൻശാസ്ത്രവും വചനത്തിന്റെ ദൈവശാസ്ത്രവും'* തമ്മിലുള്ള ബന്ധത്തെപ്പറ്റി പഠനം നടത്താൻ പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആത്മീയജീവിതത്തിനും ദൈവശാസ്ത്ര-വിശുദ്ധഗ്രന്ഥപഠനങ്ങൾക്കും ഇത് വളരെ പ്രയോജനകരമായിരിക്കും. മറിയത്തെപ്പറ്റി വിശ്വാസത്തിന്റെ വെളിച്ചത്തിൽ നമുക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത് ക്രൈസ്തവസത്യത്തിന്റെ കാതലായ ഭാഗമാണ്. അനന്തകാലം മുതലുള്ള ദൈവം കാലത്തിൽ പ്രവേശിക്കുന്നത് മനസ്സിലാകണമെങ്കിൽ; തന്റെ സമ്മതംവഴി നിർണ്ണായകമാംവിധം ഇതിനോട് സഹ

കരിച്ച ഒരു യുവതിയുടെ സ്വാതന്ത്ര്യം കണക്കിലെടുക്കണം. ആ സ്വാതന്ത്ര്യത്തിലൂടെ അല്ലാതെ വചനത്തിന്റെ മനുഷ്യാവതാരം മനസ്സിലാക്കാൻ കഴിയില്ല. തന്നിൽ മാംസം ധരിച്ച ദൈവവചനം ശ്രദ്ധാപൂർവ്വം കേൾക്കുന്ന സഭയുടെ പ്രതിച്ഛായയാണ് മറിയം. ദൈവത്തോടും മറ്റുള്ളവരോടും തുറന്ന മനസ്സോടെ ഇടപെടുന്നതിന്റെ പ്രതീകവും മറിയംതന്നെ. അവൾ കേൾക്കുന്നത് ആന്തരീകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നു. സജീവമായ ശ്രവണം; ഇത്തരം ശ്രവണത്തിൽ വചനം ഒരു ജീവിത ശൈലിയായിത്തീരുന്നു.

**28.** ഇവിടെ മറിയത്തിനു ദൈവവചനവുമായുള്ള അടുപ്പത്തെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 'മറിയത്തിന്റെ സ്തോത്രഗീതത്തിൽ'(*Magnificat)* ഇത് തികച്ചും വ്യക്തമാകുന്നുണ്ട്. ദൈവവചനവുമായി അവൾ എങ്ങനെ അനുരൂപയാകുന്നു, താദാത്മ്യം പ്രാപിക്കുന്നു, വചനത്തിന്റെ ഉള്ളിലേക്ക് എങ്ങനെ കടക്കുന്നു എന്ന് ഇവിടെ നമുക്ക് കാണാൻ കഴിയും. വിശ്വാസത്തിന്റെ അത്ഭുതപ്പെടുത്തുന്ന ഈ ഗീതത്തിൽ കന്യക കർത്താവിന്റെ അപദാനങ്ങൾ അവിടുത്തെ വാക്കുകളിൽതന്നെ ആലപിക്കുന്നു. “മറിയത്തിന്റെ ആത്മാവിന്റെ ഛായാചിത്രം എന്ന് പറയാവുന്ന 'സ്ത്രോത്രഗീതം' മുഴുവനും വിശുദ്ധലിഖിതങ്ങളിൽ നിന്നെടുത്തിട്ടുള്ള പദാവലികൾകൊണ്ട് വിരചിതമാണ്. ദൈവവചനം അവൾക്ക് എത്ര സുപരിചിതമാണെന്ന് നമുക്ക് ഇവിടെ കാണാൻ കഴിയും. നിഷ്പ്രയാസം ലിഖിതങ്ങളിലേക്ക് മറിയം കടന്നുചെല്ലുന്നു, അവിടെനിന്ന് മടങ്ങിവരുന്നു. ദൈവവചനം ഉപയോഗിച്ച് മറിയം ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. ദൈവവചനം അവളുടെ വചനമായിത്തീരുന്നു. ദൈവവചനത്തിൽനിന്നാണ് അവളുടെ വാക്കുകൾ പുറപ്പെടുന്നത്. അവളുടെ ചിന്തകൾ ദൈവത്തിന്റെ ചിന്തകളുമായി എങ്ങനെ അനുരൂപമായിരിക്കുന്നു, താദാത്മ്യം പ്രാപിച്ചിരിക്കുന്നു, എന്ന് നമുക്ക് ഇവിടെ കാണാം. അതുപോലെ അവളുടെ മനസ്സും ദൈവത്തിന്റെ തിരുമനസ്സും ഒന്നായിത്തീരുന്നത് എങ്ങനെയെന്നും. മറിയം പൂർണ്ണമായും ദൈവവചനം സ്വാംശീകരി

ച്ചിരിക്കുന്നതുകൊണ്ട് മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ അമ്മയാകാൻ അവൾക്ക് കഴിഞ്ഞു."[81]

ദൈവത്തിന്റെ അമ്മയെപ്പറ്റി ചിന്തിക്കുമ്പോൾ, ദൈവം ലോകത്ത് പ്രവർത്തിക്കുമ്പോൾ നമ്മുടെ സ്വാതന്ത്ര്യത്തെ അവിടുന്ന് എങ്ങനെ മാനിക്കുന്നു എന്ന് കാണാൻ കഴിയും. വിശ്വാസത്തിലൂടെ ദൈവവചനം നമ്മെ രൂപാന്തരപ്പെടുത്തുന്നു. നമ്മിൽ ദൈവം നടത്തുന്ന ആന്തരികപ്രവർത്തനംവഴി എങ്ങനെയാണ് നാം രൂപാന്തരം പ്രാപിക്കുന്നത് എന്ന് മറിയത്തിൽനിന്ന് നാം പഠിക്കുന്നില്ലായെങ്കിൽ നമ്മുടെ അപ്പസ്തോലികവും അജപാലനപരവുമായ പ്രവർത്തനങ്ങൾ ഫലപ്രദമാകുകയില്ല. "മറിയത്തെ തിരുസഭയുടെ വിശ്വാസത്തിന്റെ മാതൃകയും പ്രതിരൂപവുമായി ഭക്തിയോടും സ്നേഹപൂർവ്വവും നോക്കിക്കാണുകയെന്നത് പരമപ്രധാനമാണ്. നമ്മുടെ കാലഘട്ടത്തിൽ സഭയ്ക്ക് ലോകവുമായുള്ള ബന്ധത്തിൽ മൗലികമായ മാറ്റം വരുത്തുന്നതിൽ ഇതിന് അതിപ്രധാനമായ ഒരു പങ്ക് വഹിക്കാനുണ്ട്. പ്രാർത്ഥനാപൂർവ്വം വചനം കേട്ട് അത് പ്രചരിപ്പിക്കുവാനും പ്രഘോഷിക്കുവാനും ആവശ്യമായ പ്രതിബദ്ധത ഉണ്ടാകുന്നതിനും ഇതാവശ്യമാണ്."[82]

ദൈവവചനം പൂർണ്ണമായും രൂപം നൽകിയ ദൈവമാതാവിനെപ്പറ്റി നാം ധ്യാനിക്കുമ്പോൾ വിശ്വാസത്തിന്റെ രഹസ്യത്തിലേക്ക് പ്രവേശിക്കുവാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് നാം തിരിച്ചറിയും. വിശ്വാസത്തിന്റെ രഹസ്യത്തിലൂടെയാണ് ക്രിസ്തു നമ്മുടെ ജീവിതത്തിൽ വാസം ചെയ്യുന്നന്നത്. വിശുദ്ധ അംബ്രോസ് പറയുന്നത്, ഓരോ ക്രൈസ്തവവിശ്വാസിയും ആന്തരികമായി ദൈവവചനത്തെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യുന്നു എന്നാണ്. ശരീരത്തിൽ ഒരമ്മയേ ക്രിസ്തുവിന് ഉള്ളൂ എങ്കിലും വിശ്വാസംവഴി ക്രിസ്തു നമ്മുടെയെല്ലാം സന്തതിയാണ്.[83] അങ്ങനെ മറിയത്തിനു സംഭവിച്ചത് വചനം ശ്രവിക്കുകയും കൂദാശകളിൽ സംബന്ധിക്കുകയും ചെയ്യുന്നതുവഴി ദിവസവും നാമോരോരുത്തരിലും സംഭവിക്കാനിടയാകും.

# തിരുസഭയിൽ വിശുദ്ധലിഖിത ങ്ങളുടെ വ്യാഖ്യാനം

## സഭ, വിശുദ്ധഗ്രന്ഥസംബന്ധമായ വ്യാഖ്യാനങ്ങൾക്കുള്ള പ്രാഥമിക വേദി എന്ന നിലയിൽ

**29.** സിനഡിൽ ചർച്ച ചെയ്യപ്പെട്ട വേറൊരു സുപ്രധാന വിഷയത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു – *വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനം സഭയിൽ* എന്നതാണ് ആ പ്രമേയം. വചനവും വിശ്വാസവും തമ്മിലുള്ള ആന്തരികമായ ബന്ധം വ്യക്തമാക്കുന്നത് വിശുദ്ധഗ്രന്ഥത്തെ ആധികാരികമായി വ്യാഖ്യാനിക്കുവാൻ സഭയുടെ വിശ്വാസത്തിന്റെ ചട്ടക്കൂടിലേ കഴിയൂ എന്നാണ്. ഇതിനുള്ള മാതൃക മറിയത്തിന്റെ സമ്മതത്തിലാണ് ('fiat'). വിശ്വാസമില്ലെങ്കിൽ വിശുദ്ധലിഖിതങ്ങൾ തുറക്കാനുള്ള താക്കോലൊന്നും ലഭ്യമല്ലെന്ന് വിശുദ്ധ ബൊനവെന്തൂരാ പറയുന്നു. "വിശുദ്ധലിഖിതങ്ങൾ സംബന്ധിച്ച എല്ലാ അറിവും ഉറപ്പും ഒരു അരുവിയിൽനിന്ന് എന്നപോലെ യേശുക്രിസ്തുവിൽനിന്നാണ് ഒഴുകിവരുന്നത്. ഈ യേശുക്രിസ്തുവിനെ അറിയുന്നത് വിശുദ്ധലിഖിതങ്ങളിലൂടെയാണ്. ഒരാൾക്ക് ക്രിസ്തുവിൽ അടിയുറച്ച വിശ്വാസമില്ലെങ്കിൽ സത്യം കണ്ടെത്തുവാൻ അയാൾക്ക് സാധ്യമേയല്ല. വിശ്വാസം, ക്രിസ്തുവിലുള്ള വിശ്വാസം, ഒരു വിളക്കാണ്. വിശുദ്ധലിഖിതങ്ങളിലേക്കുള്ള കവാടവും അവയുടെ അടിത്തറയുമാണ് അത്."[84] വിശുദ്ധ ആഗസ്തിനോസിനെ ഉദ്ധരിച്ചുകൊണ്ട് വിശുദ്ധ തോമസ് അക്വീനാസ് പറയുന്നു: "അക്ഷരം, അത് സുവിശേഷത്തിൽ നിന്ന് എടുത്തതായാലും അതിൽ സൗഖ്യദായകമായ വിശ്വാസത്തിന്റെ ആന്തരികവരം ഇല്ലെങ്കിൽ, അത് കൊല്ലുന്നതായിരിക്കും."[85]

ബൈബിൾ വ്യാഖ്യാനത്തിനുള്ള ഒരു അടിസ്ഥാന മാനദണ്ഡം ഇവിടെ ചൂണ്ടിക്കാട്ടാൻ കഴിയും: *തിരുസഭയുടെ ജീവിതമാണ് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള പ്രാഥമിക*

വേദി. വ്യാഖ്യാതാക്കൾ അംഗീകരിക്കേണ്ട ബാഹ്യമായ ഒരു ചട്ടമായിട്ട് സഭാപരമായ സന്ദർഭത്തെ ഉയർത്തിപ്പിടിക്കുകയല്ല ഇവിടെ ചെയ്യുന്നത്; നേരേമറിച്ച്, വിശുദ്ധലിഖിതങ്ങളുടെ സ്വഭാവത്തിൽനിന്നുതന്നെ ഉരുത്തിരിയുന്ന ഒരു ഉപാധിയാണ് ഇത്. ക്രമാനുഗതമായി വിശുദ്ധ ലിഖിതങ്ങൾ ഉണ്ടായതിന്റെ സാഹചര്യവും പരിഗണിക്കുമ്പോഴാണ് ഈ നിബന്ധന പാലിക്കേണ്ടിവരുന്നത്. "വിശുദ്ധ ലിഖിതങ്ങളുടെ രചയിതാക്കൾ സാഹിത്യസൃഷ്ടി നടത്തിയത് വിശ്വാസ പാരമ്പര്യങ്ങളുടെ സജീവ പശ്ചാത്തലത്തിലാണ്. ഈ ഗ്രന്ഥകാരന്മാരുടെ ഈ സന്ദർഭവുമായുള്ള ഇഴുകിച്ചേരൽ നടന്നത് സമൂഹങ്ങളുടെ ആരാധനാപരവും ബാഹ്യവുമായ ജീവിതത്തിലെ പങ്കാളിത്തതിലൂടെയാണ്. ആ സമൂഹങ്ങളുടെ ബൗദ്ധിക ലോകത്തിലും സംസ്കാരത്തിലും ചരിത്രത്തിന്റെ ഗതിവിഗതികളിലും ഇവർ പങ്കാളികളായിരുന്നു. അതുപോലെതന്നെ, തങ്ങളുടെ കാലഘട്ടത്തിലെ വിശ്വാസികളുടെ സമൂഹത്തിന്റെ ജീവിതത്തിലും വിശ്വാസത്തിലും പൂർണ്ണമായി പങ്കാളികളായിക്കൊണ്ടുമാത്രമേ വ്യാഖ്യാതാക്കൾക്ക് വിശുദ്ധ ലിഖിതങ്ങളെ ശരിയായി വ്യാഖ്യാനിക്കാൻ കഴിയുകയുള്ളു."[86] അതിന്റെ ഫലമായി "ഏത് അരൂപിയാലാണോ വിശുദ്ധലിഖിതങ്ങൾ രചിക്കപ്പെട്ടത് അതേ അരൂപിയുടെ വെളിച്ചത്തിലാകണം അവ വായിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും."[87] വ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞരും ദൈവജനം മുഴുവനും വിശുദ്ധലിഖിതങ്ങളെ സമീപിക്കേണ്ടത് മാനുഷികമായ വാക്കുകളിൽ ആവിഷ്കരിച്ചിട്ടുള്ള ദൈവവചനമാണ് അത് എന്ന ബോദ്ധ്യത്തോടുകൂടിയാകണം. വിശുദ്ധ ലിഖിതങ്ങൾ യഥാർത്ഥത്തിൽ ദൈവവചനം തന്നെയാണ് (cf. 1 തെസ. 2:13). ബൈബിളിൽതന്നെ എപ്പോഴും അടങ്ങിയിട്ടുള്ള ഒരു തത്ത്വമാണ് ഇത്. "വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ആരുടേയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയിൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചതാണ്" (2 പത്രോ.

1:20–21). കൂടാതെ തിരുസഭയുടെ വിശ്വാസമാണ് വിശുദ്ധഗ്രന്ഥത്തിൽ ദൈവവചനത്തെ തിരിച്ചറിയുന്നത്. ഇക്കാര്യം വിശുദ്ധ ആഗസ്തീനോസ് പ്രഖ്യാതമായ വാക്കുകളിൽ പറഞ്ഞുവച്ചിട്ടുണ്ട്: "കത്തോലിക്കാസഭയുടെ അധികാരം എന്നോട് പറഞ്ഞില്ലായിരുന്നുവെങ്കിൽ ഞാൻ സുവിശേഷത്തിൽ വിശ്വസിക്കുമായിരുന്നില്ല."[88] തിരുസഭയ്ക്ക് ജീവൻ നൽകുന്ന പരിശുദ്ധാരൂപി വിശുദ്ധ ലിഖിതങ്ങളെ ആധികാരികമായി വ്യാഖ്യാനിക്കാൻ നമ്മെ ശക്തരാക്കുന്നു. ബൈബിൾ തിരുസഭയുടെ ഗ്രന്ഥമാണ്. സഭയുടെ ജീവിതത്തിൽ ബൈബിളിനുള്ള സർവ്വപ്രധാനമായ സ്ഥാനം അതിന്റെ ശരിയായ വ്യാഖ്യാനത്തിന് കളമൊരുക്കുന്നു.

**30.** നമുക്ക് ഒരിക്കലും സ്വന്തം നിലയിൽ വിശുദ്ധലിഖിതങ്ങൾ വായിക്കാനാകില്ല എന്ന വസ്തുത വിശുദ്ധ ജെറോം ഓർമ്മിപ്പിക്കുന്നു. അടച്ചിട്ടിരിക്കുന്ന അനേകം വാതിലുകൾ കാണും; വളരെ എളുപ്പത്തിൽ നാം തെറ്റിലേക്ക് വഴുതിവീഴാം. പരിശുദ്ധാരൂപിയുടെ പ്രചോദനത്തിൽ ദൈവജനം ദൈവജനത്തിനായി എഴുതിയതാണ് ബൈബിൾ. ദൈവജനവുമായുള്ള കൂട്ടായ്മയിൽ മാത്രമേ ദൈവം നമ്മെ അറിയിക്കാൻ ആഗ്രഹിക്കുന്ന സത്യത്തിന്റെ ഹൃദയത്തിലേക്ക് 'നാം' ഒരു സംഘമായി യഥാർത്ഥത്തിൽ കടന്നുചെല്ലാൻ കഴിയൂ.[89] "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണ്"[90] എന്നു കരുതിയിരുന്ന വിശുദ്ധ ജെറോം പറയുന്നത്, 'ദൈവവചനം വ്യാഖ്യാനിക്കുന്നതിൽ സഭയുടേതായ ഒരു മാനമുണ്ടെന്നത്, ബാഹ്യമായി ഏർപ്പെടുത്തിയ ഒരു നിബന്ധനയല്ല' എന്നാണ്. തീർത്ഥാടനത്തിൽ ഏർപ്പെട്ടിരിക്കുന്ന ദൈവജനത്തിന്റെ സ്വരംതന്നെയാണ് വിശുദ്ധഗ്രന്ഥം; ഈ ജനത്തിന്റെ വിശ്വാസത്തിൽനിന്നുകൊണ്ടേ വിശുദ്ധലിഖിതങ്ങൾ മനസ്സിലാക്കാനുള്ള മാനസിക പൊരുത്തം നമുക്കുണ്ടാകൂ. ബൈബിളിന്റെ ആധികാരികമായ ഏതു വ്യാഖ്യാനവും കത്തോലിക്കാസഭയുടെ വിശ്വാസവുമായി പൊരുത്തമുള്ളതായിരിക്കണം. അദ്ദേഹം ഒരു വൈദികന് ഇങ്ങനെ എഴുതി: "താങ്കളെ പഠിപ്പിച്ചിട്ടുള്ള

പരമ്പരാഗത പ്രബോധനത്തിൽ ഉറച്ചുനിൽക്കുക; അങ്ങനെ ശരിയായ വിശ്വാസം ജനങ്ങളോട് പ്രഘോഷിക്കാൻ താങ്കൾക്ക് കഴിയും; ആ വിശ്വാസം നിഷേധിക്കുന്നവരെ വാദിച്ചു തോല്പിക്കുവാനും താങ്കൾക്ക് സാധിക്കും."[91]

വിശ്വാസത്തെ മാറ്റിനിർത്തിക്കൊണ്ട് വിശുദ്ധലിഖിതങ്ങളെ സമീപിക്കുന്നത് ഒരുപക്ഷേ ഗ്രന്ഥഭാഗത്തിന്റെ ഘടന സംബന്ധിച്ചും രൂപം സംബന്ധിച്ചും രസകരമായ വസ്തുതകൾ ലഭ്യമാക്കിയേക്കാം. എന്നാൽ അവ തീർച്ചയായും പ്രാഥമികവും ഘടനാപരമായി അപൂർണ്ണവുമായ ഉദ്യമങ്ങളായിരിക്കും. ആധുനിക ദൈവവചന-വ്യാഖ്യാന-സിദ്ധാന്തത്തിലെ അംഗീകൃതമായ ഒരു തത്ത്വത്തെ അനുസ്മരിപ്പിച്ചുകൊണ്ട് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ ഇപ്രകാരം പറയുന്നു: "ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പാഠഭാഗത്തിൽ പറയുന്ന കാര്യങ്ങളോട് ആഭിമുഖ്യമുള്ള ഒരാൾക്കു മാത്രമേ വിശുദ്ധലിഖിതഭാഗങ്ങളെ ശരിക്ക് മനസ്സിലാക്കാൻ കഴിയുകയുള്ളൂ."[92] ആത്മീയജീവിതവും വിശുദ്ധലിഖിത വ്യാഖ്യാനവും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമാക്കുന്നതാണ് മേല്പ്പറഞ്ഞ കാര്യങ്ങളെല്ലാം. "അനുവാചകൻ അരൂപിയുടെ ജീവനിൽ പക്വതപ്രാപിക്കുംതോറും ബൈബിൾ ഏത് യാഥാർത്ഥ്യങ്ങളെപ്പറ്റിയാണോ പറയുന്നത് അവ മനസ്സിലാക്കാനുള്ള കഴിവും വർദ്ധിക്കും."[93] വിശുദ്ധലിഖിതങ്ങളെ സംബന്ധിച്ചിടത്തോളം സഭാപരമായ യഥാർത്ഥ അനുഭവത്തിന്റെ തീവ്രത വിശ്വാസത്തിലധിഷ്ഠിതമായ യഥാർത്ഥ അറിവിന്റെ വളർച്ചയിലേക്ക് തീർച്ചയായും നയിക്കും. അതുപോലെതന്നെ, വിശ്വാസപൂർവ്വം വിശുദ്ധഗ്രന്ഥം വായിക്കുന്നത് സഭാപരമായ ജീവിതത്തിന്റെ വളർച്ചയ്ക്കും ഉപകരിക്കും. മഹാനായ വിശുദ്ധ ഗ്രിഗറി പറഞ്ഞത് എത്ര ശരിയാണെന്ന് ഇവിടെ ഒരിക്കൽക്കൂടി നമുക്ക് കാണാൻ കഴിയും: "ദൈവവചനവും അത് വായിക്കുന്നവരോടൊപ്പം വളരുന്നു."[94] ദൈവവചനം ശ്രവിക്കുന്നത് വിശ്വാസത്തിൽ ചരിക്കുന്ന എല്ലാവരുമായുള്ള സഭയിലെ കൂട്ടായ്മ തുടങ്ങിവയ്ക്കുകയും അതിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## "പാവനമായ ദൈവശാസ്ത്രത്തിന്റെ ആത്മാവ്"

**31.** "വിശുദ്ധലിഖിതങ്ങൾ പഠിക്കുകയെന്നത് ദൈവശാസ്ത്രത്തിന്റെ ആത്മാവുതന്നെയായിരിക്കണം."[95] *'ദൈവവചനം'* എന്ന പ്രമാണരേഖയിൽ നിന്നെടുത്തിട്ടുള്ള ഈ ഉദ്ധരണി കുറെ വർഷങ്ങളായി ഏറെ പരിചിതമായിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള കാലഘട്ടത്തിൽ ദൈവശാസ്ത്രപണ്ഡിതന്മാരും വിശുദ്ധഗ്രന്ഥ വ്യാഖ്യാതാക്കളും വിശുദ്ധലിഖിതങ്ങളിൽ പുതുതായി കാണപ്പെടുന്ന താത്പര്യത്തിന്റെ പ്രതീകമായി ഈ ഉദ്ധരണിയെ കൂടെക്കൂടെ ചൂണ്ടിക്കാട്ടിയിരുന്നു. ചരിത്രസംബന്ധമായ ഗവേഷണവും വിശ്വാസസംബന്ധമായ വിശുദ്ധഗ്രന്ഥ വ്യാഖ്യാനവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതിന് മെത്രാന്മാരുടെ സിനഡിന്റെ പന്ത്രണ്ടാം സമ്മേളനവും അടിക്കടി പ്രശസ്തമായ ഈ പ്രയോഗം പ്രയോജനപ്പെടുത്തി. ഇക്കഴിഞ്ഞ ദശകങ്ങളിൽ സഭയിൽ ദൈവവചന പഠനം വർദ്ധിച്ചിട്ടുണ്ടെന്ന് സൂനഹദോസ് പിതാക്കന്മാർ സസന്തോഷം അംഗീകരിച്ചു. നമ്മുടെ കാലഘട്ടത്തിൽ വിശുദ്ധഗ്രന്ഥ പഠനത്തിൽ സങ്കീർണ്ണമായ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഈ ഉദ്യമത്തിൽ അനേകം വിശുദ്ധലിഖിത വ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞന്മാരും സമർപ്പണബുദ്ധിയോടും പ്രതിബദ്ധതയോടും മികവോടുംകൂടി പ്രവർത്തിച്ചതിന് പിതാക്കന്മാർ അവരോട് ഹൃദയനിർഭരമായ കൃതജ്ഞത പ്രകടിപ്പിച്ചു. അവരുടെ പരിശ്രമഫലമായി വിശുദ്ധലിഖിതങ്ങളുടെ അർത്ഥം കൂടുതൽ ആഴത്തിൽ ഗ്രഹിക്കാൻ സംഗതിയായിട്ടുണ്ട്.[96] പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷനിൽ മുൻകാലങ്ങളിലും വർത്തമാനകാലത്തും പ്രവർത്തിച്ചിട്ടുള്ള അംഗങ്ങളോടും പിതാക്കന്മാർ ആത്മാർത്ഥമായ കൃതജ്ഞത പ്രകടിപ്പിച്ചു. കമ്മീഷൻ അംഗങ്ങൾ വിശ്വാസ തിരുസംഘവുമായി അടുത്തു സഹകരിച്ച് വിശുദ്ധലിഖിത പഠനങ്ങളിൽ കണ്ടുമുട്ടുന്ന ചില പ്രത്യേക പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് അവരുടെ സവിശേഷമായ പരിജ്ഞാനം ലഭ്യമാക്കിയിരുന്നു; അത് തുടരുകയും ചെയ്യുന്നു. ബൈബിൾ പഠനങ്ങളുടെ

ഇപ്പോഴത്തെ സ്ഥിതിയും ദൈവശാസ്ത്രത്തിന്റെ മേഖലയിൽ അവയ്ക്കുള്ള സ്ഥാനവും പരിശോധിക്കേണ്ടത് ആവശ്യമാണെന്നും സിനഡ് കരുതി. തിരുസഭയുടെ പ്രവർത്തനങ്ങൾ അജപാലനത്തിൽ എത്രമാത്രം ഫലപ്രദമാണെന്നതും വിശ്വാസികളുടെ ആത്മീയജീവിതത്തെ അത് എങ്ങനെ സ്വാധീനിക്കുന്നു എന്നതും നല്ലൊരളവിൽ വിശുദ്ധലിഖിത വ്യാഖ്യാനവും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇക്കാരണത്താൽ, സിനഡ് സമ്മേളനങ്ങളിൽ ഈ വിഷയം സംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉയർന്നുവന്ന ചില വിചിന്തനങ്ങളെപ്പറ്റി പ്രതിപാദിക്കുന്നത് പ്രാധാന്യമർഹിക്കുന്നു എന്ന് ഞാൻ കരുതുന്നു.

## ബൈബിൾ പഠനങ്ങളുടെ പുരോഗതിയും സഭയുടെ പ്രബോധനാധികാരവും

**32.** ചരിത്രപരവും വിമർശനാത്മകവുമായ വിശുദ്ധലിഖിത വ്യാഖ്യാനവും അടുത്തകാലത്ത് വികസിപ്പിച്ചെടുത്തിട്ടുള്ള ഗ്രന്ഥപാഠ അപഗ്രഥനരീതികളും സഭാജീവിതത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രയോജനങ്ങൾ ആദ്യമേതന്നെ നാം അംഗീകരിക്കേണ്ടതുണ്ട്.[97] വിശുദ്ധ ലിഖിതങ്ങളെ കത്തോലിക്കാസഭയുടെ കാഴ്ചപ്പാടിലൂടെ മനസ്സിലാക്കുന്നതിന് ഇങ്ങനെയുള്ള സംവിധാനങ്ങളിൽ ശ്രദ്ധചെലുത്തുകയെന്നത് അനുപേക്ഷണീയമാണ്. കാരണം, മനുഷ്യാവതാരത്തിന്റെ യാഥാർത്ഥ്യബോധവുമായി ബന്ധപ്പെട്ടതാണ് ഇത്: “യോഹന്നാന്റെ സുവിശേഷം 1:14-ൽ കാണുന്ന ‘വചനം മാംസമായി’ എന്ന ക്രൈസ്തവ തത്ത്വത്തിൽ നിന്നാവിർഭവിക്കുന്നതാണ് ഈ ആവശ്യകത. ക്രൈസ്തവവിശ്വാസത്തിന്റെ ഒരു അടിസ്ഥാനഘടകവും മാനവുമാണ് ഈ ചരിത്ര വസ്തുത. രക്ഷാകരചരിത്രം ഒരു പുരാണകഥയല്ല; അത് യഥാർത്ഥ ചരിത്രമാണ്. ചരിത്രമായി അത് പഠിക്കേണ്ടതും ഗൗരവപൂർവ്വം നടത്തുന്ന ചരിത്ര ഗവേഷണത്തിന്റെ രീതികൾ ഇതിന് പ്രയോജനപ്പെടുത്തേണ്ടതും ആവശ്യമാണ്.”[98] അന്വേഷണത്തിനുള്ള ഈ മാർഗ്ഗങ്ങളും അവ എങ്ങനെ പ്രയോഗിക്കണ

മെന്നും അറിഞ്ഞിരിക്കുന്നത് ബൈബിൾ പഠനത്തിന് ആവശ്യമാണ്. ആധുനിക കാലഘട്ടത്തിൽ പഠനത്തിന്റെയും ഗവേഷണത്തിന്റെയും പ്രാധാന്യം പണ്ഡിതന്മാർ കൂടുതലായി മനസ്സിലാക്കിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. എല്ലാ മേഖലകളിലും ഇത് സംഭവിച്ചിട്ടുണ്ടെന്ന് പറയാനാകില്ലെങ്കിലും; ആരോഗ്യകരമായ സഭാപാരമ്പര്യം പാഠഭാഗങ്ങളുടെ "അക്ഷരാർത്ഥം" ഗ്രഹിക്കുന്നതിനുള്ള താത്പര്യം എപ്പോഴും പ്രകടമാക്കിയിട്ടുണ്ട്. ഇവിടെ യൂറോപ്യൻ സംസ്കാരത്തിന്റെ ഏറ്റം ശക്തമായ അടിത്തറയായ ആശ്രമ സംസ്കാരത്തെ (*monastic culture*)അനുസ്മരിക്കേണ്ടതുണ്ട്; ഈ സംസ്കാരത്തിന്റെ വേര് ദൈവവചനം സംബന്ധിച്ച ഉത്ക്കണ്ഠയാണ്. ദൈവത്തിനായുള്ള ആഗ്രഹത്തിൽ, ദൈവവചനത്തോട് അതിന്റെ എല്ലാ മാനങ്ങളിലുമുള്ള സ്നേഹവും അടങ്ങിയിരിക്കുന്നു. "വിശുദ്ധഗ്രന്ഥത്തിലെ വാക്കുകളിലൂടെ ദൈവം നമ്മുടെ അടുത്തെത്തുന്നു; നാം ദൈവത്തിന്റെ പക്കലും. അതുകൊണ്ട് ഭാഷയുടെ രഹസ്യം കണ്ടെത്താൻ നാം പഠിക്കണം, അതിന്റെ ഘടനയിലും ആവിഷ്കരണരീതിയിലും അതിനെ ഗ്രഹിക്കാൻ പഠിക്കണം. അങ്ങനെ, ദൈവത്തിനായുള്ള അന്വേഷണത്തിൽ ഭാഷകളെ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഭൗമികശാസ്ത്രങ്ങൾക്ക് പ്രാധാന്യമുണ്ടായി"[99]

**33.** "ദൈവവചനം, അത് ലിഖിതമായാലും പാരമ്പര്യത്തിന്റെ രൂപത്തിലായാലും, ആധികാരികമായി വ്യാഖ്യാനിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് തിരുസഭയുടെ സജീവമായ പ്രബോധനാധികാരത്തെയാണ്."[100] അതുകൊണ്ട് ചരിത്രപരമായ അപഗ്രഥനത്തിൽ ആവിർഭവിച്ചിട്ടുള്ള പുതിയ രീതികളോടുള്ള ശരിയായ പ്രതികരണം സംബന്ധിച്ച് വിവേകപൂർവവും സമതുലിതമായ രീതിയിലും സഭ ഇടപെട്ടിട്ടുണ്ട്. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ "പ്രൊവിദേന്തീസിമൂസ് ദേവൂസ്," പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പയുടെ "ദിവീനോ അഫ്ളാന്തേ സ്പിരിത്തൂ" എന്നീ ചാക്രികലേഖനങ്ങളെപ്പറ്റിയാണ് ഞാൻ പ്രധാനമായും ചിന്തിക്കുന്നത്. ഈ

ചാക്രികലേഖനങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ യഥാക്രമം നൂറാമത്തെയും അൻപതാമത്തെയും വാർഷികം പ്രമാണിച്ച് വന്ദ്യനായ എന്റെ മുൻഗാമി ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ പ്രമാണരേഖകളുടെ പ്രാധാന്യം അനുസ്മരിക്കുകയുണ്ടായി.[101] ബൈബിളിന്റെ കത്തോലിക്കാ വ്യാഖ്യാനത്തെ യുക്തിവാദത്തിന്റെ കടന്നാക്രമണങ്ങളിൽനിന്ന് രക്ഷിക്കാൻ കഴിഞ്ഞത് ലിയോ പതിമൂന്നാമന്റെ ഇടപെടലുകൊണ്ടാണ്. എന്നാൽ അദ്ദേഹം വിശുദ്ധഗ്രന്ഥത്തിനു ചരിത്രത്തിൽനിന്ന് വേർപെടുത്തി ഒരു ആത്മീയ അർത്ഥം നൽകാൻ ഒരുമ്പെട്ടില്ല. തിരുസഭ ശാസ്ത്രീയമായ വിമർശനത്തെ അവഗണിക്കുന്നില്ല. അതിൽനിന്ന് ഒഴിഞ്ഞുമാറുന്നില്ല. "ശാസ്ത്രീയ അടിസ്ഥാനത്തിലുള്ളതെന്ന് അവകാശപ്പെടുന്ന ചില മുൻവിധികളും അഭിപ്രായങ്ങളും ഉണ്ട്. ഇവ രഹസ്യമായി ശാസ്ത്രത്തെ അതിന്റെ യഥാർത്ഥ പ്രവർത്തനമേഖലയിൽനിന്ന് അകന്നുപോകുവാൻ ഇടയാക്കുന്നുമുണ്ട്. ഇത്തരം അഭിപ്രായങ്ങളെ തിരുസഭ സംശയത്തോടെ സമീപിക്കുന്നു."[102] പന്ത്രണ്ടാം പീയൂസ് മാർപാപ്പയ്ക്ക് 'മിസ്റ്റിക്കൽ വിശുദ്ധഗ്രന്ഥ വ്യാഖ്യാനം' എന്നറിയപ്പെട്ടിരുന്ന ഒരു സിദ്ധാന്തത്തിന്റെ വക്താക്കളിൽനിന്നും 'ആക്രമണങ്ങൾ' നേരിടേണ്ടിവന്നു. ശാസ്ത്രീയമായ എല്ലാ സമീപനത്തേയും തള്ളിക്കളഞ്ഞവരാണ് ഇവർ. *'ദിവീനോ അഫ്ളാന്തേ സ്പീരിത്തു'* എന്ന ചാക്രിക ലേഖനത്തിൽ മതപ്രബോധനത്തിന് പ്രയോജനപ്പെടുത്തുന്ന ശാസ്ത്രീയമായ വിശുദ്ധഗ്രന്ഥ വ്യാഖ്യാനവും ആന്തരികമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മീയ വ്യാഖ്യാനവും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടെന്ന ഒരു സൂചനപോലും നൽകാതിരിക്കാൻ സൂക്ഷിച്ചിട്ടുണ്ട്. "എന്നാൽ ശാസ്ത്രീയമായി നിർവ്വചിച്ചിട്ടുള്ള വാച്യാർത്ഥത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥവും" വാക്കുകളുടെ ആത്മീയമായ അർത്ഥവും വിശുദ്ധലിഖിത വ്യാഖ്യാനവുമായി ബന്ധപ്പെട്ട ശാസ്ത്രത്തിന്റെ ഭാഗമാണെന്നു പറയുന്നുണ്ട്.[103] അങ്ങനെ ഈ രണ്ട് പ്രമാണരേഖകളും "മാനുഷികവും ദൈവികവും ആയവയ്ക്കിടയിൽ ഒരു

വിടവുണ്ട്, ശാസ്ത്രീയമായ ഗവേഷണവും വിശ്വാസത്തോടുള്ള ആദരവും തമ്മിൽ പൊരുത്തക്കേടുണ്ട്, വചനഭാഗങ്ങളുടെ വാച്യാർത്ഥവും അവയുടെ ആത്മീയമായ അർത്ഥവും തമ്മിൽ പൊരുത്തക്കേടുണ്ട്"[104] എന്ന നിലപാട് തള്ളിക്കളയുന്നു. പിൽക്കാലത്ത് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ 1993-ൽ പ്രസിദ്ധീകരിച്ച രേഖയിലും ഈ സന്തുലനം നിലനിർത്തിയിട്ടുണ്ട്. "വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കുകയെന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കത്തോലിക്കരായ വ്യാഖ്യാതാക്കൾ *ദൈവവചനമാണ്* തങ്ങൾ വ്യാഖ്യാനിക്കുന്നത് എന്ന വസ്തുത ഒരിക്കലും വിസ്മരിക്കരുത്. ഗ്രന്ഥത്തിന്റെ സ്രോതസ്സുകൾ, സാഹിത്യരൂപം, ഇവ നിശ്ചയിച്ചതോടുകൂടി, സാഹിത്യപരമായ പ്രക്രിയകൾ വിശദീകരിച്ചതോടുകൂടി, തങ്ങളുടെ ജോലി പൂർത്തിയായി എന്ന് കരുതരുത്. വിശുദ്ധഗ്രന്ഥഭാഗത്തിന്റെ അർത്ഥം ഈ കാലഘട്ടത്തിലേക്കുള്ള ദൈവവചനമായി വിശദീകരിച്ചുകഴിയുമ്പോൾ മാത്രമേ അവരുടെ ജോലിയുടെ യഥാർത്ഥ ലക്ഷ്യത്തിൽ എത്തിച്ചേരുന്നുള്ളു."[105]

## കൗൺസിലിന്റെ ബൈബിൾ വ്യാഖ്യാനസിദ്ധാന്തം, പിൻതുടരേണ്ട ഒരു നിർദ്ദേശം

**34.** ഈ പശ്ചാത്തലത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രത്യേകിച്ചും *'ദൈവവചനം'* എന്ന പ്രമാണരേഖയിൽ കത്തോലിക്കാ വ്യാഖ്യാതാക്കൾ പിൻതുടരേണ്ട വ്യാഖ്യാനതത്ത്വങ്ങൾ കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കാൻ കഴിയും. "വിശുദ്ധലിഖിതങ്ങളിൽ ദൈവം മനുഷ്യരോട് മാനുഷികമായ രീതിയിൽ സംസാരിക്കുന്നു എന്നു കാണാം. ദൈവം നമ്മെ അറിയിക്കാൻ ആഗ്രഹിച്ചതെന്താണെന്ന് തിരിച്ചറിയുകയാണ് വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാതാക്കൾ ലക്ഷ്യമിടുന്നത് എങ്കിൽ അവർ ഗ്രന്ഥത്തിന്റെ രചയിതാവ് ഉദ്ദേശിച്ച അർത്ഥം എന്ത് എന്ന് ശ്രദ്ധാപൂർവ്വം അന്വേഷിച്ച് കണ്ടെത്തണം; വാക്കുകളിലൂടെ വെളിപ്പെടുത്തുന്നത് നന്നായിരിക്കും എന്ന് ദൈവം കരുതിയ അർത്ഥം കണ്ടെ

ത്തണം."[106] ഒരുവശത്ത് വിശുദ്ധഗ്രന്ഥത്തിന്റെ രചയിതാവ് ഉദ്ദേശിച്ച അർത്ഥം മനസ്സിലാക്കുന്നതിന് സാഹിത്യവിഭാഗങ്ങളെപ്പറ്റിയും ചരിത്രപരമായ സന്ദർഭത്തെപ്പറ്റിയും പഠനം നടത്തണം എന്ന് കൗൺസിൽ ഊന്നിപ്പറയുന്നു. ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന അർത്ഥം മനസ്സിലാക്കാൻ ഈ പഠനം അടിസ്ഥാനപരമായ ഒന്നാണ്. അതേസമയം ഏത് അരൂപിയിലാണോ ഗ്രന്ഥം രചിക്കപ്പെട്ടത് ആ അരൂപിയിൽതന്നെ വിശുദ്ധലിഖിതം വ്യാഖ്യാനിക്കപ്പെടണം. ഇതിന് പ്രബോധനരേഖ മൂന്ന് അടിസ്ഥാന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ബൈബിളിന്റെ ദൈവികമായ മാനം ശരിക്കും വിവേചിച്ചറിയുന്നതിനാണ് ഇവ നൽകിയിരിക്കുന്നത്. 1) വിശുദ്ധലിഖിതങ്ങളെ ഒന്നാകെ കണ്ടുകൊണ്ട്, അവയുടെ ഐക്യത്തിൽ ശ്രദ്ധപതിച്ചുകൊണ്ട് വചനഭാഗം വ്യാഖ്യാനിക്കണം. ഇപ്പോൾ ഈ സമീപനം *കാനോനിക്കൽ എക്സജേസിസ്സ്* എന്നാണ് അറിയപ്പെടുന്നത്. 2) മുഴുവൻ സഭയുടെയും സജീവമായ പാരമ്പര്യം കണക്കിലെടുക്കണം 3) അവസാനമായി, വിശ്വാസത്തിന്റെ സാധർമ്മ്യത്തോട് (*analogy*) ആദരവ് പുലർത്തണം. "രീതിശാസ്ത്രപരമായ (*methodological*) തലത്തോടും ചരിത്രത്തിന്റെയും നിരൂപണത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും തലങ്ങളോടും ആദരവ് പുലർത്തിക്കൊണ്ട് മാത്രമേ ദൈവശാസ്ത്രപരമായ വിശുദ്ധലിഖിത വ്യാഖ്യാനത്തെപ്പറ്റി സംസാരിക്കാൻ കഴിയുകയുള്ളൂ. വിശുദ്ധഗ്രന്ഥത്തിന് അർഹതപ്പെട്ട ഒരു വ്യാഖ്യാനം."[107]

ചരിത്രപരവും നിരൂപണാത്മകവുമായ ആധുനിക ഗവേഷണം സ്പഷ്ടമായ ഗുണഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നത് അനിഷേധ്യമാണെന്ന് സിനഡ് പിതാക്കന്മാർ പ്രഖ്യാപിക്കുന്നു. ആ പ്രഖ്യാപനം ശരിയാണ്. ഇന്നത്തെ പണ്ഡിതോചിതമായ വിശുദ്ധഗ്രന്ഥ വ്യാഖ്യാനം ചരിത്രനിരൂപണ സംവിധാനം സംബന്ധിച്ചിടത്തോളം ഏറെ മികവ് പ്രകടിപ്പിക്കുന്നുണ്ട്. കത്തോലിക്കാ പണ്ഡിതന്മാരെ സംബന്ധിച്ചും ഇത് ശരിയാണ്. വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന്റെ ഏറ്റം പുതിയ വികാസങ്ങൾ, വിശുദ്ധഗ്രന്ഥ പാഠങ്ങളുടെ ദൈവശാസ്ത്ര

പരമായ മാനത്തിലും ഇതുപോലെ ശ്രദ്ധ ചെലുത്തേണ്ട തുണ്ട്. അങ്ങനെ *ദൈവവചനം* എന്ന പ്രബോധനരേഖ നൽകുന്ന മൂന്നു ഘടകങ്ങളും പിൻതുടർന്നാൽ ഈ ഗ്രന്ഥ ഭാഗങ്ങളെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ കഴിയും.[108]

## ദ്വൈതവാദവും മതനിരപേക്ഷമായ ബൈബിൾ വ്യാഖ്യാനവും ഉണ്ടാക്കുന്ന അപകടം

**35.** ഇക്കാലത്ത് വിശുദ്ധലിഖിതങ്ങളെ ദ്വൈതവാദ ത്തിന്റെ വെളിച്ചത്തിൽ സമീപിക്കുകയെന്ന അപകടം നില വിലുണ്ടെന്ന് ഈ സന്ദർഭത്തിൽ പറയേണ്ടിയിരിക്കുന്നു. ബൈബിളിനെ രണ്ടുതലങ്ങളിൽ സമീപിക്കാം എന്ന് പറയു മ്പോൾ അവ വ്യത്യസ്തമാണെന്നോ ഒന്ന് മറ്റേതിന് എതി രാണെന്നോ അർത്ഥമാക്കുന്നില്ല. പരസ്പരപൂരകമായേ ഈ രണ്ടു തലങ്ങൾക്കും നിലനിൽപ്പുള്ളൂ. നിർഭാഗ്യകരമെന്നു പറയട്ടെ, വിശുദ്ധലിഖിത വ്യാഖ്യാനവും ദൈവശാസ്ത്രവും വേർപെട്ടിരിക്കുന്നു എന്നും അവയുടെ മദ്ധ്യേ ഒരു മതിൽ ഉണ്ടെന്നും ഒരു ധാരണ ചിലപ്പോൾ ഉണ്ടാകുന്നുണ്ട്. "ഏറ്റം ഉന്നതമായ പണ്ഡിത സമൂഹങ്ങളിലും ഈ തെറ്റിദ്ധാരണ കാണാം."[109] ഇതിൽനിന്നുണ്ടാകുന്ന പ്രധാനപ്പെട്ട പരിണിത ഫലങ്ങൾ ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവ ഒഴി വാക്കേണ്ടവയത്രേ.

a) പ്രഥമവും പ്രധാനവുമായ കാര്യം ഇതാണ്. വിശുദ്ധ ലിഖിത വ്യാഖ്യാനത്തെ ഒന്നാമത്തെ തലത്തിൽ ഒതുക്കി നിർത്തിയാൽ ഭൂതകാലത്തിന്റേതു മാത്രമായ ഒരു പുസ്ത കമായി വിശുദ്ധഗ്രന്ഥം മാറും. അതിൽനിന്ന് സദാചാരപാഠ ങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും; അതിൽനിന്ന് ചരിത്രം പഠി ക്കാം. പക്ഷേ അത് ഭൂതകാലത്തെപ്പറ്റിമാത്രം പറയുന്ന ഒരു പുസ്തകമാകും; ആ സാഹചര്യത്തിൽ വിശുദ്ധഗ്രന്ഥവ്യാ ഖ്യാനത്തിനു ദൈവശാസ്ത്രവുമായി ഒരു ബന്ധവുമില്ലാതാ കും. അത് വെറും ചരിത്രപഠനമാകും; വെറും സാഹിത്യച രിത്രം.[110] തന്റെ വചനത്തിലൂടെ ദൈവം സ്വയം വെളിപ്പെടു ത്തുന്നു എന്ന വസ്തുത മനസ്സിലാക്കാൻ ഈ ന്യൂനീകരണ

സമീപനത്തിനു ഒരിക്കലും സാദ്ധ്യമാകുകയില്ല. സജീവമായ പാരമ്പര്യംവഴിയും വിശുദ്ധലിഖിതങ്ങൾ വഴിയുമാണ് ഈ വെളിപാട് നമുക്ക് ഏല്പിച്ചുതന്നിരിക്കുന്നത്.

b) വിശുദ്ധലിഖിതങ്ങളെ വിശ്വാസവുമായി ബന്ധപ്പെടുത്താതെ വ്യാഖ്യാനിക്കുന്നത് ഒരു കേവല ന്യൂനത മാത്രമല്ല. അങ്ങനെ ചെയ്താൽ ഇവിടെ വേറൊരുതരം വ്യാഖ്യാനം രംഗപ്രവേശം ചെയ്യാതിരിക്കില്ല. ദൃശ്യവസ്തുക്കളെ മാത്രം ആധാരമാക്കിയുള്ള മതനിരപേക്ഷമായ ഒരു വ്യാഖ്യാനം. ഇത് അവസാനം നമ്മെ എത്തിക്കുക ദൈവം മനുഷ്യന്റെ ചരിത്രത്തിൽ ഇടപെടുന്നില്ലെന്ന ഉറച്ചവിശ്വാസത്തിലായിരിക്കും. ഈ സിദ്ധാന്തമനുസരിച്ച്, എവിടെയെങ്കിലും ദൈവീകമായ ഒരു ഘടകം കാണപ്പെട്ടാൽ അത് ദൈവികമല്ലെന്ന രീതിയിൽ വിശദീകരിക്കേണ്ടതായിവരുന്നു. അവിടെ എല്ലാം മാനുഷികമായ ഘടകങ്ങളിൽ ഒതുക്കണം. ദൈവിക ഘടകങ്ങൾ ചരിത്രത്തിന്റെ ഭാഗമാണെന്ന വസ്തുത നിരാകരിക്കുന്ന ഒരു വ്യാഖ്യാനത്തിലേക്കാണ് ഇത് നയിക്കുക.

c) ഇത്തരമൊരു നിലപാട് സഭയുടെ ജീവിതത്തിനു ഹാനികരമാകാനേ വഴിയുള്ളൂ. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനപരമായ മഹാരഹസ്യങ്ങൾ സംബന്ധിച്ചും അവ ചരിത്രസംഭവങ്ങളാണെന്നത് സംബന്ധിച്ചും സംശയം ജനിപ്പിക്കുന്നതാണ് ഈ നിലപാട്. ഉദാഹരണത്തിന്, ദിവ്യകാരുണ്യത്തിന്റെ സ്ഥാപനവും ക്രിസ്തുവിന്റെ പുനരുത്ഥാനവും. ദാർശനികമായ ഒരു വിശുദ്ധലിഖിത വ്യാഖ്യാനം നമ്മെ ഇങ്ങനെ അടിച്ചേല്പിക്കുന്നു. ദൈവത്തിനു ചരിത്രത്തിൽ പ്രവേശിക്കാനും ചരിത്രത്തിൽ സന്നിഹിതനാകാനും കഴിയും എന്നത് നിഷേധിക്കുന്ന ഒരു വ്യാഖ്യാനം. ദൈവശാസ്ത്ര പഠനങ്ങളിൽ ഇത്തരമൊരു വിശുദ്ധലിഖിത വ്യാഖ്യാനം സ്വീകരിച്ചാൽ, ഒന്നാമത്തെ തലത്തിൽ ഒതുങ്ങിനിൽക്കുന്ന വ്യാഖ്യാതാക്കൾക്കും വിശുദ്ധലിഖിതങ്ങളെ ആത്മീയവത്കരിക്കാനുപയോഗിക്കുന്ന ദൈവശാസ്ത്രത്തിനും ഇടയിൽ വലിയ ഒരു വൈരുദ്ധ്യം ഉണ്ടാകും. വെളിപാടിന്റെ ചരിത്രസ്വഭാവം അംഗീകരിക്കാത്തവരുടേതാണ് ഇത്തരം ദൈവ

ശാസ്ത്രം.

ഇതെല്ലാം ആത്മീയജീവിതത്തിലും അജപാലകപ്രവർത്ത നങ്ങളിലും അനാരോഗ്യകരമായ ഒരു സ്വാധീനം തീർച്ച യായും ചെലുത്തും. "രണ്ടാമത്തെ തലത്തിലുള്ള അന്വേഷ ണരീതികൾ പിൻതുടരാത്തതിന്റെ ഫലമായി ശാസ്ത്രീയമായ ബൈബിൾ വ്യാഖ്യാനത്തിനും പ്രാർത്ഥനയുടെ അരൂപിയി ലുള്ള ദൈവവചനപാരായണത്തിനും *(lectio divina)* മദ്ധ്യേ നികത്താനാകാത്ത ഒരു ഗർത്തം ഉണ്ടാകും. ദൈവവചനപ്ര ഘോഷണങ്ങൾ തയ്യാറാക്കുമ്പോൾ അവയിൽ പറയുന്നതി നുവേണ്ടത്ര വ്യക്തത ഇല്ലാതാകാൻ ഇത് കാരണമാകാം."[112] സഭാശുശ്രൂഷക്കായി പരിശീലനം നേടുന്നവരുടെ ബൗദ്ധിക രൂപീകരണത്തിൽ അസ്ഥിരതയും ചിന്താക്കുഴപ്പവും ഉണ്ടാ കാൻ ഈ വൈരുദ്ധ്യം കാരണമായേക്കാമെന്നുകൂടി പറയേ ണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ "വിശുദ്ധഗ്രന്ഥ വ്യാഖ്യാനം ദൈവശാസ്ത്രമാകുന്നില്ലെങ്കിൽ വിശുദ്ധലിഖി തങ്ങൾ ദൈവശാസ്ത്രത്തിന്റെ ആത്മാവായിരിക്കില്ല. മറിച്ച് എപ്പോഴാണോ ദൈവശാസ്ത്രം തിരുസഭ അംഗീകരിച്ച വിശു ദ്ധലിഖിതങ്ങളുടെ വ്യാഖ്യാനം അല്ലാതാകുന്നത് അപ്പോ ഴെല്ലാം ദൈവശാസ്ത്രം അടിത്തറയില്ലാത്തതും ആകും"[114] അതുകൊണ്ട് ഈ പ്രശ്നം സംബന്ധിച്ച് *ദൈവവചനം* എന്ന പ്രമാണരേഖ പറയുന്ന കാര്യങ്ങൾ കൂടുതൽ ശ്രദ്ധാപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു.

## വിശുദ്ധലിഖിതങ്ങളോടുള്ള സമീപനത്തിൽ വിശ്വാസത്തിനും യുക്തിബോധത്തിനുമുള്ള സ്ഥാനം

**36.** ജോൺപോൾ രണ്ടാമൻ മാർപാപ്പ ഈ വിഷയം സംബന്ധിച്ച് *'വിശ്വാസവും യുക്തിയും'* *(fides et ratio)* എന്ന ചാക്രികലേഖനത്തിൽ എഴുതിയിട്ടുള്ളത് വിശുദ്ധലിഖിത വ്യാഖ്യാനവും ദൈവശാസ്ത്രം മുഴുവനുമായുമുള്ള ബന്ധം കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. "ഒരു പഠന സമ്പ്രദായം മാത്രം പ്രയോജനപ്പെടുത്തി വിശുദ്ധലിഖിതങ്ങളിൽ അടങ്ങിയിരി

ക്കുന്ന സത്യം കണ്ടെത്താൻ ശ്രമിക്കുന്നതിൽ അടിസ്ഥാന പരമായ ഒരു അപകടമുണ്ട്. ഇത് നാം നിസ്സാരമായി കണ്ടുകൂടാ. വിശുദ്ധഗ്രന്ഥ വ്യാഖ്യാതാക്കളെയും തിരുസഭ മുഴുവനെയും ഗ്രന്ഥഭാഗങ്ങളുടെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാൻ സഹായിക്കുന്ന കൂടുതൽ സമഗ്രമായ വ്യാഖ്യാനം ആവശ്യമാണെന്ന വസ്തുത അവഗണിച്ചുകൊണ്ടുള്ള ഒരന്വേഷണമാണ് അത്. വിശുദ്ധലിഖിതങ്ങളുടെ പഠനത്തിൽ മുഴുകിയിരിക്കുന്നവർ എപ്പോഴും ഓർമ്മിച്ചിരിക്കേണ്ട ഒരു വസ്തുത ഉണ്ട്. വിവിധ രീതിയിലുള്ള വിശുദ്ധലിഖിതവ്യാഖ്യാനങ്ങൾക്ക് അവയുടേതായ ദാർശനിക പശ്ചാത്തലം ഉണ്ടായിരിക്കും. ഇവയെ വിശുദ്ധഗ്രന്ഥഭാഗങ്ങളുടെ വ്യാഖ്യാനത്തിന് പ്രയോജനപ്പെടുത്തുന്നതിനുമുമ്പ് ശരിയായരീതിയിൽ, സശ്രദ്ധം ഇവയെ വിലയിരുത്തേണ്ടതുണ്ട്."[115]

ദീർഘവീക്ഷണത്തോടുകൂടിയ  ഈ വിചിന്തനം വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനത്തിലൂടെ വിശുദ്ധഗ്രന്ഥത്തെ സമീപിക്കുമ്പോൾ വിശ്വാസവും യുക്തിചിന്തയും തമ്മിലുള്ള ശരിയായ ബന്ധം ഒഴിച്ചുകൂടാനാകാത്ത രീതിയിൽ എങ്ങനെ പ്രകടമാകുന്നു എന്നുകാണാൻ കഴിയും. മതത്തെ ഒഴിവാക്കിക്കൊണ്ടുള്ള വിശുദ്ധഗ്രന്ഥ വ്യാഖ്യാനം, യഥാർത്ഥത്തിൽ ദൈവം നമ്മുടെ ജീവിതത്തിൽ പ്രവേശിക്കാനും മാനുഷികമായ വാക്കുകളിൽ നമ്മോട് സംസാരിക്കാനുമുള്ള ഏതൊരു സാദ്ധ്യതയും ഘടനാപരമായി ഒഴിവാക്കാനുള്ള യുക്തിചിന്തയുടെ ശ്രമത്തിന്റെ ഫലമാണ്. ഇവിടെ യുക്തിചിന്തയ്ക്ക് എവിടംവരെ പോകാം, അതിന്റെ വ്യാപരമേഖല എത്ര വിശാലമാക്കണം, എന്നു പറയേണ്ടതുണ്ട്.[116] ചരിത്രപരമായ അപഗ്രഥനത്തിന്റെ രീതി സ്വീകരിക്കുകയാണെങ്കിൽ മനുഷ്യചരിത്രത്തിൽ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ മുൻകൂട്ടി നിരാകരിക്കുന്ന യാതൊരു മാനദണ്ഡവും സ്വീകരിച്ചുകൂടാ. വിശുദ്ധലിഖിതങ്ങളെ വ്യാഖ്യാനിക്കുമ്പോൾ കാണപ്പെടുന്ന ഇരുതലങ്ങളും തമ്മിലുള്ള ഐക്യം മുൻകൂട്ടി സങ്കല്പിക്കുന്ന സാഹചര്യമാണ് *വിശ്വാസവും യുക്തിചിന്തയും തമ്മിലുള്ള പൊരുത്തം.* ഒരുവശത്ത് യുക്തിചിന്തയുമായി ശരി

യായ ബന്ധംപുലർത്തുന്ന വിശ്വാസം വേണമെന്ന് നിഷ്കർഷിക്കുന്നു. ശരിയായ വിശ്വാസം ഏതു വിചിത്രകഥയും വിവേചനംകൂടാതെ സ്വീകരിക്കാനുള്ള സന്നദ്ധതയായി അധഃപതിക്കില്ല. വിശുദ്ധലിഖിതങ്ങളെ സംബന്ധിച്ച് ഇത്തരത്തിൽ അധഃപതിക്കുന്ന വിശ്വാസമാണ് മൗലികവാദമായി പ്രത്യക്ഷപ്പെടുന്നത്. മറുവശത്ത്, ബൈബിളിൽ കാണുന്ന ചരിത്രപരമായ ഘടകങ്ങൾ അന്വേഷണവിധേയമാക്കുമ്പോൾ തന്റെ അന്വേഷണ മേഖലയ്ക്കുപുറത്തുള്ളയാതൊന്നും മുൻകൂർ തള്ളിക്കളയാത്ത, തുറന്ന മനസ്സുള്ള, ഒരു യുക്തിചിന്ത ഉണ്ടായിരിക്കണം. സത്യവും തന്റെ ജീവിതത്തിന്റെയും ചരിത്രത്തിന്റെയും ആത്യന്തികമായ അർത്ഥവും അന്വേഷിക്കുന്ന ഏതൊരാൾക്കും മനുഷ്യനായി അവതരിച്ച വചനത്തിന്റെ (*logos*) മതം തികച്ചും യുക്തിസഹമായി അനുഭവപ്പെടും.

## വാക്കുകളുടെ അക്ഷരാർത്ഥവും ആത്മീയമായ അർത്ഥവും

**37.** സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നും വിശുദ്ധലിഖിത വ്യാഖ്യാനത്തോട് അവർ സ്വീകരിച്ച സമീപനത്തിൽനിന്നും വിശുദ്ധഗ്രന്ഥം ശരിയായരീതിയിൽ വ്യാഖ്യാനിക്കുന്നതിനുള്ള വിലപ്പെട്ട സംഭാവന ലഭിക്കും എന്ന് സിനഡ് സമ്മേളനം പ്രഖ്യാപിക്കുകയുണ്ടായി.[117] ഇന്നും വളരെ വിലമതിക്കേണ്ട ഒരു ദൈവശാസ്ത്രമാണ് സഭാപിതാക്കന്മാർ അവതരിപ്പിക്കുന്നത്. കാരണം, വിശുദ്ധലിഖിതങ്ങളെ ഒന്നാകെ കണ്ട് ആഴത്തിൽ പഠിക്കുന്നതാണ് ആ ദൈവശാസ്ത്രത്തിന്റെ കാതൽ. പ്രാഥമികമായും അടിസ്ഥാനപരമായും സഭാപിതാക്കന്മാർ "വിശുദ്ധലിഖിതത്തിന്റെ വ്യാഖ്യാതാക്കളാണ്."[118] അവരുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനം "ആധുനിക വ്യാഖ്യാതാക്കളെ വിശുദ്ധലിഖിതങ്ങളെ യഥാർത്ഥത്തിൽ എങ്ങനെ മതപരമായി സമീപിക്കാം എന്ന് പഠിപ്പിക്കും. അതുപോലെതന്നെ, പരിശുദ്ധാരൂപി നയിക്കുന്നതനുസരിച്ച് ചരിത്രത്തിലൂടെ യാത്ര ചെയ്യുന്നത്."[119]

സഭയുടെ അനുഭവവുമായി എപ്പോഴും പൊരുത്തപ്പെടുന്ന, ആ അനുഭവവുമായി കൂട്ടായ്മ പുലർത്തുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന ഒരു വ്യാഖ്യാനം എങ്ങനെ സാദ്ധ്യമാകുമെന്നും ഇതിൽനിന്ന് പഠിക്കാൻ കഴിയും.

ആധുനിക വ്യാഖ്യാതാക്കൾക്ക് ലഭ്യമായ ചരിത്രപരവും ഭാഷാശാസ്ത്രപരവുമായ സഹായങ്ങൾ ലഭ്യമായിരുന്നില്ലെങ്കിലും പിതാക്കന്മാരുടെയും മദ്ധ്യമയുഗങ്ങളുടെയും പാരമ്പര്യത്തിന് വിശുദ്ധലിഖിതങ്ങളുടെ വിവിധതലങ്ങളിലുള്ള അർത്ഥം തിരിച്ചറിയാൻ കഴിഞ്ഞു; "അക്ഷരാർത്ഥത്തിൽ തുടങ്ങി, വിശുദ്ധഗ്രന്ഥത്തിലെ വാക്കുകളിൽ വെളിപ്പെടുന്ന അർത്ഥവും വ്യാഖ്യാതാക്കൾ അന്വേഷിച്ചു കണ്ടെത്തുന്ന അർത്ഥവും. ശരിയായ വ്യാഖ്യാനം സംബന്ധിച്ച ചട്ടങ്ങൾ പിൻതുടർന്നു കണ്ടെത്തുന്നതാണ് ഈ അർത്ഥം."[120] ഉദാഹരണത്തിന്, വിശുദ്ധ തോമസ് അക്വീനാസ് പറയുന്നത് ഇതാണ്. "വിശുദ്ധലിഖിതങ്ങളുടെ എല്ലാ അർത്ഥങ്ങളും വാക്കുകളുടെ അക്ഷരാർത്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്."[121] പിതാക്കന്മാരുടെ കാലത്തും മാദ്ധ്യമയുഗങ്ങളിലും എല്ലാവിധത്തിലുമുള്ള വിശുദ്ധലിഖിത വ്യാഖ്യാനങ്ങളും വിശ്വാസത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതായിരുന്നു എന്ന വസ്തുത ഓർമ്മിക്കേണ്ടതുണ്ട്. ഇതിൽ *വാച്യാർത്ഥവും ഉൾപ്പെടും. വാച്യാർത്ഥവും ആത്മീയമായ അർത്ഥവും* തമ്മിൽ എപ്പോഴും വേർതിരിവ് ഉണ്ടായിരുന്നില്ല. മദ്ധ്യമയുഗത്തിലെ ഒരു ഈരടി ഈ സന്ദർഭത്തിൽ ഉദ്ധരിക്കാവുന്നതാണ്. വിശുദ്ധലിഖിതത്തിനു വിവിധ തലങ്ങളിലുള്ള വ്യത്യസ്ത അർത്ഥം സൂചിപ്പിക്കുന്നതാണ് ഈ ഈരടി:

> "വാക്കുകൾ വിവരിക്കുന്നത് പ്രവർത്തനങ്ങളാണ്;
> എന്തുവിശ്വസിക്കണം എന്ന് സൂചിപ്പിക്കുന്നു, ഉപമകൾ
> നാം എന്തു ചെയ്യണം എന്നു പറയുന്നത് സദാചാരമൂല്യം;
> നാം എങ്ങോട്ട് പോകുന്നു എന്ന് കാട്ടിത്തരുന്നത് വ്യാഖ്യാനം"[122]

വാച്യാർത്ഥവും ആത്മീയമായ അർത്ഥവും തമ്മിലുള്ള

ഐക്യവും പരസ്പരബന്ധവും ഇവിടെ നമുക്ക് കാണാൻ കഴിയും. ആത്മീയമായ അർത്ഥം മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. വിശ്വാസത്തിന്റെ ഉള്ളടക്കം, സദാചാരജീവിതം, യുഗാന്ത്യം സംബന്ധിച്ച നമ്മുടെ പ്രതീക്ഷകൾ.

ചുരുക്കിപ്പറഞ്ഞാൽ, ചരിത്രപരമായ നിരൂപണ വ്യാഖ്യാനത്തിന്റെ സാധുതയും ആവശ്യവും പരിമിതികളും തിരിച്ചറിയുന്നതോടൊപ്പം "വിശുദ്ധഗ്രന്ഥവ്യാഖ്യാനം ലിഖിതങ്ങൾ യഥാർത്ഥത്തിൽ എന്താണോ ഉദ്ദേശിക്കുന്നത് അതിനോട് തികച്ചും വിശ്വസ്തത പുലർത്തുന്നത് അവ വ്യക്തമാക്കുന്ന വിശ്വാസസത്യങ്ങളുടെ ആവിഷ്കരണത്തിന്റെ കാതലായ അംശത്തിലേക്ക് കടന്നുചെല്ലുമ്പോൾ മാത്രമല്ല, നമ്മുടെ ഇന്നത്തെ ലോകത്തെ വിശ്വാസത്തിന്റെ അനുഭവത്തോട് ആ സത്യങ്ങൾക്കുള്ള ബന്ധം അന്വേഷിക്കുമ്പോഴും ആ വിശ്വസ്തത പുലർത്തുന്നുണ്ടെന്ന് സഭാപിതാക്കന്മാരുടെ വിശുദ്ധലിഖിത വ്യാഖ്യാനങ്ങളിൽനിന്ന് നാം പഠിക്കുന്നു."[123] ദൈവവചനം സജീവമാണെന്നും നമ്മുടെ ജീവിതത്തിൽ ഇപ്പോൾ, ഇവിടെ, നാം ഓരോരുത്തരോടും അത് സംസാരിക്കുന്നു എന്നും, ഈ പശ്ചാത്തലത്തിലേ നമുക്ക് തിരിച്ചറിയാൻ കഴിയുകയുള്ളൂ. ഈ അർത്ഥത്തിൽ, ആത്മീയമായ അർത്ഥത്തിനു പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ നൽകുന്ന നിർവ്വചനം ക്രൈസ്തവവിശ്വാസം മനസ്സിലാക്കുന്ന രീതിയിൽ, തികച്ചും സാധുവാണ്. "ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെയും അതിൽനിന്ന് പ്രവഹിക്കുന്ന പുതിയ ജീവന്റെയും പശ്ചാത്തലത്തിൽ, പരിശുദ്ധാരൂപിയുടെ മാർഗ്ഗദർശനം അനുസരിച്ചു വിശുദ്ധലിഖിതങ്ങൾ വായിക്കുമ്പോൾ അവയിൽനിന്നു ലഭിക്കുന്ന അർത്ഥം. ഈ പശ്ചാത്തലം യഥാർത്ഥത്തിൽ നിലവിലുണ്ട്. പുതിയനിയമം വിശുദ്ധലിഖിതങ്ങളുടെ പൂർത്തീകരണം തിരിച്ചറിയുന്നത് ഇതിലാണ്. അരൂപിയിലുള്ള ജീവിതത്തിന്റെ നവമായ പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ വിശുദ്ധലിഖിതങ്ങൾ ഒരു പുനർവായനയ്ക്കു വിധേയമാക്കേണ്ടത്, അതിനാൽ ഏറ്റവും അനുയോജ്യമായിത്തീരുന്നു."[124]

## “വാച്യാർത്ഥത്തിന്നപ്പുറം” പോകേണ്ടതിന്റെ ആവശ്യകത

**38.** വിശുദ്ധലിഖിതങ്ങളുടെ വ്യത്യസ്ത അർത്ഥങ്ങൾ എങ്ങനെ പരസ്പരം സ്വാധീനിക്കുന്നു, ബന്ധപ്പെട്ടിരിക്കുന്നു, എന്ന് വീണ്ടും കണ്ടെത്തുമ്പോൾ *അക്ഷരത്തിൽനിന്ന് അരൂപിയിലേക്കുള്ള കടന്നുപോകൽ* മനസ്സിലാക്കുക അവശ്യം വേണ്ട ഒരു കാര്യമായിത്തീരുന്നു. ഇത് യാതൊരു ബാഹ്യ ഇടപെടലും കൂടാതെ സ്വയം സംഭവിക്കുന്ന ഒരു കടന്നുപോകലല്ല. വാച്യാർത്ഥത്തിന് അപ്പുറത്തേക്കു കടക്കേണ്ടത് ആവശ്യമായിവരുന്നു. “ദൈവത്തിന്റെ വചനത്തെ, ഗ്രന്ഥഭാഗത്തെ ലിഖിതത്തോട് ഒരിക്കലും തുലനം ചെയ്യാനാവില്ല. ദൈവവചനത്തിൽ ചെന്നെത്താൻ കുറേക്കൂടി മുമ്പോട്ടുപോകേണ്ടിയിരിക്കുന്നു, അതിന് ഒരു പ്രക്രിയ ഉണ്ട്. വിശുദ്ധലിഖിതങ്ങളെ മൊത്തത്തിൽ സ്പർശിക്കുന്ന ഒരു ആന്തരിക ചലനത്താൽ നിയന്ത്രിക്കപ്പെടുന്ന ഒന്നാണ് ഈ പ്രക്രിയ. അങ്ങനെ അതും ഒരു സജീവപ്രക്രിയ ആകേണ്ടതുണ്ട്.”[125] ആധികാരികമായി വ്യാഖ്യാനിക്കുകയെന്ന പ്രക്രിയ ഒരിക്കലും കോവലമായ ഒരു ബൗദ്ധികപ്രവൃത്തിയല്ല; സജീവവും സഭയുടെ ജീവിതവുമായി പൂർണ്ണമായി ബന്ധപ്പെടേണ്ടതുമായ ഒരു പ്രക്രിയയാണ് അത്. സഭയുടെ ജീവിതമാകട്ടെ “അരൂപിക്കടുത്ത ഒരു ജീവിതമാണ്” (ഗലാ. 5:16). *ദൈവവചനം* എന്ന പ്രമാണരേഖയുടെ 12-ാം നമ്പറിൽ എടുത്തുപറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ ഇപ്പോൾ കൂടുതൽ വ്യക്തമാകുന്നു: ഒരു ഗ്രന്ഥത്തിന്റെ ഏതെങ്കിലും ഒരു ഭാഗം വേർപെടുത്തിയെടുത്താൽ അതിൽനിന്ന് ഈ മുമ്പോട്ടുള്ള നീക്കം ഉണ്ടാവുകയില്ല. വിശുദ്ധലിഖിതങ്ങൾ മുഴുവനോടും ബന്ധപ്പെടുത്തി ആ ഭാഗത്തെ കണ്ടാലേ ഈ പുരോഗതി സംഭവിക്കുകയുള്ളൂ. നാം മുമ്പോട്ട് നീങ്ങുന്നത് ഒരേഒരു ലക്ഷ്യത്തിലെത്തിച്ചേരാനാണ്. ദൈവത്തിന്റെ ഒരേഒരു വചനമാണ് ആ ലക്ഷ്യം. ഈ പ്രക്രിയയിൽ ആന്തരികമായ ഒരു നാടകം നടക്കുന്നുണ്ട്. കാരണം, പരിശുദ്ധാരൂപിയുടെ ശക്തി നാം ഓരോരു

ത്തരുടെയും സ്വാതന്ത്ര്യവുമായി ഇടപെടുന്നു. വിശുദ്ധ പൗലോസ് തന്റെ ജീവിതത്തിൽ ഈ പുരോഗതി, ഈ കട ന്നുപോകൽ, പൂർണ്ണമായും അനുഭവിച്ചറിഞ്ഞു. വിശുദ്ധന്റെ തന്നെ വാക്കുകളിൽ "എഴുതപ്പെട്ട നിയമം മൃതിപ്പെടുത്തുന്നു; ആത്മാവ് ജീവിപ്പിക്കുന്നു" (2 കോറി. 3:6). ഈ വാക്കുക ളിൽ വാച്യാർത്ഥത്തിനപ്പുറത്തേക്ക് കടക്കുന്നതിന്റെ പ്രാധാന്യം ശക്തമായ ഭാഷയിൽ വിശുദ്ധൻ എടുത്തുപറ യുന്നു. മുഴുവൻ ലിഖിതങ്ങളുടെയും പശ്ചാത്തലത്തിലേ ഒരു പാഠഭാഗം ഗ്രഹിക്കാൻ കഴിയൂ. "സ്വാതന്ത്ര്യത്തിന്റെ ആത്മാ വിന് ഒരു പേരുണ്ടെന്ന്" പൗലോസ് കണ്ടെത്തി. 'അതു കൊണ്ട് ആ സ്വാതന്ത്ര്യത്തിന് ഒരു ആന്തരികമാനദണ്ഡമു ണ്ട്.' 'കർത്താവ് ആത്മാവാണ്. കർത്താവിന്റെ ആത്മാവു ള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്' (2 കോറി. 3:17). വ്യാഖ്യാതാവിന്റെ സ്വന്തം ആശയമോ സ്വന്തം കാഴ്ചപ്പാടോ അല്ല സ്വാതന്ത്ര്യ ത്തിന്റെ ആത്മാവ്. ആത്മാവ് ക്രിസ്തുവാണ്; ക്രിസ്തു നമുക്ക് വഴികാട്ടുന്ന കർത്താവാണ്.[126] "ഈ വചനഭാഗം ഒരേ സമയം നാടകീയവും സ്വാതന്ത്ര്യം നൽകുന്നതുമായി വിശുദ്ധ ആഗസ്തീനോസിനും അനുഭവപ്പെട്ടു. വിശുദ്ധലിഖിതങ്ങൾ ആദ്യം പരസ്പരം ബന്ധമില്ലാത്തതും — ചിലയിടങ്ങളിൽ അപരിഷ്കൃതവുമായി — വിശുദ്ധന് അനുഭവപ്പെട്ടു. എന്നാൽ ക്രമേണ വാച്യാർത്ഥത്തിന്നപ്പുറം പോകുക എന്ന പ്രക്രിയ വഴി വിശുദ്ധലിഖിതത്തിൽ വിശ്വസിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ വ്യാഖ്യാനരീതി വിശുദ്ധ അംബ്രോസിൽനി ന്നാണ് അഗസ്റ്റിൻ അഭ്യസിച്ചത്. സൂചകോപദേശത്തെ (typology) ആധാരമാക്കിയുള്ള വ്യാഖ്യാനമാണ് വിശുദ്ധ അംബ്രോസ് നടത്തിയിരുന്നത്. ഈ സമീപനത്തിൽ പഴയ നിയമം മുഴുവനും യേശുക്രിസ്തുവിലേക്കുള്ള ഒരു പാത യാണ്. വിശുദ്ധ ആഗസ്തീനോസിനും വാച്യാർത്ഥത്തിന്ന പ്പുറത്തേക്കു കടക്കാൻ കഴിഞ്ഞപ്പോൾ വാക്കുകൾതന്നെ വിശ്വാസയോഗ്യമായി. തന്റെയുള്ളിൽ അനുഭവപ്പെട്ട അസ്വ സ്ഥതയ്ക്കും സത്യത്തിനുവേണ്ടിയുള്ള ദാഹത്തിനും പരി

ഹാരം വിശുദ്ധലിഖിതങ്ങളിൽ കണ്ടെത്തണം. അവസാനം അദ്ദേഹത്തതിനുകഴിഞ്ഞു.[127]

## ബൈബിളിന്റെ ആന്തരിക ഐക്യം

**39.** അക്ഷരത്തിൽനിന്നും അരൂപിയിലേക്കുള്ള പ്രയാണ ത്തിൽ എല്ലാ വിശുദ്ധലിഖിതങ്ങളുടെയും ഐക്യം നാം മന സ്സിലാക്കുന്നു. സഭയുടെ മഹത്തായ പാരമ്പര്യത്തിൽനിന്നു കൊണ്ടാണ് ഇത് സാധിക്കുന്നത്. നമ്മുടെ ജീവിതത്തെ വെല്ലുവിളിക്കുകയും മാനസാന്തരത്തിലേക്ക് നമ്മെ നിരന്തരം ക്ഷണിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വചനത്തിലാണ് വിശുദ്ധലിഖിതങ്ങളുടെ ഐക്യം സ്ഥിതിചെയ്യുന്നത്.[128] ഇവിടെ ഹ്യൂവിലെ വിശുദ്ധ വിക്ടറിന്റെ വാക്കുകൾ ശരി യായ വഴികാട്ടിത്തരുന്ന മാർഗ്ഗദർശിയാണ്. "എല്ലാ വിശുദ്ധ ലിഖിതങ്ങളുംകൂടി ഒരു പുസ്തകമാണ്; ഈ പുസ്തകം ക്രിസ്തുവാണ്; ക്രിസ്തുവിനെപ്പറ്റി സംസാരിക്കുന്ന ഒരു പുസ്തകം; ഇതിന്റെ പൂർത്തീകരണവും ക്രിസ്തുവിലാ ണ്."[129] ചരിത്രപരമായും സാഹിത്യപരമായും നോക്കിയാൽ ബൈബിൾ ഒരു പുസ്തകമല്ല എന്നു വ്യക്തം. ആയിരമോ അതിലധികമോ വർഷങ്ങൾക്കിടക്ക് രചിക്കപ്പെട്ട സാഹിത്യ കൃതികളുടെ ഒരു സമാഹാരമാണ് ബൈബിൾ. അതിലെ ഓരോ ഗ്രന്ഥവുമെടുത്താൽ ബൈബിളിന് ഒരു ആന്തരിക ഐക്യമുള്ളതായി തോന്നില്ല. നേരേമറിച്ച് പരസ്പര വിരു ദ്ധമായ കാര്യങ്ങൾ വ്യത്യസ്ത കൃതികളിൽ കാണപ്പെടു ന്നുമുണ്ട്. ക്രൈസ്തവർ പഴയനിയമം എന്നുവിളിക്കുന്ന ഇസ്രായേലിന്റെ ബൈബിളിൽതന്നെ ഈ പൊരുത്തക്കേടു കൾ പ്രകടമായിരുന്നു. ക്രൈസ്തവരായ നാം പുതിയ നിയ മവും അതിലെ ഗ്രന്ഥങ്ങളും ഇസ്രായേലിന്റെ ബൈബിൾ മനസ്സിലാക്കാനുള്ള ഒരു ഉപാധിയായി പ്രയോജനപ്പെടുത്തു മ്പോൾ ഈ പൊരുത്തക്കേടുകൾ കുറെക്കൂടി വ്യക്തമാകും. ക്രിസ്തുവിലേക്ക് നയിക്കുന്ന പാതയാണ് പഴയനിയമം എന്ന സമീപനത്തിലാണ് പുതിയനിയമത്തെ പഴയനിയമവുമായി

നാം ബന്ധപ്പെടുത്തുന്നത്. പുതിയ നിയമത്തിൽ അധികം ഉപയോഗിക്കാത്ത ഒരു പദമാണ് 'ലിഖിതം' (വിശുദ്ധലിഖിതം) (cf. റോമാ. 4:3; 1 പത്രോ. 2:6). 'വിശുദ്ധലിഖിതങ്ങൾ' എന്നാണ് പുതിയനിയമത്തിൽ പ്രായേണ പ്രയോഗിച്ചിരിക്കുന്നത് (cf. മത്താ. 21:43; യോഹ. 5:39; റോമാ. 1:2; 2 പത്രോ. 3:16). ലിഖിതങ്ങൾ എന്ന ബഹുവചനരൂപമാണ് ഉപയോഗിക്കുന്നതെങ്കിലും അവയെല്ലാംകൂടി ദൈവം നമ്മോട് പറയുന്ന ഒറ്റവാക്കായി, വചനമായി, കരുതപ്പെടുന്നു.[130] ഏക 'വചനവു'മായി ബന്ധപ്പെടുത്തി വിശുദ്ധലിഖിതങ്ങൾക്കെല്ലാം ഐക്യം നൽകുന്നത് ക്രിസ്തു എന്ന വ്യക്തിയാണെന്നും ഇത് വിശദമാക്കുന്നു. *ദൈവവചനം* എന്ന പ്രബോധനരേഖയിലെ 12-ാം നമ്പർ ഈ രീതിയിൽ ഗ്രഹിക്കാൻ നമുക്ക് കഴിയും. മുഴുവൻ ബൈബിളിലും കാണപ്പെടുന്ന ആന്തരിക ഐക്യം വിശ്വാസത്തിന്റെ ശരിയായ, വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ, വ്യാഖ്യാനത്തിനുള്ള മാനദണ്ഡമാണ് എന്നതിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

## പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം

**40.** ക്രിസ്തുവിൽ വിശുദ്ധലിഖിതങ്ങൾക്കുള്ള ഈ ഐക്യത്തിന്റെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രജ്ഞന്മാർക്കും അജപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഒരുപോലെ പുതിയനിയമവും പഴയനിയമവും തമ്മിലുള്ള ബന്ധം സംബന്ധിച്ച അവബോധം ഉണ്ടായിരിക്കേണ്ടതാണ്. *പുതിയനിയമംതന്നെ പഴയനിയമത്തെ ദൈവവചനമായി അംഗീകരിക്കുന്നുണ്ടെന്ന് വ്യക്തമാണ്.* ഇത് ആദ്യമേ മനസ്സിലാക്കണം. അങ്ങനെ യഹൂദരുടെ വിശുദ്ധലിഖിതങ്ങളുടെ ആധികാരികത അംഗീകരിക്കുകയും ചെയ്യുന്നു.[131] പഴയനിയമത്തിലെ ഭാഷതന്നെ ഉപയോഗിച്ചുകൊണ്ടും കൂടെക്കൂടെ പഴയനിയമത്തിലെ പാഠഭാഗങ്ങളെ പരാമർശിച്ചുകൊണ്ടും പരോക്ഷമായി പുതിയനിയമം ഇത് അംഗീകരിക്കുന്നു. വാദ

ഗതികൾക്ക് അടിസ്ഥാനമായി പഴയനിയമത്തിൽനിന്ന് അനേകം ഉദ്ധരണികൾ നൽകുകവഴി പ്രത്യക്ഷമായും ഇത് അംഗീകരിക്കുന്നു. പുതിയനിയമത്തിൽ പഴയനിയമത്തിൽനിന്ന് ഉദ്ധരിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വാദത്തിനു തികച്ചും മാനുഷികം മാത്രമായ വാദത്തെക്കാൾ നിർണ്ണായക മേന്മയുണ്ട്. നാലാമത്തെ സുവിശേഷത്തിൽ "വിശുദ്ധലിഖിതം നിറവേറാതിരിക്കില്ലല്ലോ" എന്ന് യേശു പറയുന്നു (യോഹ. 10:35). പഴയനിയമത്തിലെ വെളിപാട് ക്രൈസ്തവരായ നമ്മെ സംബന്ധിച്ചും സാധുവാണെന്ന് വിശുദ്ധ പൗലോസ് പറയുന്നു (cf. റോമാ. 15:4; 1 കോറി. 10:11).[132] "നസറായനായ യേശു ഒരു യഹൂദനായിരുന്നു എന്നും സഭയുടെ ജന്മഭൂമി വിശുദ്ധനാടുകളാണെന്നും നമ്മളും പ്രഖ്യാപിക്കുന്നു."[133] ക്രൈസ്തവമതത്തിന്റെ വേരുകൾ പഴയനിയമത്തിലാണ്; ക്രൈസ്തവമതം നിരന്തരമായി പരിപോഷിപ്പിക്കപ്പെടുന്നതും ഈ വേരുകൾവഴിയാണ്. അതുകൊണ്ട് മാർസിയനിസത്തിന്റെ എല്ലാ ആധുനിക രൂപങ്ങളെയും ശരിയായ ക്രൈസ്തവ പ്രബോധനം ചെറുത്തിട്ടുണ്ട്. പഴയനിയമം വിവിധരീതിയിൽ പുതിയനിയമത്തിനെതിരാണെന്ന കാഴ്ചപ്പാടാണ് മാർസിയനിസത്തിനുള്ളത്.[134]

കൂടാതെ, പുതിയനിയമംതന്നെ അത് പഴയനിയമവുമായി പൊരുത്തപ്പെട്ടുപോകുന്നതാണെന്ന് അവകാശപ്പെടുന്നു. ക്രിസ്തുവിന്റെ ജീവിതത്തിലും മരണത്തിലും ഉയർത്തെഴുന്നേല്പിലും, ഈ മഹാരഹസ്യങ്ങളിൽ, യഹൂദജനത്തിന്റെ വിശുദ്ധലിഖിതങ്ങൾ സമ്പൂർണ്ണമായും പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്നും പുതിയനിയമം പ്രഖ്യാപിക്കുന്നു. 'വിശുദ്ധലിഖിതങ്ങളുടെ പൂർത്തീകരണം' എന്ന ആശയം സങ്കീർണ്ണമാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം, ഇതിന് മൂന്ന് വ്യത്യസ്തമാനങ്ങളുണ്ട്. പഴയനിയമത്തിലെ വെളിപാടിന്റെ *തുടർച്ചയാണ്* (*continuity*) പുതിയനിയമം എന്ന അടിസ്ഥാനപരമായ വസ്തുത; *രണ്ടും രണ്ടാണെന്ന* വസ്തുത (*discontinuity*); *പൂർത്തീകരിക്കലിന്റെയും അതീന്ദ്രിയത്വ*

*ത്തിന്റെ*യും മാനം (*fulfilment* and *transcendence*). പഴയനിയമത്തിലെ ബലിഅർപ്പിക്കലിന്റെ തുടർച്ചയാണ് ക്രിസ്തുവിന്റെ ദിവ്യരഹസ്യം – ബലിയുടെ ഉദ്ദേശം സംബന്ധിച്ചാണ് ഈ നൈരന്തര്യം. എന്നാൽ ഇത് സംഭവിക്കുന്നത് വളരെ വ്യത്യസ്തമായ രീതിയിലാണ്. അനേകം പ്രവചനങ്ങളുടെ പൂർത്തീകരണമായാണ് ഇത് സംഭവിക്കുന്നത്. അങ്ങനെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു പരിപൂർണ്ണത ഈ പുതിയനിയമത്തിലെ ബലിക്കുണ്ടായി. പഴയനിയമത്തിൽ സ്ഥാപനപരമായ ഭാവവും പ്രവചനത്തിന്റേതായ ഭാവവും തമ്മിൽ ധാരാളം സംഘർഷങ്ങളുണ്ടായിട്ടുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യം വിശുദ്ധലിഖിതങ്ങളിലെ പ്രവചനങ്ങളുമായും സൂചനകളുമായും പൂർണ്ണമായും പൊരുത്തം നിലനിർത്തുന്നുണ്ട്. മുൻകൂട്ടികാണാൻ കഴിയാത്ത ഒരു രീതിയിലാണെങ്കിൽക്കൂടി ഈ പൊരുത്തം ഉണ്ടായിരുന്നു. അതേസമയം തന്നെ പഴയനിയമത്തിലെ സ്ഥാപിതാചാരങ്ങളുമായി ഒട്ടും പൊരുത്തമില്ലെന്നതും വ്യക്തമാണ്.

**41.** ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പഴയനിയമത്തിന് അനന്യമായ പ്രാധാന്യമുണ്ടെന്നു കാണിക്കുന്നതാണ് ഈ വിചിന്തനങ്ങൾ. അതേസമയംതന്നെ ക്രിസ്തുവിജ്ഞാനീയമായ വ്യാഖ്യാനത്തിന്റെ പുതുമയും ഇത് വെളിപ്പെടുത്തുന്നു. അപ്പോസ്തലന്മാരുടെ കാലംതൊട്ടുതന്നെ തിരുസഭ അതിന്റെ സജീവ പാരമ്പര്യത്തിൽ സൂചകോപദേശ വ്യാഖ്യാനത്തിലൂടെ പഴയ നിയമത്തിലും പുതിയ നിയമത്തിലും പ്രകടമാകുന്നത് ദൈവത്തിന്റെ ഒരേ പദ്ധതിയാണ് എന്ന വസ്തുത ഊന്നിപ്പറഞ്ഞിട്ടുണ്ട്; ഈ പ്രക്രിയ ആർക്കും തന്നിഷ്ടപ്രകാരം പിന്തുടരാവുന്ന ഒന്നല്ല. വിശുദ്ധഗ്രന്ഥത്തിൽ വിവരിക്കുന്ന സംഭവങ്ങളുമായി ആന്തരികബന്ധം പുലർത്തുന്ന ഒരു വ്യാഖ്യാനരീതിയാണ് ഇത്. അങ്ങനെ അതു വിശുദ്ധ ലിഖിതങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്നു. “സൂചകോപദേശം (typology) പഴയനിയമത്തിലെ ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ കാലത്തിന്റെ തികവിൽ മനുഷ്യനായിപ്പിറന്ന ദൈവ

പുത്രൻ പൂർത്തീകരിച്ച എല്ലാ പ്രവർത്തനങ്ങളുടെയും മുൻകൂർ സൂചന കാണുന്നു."[135] ക്രൈസ്തവർ പഴയനിയമം വായിക്കുന്നത് കുരിശുമരണം വരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തുവിന്റെ വെളിച്ചത്തിലാണ്. പുതിയനിയമത്തിന്റെ കാഴ്ചപ്പാടിൽ നിന്നുനോക്കുമ്പോൾ സൂചകോപദേശരീതിയിലുള്ള വ്യാഖ്യാനം പഴയനിയമത്തിൽ വളരെയധികം വസ്തുതകൾ അടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും; പഴയനിയമത്തിന് വെളിപാടെന്നനിലയിൽ അതിന്റേതായ മൂല്യമുണ്ടെന്ന വസ്തുത നാം വിസ്മരിക്കരുത്. ഇത് കർത്താവ് തന്നെ എടുത്തുപറഞ്ഞിട്ടുള്ളതാണ് (cf. മർക്കോ. 12:29–31). ഇക്കാരണത്താൽ "പഴയനിയമത്തിന്റെ വെളിച്ചത്തിലാണ് പുതിയനിയമം വായിക്കേണ്ടത്. ക്രൈസ്തവ മതബോധനം നിരന്തരം പഴയനിയമത്തെ പ്രയോജനപ്പെടുത്തിയിരുന്നു" (cf. 1 കോറി. 5:6–8; 1 കോറി. 10:1–11).[136] "യഹൂദർ ബൈബിളിനെ എങ്ങനെ മനസ്സിലാക്കുന്നു എന്നത് വിശുദ്ധലിഖിതങ്ങൾ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ക്രൈസ്തവർക്ക് സഹായകമാകാം." എന്ന് സിനഡ് പിതാക്കന്മാർ പറഞ്ഞത് ഈ കാരണത്താലാണ്.[137] "പഴയനിയമം പുതിയനിയമത്തിൽ അന്തർഭവിച്ചിരിക്കുന്നു. പുതിയനിയമമാകട്ടെ പഴയനിയമത്തെ വെളിച്ചത്തുകൊണ്ടുവരുന്നു"[138] എന്ന് വിശുദ്ധ അഗസ്തീനോസ് സൂക്ഷ്മദൃഷ്ടിയോടെ കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് പഴയ നിയമവും പുതിയനിയമവും തമ്മിലുള്ള ഗാഢമായ ബന്ധം  വ്യക്തമായി വെളിച്ചത്തുകൊണ്ടുവരേണ്ടത് അജപാലന സാഹചര്യങ്ങളിലും പഠനവേദികളിലും വളരെ പ്രാധാന്യമർഹിക്കുന്നു. "പഴയനിയമം വാഗ്ദാനം ചെയ്തത് പുതിയനിയമം ദൃശ്യമാക്കി; പഴയനിയമം നിഗൂഢമായ രീതിയിൽ പറഞ്ഞുവച്ചത് പുതിയനിയമം വർത്തമാനകാലത്ത് നടക്കുന്നതുപോലെ തുറന്നുപ്രഖ്യാപിക്കുന്നു. അതുകൊണ്ട് പഴയനിയമം, പുതിയനിയമം സംബന്ധിച്ച ഒരു പ്രവചനമാണ് പുതിയനിയമമാണ് പഴയനിയമത്തിന്റെ ഏറ്റവും നല്ല

വിവരണം." എന്ന് മഹാനായ വിശുദ്ധ ഗ്രിഗറി പറഞ്ഞതിന് അനുസൃതമാണ് ഈ സമീപനം.[139]

## ബൈബിളിലെ "ഇരുളടഞ്ഞ" പാഠഭാഗങ്ങൾ

**42.** പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം ചർച്ചചെയ്യുമ്പോൾ ബൈബിളിന്റെ ചില പാഠഭാഗങ്ങളിൽ കാണുന്ന അക്രമവും അസന്മാർഗ്ഗികതയും ആ പാഠഭാഗങ്ങളെ അവ്യക്തവും ഗ്രഹിക്കാൻ പ്രയാസമുള്ളതുമാക്കിത്തീർക്കുന്നു എന്നതും സിനഡ് ചർച്ചചെയ്തു. ഇവിടെ നാം ഓർമ്മിച്ചിരിക്കേണ്ട ഒന്നാമത്തെ കാര്യം ബൈബിളിലെ വെളിപാട് ചരിത്രത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ളതാണ് എന്നത്രേ. ദൈവത്തിന്റെ പദ്ധതി പടിപടിയായിട്ടാണ് വെളിപ്പെടുത്തുന്നത്. മനുഷ്യന്റെ ചെറുത്തുനില്പുണ്ടായിട്ടുകൂടി പല ഘട്ടങ്ങളിലായിട്ട് ഈ വെളിപ്പെടുത്തൽ പൂർത്തിയാക്കപ്പെട്ടിട്ടുമുണ്ട്. ദൈവം ഒരു ജനത്തെ തെരഞ്ഞെടുത്തു. അവർക്ക് മാർഗ്ഗദർശനം നൽകുന്നതിനും വിദ്യാഭ്യാസം നല്കുന്നതിനും ക്ഷമാപൂർവ്വം ദൈവം പരിശ്രമിച്ചു. വിദൂരമായ കാലഘട്ടങ്ങളിലെ സാംസ്കാരികവും സദാചാരപരവുമായ തലങ്ങൾക്ക് അനുയോജ്യമാംവിധമാണ് വെളിപാട് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അത്തരം കൃത്യങ്ങളുടെ അസാന്മാർഗ്ഗികതയെ തുറന്നു തള്ളിപ്പറയാതെ ചതി, കൃത്രിമം, ക്രൂരകൃത്യങ്ങൾ, കൂട്ടക്കൊല തുടങ്ങിയ സംഭവങ്ങളേയും, ആചാരങ്ങളേയും വിവരിക്കുന്നുണ്ട്. ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഇതു വിശദീകരിക്കാൻ കഴിയും. എങ്കിലും ഇക്കാലത്തെ അനുവാചകർക്ക് ഇത് സംഭ്രമം ഉണ്ടാക്കിയേക്കാം, പ്രത്യേകിച്ചും നൂറ്റാണ്ടുകളിലൂടെ നടത്തിയിട്ടുള്ള നമ്മുടെ കാലഘട്ടത്തിലും നടക്കുന്ന, അനേകം "ഇരുണ്ട സംഭവങ്ങൾ കണക്കിലെടുക്കാത്തവരാണ് അവരെങ്കിൽ. പഴയനിയമത്തിൽ പ്രവാചകന്മാരുടെ വാക്കുകൾ എല്ലാത്തരം അനീതിയേയും അക്രമങ്ങളെയും ശക്തമായി വെല്ലുവിളിച്ചിരിക്കുന്നു. അക്രമവും അനീതിയും ഒരു വ്യക്തിയുടേതാകട്ടെ സമൂഹ

ത്തിന്റേതാകട്ടെ അതിനെ പ്രവാചകന്മാർ ചോദ്യം ചെയ്തിരുന്നു. അപ്രകാരം സുവിശേഷത്തിനായി ജനത്തെ പരിശീലിപ്പിക്കുന്നതിന് ദൈവം തിരഞ്ഞെടുത്ത മാർഗ്ഗമായിരുന്നു ഇത്. അതുകൊണ്ട് വിശുദ്ധലിഖിതങ്ങളിലെ ഇത്തരം പാഠഭാഗങ്ങൾ അവ പ്രശ്നങ്ങൾ നിറഞ്ഞതാണ് എന്നതിന്റെ പേരിൽ അവഗണിക്കുന്നത് ശരിയായിരിക്കുകില്ല. നേരെമറിച്ച്, ഇത്തരം പാഠഭാഗങ്ങൾ വ്യാഖ്യാനിക്കുന്നതിന് പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമാണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ചരിത്രത്തിന്റെയും സാഹിത്യത്തിന്റേയും പശ്ചാത്തലത്തിൽ ക്രൈസ്തവകാഴ്ചപ്പാടിൽ നിന്നുകൊണ്ട് പാഠഭാഗങ്ങൾ വ്യാഖ്യാനിക്കാനുള്ള പരിശീലനത്തിലൂടെ നേടേണ്ടതാണ് ഈ വൈദഗ്ദ്ധ്യം. ഈ ക്രൈസ്തവ കാഴ്ചപ്പാടാണ്, "സുവിശേഷവും പെസഹാരഹസ്യത്തിലൂടെ യേശുക്രിസ്തു കൊണ്ടുവന്ന പുതിയ കല്പനയും മനസ്സിലാക്കാനുള്ള; ആ വിജ്ഞാനത്തിന്റെ അറ തുറക്കാനുള്ള, വിശുദ്ധലിഖിത വ്യാഖ്യാനത്തിന്റെ അവസാനത്തെ താക്കോൽ.[140] ഈ പാഠഭാഗങ്ങളെ, ക്രിസ്തുവാകുന്ന ദിവ്യരഹസ്യത്തിന്റെ വെളിച്ചത്തിൽ അർത്ഥം മനസ്സിലാക്കാനാകുന്ന ഒരു വ്യാഖ്യാനത്തിലൂടെ സമീപിക്കുവാൻ എല്ലാ വിശ്വാസികളേയും സഹായിക്കണമെന്ന് പണ്ഡിതന്മാരെയും അജപാലകരെയും ഞാൻ ഉത്ബോധിപ്പിക്കുന്നു.

## ക്രൈസ്തവരും യഹൂദരും വിശുദ്ധലിഖിതങ്ങളും

**43.** പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ഗാഢമായ ബന്ധം പരിശോധിച്ചശേഷം, സ്വാഭാവികമായും ക്രൈസ്തവരും യഹൂദരും തമ്മിലുള്ള സവിശേഷമായ ബന്ധത്തിലേക്ക് നാം ശ്രദ്ധതിരിക്കുന്നു. ഈ ബന്ധം ഒരിക്കലും അവഗണിച്ചുകൂടാ. ജോൺപോൾ രണ്ടാമൻ മാർപാപ്പ യഹൂദന്മാരോട് സംസാരിച്ചപ്പോൾ, അവരെ, "നമ്മുടെ പിതാവായ അബ്രാഹമിന്റെ വിശ്വാസത്തിൽ നമ്മുടെ പ്രിയപ്പെട്ട സഹോദരന്മാർ" എന്നു വിളിച്ചു.[141] ഈ വസ്തുത അംഗീകരിക്കു

ന്നത് പഴയനിയമത്തിലെ സ്ഥാപിതാചാരങ്ങളുമായി തുടർച്ച ഇല്ല എന്ന് പുതിയനിയമം എടുത്തുപറയുന്ന സന്ദർഭങ്ങളെ കണക്കിലെടുക്കരുത്, എന്ന് അർത്ഥമാക്കുന്നില്ല. വിശുദ്ധലിഖിതങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് യേശുക്രിസ്തുവാകുന്ന ദിവ്യരഹസ്യങ്ങളിലാണെന്ന വസ്തുതയും അവഗണിച്ചുകൊണ്ടല്ല യേശുക്രിസ്തു മിശിഹായും, ദൈവപുത്രനുമാണെന്ന് അംഗീകരിച്ചുകൊണ്ടാണ് ഇത് പറയുന്നത്. അതുപോലെ ഇരു നിയമങ്ങളും തമ്മിൽ അടിസ്ഥാനപരമായി ആഴമേറിയ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അവ പരസ്പരം ശത്രുത പുലർത്തുന്നു എന്ന് അർത്ഥമില്ല. വിശുദ്ധ പൗലോസിന്റെ മാതൃക (cf. റോമാ. 9:11) നമ്മെ പഠിപ്പിക്കുന്നത്: "യഹൂദജനതയോട്, ആദരവിന്റെയും മതിപ്പിന്റെയും സ്നേഹത്തിന്റെയും അരൂപിയിൽ വർത്തിക്കുക എന്നതാണ് ക്രിസ്തീയമായ ഏക മനോഭാവം എന്നത്രേ. ഇന്നത്തെ സാഹചര്യത്തിൽ, മുഴുവൻ ക്രിയാത്മകമായ ദൈവികപദ്ധതിയുടെ രഹസ്യത്തിന്റെ ഭാഗമാണത്." യഹൂദന്മാരെപ്പറ്റി അദ്ദേഹം പറയുന്നത് ഇതാണ്. "തെരഞ്ഞെടുപ്പ് സംബന്ധിച്ചാകട്ടെ, അവരുടെ പൂർവ്വികരെപ്രതി അവർ സ്നേഹഭാജനങ്ങളാണ്. എന്തെന്നാൽ ദൈവത്തിന്റെ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല" (റോമാ. 11:28,29).

ക്രൈസ്തവരും യഹൂദരും തമ്മിലുള്ള ഗാഢമായ ബന്ധം വിവരിക്കുന്നതിന് വിശുദ്ധ പൗലോസ് ഒലിവ് വൃക്ഷത്തിന്റെ മനോഹരമായ ഉപമ പ്രയോജനപ്പെടുത്തുന്നു. വിജാതീയരുടെ സഭ കാട്ടിലെ ഒരു ഒലിവ് ചെടിപോലെയാണ് ഉടമ്പടിയുടെ ജനമായ നല്ല ഒലിവുചെടിയിൽ ഈ കാട്ട് ഒലിവിനേ ഒട്ടിക്കുന്നു, ഗ്രാഫ്റ്റു ചെയ്യുന്നു (cf. റോമാ. 11:17-24). വേറൊരുരീതിയിൽ പറഞ്ഞാൽ, നമ്മെ പരിപോഷിപ്പിക്കുന്നത് ഒരേ ആത്മീയ വേരുകളാണ്. ചരിത്രത്തിന്റെ ചില നിമിഷങ്ങളിൽ സംഘർഷത്തിന്റെ ബന്ധം പുലർത്തിയിരുന്നവരും എന്നാൽ ഇന്ന് ശാശ്വതമായ സൗഹൃദത്തിന്റെ പാലങ്ങൾ പണിയാൻ ഉറച്ച പ്രതിബദ്ധതയുള്ളവരുമായ സഹോദരീസ

ഹോദരന്മാരെപ്പോലെ നാം പരസ്പരം കണ്ടുമുട്ടുന്നു, ഇട പെടുന്നു.[143] മറ്റൊരവസരത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ പറഞ്ഞു: "നമുക്ക് ഒട്ടേറെ കാര്യങ്ങൾ പൊതുവായുണ്ട്, നാം സഹകരിച്ച് പ്രവർത്തിച്ചാൽ സമാ ധാനത്തിനും നീതിക്കും കുറേക്കൂടി സൗഹാർദ്ദവും മനുഷ്യ ത്വവുമുള്ള ഒരു ലോകത്തിനുംവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും."[144]

*യഹൂദരുമായുള്ള ചർച്ചകൾ* തിരുസഭ എത്രമാത്രം വില മതിക്കുന്നു എന്ന് ഒരിക്കൽക്കൂടി എടുത്തുപറയുവാൻ ഞാനാ ഗ്രഹിക്കുന്നു. ഉചിതമായ സന്ദർഭങ്ങളിലെല്ലാം പരസ്യമായും വ്യക്തികളെന്നനിലയിലും കണ്ടുമുട്ടുന്നതിനും ആശയവിനി മയം നടത്തുന്നതിനും അവസരങ്ങൾ സൃഷ്ടിക്കുന്നത് നന്നാ യിരിക്കും. അങ്ങനെ പരസ്പരം അറിയുന്നതിനും പരസ്പ രബഹുമാനവും സഹകരണവും വളർത്തുന്നതിനും കഴിയും. അതുപോലെതന്നെ, വിശുദ്ധലിഖിതങ്ങളുടെ പഠനത്തിലൂടെ പരസ്പരമുള്ള അറിവ് വളർത്തുന്നതിനും സാധിക്കും.

## മൗലികവാദപരമായ വിശുദ്ധലിഖിതവ്യാഖ്യാനം

**44.** ബൈബിൾ വ്യാഖ്യാനം സംബന്ധിച്ചുള്ള വ്യത്യസ്ത സമീപനങ്ങളിൽ ശ്രദ്ധ പതിപ്പിച്ച നമുക്ക് സിനഡിൽ പല പ്പോഴും ചർച്ചചെയ്യപ്പെട്ട മറ്റൊരു വിഷയം ഇപ്പോൾ പരിശോ ധിക്കാൻ കഴിയും: മൗലികവാദപരമായ വിശുദ്ധലിഖിത വ്യാഖ്യാനരീതി.[145] പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ ബൈബിൾ വ്യാഖ്യാനം സഭയിൽ, എന്ന പ്രമാണരേഖയിൽ സുപ്രധാനമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. വിശുദ്ധഗ്രന്ഥത്തിന്റെ ആധികാരികതയെ മാനിക്കാത്ത ചില സമീപനങ്ങളെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. അവർ വ്യക്തിഗതവും നിരങ്കുശവുമായ രീതിയിൽ പാഠഭാഗങ്ങൾ വ്യാഖ്യാനിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. "അക്ഷ രാർത്ഥത്തിലൂന്നിയ" മൗലികമായ വ്യാഖ്യാനം യഥാർത്ഥ ത്തിൽ ഗ്രന്ഥത്തിന്റെ വാച്യാർത്ഥത്തേയും ആത്മീയമായ

പൊരുളിനേയും ഒറ്റിക്കൊടുക്കുകയാണ് ചെയ്യുന്നത്. വിവിധ രീതിയിലുള്ള കൃത്രിമ വ്യാഖ്യാനരൂപങ്ങൾക്ക് ഇത് വഴിതുറക്കുന്നു. ഉദാഹരണത്തിന് സഭാവിരുദ്ധമായ വിശുദ്ധ ലിഖിതവ്യാഖ്യാനങ്ങൾ അവർ പ്രചരിപ്പിക്കുന്നു. "മൗലികവാദപരമായ വ്യാഖ്യാനത്തിലെ അടിസ്ഥാനപരമായ പ്രശ്നം ബൈബിളിലെ വെളിപാടിന്റെ ചരിത്രപരമായ സ്വഭാവം കണക്കിലെടുക്കുന്നില്ല എന്നതാണ്. അതുകൊണ്ട് മനുഷ്യാവതാരത്തിന്റെപോലും പൂർണ്ണമായ സത്യം അംഗീകരിക്കാൻ ഇത്തരം വ്യാഖ്യാനങ്ങൾക്ക് കഴിയാതെപോകുന്നു. ദൈവവുമായുള്ള ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യരും ദൈവവും തമ്മിലുള്ള അടുപ്പത്തിൽ നിന്ന് രക്ഷപ്പെടാനാണ് മൗലികവാദികൾ ശ്രമിക്കുന്നത്.... ഇക്കാരണത്താൽ പരിശുദ്ധാരൂപി ഓരോ വാക്കും പറഞ്ഞുകൊടുത്ത് എഴുതിച്ചു എന്ന രീതിയിൽ അവർ ഗ്രന്ഥത്തെ കൈകാര്യം ചെയ്യുന്നു. വിവിധ കാലഘട്ടങ്ങളിലെ ഭാഷയും ആവിഷ്കരണരീതികളും അനുസരിച്ചാണ് ദൈവവചനം രൂപം പ്രാപിച്ചിട്ടുള്ളത് എന്നത് തിരിച്ചറിയാൻ കഴിയുന്നില്ല."[146] നേരേമറിച്ച്, ക്രൈസ്തവമതമാകട്ടെ, *വാക്കുകളിൽ,* മനുഷ്യചരിത്രത്തിന്റെ സങ്കീർണ്ണതയിലും യാഥാർത്ഥ്യത്തിലുംകൂടി തന്റെ ദിവ്യരഹസ്യം വെളിപ്പെടുത്തുന്ന *വചനത്തെത്തന്നെ* (*logos*) കാണുന്നു.[147] വചനത്തെ തിരിച്ചറിയുന്നു. മൗലികവാദികളുടെ സമീപനത്തോടുള്ള ശരിയായ പ്രതികരണം "വിശ്വാസനിർഭരമായ വിശുദ്ധലിഖിത വ്യാഖ്യാനമാണ്." ഇത്തരത്തിലുള്ള വ്യാഖ്യാനം "പ്രാചീനകാലം മുതലേ തിരുസഭയുടെ പാരമ്പര്യത്തിൽ നിലവിലിരുന്നു. സാധാണ വ്യക്തിപരമായി ഓരോ ക്രൈസ്തവ വിശ്വാസിക്കും വേണ്ടിയും സഭയ്ക്കുവേണ്ടിയും രക്ഷണീയമായ സത്യത്തെ തേടുവാനായിരുന്നു അതിന്റെ ശ്രമം. വിശുദ്ധഗ്രന്ഥം സംബന്ധിച്ച പാരമ്പര്യത്തിന്റെ ചരിത്രപരമായ മൂല്യം അത് തിരിച്ചറിയുന്നു. ചരിത്രപരമായ ഒരു സാക്ഷ്യം എന്ന നിലയ്ക്ക് വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ പാരമ്പര്യത്തിന് മൂല്യമുള്ളതുകൊണ്ടാണ് ഇന്നത്തെ വിശ്വാസികളുടെ

ജീവിതത്തിനായി വിശുദ്ധലിഖിതങ്ങളുടെ സജീവമായ അർത്ഥം കണ്ടെത്താൻ ഈ വ്യാഖ്യാനം ശ്രമിക്കുന്നത്."[148] അതേസമയം, പ്രചോദിതമായ ഗ്രന്ഥത്തിന്റേയും സാഹിത്യ വിഭാഗത്തിന്റേയും മാനുഷികമായ മദ്ധ്യസ്ഥം അവഗണിക്കുന്നുമില്ല.

## അജപാലകർ, ദൈവശാസ്ത്രജ്ഞർ, വിശുദ്ധ ലിഖിത വ്യാഖ്യാതാക്കൾ – ഇവർ തമ്മിലുള്ള സംവാദം

**45.** വിശ്വാസം സംബന്ധിച്ചുള്ള ആധികാരികമായ ഒരു വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന് സഭയുടെ അജപാലനപ്രവർത്തനങ്ങളിൽ സുപ്രധാനമായ പല അനന്തരഫലങ്ങൾ ഉണ്ടാകും. ഉദാഹരണത്തിന്, അജപാലകരും വ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞരും പരസ്പരം കൂടുതൽ അടുത്തബന്ധം പുലർത്തണമെന്ന് സിനഡ് പിതാക്കന്മാർ തന്നെ ശുപാർശചെയ്തു. "ദൈവവചനത്തിന്റെ ശുശ്രൂഷയിൽ കൂടുതൽ കൂട്ടായ്മ ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടി"[149] മെത്രാൻസമിതികൾക്ക് ഇത്തരം ഒത്തുചേരലുകൾ സംഘടിപ്പിക്കാൻ കഴിയും. ഇത്തരത്തിലുള്ള സഹകരണം മുഴുവൻ സഭയുടെയും നന്മക്കായി തങ്ങളുടെ ജോലി കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കാൻ എല്ലാവരെയും സഹായിക്കും. പണ്ഡിതന്മാരെ സംബന്ധിച്ചും ഈ അജപാലന സമീപനം ഗുണകരമായിരിക്കും. നമ്മുടെ നിത്യരക്ഷക്കുവേണ്ടി കർത്താവ് നമുക്ക് നല്കുന്ന സന്ദേശമാണ് എന്ന തിരിച്ചറിവോടെ വേണം അവർ വിശുദ്ധലിഖിതങ്ങളെ സമീപിക്കുവാൻ. '*ദൈവവചനം*' എന്ന പ്രമാണരേഖയിൽ പറയുന്നത് ഇതാണ്; "കത്തോലിക്കരായ വിശുദ്ധലിഖിതവ്യാഖ്യാതാക്കളും ദൈവശാസ്ത്രത്തിന്റെ മേഖലയിൽ പ്രവർത്തിക്കുന്നവരും ഉത്സാഹത്തോടെ പരസ്പരം സഹകരിച്ചും സഭയുടെ പ്രബോധനാധികാരത്തിന്റെ സൂക്ഷ്മമായ മേൽനോട്ടത്തിലും പ്രവർത്തിക്കണം. ദൈവജനത്തിന് വിശുദ്ധലിഖി

തമെന്ന പോഷകാഹാരം ഫലപ്രദമായി ലഭ്യമാക്കുന്നതിന്, ദൈവവചനശുശ്രൂഷകരെ പരമാവധി ശക്തരാക്കാൻ കഴിയുന്ന രീതിയിൽ, അനുയോജ്യമായ സാങ്കേതികരീതികൾ സ്വീകരിച്ച്, അവർ കൂട്ടായി വിശുദ്ധഗ്രന്ഥഭാഗങ്ങൽ പരിശോധിക്കുകയും വിശദീകരിക്കുകയുംചെയ്യാൻ ഒരുമ്പെടണം. ഈ പോഷകാഹാരം മനസ്സിനു വെളിച്ചം പകരുന്നു, ഇച്ഛാശക്തിക്കു ബലംനൽകുന്നു, ജനങ്ങളുടെ ഹൃദയങ്ങളെ ദൈവസ്നേഹത്താൽ ജ്വലിപ്പിക്കുന്നു."[150]

## ബൈബിളും എക്യുമെനിസവും

**46.** മനുഷ്യാവതാരം ചെയ്ത ദൈവവചനമായ ക്രിസ്തുവിലാണ് സഭയുടെ അസ്തിവാരം എന്ന അവബോധത്തോടെ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ഐക്യത്തിന്റെ പൂർണ്ണമായ ആവിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ട്, സഭാ-ഐക്യത്തിനായുള്ള സംവാദത്തിൽ വിശുദ്ധഗ്രന്ഥപഠനത്തിനുള്ള പ്രമുഖസ്ഥാനം ഊന്നിപ്പറയാൻ സിനഡ് ആഗ്രഹിച്ചു.[151] തന്റെ അനുയായികൾ ഒന്നായിരിക്കുന്നതിനും അങ്ങനെ ലോകം വിശ്വസിക്കുന്നതിനുംവേണ്ടി പിതാവിനോട് യേശു നടത്തുന്ന ഹൃദയത്തിൽനിന്നുള്ള പ്രാർത്ഥന വിശുദ്ധഗ്രന്ഥത്തിൽതന്നെയുണ്ട് (cf. യോഹ. 17:21). വിശുദ്ധ ലിഖിതങ്ങൾ വായിച്ചുകേൾക്കുകയും അവയെപ്പറ്റി കൂട്ടായി ധ്യാനിക്കുകയും ചെയ്യുമ്പോൾ പൂർണ്ണമല്ലെങ്കിലും യഥാർത്ഥത്തിലുള്ള ഒരു കൂട്ടായ്മ അനുഭവപ്പെടും എന്ന നമ്മുടെ ബോദ്ധ്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് മേൽപ്പറഞ്ഞതെല്ലാം.[152] "കൂട്ടായി ദൈവവചനം വായിച്ചുകേൾക്കുന്നത് സ്നേഹത്തിന്റെ സംവാദത്തിലേക്ക് നീങ്ങാൻ നമ്മെ ഉത്തേജിപ്പിക്കും; സത്യത്തിനായുള്ള സംവാദം വളരാൻ സഹായിക്കുകയും ചെയ്യും."[153] കൂട്ടായി ദൈവവചനം വായിച്ചുകേൾക്കുക, ജ്ഞാനവായനയുടെ (*lectio divina*) അന്തരീക്ഷത്തിൽ ദിവ്യവചനം ശ്രവിക്കുക, ഒരിക്കലും കാലഹരണപ്പെടാത്ത ദൈവവചനത്തിന്റെ നിത്യനൂതനഭാവം നമ്മിലേക്കിറങ്ങാൻ

സ്വയം അനുവദിക്കുക, നമ്മുടെ അഭിപ്രായങ്ങളും മുൻവിധികളുമായി പൊരുത്തപ്പെടാത്ത വചനത്തോടുകാട്ടുന്ന ബധിരതയെ അതിജീവിക്കുക, എല്ലാ യുഗങ്ങളിലെയും വിശ്വാസികളുമായി കൂട്ടായ്മ പുലർത്തിക്കൊണ്ട് ദൈവവചനം കേൾക്കുകയും പഠിക്കുകയും ചെയ്യുക — ഇതെല്ലാം ദൈവവചനം ശ്രവിച്ച് അതിനോടുള്ള പ്രതികരണമായി വിശ്വാസത്തിന്റെ ഐക്യത്തിൽ എത്തിച്ചേരാനുള്ള മാർഗ്ഗത്തെ പ്രതിനിധീകരിക്കുന്നു.[154] ഇതു സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നത് വ്യക്തമാണ്. "ദിവ്യരക്ഷകൻ എല്ലാവർക്കും നല്കാൻ ആഗ്രഹിക്കുന്ന ആ ഐക്യം നേടുന്നതിന് സഭാ–ഐക്യ– സംവാദത്തിൽതന്നെ, വിശുദ്ധ ലിഖിതങ്ങൾ, ദൈവത്തിന്റെ ശക്തമായ കരങ്ങളിൽ വിലപ്പെട്ട ഒരുപകരണമാണ്."[155] അതുകൊണ്ട് സഭാഐക്യത്തിനായുള്ള പഠനവും ചർച്ചയും ദൈവവചനശുശ്രൂഷയും വർദ്ധിപ്പിക്കണം. നിലവിലുള്ള മാനദണ്ഡങ്ങളും പാരമ്പര്യങ്ങളുടെ വൈവിധ്യവും വേണ്ടത്ര മാനിച്ചുകൊണ്ടാകണം ഇതു പ്രാവർത്തികമാക്കുക.[156] ഈ ആഘോഷങ്ങൾ സഭാഐക്യപ്രസ്ഥാനത്തെ മുമ്പോട്ടു നയിക്കും. അവ ശരിയായ രീതിയിൽ നടത്തുമ്പോൾ ഒരേ മേശക്കുചുറ്റുമിരുന്ന്, ഒരേ പാനപാത്രത്തിൽ നിന്നു പാനം ചെയ്യുന്ന ദിവസം വേഗം എത്തിച്ചേരുന്നതിന് ദൈവത്തോട് ആത്മാർത്ഥമായി അപേക്ഷിക്കുന്ന തീക്ഷ്ണാനുഭവത്തിന്റെ നിമിഷങ്ങളെ അവ പ്രതിനിധാനം ചെയ്യും. ഇത്തരം ശുശ്രൂഷകൾ പ്രശംസാർഹവും അവ പ്രോത്സാഹിപ്പിക്കുന്നത് നല്ലതും ആണെങ്കിലും, ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ദിവ്യബലിയിൽ പങ്കുചേരുന്നതിനു പകരം ഇത്തരം ശുശ്രൂഷകൾ മതിയാകും എന്ന് വിശ്വാസികൾക്ക് തോന്നത്തക്കവിധം ഇത് നിർദ്ദേശിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഈ ശുശ്രൂഷയിൽ ഇനിയും കൂടുതൽ ആഴത്തിൽ പഠിക്കേണ്ട കാര്യങ്ങളും വ്യത്യസ്ത അഭിപ്രായങ്ങൾ നിലനില്ക്കുന്ന കാര്യങ്ങളും നാം

സമചിത്തതയോടെ തിരിച്ചറിയുന്നു. സഭയിൽ ആധികാരികമായി നടത്തുന്ന വ്യാഖ്യാനവും വ്യാഖ്യാനത്തിൽ പ്രബോധനാധികാരത്തിനുള്ള നിർണ്ണായകമായ പങ്കും മനസ്സിലാക്കുക എന്നത് ഇങ്ങനെയുള്ള ഒരു കാര്യമാണ്.[157]

അവസാനമായി, *ബൈബിൾ വിവിധ ഭാഷകളിലേക്കു വിവർത്തനം ചെയ്യുന്നതുസംബന്ധിച്ച്*, സഭാഐക്യത്തിൽ അതിനുള്ള പ്രാധാന്യം സംബന്ധിച്ച്, സിനഡ് പിതാക്കന്മാർ നടത്തിയ പ്രഖ്യാപനങ്ങൾക്ക് ഊന്നൽകൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ഗ്രന്ഥം വിവർത്തനം ചെയ്യുകയെന്നതു യാന്ത്രികമായി നിർവ്വഹിക്കാവുന്ന ഒരു കാര്യമല്ല എന്നു നമുക്കറിയാം. ഒരർത്ഥത്തിൽ ഒരു തരം വ്യാഖ്യാനമാണ് വിവർത്തനം. ഇതു സംബന്ധിച്ച് വന്ദ്യനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നത് ഇതാണ്: "വിശുദ്ധഗ്രന്ഥം സംബന്ധിച്ച വാദപ്രതിവാദങ്ങൾ പ്രത്യേകിച്ചും പാശ്ചാത്യലോകത്ത് എങ്ങനെ അനൈക്യത്തിലേക്കു നയിച്ചു എന്ന് അനുസ്മരിക്കുന്ന ഏതൊരാൾക്കും, ഈ പൊതുവിവർത്തനങ്ങൾ മുമ്പോട്ടുള്ള എത്ര ശ്രദ്ധേയമായ ഒരു കാൽവയ്പാണ് എന്നു തിരിച്ചറിയാൻ കഴിയും."[158] പൊതുവായ ബൈബിൾ വിവർത്തനം പ്രോത്സാഹിപ്പിക്കുന്നത് സഭാഐക്യപ്രസ്ഥാനത്തിന്റെ ഒരു ഭാഗമാണ്. ഈ സുപ്രധാന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും നന്ദിപറയാൻ ഞാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ ജോലിയിൽ സ്ഥിരോത്സാഹത്തോടെ മുമ്പോട്ടുപോകാൻ അവരെ ഞാൻ ആഹ്വാനം ചെയ്യുന്നു.

## ദൈവശാസ്ത്രപഠനം സംബന്ധിച്ച അനന്തരഫലങ്ങൾ

**47.** വിശ്വാസവുമായി ബന്ധപ്പെടുത്തി വിശുദ്ധലിഖിതങ്ങൾ സമഗ്രമായി വ്യാഖ്യാനിക്കുന്നതിന് വേറൊരു അനന്തരഫലം കൂടി ഉണ്ട്. ദൈവശാസ്ത്രത്തിലും വിശുദ്ധലിഖിത വ്യഖ്യാനത്തിലും പരിശീലനം നല്കുമ്പോൾ, പ്രത്യേകിച്ചും വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ, ഇതിന് അനി

വാര്യമായ ചില അനന്തരഫലങ്ങൾ ഉണ്ട്. ദൈവവചനം ഇന്നത്തെ ലോകത്തോടും തിരുസഭയോടും വ്യക്തിപരമായി നാം ഓരോരുത്തരോടും സംസാരിക്കുന്നതാണ് എന്ന വസ്തുത അംഗീകരിച്ചുകൊണ്ട്, ദൈവശാസ്ത്രത്തിന്റെ യഥാർത്ഥ ആത്മാവ്, വിശുദ്ധലിഖിതങ്ങളുടെ പഠനമാണ് എന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കണം. *ദൈവവചനം* എന്ന പ്രമാണരേഖയുടെ 12–ാം നമ്പറിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്ക് ശരിയായ ശ്രദ്ധ ലഭിക്കുന്നത് പ്രധാനപ്പെട്ട സംഗതിയാണ്. ഈ മാനദണ്ഡങ്ങൾ കൂടുതൽ ആഴത്തിലുള്ള പഠനത്തിന് വിഷയമാക്കേണ്ടതുമാണ്. വിശുദ്ധ ലിഖിതങ്ങളോട് നിഷ്പക്ഷമായ നിലപാട് സ്വീകരിക്കുന്ന ഗവേഷണം പ്രോത്സാഹനം അർഹിക്കുന്നില്ല. ബൈബിളിന്റെ മൂലകൃതികൾ രചിക്കപ്പെട്ടിരുന്ന ഭാഷകൾ പഠിക്കുകയും വ്യാഖ്യാനത്തിന് അനുയോജ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യണം. ഇതു കൂടാതെ വിദ്യാർത്ഥികൾക്ക് ആഴമുള്ള ആത്മീയജീവിതവും ഉണ്ടായിരിക്കണം. എങ്കിൽമാത്രമേ വിശുദ്ധലിഖിതങ്ങൾ മനസ്സിലാക്കണമെങ്കിൽ അവ ജീവിതത്തിൽ പകർത്തണം എന്ന വസ്തുത ബോദ്ധ്യമാവുകയുള്ളൂ.

ദൈവവചനം, അത് എഴുതപ്പെട്ടതാകട്ടെ പാരമ്പര്യത്തിലൂടെ ലഭിച്ചതാകട്ടെ, പഠിക്കേണ്ടത് ആഴമേറിയ സഭാപരമായ അരൂപിയിൽ ആയിരിക്കണം; അതു നിരന്തരം തുടരേണ്ടതാണ് എന്നും ഞാൻ ഉത്ബോധിപ്പിക്കുന്നു. വിവിധ വിഷയങ്ങളിലുള്ള പരിശീലനം തിരുസഭയുടെ പ്രബോധനാധികാരം നടത്തിയിട്ടുള്ള പ്രസക്തമായ ഇടപെടലുകൾ കണക്കിലെടുക്കുകയുംവേണം. "പ്രബോധനാധികാരം ദൈവവചനത്തേക്കാൾ മികവുറ്റതല്ല. അത് ദൈവവചനത്തിന്റെ ശുശ്രൂഷയിലാണ്. അതിനു നല്കപ്പെട്ടിട്ടുള്ളതു മാത്രമേ അത് പഠിപ്പിക്കുന്നുള്ളൂ. ദൈവം കല്പിച്ചതനുസരിച്ചും പരിശുദ്ധാരൂപിയുടെ സഹായത്തോടു കൂടിയും അത് ദൈവവചനം ശ്രദ്ധാപൂർവ്വം, ശ്രവിക്കുന്നു, ആദരവോടെ അതിനെ സംരക്ഷിക്കുന്നു, വിശ്വസ്തതയോടെ അതിനെ വിശദീകരിക്കുന്നു,"[159]

സഭ നല്കുന്ന പ്രബോധനം "വിശുദ്ധപാരമ്പര്യവും വിശുദ്ധ ലിഖിതങ്ങളും സഭയുടെ പ്രബോധനാധികാരവും ഗാഢമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അതിലൊന്നിനും മറ്റു രണ്ടിൽനിന്ന് വേർപെട്ടു നിലനില്പില്ല" എന്നും തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം.[160] രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട്, സാർവ്വത്രിക സഭയുമായിട്ടുള്ള കൂട്ടായ്മയിൽ വായിച്ച് വിശുദ്ധലിഖിതങ്ങൾ പഠിക്കുന്നത്, ദൈവശാസ്ത്ര പഠനങ്ങളുടെ യഥാർത്ഥ ആത്മാവായിത്തീരണം എന്ന് ഞാൻ പ്രത്യാശിക്കുന്നു.[161]

## വിശുദ്ധരും വിശുദ്ധലിഖിത വ്യാഖ്യാനവും

**48.** ദൈവവചനം യഥാർത്ഥത്തിൽ ജീവിതത്തിൽ പകർത്തിയവർ, അതായത്, വിശുദ്ധർ, പറയുന്നത് ശ്രവിക്കണം എന്ന വസ്തുത ഉൾപ്പെടുത്തുന്നില്ലെങ്കിൽ വിശുദ്ധലിഖിത വ്യാഖ്യാനം അപൂർണ്ണമായിരിക്കും.[162] "സജീവമായ ജ്ഞാന വായന (*lecto divina*) പുണ്യവാന്മാരുടെ ജീവിതമാണ്,"[163] എന്നതാണ് സത്യം. വിശുദ്ധലിഖിതങ്ങളുടെ ഏറ്റവും ആഴമേറിയ വ്യാഖ്യാനങ്ങൾ നല്കുന്നത്, ദൈവവചനം ശ്രവിച്ചും വായിച്ചും അതിനെപ്പറ്റി നിരന്തരം ധ്യാനിച്ചും അങ്ങനെ തങ്ങളെത്തന്നെ രൂപപ്പെടുത്താൻ ദൈവവചനത്തെ സ്വയം അനുവദിച്ചവരാണ്.

തിരുസഭയുടെ ചരിത്രത്തിൽ വിവിധ രീതിയിലുള്ള ആത്മീയത രൂപംകൊണ്ടത് വിശുദ്ധലിഖിതങ്ങളോട് നടത്തുന്ന പ്രത്യക്ഷമായ പ്രസ്താവങ്ങളിലൂടെയാണ് എന്നത് യാദൃച്ഛികമല്ല എന്നു തറപ്പിച്ചു പറയാം. ഞാൻ ഇവിടെ, ആബട്ടായിരുന്ന വിശുദ്ധ അന്തോനിയുടെ മാതൃകയെപ്പറ്റിയാണ് ചിന്തിക്കുന്നത്. "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19:21) എന്ന ക്രിസ്തു

വിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു.[164] ഇതുപോലെ തന്നെ ശ്രദ്ധേയമാണ് മഹാനായ വിശുദ്ധ ബാസിൽ 'മൊറാലിയ' എന്ന കൃതിയിൽ ഉന്നയിക്കുന്ന ചോദ്യം: "വിശ്വാസത്തിന്റെ സവിശേഷമായ അടയാളം എന്താണ്? ദൈവം പ്രചോദനം നല്കി എഴുതിയ വാക്കുകൾ സത്യമാണെന്ന പൂർണ്ണവും സംശയാതീതവുമായ വിശ്വാസം.... വിശ്വാസികളുടെ സവിശേഷമായ അടയാളം എന്താണ്? അതേ ഉറച്ച പൂർണ്ണബോദ്ധ്യത്തോടുകൂടി, വിശുദ്ധ ലിഖിതങ്ങളിലെ വാക്കുകളുടെ പൊരുൾ അനുസരിച്ച് തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തുന്നത്. ലിഖിതങ്ങളിൽ നിന്നും എന്തെങ്കിലും എടുത്തുമാറ്റാനോ അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കാനോ ധൈര്യപ്പെടാതെ എല്ലാം ജീവിതത്തിൽ പകർത്തുന്നത്."[165] വിശുദ്ധ ബെനഡിക്ട് തന്റെ *ചട്ടങ്ങളിൽ* (*rules*) 'വിശുദ്ധ ലിഖിതങ്ങൾ "മനുഷ്യജീവിതത്തിനുവേണ്ട ഏറ്റം പൂർണ്ണമായ ചട്ടമാണ്" എന്നു പറയുന്നു.[166] വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പറ്റി സലാനോയിലെ തോമസ്സിൽനിന്നും നാം മനസ്സിലാക്കുന്നത് ഇതാണ്: "ക്രിസ്തുവിന്റെ ശിഷ്യന്മാർ യാത്രപോകുമ്പോൾ സ്വർണ്ണമോ, വെള്ളിയോ പണമോ, അപ്പമോ, വടിയോ കൊണ്ടുപോകരുത്, അവർ ചെരിപ്പു കൊണ്ടുപോകരുത് രണ്ടു വസ്ത്രങ്ങൾ കൊണ്ടുപോകരുത്" എന്ന് കേട്ടപ്പോൾ പരിശുദ്ധാരൂപിയിൽ ആനന്ദത്തോടുകൂടി ഫ്രാൻസീസ് ഇങ്ങനെ ഉറക്കെവിളിച്ചു പറഞ്ഞു: "ഇതാണ് എനിക്കുവേണ്ടത്; ഇതാണ് ഞാൻ ആവശ്യപ്പെട്ടത്; മുഴുവൻ ഹൃദയത്തോടുകൂടി ഇതു ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.''[167] അസ്സീസിയിലെ വിശുദ്ധ ക്ലാരയ്ക്കും വിശുദ്ധ ഫ്രാൻസീസിന്റെ ഈ അനുഭവത്തിൽ പൂർണ്ണമായും പങ്കുചേർന്നു. 'ദരിദ്രസഹോദരിമാർ' എന്ന സഭയിലെ ജീവിതരീതി ഇതായിരിക്കും: "കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധ സുവിശേഷത്തിൽ പറയുന്നത് പാലിക്കുക."[168] അതുപോലെ തന്നെ വിശുദ്ധ ഡൊമിനിക്ക്; "എവിടേയും സുവിശേഷമനുസരിച്ച് ജീവിക്കുന്ന ഒരാളാണ്

താനെന്ന് അദ്ദേഹം വ്യക്തമാക്കി. വാക്കിലും പ്രവൃത്തിയിലും അങ്ങനെതന്നെ ആയിരുന്നു."[169] തന്റെ സഭയിലെ അംഗങ്ങളും "സുവിശേഷത്തിന്റെ മനുഷ്യർ" ആയിരിക്കണം എന്ന് അദ്ദേഹം നിഷ്കർഷിച്ചു.[170] തന്റെ യോഗാത്മക അനുഭവങ്ങൾ വിശദീകരിക്കുവാൻ നിരന്തരം ബൈബിളിൽ നിന്നുള്ള പ്രതിരൂപങ്ങൾ പ്രയോജനപ്പെടുത്തുന്ന കാർമ്മലീത്തയായ ആവിലായിലെ വിശുദ്ധ ത്രേസ്യ പറയുന്നത്: "ലോകത്തിലുള്ള സകല തിന്മയും വരുന്നത് വിശുദ്ധ ലിഖിതങ്ങളിലെ സത്യങ്ങൾ വ്യക്തമായി അറിയാത്തതുകൊണ്ടാണ്" എന്ന് യേശു തന്നെ അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തു എന്നാണ്.[171] "സ്നേഹമാണ്" തന്റെ ദൈവവിളി എന്ന് ഉണ്ണിയീശോയുടെ വിശുദ്ധ ത്രേസ്യ കണ്ടെത്തിയത് വിശുദ്ധ ലിഖിതങ്ങൾ നിരന്തരം വായിച്ചിട്ടാണ്; പ്രത്യേകിച്ചും കൊറിന്തിയാക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിലെ 12-ഉം, 13-ഉം അദ്ധ്യായങ്ങൾ.[172] ഈ വിശുദ്ധ തന്നെ വിശുദ്ധലിഖിതങ്ങളുടെ ആകർഷണീയത ഇങ്ങനെ വിവരിക്കുന്നു: "ഞാൻ സുവിശേഷത്തിലേക്ക് കണ്ണോടിച്ചാൽ മതി ഉടൻതന്നെ യേശുവിന്റെ ജീവിതത്തിന്റെ പരിമളം ഞാൻ ശ്വസിച്ചു തുടങ്ങുന്നു. എങ്ങോട്ടാണ് ഓടേണ്ടത് എന്ന് എനിക്ക് ഉടൻ മനസ്സിലാകും."[173] ഓരോ വിശുദ്ധനും, ഓരോ വിശുദ്ധയും, വൈദവചനത്തിൽനിന്ന് പുറപ്പെടുന്ന പ്രകാശത്തിന്റെ ഒരു രശ്മിയാണ്. സത്യത്തിനും ആത്മാക്കളെ വിവേചിച്ചറിയുന്നതിനുമായുള്ള വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ പരിശ്രമം നമുക്ക് ഇവിടെ അനുസ്മരിക്കാം. യുവാക്കൾക്ക് വിദ്യാഭ്യാസം നല്കുന്നതിനുള്ള തീവ്രമായ ആഗ്രഹത്തിന്റെ ഉടമയായ വിശുദ്ധ ജോൺ ബോസ്കോയെ അനുസ്മരിക്കാം. പൗരോഹിത്യം ഒരു ദാനവും ഉത്തരവാദിത്തവും ആണ് എന്ന് തിരിച്ചറിഞ്ഞ, ഇതിൽ പൗരോഹിത്യത്തിന്റെ മഹത്വം കണ്ടെത്തിയ, വിശുദ്ധ ജോൺ മേരി വിയാന്നിയെ അനുസ്മരിക്കാം. ദിവ്യകാരുണ്യത്തിന്റെ ഉപകരണമായിത്തീർന്ന പിയേത്രെൽച്ചീനായിലെ വിശുദ്ധ പീയൂസിനെ; എല്ലാവരും വിശു

ദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രസംഗിച്ച വിശുദ്ധ ജോസ്മറിയ എസ്ക്രീവാ; ദരിദ്രരിൽ ദരിദ്രരായവർക്ക് ദൈവത്തിന്റെ സ്നേഹം എത്തിക്കുക എന്ന ദൗത്യം നിർവ്വഹിച്ച കൽക്കട്ടയിലെ വാഴ്ത്തപ്പെട്ട തെരേസ ഇവരേയും അനുസ്മരിക്കാം. നാസിസത്തിന്റേയും കമ്യൂണിസത്തിന്റേയും രക്തസാക്ഷികളേയും ഇവിടെ അനുസ്മരിക്കാം. അവരുടെ പ്രതിനിധികളാണ് വിശുദ്ധ തെരേസാ ബെനദിക്താ ഓഫ് ദ ക്രോസ് (ഈഡിത്ത് സ്റ്റെയിൻ) എന്ന കർമ്മെലീത്താ സന്യാസിനി, സാഗ്രബിലെ കർദ്ദിനാൾ ആർച്ച്ബിഷപ്പായിരുന്ന വാഴ്ത്തപ്പെട്ട അലോഷ്യസ് സ്റ്റെപ്പിനാക്ക് എന്നിവർ.

**49.** ദൈവവചനത്താൽ പ്രചോദിതമായ വിശുദ്ധി ഒരർത്ഥത്തിൽ പ്രവചന പാരമ്പര്യത്തിന്റെ ഭാഗമാണ്. ഈ പാരമ്പര്യത്തിൽ ദൈവവചനം പ്രവാചകന്റെ ജീവിതം തന്നെ അതിന്റെ ശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കുന്നു. ഈ അർത്ഥത്തിൽ തിരുസഭയിൽ കാണുന്ന വിശുദ്ധി, വിശുദ്ധലിഖിതങ്ങളുടെ അവഗണിക്കാനാവാത്ത ഒരു വ്യാഖ്യാനം ആണ്. വിശുദ്ധലിഖിതങ്ങളുടെ രചയിതാക്കൾക്ക് പ്രചോദനം നല്കിയ പരിശുദ്ധാരൂപിതന്നെയാണ് തങ്ങളുടെ ജീവിതം സുവിശേഷത്തിനായി സമർപ്പിക്കാൻ വിശുദ്ധർക്കും പ്രചോദനം നൽകുന്നത്. അവരുടെ മാതൃകയിൽ നിന്നും പാഠങ്ങൾ പഠിക്കാൻ ശ്രമിക്കുമ്പോൾ സജീവവും ഫലപ്രദവുമായ ദൈവവചനവ്യാഖ്യാനത്തിന്റെ നേരായ പാതയിലാണ് നാം യാത്രചെയ്യുന്നത്.

സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഒക്ടോബർ 12-ാം തീയതി (2008) നാല് പുതിയ വിശുദ്ധരെ നാമകരണം ചെയ്തപ്പോൾ സിനഡിന്റെ 12-ാം സമ്മേളനത്തിൽ ദൈവവചനവും വിശുദ്ധിയും തമ്മിലുള്ള ബന്ധത്തിന് ഞങ്ങൾ പ്രത്യക്ഷമായ ഒരു സാക്ഷ്യം കാണുകയായിരുന്നു. ഈശോയുടെയും മറിയത്തിന്റെയും തിരുഹൃദയത്തിന്റെ പ്രേഷിതർ എന്ന സഭാസമൂഹത്തിന്റെ സ്ഥാപകനും വൈദികനുമായ ഗെറ്റാനോ എറീക്കോ; ഇക്വഡോറിലും കൊളംബിയായിലും മിഷ

നറിയായിരുന്ന സ്വിറ്റ്സർലന്റു സ്വദേശിനി മദർ മറിയ ബെർനാദാ ബ്യൂട്ട്ലർ; ഇൻഡ്യയിൽ ജനിച്ച് വിശുദ്ധ പദവിയിലെത്തിയ ആദ്യവ്യക്തി അമലോത്ഭവത്തിന്റെ വിശുദ്ധ അൽഫോൻസാ; ഇക്വഡോർ സ്വദേശിനിയായ ഒരു അൽമായ യുവതി, നർസീസ്സാ ദേ യേശൂ മർത്തില്ലോ മോറാൻ എന്നിവരായിരുന്നു ആ നാലു വിശുദ്ധർ. ക്രിസ്തുവിന്റെ സുവിശേഷം കാലാകാലം ഫലം പുറപ്പെടുവിക്കുന്നു എന്നതിന് ലോകത്തിന്റെ മുൻപിലും തിരുസഭയുടെ മുൻപിലും തങ്ങളുടെ ജീവിതം വഴി ഇവർ സാക്ഷ്യം നല്കി. ദൈവവചനത്തെപ്പറ്റിയുള്ള സിനഡ് സമ്മേളനത്തിന്റെ ഇടയ്ക്ക് നാമകരണം ചെയ്യപ്പെട്ട ഈ വിശുദ്ധരുടെ മാദ്ധ്യസ്ഥം വഴി, നമ്മുടെ ജീവിതവും ദിവ്യകർഷകൻ വചനം വിതയ്ക്കുന്ന "നല്ല മണ്ണാകട്ടെ", അതു നമ്മിൽ വിശുദ്ധിയുടെ ഫലങ്ങൾ "മുപ്പതുമേനിയും അറുപതുമേനിയും, നൂറുമേനിയും" (മർക്കോ. 4:20) വിളയിക്കട്ടെ എന്നു നമുക്ക് കർത്താവിനോട് അപേക്ഷിക്കാം.

## ഭാഗം രണ്ട്

# വചനം സഭയിൽ

# (*Verbum in Ecclesia*)

*“തന്നെ സ്വീകരിച്ചവർക്കെല്ലാം,... ദൈവമക്കളാകാൻ അവൻ കഴിവ് നൽകി”*

*(യോഹ. 1:12).*

# ദൈവവചനവും സഭയും

## സഭ വചനം സ്വീകരിക്കുന്നു

**50.** കർത്താവ് അവിടുത്തെ വചനം അരുളിച്ചെയ്യുന്നത് “അതേവചനത്തിൽ കൂടി” സൃഷ്ടിക്കപ്പെട്ടവർ അത് സ്വീകരിക്കുന്നതിനുവേണ്ടിയാണ്. “അവൻ സ്വജനത്തിന്റെ അടുത്തേക്ക് വന്നു” (യോഹ. 1:11). അവിടുത്തെ വചനം മൗലികമായി നമുക്ക് അന്യമായ ഒന്നല്ല. ദൈവത്തിന്റെ സ്വന്തം ജീവനുമായുള്ള പരിചയത്തിന്റെ ഒരു ബന്ധത്തിൽനിന്നാണ് സൃഷ്ടി നടന്നത്. എന്നിട്ടും നാലാം സുവിശേഷത്തിന്റെ ആമുഖം “സ്വജനം” ദൈവവചനത്തെ തിരസ്കരിച്ചതിന്റെ മുന്നിൽ നമ്മെ നിർത്തുന്നു “അവർ അവനെ സ്വീകരിച്ചില്ല” (യോഹ. 1:11). അവിടുത്തെ സ്വീകരിക്കാതിരിക്കുക എന്നതിന്റെ അർത്ഥം അവിടുത്തെ സ്വരം ശ്രവിക്കാതിരിക്കുക, ‘വചനവു’മായി (logos) അനുരൂപപ്പെടാതിരിക്കുക, എന്നാണ്. മറുവശത്ത്, ദുർബ്ബലരും പാപികളുമാണെങ്കിലും, ജനങ്ങൾ ക്രിസ്തുവുമായുള്ള ഒരു നേർക്കാഴ്ചയിലേക്ക് ആത്മാർത്ഥമായി തുറവിയുള്ളവരാകുമ്പോഴൊക്കെ, സമൂലമായ ഒരു പരിവർത്തനം സംഭവിക്കാൻ തുടങ്ങുന്നു: “തന്നെ സ്വീകരിച്ചവർക്കെല്ലാം.... ദൈവമക്കളാകാൻ അവൻ കഴിവ് നൽകി” (യോഹ. 1:12). വചനം സ്വീകരിക്കുകയെന്നുവച്ചാൽ നമ്മെ രൂപീകരിക്കാൻ അവിടുത്തെ അനുവദിക്കുകയും അങ്ങനെ “പിതാവിന്റെ ഏകജാത”നായ (യോഹ. 1:14) ക്രിസ്തുവുമായി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അനുരൂപപ്പെടുകയും ചെയ്യുക എന്നതാണ്. അത് ഒരു പുതിയ സൃഷ്ടികർമ്മത്തിന്റെ തുടക്കമാകുന്നു. ഒരു പുതിയ സൃഷ്ടി ജനിക്കുന്നു. ഒരു പുതിയ ജനം ജന്മമെടുക്കുന്നു. വിശ്വാസികൾ,

അതായത് വിശ്വാസത്തിനനുസൃതമായി ജീവിക്കുന്നവർ. "അവർ ദൈവത്തിൽനിന്നു ജനിക്കുകയും" (യോഹ. 1:13) ദൈവികജീവനിൽ പങ്കുകാരായിത്തീരുകയും ചെയ്യുന്നു. 'പുത്രനിലൂടെ പുത്രരായി'ത്തീർന്നു (cf. ഗലാ. 4:5-6; റോമാ. 8:14-17). യോഹന്നാന്റെ സുവിശേഷത്തിലെ ഈ ഭാഗം വ്യാഖ്യാനിച്ചുകൊണ്ട്, വിശുദ്ധ ആഗസ്തീനോസ് അക്കാര്യം ഇങ്ങനെ ഭംഗിയായി പറയുന്നു: "നിങ്ങൾ വചനത്തിലൂടെ സൃഷ്ടിക്കപ്പെട്ടു. എന്നാൽ നിങ്ങൾ ഇപ്പോൾ വചനത്തിലൂടെ പുനഃസൃഷ്ടിക്കപ്പെടണം."[174] മാംസം ധരിച്ച് *നമ്മുടെയിടയിൽ കൂടാരമടിക്കാൻ* വന്ന (cf. യോഹ. 1:14) ദൈവവചനത്തിലൂടെ നിർവ്വചിക്കപ്പെടുന്ന ഒരു യാഥാർത്ഥ്യം എന്ന നിലയിൽ ഇവിടെ നമുക്ക് സഭയുടെ മുഖം ദർശിക്കാൻ കഴിയും. മനുഷ്യരുടെയിടയിലെ ദൈവത്തിന്റെ ഈ വാസസ്ഥലം, പഴയനിയമത്തിൽ മുൻകൂട്ടി പറയുന്ന ഈ 'വിശുദ്ധകൂടാരം' *(shekinah)* (cf. പുറ. 26:1), ഇപ്പോൾ ക്രിസ്തുവിലൂടെയുള്ള നമ്മുടെയിടയിലെ ദൈവത്തിന്റെ സുനിശ്ചിത സാന്നിദ്ധ്യത്തിൽ പൂർത്തീകരിക്കപ്പെടുന്നു.

## സഭയുടെ ജീവിതത്തിലെ ക്രിസ്തുവിന്റെ നിരന്തര സാന്നിദ്ധ്യം

**51.** പിതാവിന്റെ വചനമായ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഒരു ഭൂതകാലസംഭവത്തിന്റെ രൂപത്തിൽ മാത്രം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ല. അത് സജീവമായ ഒരു ബന്ധമാണ്. അതിലേക്ക് പ്രവേശിക്കാൻ വിശ്വാസിസമൂഹത്തിലെ ഓരോ അംഗവും വ്യക്തിപരമായി വിളിക്കപ്പെടുന്നു. നമ്മുടെയിടയിലെ ദൈവവചനത്തിന്റെ ഇന്നത്തെ സാന്നിദ്ധ്യത്തെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20). ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറയുകയുണ്ടായി: "എല്ലാ കാലത്തെയും ജനങ്ങളെ സംബന്ധിച്ച ക്രിസ്തുവിന്റെ പ്രസക്തി അവിടുത്തെ ശരീരമായ സഭയിൽ പ്രകടമാകുന്നു. ഇക്കാരണത്താൽ

കർത്താവ് തന്റെ ശിഷ്യന്മാർക്ക്, അവരെ എല്ലാം 'അനുസ്മ രിപ്പിക്കുക'യും തന്റെ കല്പനകൾ മനസ്സിലാക്കാൻ അവരെ പഠിപ്പിക്കുകയും (cf. യോഹ. 14:26) ചെയ്യുന്ന പരിശുദ്ധാരൂ പിയെ വാഗ്ദാനം ചെയ്തു. പരിശുദ്ധാരൂപി ലോകത്തിൽ ഒരു പുതിയ ജീവന്റെ തത്ത്വവും സ്ഥിരമായ ഉറവിടവുമായി രിക്കും (cf. യോഹ. 3:58; റോമാ 8:1–13)."[175] ഒരു വൈവാഹി കസംഭാഷണത്തിന്റെ ബൈബിൾ രൂപകം ഉപയോഗിച്ച്, *'ദൈവവചനം'* എന്ന പ്രമാണരേഖ ഈ രഹസ്യം ആവിഷ്ക രിക്കുന്നു. "ഈ വിധത്തിൽ മുൻ കാലങ്ങളിൽ സംസാരിച്ച ദൈവം തന്റെ പ്രിയസുതന്റെ മണവാട്ടിയോടും ഇടവിടാതെ സംസാരിച്ചുകൊണ്ടാണിരിക്കുന്നത്. പരിശുദ്ധാത്മാവ്വഴി സുവിശേഷത്തിന്റെ സജീവസ്വരം സഭയിലും സഭവഴി ലോക ത്തിലും പ്രതിധ്വനിക്കുന്നുണ്ട്. അപ്രകാരം ഈ അരൂപി വിശ്വാ സികളെ സമ്പൂർണ്ണ സത്യത്തിലേക്ക് നയിക്കുകയും ക്രിസ്തു വിന്റെ വാക്കുകൾ അവരിൽ സമൃദ്ധമായി നിലനിൽക്കുന്ന തിന് ഇടയാകുകയും ചെയ്യുന്നു (cf. കൊളോ. 3:16)."[176]

ശ്രവിക്കുകയെന്ന കലയുടെ മഹാഗുരുനാഥയായ, ക്രിസ്തുവിന്റെ വധു വിശ്വാസപൂർവ്വം ഇന്നും ആവർത്തിക്കു ന്നു: "നാഥാ, സംസാരിച്ചാലും. അവിടുത്തെ സഭ ശ്രവിക്കു ന്നു."[177] ഇക്കാരണത്താൽ *'ദൈവവചനം'* എന്ന പ്രമാണരേഖ ബോധപൂർവ്വം ഈ വാക്കുകളോടുകൂടി ആരംഭിക്കുന്നു: "ദൈവവചനം ഭക്തിസമന്വിതം ശ്രവിക്കുകയും വിശ്വാസ പൂർവ്വം പ്രഖ്യാപിക്കുകയും ചെയ്യുന്ന ഈ പരിശുദ്ധ സൂന ഹദോസ്...."[178] ഇവിടെ നമുക്ക് സഭയുടെ ജീവിതത്തെക്കു റിച്ചുള്ള ഒരു ചലനാത്മകനിർവചനത്തിന്റെ നേർക്കാഴ്ചയു ണ്ടാകുന്നു. "ഈ വാക്കുകൾകൊണ്ട് കൗൺസിൽ സഭയുടെ വ്യക്തമായ ഒരു നിർവ്വചനം സൂചിപ്പിക്കുകയാണ്. അവൾ ദൈവവചനം ശ്രവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു കൂട്ടായ്മയാകുന്നു. സഭ അവളിൽനിന്നുതന്നെയല്ല, സുവിശേഷത്തിൽനിന്നാണ് ജീവൻ ഉൾക്കൊള്ളുന്നത്. അവ ളുടെ യാത്രയുടെ ദിശ നിത്യനൂതനമായി സുവിശേഷ ത്തിൽനിന്ന് അവൾ കണ്ടെത്തുകയും ചെയ്യുന്നു. ഓരോ

ക്രിസ്ത്യാനിയും മനസ്സിലാക്കുകയും ഓരോരുത്തരുടെയും വ്യക്തിജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യേണ്ട ഒരു സമീപനമാണിത്. വചനം ശ്രവിക്കുന്ന ഒരു മനോഭാവത്തിൽ തങ്ങളെത്തന്നെ ആദ്യം പ്രതിഷ്ഠിക്കുന്നവർക്കുമാത്രമേ അതിന്റെ സന്ദേശവാഹകരായിത്തീരാൻ സാധിക്കൂ."[179] പ്രഘോഷിക്കുകയും ശ്രവിക്കുകയും ചെയ്യപ്പെടുന്ന ദൈവവചനത്തിലും കൂദാശകളിലും യേശു ഇന്ന്, ഇപ്പോൾ, ഇവിടെ ഓരോ വ്യക്തിയോടും പറയുന്നു; "ഞാൻ നിന്റേതാണ്. ഞാൻ എന്നെത്തന്നെ നിനക്ക് തരുന്നു." "ഞാൻ അങ്ങയുടേതാണ്" എന്ന് മറുപടിയായി പറഞ്ഞുകൊണ്ട് നമുക്ക് ആ വാക്കുകൾ സ്വീകരിക്കുകയും അവയ്ക്ക് പ്രത്യുത്തരം നൽകുകയും ചെയ്യാൻ കഴിയും.[180] "തന്നെ സ്വീകരിച്ചവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (യോഹ. 1:12) എന്ന് യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ നമ്മോട് പറയുന്നു. ദൈവകൃപയാൽ അത് നമുക്ക് അനുഭവിക്കാൻ കഴിയുന്ന ഒരന്തരീക്ഷമായി സഭ ആവിർഭവിക്കുന്നു.

# ആരാധനാക്രമം, ദൈവവചനത്തിനുള്ള സവിശേഷസംവിധാനം

## ദൈവവചനം ആരാധനാക്രമത്തിൽ

**52.** സഭയെ "വചനത്തിന്റെ ഭവന"[181]മായി പരിഗണിക്കുമ്പോൾ, ആദ്യം ശ്രദ്ധ നൽകേണ്ടത് ആരാധനാക്രമത്തിനാണ്. കാരണം, നമ്മുടെ ജീവിതത്തിന്റെ മദ്ധ്യത്തിൽ ദൈവം നമ്മോട് സംസാരിക്കുന്ന സവിശേഷസംവിധാനമാണ് ആരാധനാക്രമം. ശ്രവിക്കുകയും പ്രത്യുത്തരം നൽകുകയും ചെയ്യുന്ന തന്റെ ജനത്തോട് അവിടുന്ന് ഇന്ന് സംസാരിക്കുന്നുണ്ട്. ആരാധനാക്രമത്തിലെ ഓരോ തിരുക്കർമ്മവും അതിന്റെ സ്വഭാവത്താൽതന്നെ വിശുദ്ധലിഖിതത്തിൽ നിമഗ്നമായിരിക്കുന്നു. 'പരിശുദ്ധ സൂനഹദോസ്' (*Sacrosanctum*

*Concilium)* എന്ന പ്രമാണരേഖയിൽ ഇപ്രകാരം നാം വായിക്കുന്നു: "ആരാധനാക്രമാനുഷ്ഠാനത്തിൽ വിശുദ്ധഗ്രന്ഥത്തിനു പരമപ്രാധാന്യമാണുള്ളത്. കാരണം, വായനകൾ വിശുദ്ധഗ്രന്ഥത്തിൽ നിന്നുള്ളവയാണ്. അവ സുവിശേഷപ്രസംഗത്തിൽ വിശദീകരിക്കപ്പെടുന്നു; സങ്കീർത്തനങ്ങൾ ആലപിക്കുന്നതും വിശുദ്ധഗ്രന്ഥത്തിൽനിന്ന്; പ്രാർത്ഥനകൾ, സ്തോത്രങ്ങൾ, ആരാധനാഗീതങ്ങൾ ഇവയ്ക്ക് പ്രചോദനം ലഭിച്ചിട്ടുള്ളതും വിശുദ്ധഗ്രന്ഥത്തിൽ നിന്നുതന്നെ. എന്നല്ല, വിശുദ്ധഗ്രന്ഥത്തിൽനിന്നാണ് തിരുക്കർമ്മങ്ങളിലെ ആംഗ്യങ്ങളും അടയാളങ്ങളും അർത്ഥമുൾക്കൊള്ളുന്നത്."[182] ക്രിസ്തുതന്നെ "തന്റെ വചനത്തിൽ സന്നിഹിതനാണ്; കാരണം, ദൈവാലയങ്ങളിൽ വിശുദ്ധഗ്രന്ഥങ്ങൾ വായിക്കുമ്പോൾ അവിടുന്നുതന്നെയാണ് സംസാരിക്കുന്നത്"[183] എന്നുകൂടി പറയേണ്ടതാണ്. തീർച്ചയായും "ആരാധനാക്രമ അനുഷ്ഠാനം ദൈവവചനത്തിന്റെ നിരന്തരവും പൂർണ്ണവും ഫലപ്രദവുമായ അവതരണമായിത്തീരുന്നു. ആരാധനാക്രമത്തിൽ നിരന്തരമായി പ്രഘോഷിക്കപ്പെടുന്ന ദൈവവചനം എപ്പോഴും പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ സജീവവും ഫലപ്രദവുമായ ഒരു വചനമാകുന്നു. നമ്മോടുള്ള അതിന്റെ ഫലദായകത്വത്തിൽ ഒരിക്കലും പരാജയപ്പെടാത്ത പിതാവിന്റെ സ്നേഹം അത് പ്രകടമാക്കുന്നു."[184] ആരാധനാക്രമാനുഷ്ഠാനത്തിൽ ദൈവവചനത്തോടൊപ്പം വിശ്വാസികളുടെ ഹൃദയങ്ങളിൽ അത് ഫലപ്രദമാക്കുന്ന പരിശുദ്ധാരൂപിയുടെ ആന്തരികപ്രവർത്തനമുണ്ടെന്ന് സഭ എപ്പോഴും മനസ്സിലാക്കിയിട്ടുണ്ട്. 'സഹായകൻ' (*Paraclete*) നിമിത്തം, "ദൈവവചനം ആരാധനാക്രമാനുഷ്ഠാനത്തിന്റെ അടിസ്ഥാനവും നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ചട്ടവും താങ്ങുമായിത്തീരുന്നു. അതേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം... മുഴുവൻ സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി ദൈവവചനപ്രഘോഷണത്തിൽ സംസാരിക്കപ്പെടുന്നതെല്ലാം ഓരോരുത്തരിലേക്കും വ്യക്തിപരമായിക്കൊണ്ടുവരുന്നു. അതേസമയം, എല്ലാവരുടെയും ഐക്യം ശക്തിപ്പെടുത്താൻ, പരിശുദ്ധാരൂപി ദാനങ്ങളുടെ ഒരു

വൈവിദ്ധ്യം വളർത്തുകയും അവയുടെ ബഹുമുഖമായ പ്രവർത്തനം പുരോഗമിപ്പിക്കുകയും ചെയ്യുന്നു."[185]

ദൈവവചനം ഗ്രഹിക്കാൻ, ആരാധനാക്രമാനുഷ്ഠാനത്തിന്റെ അത്യന്താപേക്ഷിതമായ അർത്ഥവും മൂല്യവും നാം വിലമതിക്കുകയും അനുഭവിക്കുകയും ചെയ്യേണ്ടതാണ്. വിശുദ്ധലിഖിതത്തെക്കുറിച്ചുള്ള വിശ്വാസനിർഭരമായ ഒരു ധാരണയ്ക്ക്, ദൈവവചനം കാലോചിതവും സജീവവുമായ ഒരു വചനമായി പരികർമ്മം ചെയ്യപ്പെടുന്ന ആരാധനാക്രമം എപ്പോഴും പരിശോധിക്കേണ്ടതാണ്. "സിനഗോഗിൽ പ്രവേശിക്കുകയും വിശുദ്ധലിഖിതങ്ങൾ പരിശോധിക്കാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തുകൊണ്ട് ക്രിസ്തു തന്നെ വിശുദ്ധലിഖിതങ്ങൾ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്ത രീതി ആരാധനാക്രമത്തിൽ സഭ വിശ്വസ്ഥതാപുരസ്സരം മുറുകെ പിടിക്കുന്നു."[186]

ഇവിടെ സഭയുടെ ബുദ്ധിപൂർവ്വകമായ ബോധനശാസ്ത്രം നാം കാണുന്നു. അത് ആരാധനാവർഷത്തിന്റെ താളക്രമം പിൻതുടർന്നുകൊണ്ട് വിശുദ്ധലിഖിതം പ്രഘോഷിക്കുകയും ശ്രവിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ കാലാനുസൃതമായ ഈ വികാസം സർവ്വോപരി ദിവ്യബലിയർപ്പണത്തിലും യാമപ്രാർത്ഥനയിലുമാണ് സംഭവിക്കുക. എല്ലാറ്റിന്റെയും കേന്ദ്രത്തിൽ പെസഹാരഹസ്യം പ്രകാശിക്കുന്നു. കൗദാശികമായി സന്നിഹിതമാകുന്ന ക്രിസ്തുവിന്റെ എല്ലാ രഹസ്യങ്ങളും രക്ഷാകരചരിത്രവും അതിനുചുറ്റും അത് പ്രസരിപ്പിക്കുന്നുണ്ട്. "ഇപ്രകാരം രക്ഷണീയ രഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് തിരുസ്സഭ തന്റെ നാഥന്റെ ശക്തിയുടെയും യോഗ്യതയുടെയും അനർഘനിക്ഷേപങ്ങൾ വിശ്വാസികൾക്ക് തുറന്നുകൊടുക്കുന്നു. അങ്ങനെ ഒരർത്ഥത്തിൽ ഇവയെല്ലാം എല്ലാ സമയത്തും അവതരിപ്പിക്കപ്പെടുകയും വിശ്വാസികൾ ഈ രഹസ്യങ്ങൾ ഗ്രഹിച്ച് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു."[187] ഇക്കാരണത്താൽ, ദൈവവചനത്തിന്റെ അഗാധമായ അർത്ഥം ആസ്വദിക്കാൻ എല്ലാ വിശ്വാസികളും അഭ്യസിക്കുന്നു എന്ന്

ഉറപ്പുവരുത്താൻ സഭയുടെ അജപാലകരെയും അജപാലനപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ മൗലിക രഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് ഓരോ വർഷവും ദൈവവചനം ആരാധനാക്രമത്തിൽ അനാവരണം ചെയ്യപ്പെടുന്നു. വിശുദ്ധലിഖിതത്തോടുള്ള ശരിയായ ഒരു സമീപനത്തിന്റെ അടിസ്ഥാനമാണിത്.

## വിശുദ്ധലിഖിതവും കൂദാശകളും

**53.** ദൈവവചനം മനസ്സിലാക്കുന്നതിൽ ആരാധനാക്രമത്തിനുള്ള പ്രാധാന്യത്തെപ്പറ്റി ചർച്ച ചെയ്തപ്പോൾ മെത്രാന്മാരുടെ സിനഡ് ദൈവവചനവും കൂദാശകളുടെ പ്രവർത്തനവും തമ്മിലുള്ള ബന്ധം എടുത്തുപറഞ്ഞു. സഭയുടെ അജപാലനപ്രവർത്തനത്തിലും ദൈവശാസ്ത്രപരമായ വിചിന്തനത്തിലും വചനവും കൂദാശയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആഴത്തിലുള്ള ഒരന്വേഷണത്തിന്റെ വലിയ ആവശ്യമുണ്ട്.[188] തീർച്ചയായും "വചനത്തിന്റെ ആരാധനാക്രമം സഭയുടെ കൂദാശകളിൽ ഓരോന്നിന്റെയും പരികർമ്മത്തിൽ ഒരു നിർണ്ണായകഘടകമാണ്."[189] എന്നിരുന്നാലും, അജപാലനപരമായ പ്രയോഗത്തിൽ, വിശ്വാസികൾ എപ്പോഴും ഈ ബന്ധത്തെപ്പറ്റി ബോധവാന്മാരല്ല. കർമ്മവും വചനവും തമ്മിലുള്ള ഐക്യം അവർ വേണ്ടവിധം ഗ്രഹിക്കുന്നുമില്ല. "വൈദികരും ഡീക്കന്മാരും കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ, സഭയുടെ ശുശ്രൂഷയിൽ വചനവും കൂദാശയും തമ്മിലുള്ള ഐക്യം വിശദീകരിക്കേണ്ടത് സർവ്വോപരി അവരുടെ ചുമതലയാണ്"[190] വചനവും കൂദാശാപരമായ കർമ്മവും തമ്മിലുള്ള ബന്ധം വചനത്തിന്റെതന്നെ *പ്രവർത്തനപരമായ സ്വഭാവത്തിലൂടെ* രക്ഷാകരചരിത്രത്തിലെ ദൈവികപ്രവർത്തനത്തിന്റെ ആരാധനാക്രമപരമായ ആവിഷ്കാരമാകുന്നു. രക്ഷാകരചരിത്രത്തിൽ, ദൈവം *പറയുന്നതും* അവിടുന്ന് *ചെയ്യുന്നതും* തമ്മിൽ ഒരു വേർതിരിവുമില്ല. 'ദബാർ' (*dabar*) എന്ന ഹീബ്രു പദം വ്യക്തമാക്കുന്നതുപോലെ, അവിടുത്തെ വചനം

സജീവവും ഊർജ്ജസ്വലവുമായി (cf. ഹെബ്രാ. 4:12) കാണപ്പെടുന്നു. ആരാധനാക്രമപരമായ അനുഷ്ഠാനത്തിലും, പറയുന്നത് പൂർത്തിയാക്കുന്ന അവിടുത്തെ വചനത്തിന്റെ നേർക്കാഴ്ചയാണ് നമുക്കുണ്ടാകുന്നത്. ആരാധനാക്രമത്തിൽ ദൈവവചനത്തിന്റെ *പ്രവർത്തനസ്വഭാവം* കണ്ടെത്താൻ ദൈവജനത്തെ പഠിപ്പിക്കുകവഴി രക്ഷാകരചരിത്രത്തിലും അവരുടെ വ്യക്തിജീവിതത്തിലും അവിടുത്തെ പ്രവർത്തനം തിരിച്ചറിയാൻ നാം അവരെ സഹായിക്കുകയായിരിക്കും.

## ദൈവവചനവും ദിവ്യകാരുണ്യവും

**54.** വചനവും കൂദാശകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി പൊതുവായി പറയപ്പെടുന്നതിന്, നാം ദിവ്യബലിയർപ്പണത്തിലേക്ക് തിരിയുമ്പോൾ, കൂടുതൽ ആഴത്തിലുള്ള അർത്ഥം കൈവരുന്നു. വചനവും ദിവ്യബലിയർപ്പണവും തമ്മിലുള്ള അഗാധമായ ഐക്യം വിശുദ്ധലിഖിതം നൽകുന്ന സാക്ഷ്യത്തിൽ (cf. യോഹ. 6; ലൂക്കാ 24) അധിഷ്ഠിതമായിരിക്കുന്നു. സഭാപിതാക്കന്മാർ ഇത് സാക്ഷ്യപ്പെടുത്തുകയും രണ്ടാം വത്തിക്കാൻ കൗൺസിൽ[191] ആവർത്തിച്ചു സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ നാം, കഫർണാമിലെ സിനഗോഗിൽ ജീവന്റെ അപ്പത്തെപ്പറ്റി യേശു ചെയ്ത പ്രഭാഷണത്തെക്കുറിച്ചും (cf. യോഹ. 6:22–69) അതിൽ അന്തർഭവിച്ചിരിക്കുന്ന മോശയും യേശുവും തമ്മിലുള്ള; ദൈവത്തോട് മുഖാമുഖം സംസാരിച്ചവനും (പുറ. 33:11) ദൈവത്തെ വെളിപ്പെടുത്തുന്നവനും (cf. യോഹ. 1:18) തമ്മിലുള്ള, താരതമ്യത്തെക്കുറിച്ചും ചിന്തിക്കുന്നു. അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണം ദൈവത്തിന്റെ ദാനത്തെക്കുറിച്ച് സംസാരിക്കുന്നു. തന്റെ ജനത്തിനുവേണ്ടി മരുഭൂമിയിൽവച്ച് മന്നായോടുകൂടി മോശയ്ക്ക് ലഭിച്ചതാണീ ദാനം. അത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ജീവദായകവചനമായ (cf. സങ്കീ.119; സുഭാ. 9:5) 'തോറാ'(*Torah*)യാണ്. സ്വന്തം വ്യക്തിത്വത്തിൽ യേശു ഈ പുരാതന പ്രതിച്ഛായ പൂർത്തീകരണത്തിലേക്കു കൊണ്ടുവരുന്നു. "ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽനിന്നി

റങ്ങിവന്ന് ലോകത്തിനു ജീവൻ നൽകുന്നതത്രേ"…. "ഞാനാണ് ജീവന്റെ അപ്പം" (യോഹ. 6:33-35). ഇവിടെ "നിയമം ഒരു വ്യക്തിയായിത്തീർന്നിരിക്കുന്നു. നാം യേശുവിനെ കണ്ടുമുട്ടുമ്പോൾ, ജീവിക്കുന്ന ദൈവംതന്നെ നമുക്ക് ആഹാരമായിത്തീരുന്നു എന്നുപറയാം. യഥാർത്ഥത്തിൽ നാം 'സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം' ഭക്ഷിക്കുന്നു."[192] കഫർണാമിലെ പ്രഭാഷണത്തിൽ, യോഹന്നാന്റെ ആമുഖം കൂടുതൽ ആഴമുള്ള ഒരു തലത്തിൽ എത്തിച്ചേരുകയാണ്. അവിടെ ദൈവത്തിന്റെ വചനം, 'ലോഗോസ്' മാംസമായിത്തീരുന്നു. എന്നാൽ ഇവിടെ ഈ മാംസം ലോകത്തിന്റെ ജീവനുവേണ്ടി നൽകപ്പെടുന്ന 'അപ്പ'മായിത്തീരുന്നു (cf. യോഹ. 6:51). കുരിശിന്റെ രഹസ്യത്തിലെ യേശുവിന്റെ സ്വയംദാനത്തെക്കുറിച്ചുള്ള ഒരു സൂചന ഇവിടെയുണ്ട്. അവിടുത്തെ രക്തം 'പാനീയ'മായി (cf. യോഹ. 6:53) നൽകുന്നതിനെപ്പറ്റിയുള്ള വാക്കുകൾ ഇത് സ്ഥിരീകരിക്കുന്നു. ദിവ്യകാരുണ്യത്തിന്റെ രഹസ്യം യഥാർത്ഥ മന്നായെ സ്വർഗ്ഗത്തിൽനിന്നുള്ള യഥാർത്ഥ അപ്പത്തെ, വെളിപ്പെടുത്തുന്നു. പെസഹാരഹസ്യത്തിൽ നമുക്കുവേണ്ടി തന്നെത്തന്നെ നൽകിയ, മാംസമായിത്തീർന്ന ദൈവത്തിന്റെ 'ലോഗോസ്' ആണത്.

എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യന്മാരെപ്പറ്റിയുള്ള ലൂക്കായുടെ വിവരണം, വചനം ശ്രവിക്കുന്നതും അപ്പം മുറിക്കുന്നതും (cf. ലൂക്കാ 24:13-35) തമ്മിലുള്ള ഈ ബന്ധത്തെക്കുറിച്ച് കൂടുതൽ വിചിന്തനം നടത്താൻ നമ്മെ പ്രാപ്തരാക്കുന്നു. സാബത്തിന്റെ പിറ്റേദിവസം യേശു ശിഷ്യന്മാരെ സമീപിക്കുകയും തങ്ങളുടെ തകർന്ന പ്രത്യാശകളെക്കുറിച്ച് അവർ സംസാരിച്ചപ്പോൾ അത് ശ്രദ്ധിക്കുകയും ചെയ്തു. അവരുടെ യാത്രയിൽ അവരോടൊപ്പംചേർന്നുകൊണ്ട്, "വിശുദ്ധലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവൻ അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു"(24:27). തങ്ങളുടെ ജീവിതവുമായി എത്രയോ അദ്ഭുതകരമായവിധത്തിൽ പരിചയമുണ്ടെന്നുതോന്നിയ ഈ യാത്രികൻ കൂടെയുള്ളപ്പോൾ, ആ രണ്ടു ശിഷ്യന്മാർ വിശുദ്ധലിഖിതങ്ങളിലേക്ക് ഒരു പുതിയ

രീതിയിൽ നോക്കാൻ തുടങ്ങി. ആ ദിവസങ്ങളിൽ സംഭ വിച്ചവ ഇനിമേൽ പരാജയമായല്ല, പൂർത്തീകരണവും ഒരു പുതിയ തുടക്കവുമായി അവർക്കനുഭവപ്പെട്ടു. എന്നാൽ ഈ വചനങ്ങൾപോലും അവരെ സംബന്ധിച്ചിടത്തോളം മതിയാകുമായിരുന്നില്ല. യേശു അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കു കൊടുത്തപ്പോൾ മാത്രം "അവരുടെ കണ്ണ് തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു" (24:31) എന്ന് *ലൂക്കായുടെ സുവിശേഷം* പ്രസ്താവിക്കുന്നു. നേരത്തെ, "അവനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു" (24:16). ആദ്യം അവിടുത്തെ വചനങ്ങളിലൂടെയും പിന്നീട് അപ്പംമുറിക്കൽ എന്ന പ്രവൃത്തിയിലൂടെയും, യേശുവിന്റെ സാന്നിദ്ധ്യം അവിടുത്തെ തിരിച്ചറിയാൻ ശിഷ്യന്മാരെ പ്രാപ്തരാക്കി. അവിടുത്തോടൊപ്പം അവർക്ക് നേരത്തേ അനുഭവപ്പെട്ടിരുന്നവയെല്ലാം ഇപ്പോൾ ഒരു പുതിയ രീതിയിൽ വിലയിരുത്താൻ അവർക്ക് കഴിഞ്ഞു. "വഴിയിൽവച്ച് അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോട് സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?" (24:32).

**55.** വിശുദ്ധകുർബാനയുമായുള്ള അഭേദ്യമായ അതിന്റെ ബന്ധം വിലമതിക്കാൻ വിശുദ്ധലിഖിതം തന്നെ നമ്മോട് നിർദ്ദേശിക്കുന്നതായി ഈ വിവരണങ്ങളിൽനിന്ന് വ്യക്തമാണ്. "സഭ വായിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ദൈവവചനത്തിന്റെ ഏക ഉദ്ദേശ്യം പുതിയ ഉടമ്പടിയിലെ ബലിയും കൃപയുടെ വിരുന്നും, അതായത് വിശുദ്ധകുർബാനയും, ആണെന്നുള്ളത് ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല."[193] ഒന്നില്ലാതെ മറ്റൊന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയാത്തവിധം വചനവും ദിവ്യകാരുണ്യവും അത്ര അഗാധമായി പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ദിവ്യബലിയർപ്പണത്തിൽ ദൈവവചനം കൗദാശികമായി മാംസം ധരിക്കുകയാണ്. വിശുദ്ധലിഖിതത്തെക്കുറിച്ചുള്ള ഒരു ധാരണയിലേക്ക് വിശുദ്ധ കുർബാന നമ്മെ തുറവിയുള്ളവരാക്കുന്നു. അതുപോലെതന്നെ, അതിന്റെ ഭാഗത്തുനിന്ന്, വിശുദ്ധലിഖിതം ദിവ്യബലിയർപ്പണത്തെ പ്രകാശിപ്പിക്കുകയും വിശദീകരിക്കു

കയും ചെയ്യുന്നുണ്ട്. വിശുദ്ധ കുർബാനയിൽ കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യം നാം അംഗീകരിക്കാത്തപക്ഷം, വിശുദ്ധലിഖിതത്തെപ്പറ്റിയുള്ള നമ്മുടെ ധാരണ അപൂർണ്ണമായിരിക്കും. ഇക്കാരണത്താൽ ഒരേ ആരാധനയോടുകൂടിയല്ലെങ്കിലും ഒരേ ഭക്തിയോടുകൂടിയാണ് സഭ ദൈവവചനത്തെയും ദിവ്യകാരുണ്യരഹസ്യത്തെയും ആദരിച്ചിട്ടുള്ളത്. അങ്ങനെയുള്ള ആദരവ് സഭ എപ്പോഴും എല്ലായിടത്തും നിഷ്കർഷിക്കുകയും അനുശാസിക്കുകയും ചെയ്തിട്ടുണ്ട്. അവളുടെ സ്ഥാപകന്റെ മാതൃകയാൽ പ്രേരിതയായി, "വിശുദ്ധലിഖിതങ്ങളിൽ അവനെപ്പറ്റി എഴുതിയവയെല്ലാം" (ലൂക്കാ 24:27) വായിക്കാൻ ഒന്നിച്ചുകൂടി അവിടുത്തെ പെസഹാരഹസ്യം ആഘോഷിക്കുന്നതിലും കർത്താവിന്റെ സ്മരണയുടെ ആഘോഷത്തിലും കൂദാശകളിലുംകൂടി രക്ഷണീയദൗത്യം നിർവ്വഹിക്കുന്നതിലുംനിന്ന് സഭ ഒരിക്കലും വിരമിച്ചിട്ടില്ല."[194]

## വചനത്തിന്റെ കൗദാശികത

**56.** കൂദാശ അനുഷ്ഠാനത്തിലെ ദൈവവചനത്തിന്റെ *പ്രവർത്തനസ്വഭാവത്തെക്കു*റിച്ചുള്ള വിചിന്തനവും ദൈവവചനത്തിന്റെയും വിശുദ്ധ കുർബാനയുടെയും പരസ്പരബന്ധത്തെപ്പറ്റി വർദ്ധിച്ചുവരുന്ന മതിപ്പും നമ്മെ മറ്റൊരു സുപ്രധാനപ്രമേയത്തിലേക്ക് വചനത്തിന്റെ *കൗദാശികതയിലേക്ക്*,[195] നയിക്കുന്നു. സിനഡ് സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന പ്രമേയമാണിത്. "വെളിപാടിന്റെ കൗദാശികസ്വഭാവ"ത്തെക്കുറിച്ചും പ്രത്യേകിച്ച് "ദിവ്യകാരുണ്യത്തിന്റെ അടയാള"ത്തെക്കുറിച്ചും ജോൺ പോൾ രണ്ടാമൻ മാർപാപ്പ പരാമർശിച്ചിട്ടുണ്ട്. "ദിവ്യകാരുണ്യത്തിലെ സൂചകനും സൂചിതവും തമ്മിലുള്ള അവിഭാജ്യമായ ഐക്യം രഹസ്യത്തിന്റെ ആഴങ്ങൾ മനസ്സിലാക്കുകയെന്നത് സാദ്ധ്യമാക്കുന്നു."[196] ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പരാമർശങ്ങൾ അനുസ്മരിക്കുന്നത് ഇവിടെ സഹായകമായിരിക്കും. ദൈവവചനത്തിന്റെ കൗദാശികതയുടെ ഹൃദയത്തിലുള്ളത് മനുഷ്യാവതാരത്തിന്റെതന്നെ രഹസ്യമാണെന്ന് നമുക്ക് കാണാ

നിടവരുന്നു. "വചനം മാംസമായി" (യോഹ. 1:14). വെളിപ്പെടുത്തപ്പെട്ട രഹസ്യത്തിന്റെ യാഥാർത്ഥ്യം പുത്രന്റെ "മാംസ"ത്തിൽ നമുക്ക് നൽകപ്പെടുന്നു. മനുഷ്യന്റെ വാക്കുകളുടെയും കർമ്മങ്ങളുടെയും "അടയാള"ത്തിൽകൂടി ദൈവവചനം വിശ്വാസത്താൽ ദർശിക്കാൻ കഴിയും. ദൈവം തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തുന്ന വാക്കുകളും കർമ്മങ്ങളും സ്വീകരിച്ചുകൊണ്ട് വിശ്വാസം ദൈവവചനത്തെ അംഗീകരിക്കുന്നു. വെളിപാടിന്റെ കൗദാശികസ്വഭാവം രക്ഷാചരിത്രത്തിലേക്ക്, സ്ഥലകാലങ്ങളിൽ ദൈവവചനം പ്രവേശിക്കുന്ന മാർഗ്ഗത്തിലേക്ക് വിരൽചൂണ്ടുകയും അവിടുത്തെ ദാനം വിശ്വാസത്തിൽ സ്വീകരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന ജനങ്ങളോട് സംസാരിക്കുകയും ചെയ്യുന്നു.

കൂദാശ ചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലുമുള്ള ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യവുമായുള്ള സാദൃശ്യത്തിലൂടെ വചനത്തിന്റെ കൗദാശികത അങ്ങനെ മനസ്സിലാക്കാൻ കഴിയും.[197] അൾത്താരയെ സമീപിക്കുകയും ദിവ്യകാരുണ്യവിരുന്നിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ട് നാം വാസ്തവത്തിൽ ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ പങ്കുചേരുകയാണ്. അർപ്പണസമയത്തെ ദൈവവചനപ്രഘോഷണം ക്രിസ്തുതന്നെ സന്നിഹിതനായിരിക്കുന്നുവെന്നും അവിടുന്ന് നമ്മോട് സംസാരിക്കുന്നുവെന്നും[198] ശ്രവിക്കപ്പെടാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്നുമുള്ള ഒരംഗീകാരം അനിവാര്യമാക്കുന്നു. ദിവ്യകാരുണ്യത്തെയും ദൈവവചനത്തെയും നാം സമീപിക്കേണ്ടതെങ്ങനെയെന്ന് വിശുദ്ധ ജെറോം പറയുന്നുണ്ട്: "നാം വിശുദ്ധലിഖിതങ്ങൾ വായിക്കുന്നു. എനിക്ക് സുവിശേഷം ക്രിസ്തുവിന്റെ ശരീരമാണ്. എന്നെ സംബന്ധിച്ചിടത്തോളം വിശുദ്ധലിഖിതങ്ങൾ അവിടുത്തെ പ്രബോധനമാണ്. *'നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ'* (യോഹ. 6:53) എന്ന് അവിടുന്ന് അരുളിച്ചെയ്യുമ്പോൾ (ദിവ്യകാരുണ്യ) രഹസ്യത്തോട് ബന്ധപ്പെടുത്തി അത് മനസ്സിലാക്കാമെങ്കിലുംകൂടി, വാസ്തവത്തിൽ ക്രിസ്തുവിന്റെ ശരീരരക്ത

ങൾ വിശുദ്ധലിഖിതത്തിലെ വചനമാണ്, ദൈവത്തിന്റെ പ്രബോധനമാണ്. നാം (ദിവ്യകാരുണ്യ) രഹസ്യത്തെ സമീപിക്കുമ്പോൾ, ഒരു ചെറുതരി താഴെവീണാൽ നാം വിഷമിക്കുന്നു. എന്നാൽ നാം ദൈവവചനം ശ്രവിക്കുകയും ദൈവവചനവും ക്രിസ്തുവിന്റെ ശരീരരക്തങ്ങളും നമ്മുടെ കാതുകളിലേക്ക് ഒഴുകുകയും ചെയ്യുമ്പോൾ നാം ശ്രദ്ധിക്കാത്തപക്ഷം എന്തു വലിയ ആപത്ഭീതി നമുക്ക് അനുഭവപ്പെടേണ്ടതാണ്?"[199] അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപങ്ങളിൽ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തു, ആരാധനാക്രമത്തിൽ പ്രഘോഷിക്കപ്പെടുന്ന വചനത്തിൽ സാദൃശരീതിയിൽ സന്നിഹിതനാണ്. അങ്ങനെ, ദൈവവചനത്തിന്റെ കൗദാശികതയെപ്പറ്റി കൂടുതൽ ആഴത്തിലുള്ള ഒരു ധാരണയ്ക്ക് നമ്മെ വെളിപാടിന്റെ രഹസ്യത്തെക്കുറിച്ചുള്ള കൂടുതൽ ഏകീകൃതമായ ഒരു ധാരണയിലേക്ക് നയിക്കാൻ കഴിയും. ഇത് സംഭവിക്കുന്നത് "ആന്തരികമായി പരസ്പരം ബന്ധിതങ്ങളായ പ്രവൃത്തികളും വാക്കുകളും"[200] വഴിയാണ്. ഇതിനെക്കുറിച്ചുള്ള മതിപ്പ് വിശ്വാസികളുടെ ആത്മീയജീവിതത്തിനും സഭയുടെ അജപാലനപ്രവർത്തനത്തിനും പ്രയോജനകരമായിരിക്കും.

## വിശുദ്ധലിഖിതവും ലെക്ഷണറിയും (തിരുക്കർമ്മ വായനാ സമാഹാരം)

**57.** വചനവും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകിക്കൊണ്ട്, വചനശുശ്രൂഷയോട് ബന്ധപ്പെട്ട തിരുക്കർമ്മത്തിന്റെ ചില വശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ സിനഡും ശരിയായ രീതിയിൽ ആഗ്രഹിച്ചു. ആദ്യമായി 'ലെക്ഷണറി'യുടെ പ്രാധാന്യം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്ത നവീകരണം,[201] വിശുദ്ധലിഖിതത്തോട് കൂടുതൽ സമ്പന്നമായി ബന്ധപ്പെടുന്നതിൽ ഫലമണിഞ്ഞിട്ടുണ്ട്. അത് ഇപ്പോൾ സമൃദ്ധമായി നൽകപ്പെടുന്നു, പ്രത്യേകിച്ച് ഞായറാഴ്ചത്തെ ദിവ്യബലിയിൽ. ലെക്ഷണറിയുടെ ഇപ്പോഴത്തെ

ഘടന അല്പം ആവർത്തനത്തോടുകൂടി വിശുദ്ധലിഖിതത്തിലെ കൂടുതൽ പ്രാധാന്യമുള്ള ചില ഭാഗങ്ങൾ അവതരിപ്പിക്കുകമാത്രമല്ല; ദൈവികപദ്ധതിയുടെ ഐക്യം മനസ്സിലാക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലുംനിന്നുള്ള വായനകളുടെ പരസ്പരബന്ധം മൂലമാണിത്. "അവിടുത്തെ പെസഹാരഹസ്യത്തിൽ അനുസ്മരിക്കപ്പെടുന്ന ക്രിസ്തു കേന്ദ്രവ്യക്തിയായുള്ള"[202] ഒരു പരസ്പരബന്ധമാണിത്. ആ വായനകൾ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ അവശേഷിക്കുന്നുവെങ്കിൽ, കാനോനിക വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ, അതായത് മൊത്തത്തിൽതന്നെ ബൈബിളിൽ അന്തർലീനമായിട്ടുള്ള ഐക്യം പരിശോധിച്ചുകൊണ്ട്, അവയെ സമീപിക്കേണ്ടതാണ്. ആവശ്യമുള്ളയിടങ്ങളിൽ, പ്രാഗത്ഭ്യമുള്ള കാര്യാലയങ്ങൾക്കും സംഘങ്ങൾക്കും തിരുക്കർമ്മങ്ങളിലെ വായനകളുടെ പാരസ്പര്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുള്ള പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കാനുള്ള ക്രമീകരണം ചെയ്യാവുന്നതാണ്. അവയെല്ലാം അതാതുകാലത്തെ ആരാധനാക്രമം അനുശാസിക്കുന്ന ആരാധനാക്രമസമ്മേളനത്തിൽ പ്രഘോഷിക്കപ്പെടണം. മറ്റ് പ്രശ്നങ്ങളും പ്രയാസങ്ങളും ദൈവികാരാധനയ്ക്കും കൂദാശകളുടെ പരികർമ്മത്തിനുമുള്ള തിരുസംഘത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.

ലത്തീൻ റീത്തിലെ ഇപ്പോഴത്തെ ലെക്ഷണറിക്ക് എക്യുമെനിസം സംബന്ധിച്ച് പ്രാധാന്യം ഉണ്ടെന്നുള്ള വസ്തുത നാം അവഗണിക്കാൻ പാടില്ല. കാരണം, കത്തോലിക്കാസഭയുമായി ഇപ്പോഴും പൂർണ്ണ കൂട്ടായ്മയിലായിട്ടില്ലാത്ത സമൂഹങ്ങളും അതുപയോഗിക്കുകയും വിലമതിക്കുകയും ചെയ്യുന്നുണ്ട്. ലെക്ഷണറിയുടെ പ്രശ്നം പൗരസ്ത്യ കത്തോലിക്കാസഭകളുടെ ആരാധനാക്രമങ്ങളിൽ വ്യത്യസ്തമായാണ് അവതരിപ്പിക്കപ്പെടുക. സ്വയംഭരണാവകാശമുള്ള സഭകളുടെ പ്രത്യേക പാരമ്പര്യത്തിനും പ്രാഗത്ഭ്യത്തിനും അനുസൃതമായും അതുപോലെതന്നെ എക്യുമെനിസം സംബന്ധിച്ച

പശ്ചാത്തലം കണക്കിലെടുത്തുകൊണ്ടും ഈ പ്രശ്നം "ആധികാരികമായി പരിശോധിക്കാൻ"[203] സിനഡ് അഭ്യർത്ഥിക്കുകയുണ്ടായി.

## വചനപ്രഘോഷണവും വായനക്കാരന്റെ ശുശ്രൂഷയും

**58.** ദൈവവചനപ്രഘോഷണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള സിനഡ് നേരത്തേതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.[204] ഒരു വൈദികനോ ഡീക്കനോ സുവിശേഷം വായിക്കുമ്പോൾ, നിശ്ചയിക്കപ്പെട്ട ഒരു വായനക്കാരനോ വായനക്കാരിയോ ഒന്നാമത്തെയും രണ്ടാമത്തെയും വായനകൾ നടത്തുകയാണ് ലത്തീൻ പാരമ്പര്യമെന്ന് അറിയാമല്ലോ. ആരാധനാക്രമാനുഷ്ഠാനങ്ങളിൽ വായനക്കാരന്റെ ചുമതല നിർവ്വഹിക്കുന്നവർക്ക്,[205] പ്രത്യേകിച്ച് വായനക്കാരന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നവർക്ക്, മതിയായ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത[206] ഒരിക്കൽക്കൂടി ഊന്നിപ്പറഞ്ഞ സിനഡ് പിതാക്കന്മാരെ പിൻതുണയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വായനക്കാരന്റെ ശുശ്രൂഷ ലത്തീൻ റീത്തിൽ ഒരു അല്മായ ശുശ്രൂഷയാണ്. ഈ ചുമതല ഏല്പിച്ചിട്ടുള്ള എല്ലാവർക്കും, അവർ വായനാശുശ്രൂഷക്കുവേണ്ടി നിയമിതരല്ലെങ്കിൽപ്പോലും, യഥാർത്ഥത്തിൽ അനുയോജ്യമായ പരിശീലനം ശ്രദ്ധാപുരസ്സരം നൽകേണ്ടതാണ്. ഈ പരിശീലനം ബൈബിളിനോട് ബന്ധപ്പെട്ടതും ആരാധനാക്രമപരവും അതുപോലെതന്നെ സാങ്കേതികവുമായിരിക്കണം. "ബൈബിൾസംബന്ധമായ അവരുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യം വായനക്കാർക്ക് സന്ദർഭാനുസരണം വായനകൾ ഗ്രഹിക്കാനും വെളിപ്പെടുന്ന സന്ദേശത്തിന്റെ കേന്ദ്രാശയത്തെക്കുറിച്ച് വിശ്വാസവെളിച്ചത്തിൽ അവബോധം ഉണ്ടാകാനുമുള്ള കഴിവ് നൽകുകയാണ്. വചനത്തിന്റെ ആരാധനാക്രമത്തിന്റെ അർത്ഥവും ഘടനയും അതിന് ദിവ്യകാരുണ്യത്തിന്റെ ആരാധനാക്രമത്തോടുള്ള ബന്ധത്തിന്റെ പ്രാധാന്യം, എന്നിവയെക്കുറിച്ച് ആവശ്യമായ

അറിവുണ്ടാകാൻ ആരാധനാക്രമ രൂപീകരണം വായനക്കാരെ ഒരുക്കണം. അവരുടെതന്നെ ശബ്ദത്തിന്റെ ശക്തികൊണ്ടോ ഉപകരണത്തിന്റെ സഹായത്തോടുകൂടിയോ പരസ്യമായി വായിക്കുന്ന കലയിൽ, സാങ്കേതികമായ തയ്യാറെടുപ്പ് വായനക്കാരെ വിദഗ്ദ്ധരാക്കണം."[207]

## സുവിശേഷപ്രസംഗത്തിന്റെ പ്രാധാന്യം

**59.** ദൈവജനത്തിലെ ഓരോ അംഗത്തിനും "ദൈവവചനത്തോട് ബന്ധപ്പെട്ട് വ്യത്യസ്ത ചുമതലകളും ഉത്തരവാദിത്തങ്ങളുമാണുള്ളത്. തദനുസരണം, വിശ്വാസികൾ ദൈവവചനം ശ്രവിക്കുകയും അതിനെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്നു. എന്നാൽ, തിരുപ്പട്ടം സ്വീകരിച്ച് പ്രബോധന ചുമതലയുള്ളവർ അഥവാ ആ ശുശ്രൂഷ ഭരമേല്പിക്കപ്പെട്ടവർ", അതായത് മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ എന്നിവർ "ദൈവവചനം വിശദീകരിക്കുന്നു."[208] അതുകൊണ്ട് സിനഡിലുടനീളം സുവിശേഷപ്രസംഗത്തിനു നൽകിയ ശ്രദ്ധ മനസ്സിലാക്കാവുന്നതാണ്. 'ഉപവിയുടെ കൂദാശ' എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ ഞാൻ ഇപ്രകാരം ചൂണ്ടിക്കാണിക്കുകയുണ്ടായി. "ദൈവവചനത്തിന്റെ പ്രാധാന്യം നോക്കുമ്പോൾ, സുവിശേഷപ്രസംഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. സുവിശേഷപ്രസംഗം "ആരാധനാക്രമാനുഷ്ഠാനത്തിന്റെ ഭാഗമാകുന്നു." വിശ്വാസികളുടെ ജീവിതങ്ങളിൽ അത് ഫലം പുറപ്പെടുവിക്കത്തക്കവിധം ദൈവവചനത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ഒരു ധാരണ വളർത്തുകയാണ് അതിന്റെ ഉദ്ദേശ്യം."[209] തങ്ങളുടെ ദൈനംദിനജീവിതങ്ങളിൽ ദൈവവചനം സന്നിഹിതമാണെന്നും പ്രവർത്തനനിരതമാണെന്നും മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന രീതിയിൽ വിശുദ്ധലിഖിത സംബന്ധമായ സന്ദേശം ജീവിതത്തിലേക്ക് കൊണ്ടുവരാനുള്ള ഒരു മാർഗ്ഗമാണ് സുവിശേഷപ്രസംഗം. അത് അനുഷ്ഠിക്കപ്പെടുന്ന രഹസ്യത്തെക്കുറിച്ചുള്ള ഒരു ധാരണയിലേക്ക് നയിക്കുകയും ദൗത്യത്തിലേക്കുള്ള ഒരു ക്ഷണമായി പ്രവർത്തിക്കുകയും

വിശ്വാസപ്രകടനത്തിനും സാർവ്വത്രിക പ്രാർത്ഥനയ്ക്കും ദിവ്യകാരുണ്യപരമായ ആരാധനാക്രമത്തിനുംവേണ്ടി വിശ്വാസിസമൂഹത്തെ ഒരുക്കുകയും വേണം. തത്ഫലമായി, ഒരു പ്രത്യേക ശുശ്രൂഷയുടെ അടിസ്ഥാനത്തിൽ പ്രബോധനം നൽകാൻ ചുമതലപ്പെട്ടവർ ഈ കർത്തവ്യം നെഞ്ചിലേറ്റേണ്ടതാണ്. സാമാന്യവും കേവലവുമായ പ്രസംഗങ്ങൾ ദൈവവചനത്തിന്റെ ആർജ്ജവത്തിനു മങ്ങലേല്പിക്കുന്നു. അവ ഒഴിവാക്കേണ്ടതാണ്. അതുപോലെതന്നെയാണ് ഉപയോഗശൂന്യമായ ശാഖാചംക്രമണങ്ങളും. സുവിശേഷസന്ദേശത്തിന്റെ ഹൃദയത്തിലേക്ക് എന്നതിനേക്കാൾ കൂടുതലായി പ്രസംഗകനിലേക്ക് ശ്രദ്ധ ആകർഷിക്കുകയെന്ന അപകടം അതിനുണ്ട്. ഓരോ സുവിശേഷപ്രസംഗത്തിന്റെയും കേന്ദ്രത്തിൽ നിൽക്കേണ്ട ക്രിസ്തുവിനെ അവതരിപ്പിക്കാനുള്ള നിർബ്ബന്ധപൂർവ്വമായ ഒരാഗ്രഹം പ്രസംഗകനുണ്ടെന്ന് വ്യക്തമായി മനസ്സിലാക്കാൻ വിശ്വാസികൾക്കു കഴിയണം. ഇക്കാരണത്താൽ പ്രസംഗകർ വിശുദ്ധഗ്രന്ഥവുമായി ഗാഢവും നിരന്തരവുമായ സമ്പർക്കം പുലർത്തേണ്ടതാണ്.[210] ബോദ്ധ്യത്തോടും തീക്ഷ്ണമായും പ്രസംഗിക്കത്തക്കവണ്ണം അവർ ധ്യാനിച്ചും പ്രാർത്ഥിച്ചും പ്രസംഗം തയ്യാറാക്കണം. ഇനിപറയുന്ന ചോദ്യങ്ങൾ മനസ്സിൽ സൂക്ഷിക്കണമെന്ന് സിനഡ് സമ്മേളനം ആവശ്യപ്പെട്ടു. "പ്രഘോഷിക്കപ്പെടുന്ന വിശുദ്ധലിഖിതങ്ങൾ എന്താണ് പറയുന്നത്? എന്നോട് വ്യക്തിപരമായി അവ എന്ത് പറയുന്നു? അതിന്റെ സമൂർത്താവസ്ഥയുടെ വെളിച്ചത്തിൽ സമൂഹത്തോട് ഞാൻ എന്തു പറയണം?"[211] പ്രസംഗകൻ "ആയിരിക്കണം താൻ പ്രഘോഷിക്കുന്ന ദൈവവചനത്തിന്റെ ആദ്യത്തെ ശ്രോതാവ്."[212] വിശുദ്ധ ആഗസ്തീനോസ് ഇങ്ങനെ പറയുന്നു: "ആന്തരികമായി ദൈവവചനം ശ്രവിക്കാതെ ബാഹ്യമായി അത് പ്രസംഗിക്കുന്നവൻ ഫലശൂന്യനാണ്."[213] ഞായറാഴ്ചകൾക്കും തിരുനാളുകൾക്കുമുള്ള സുവിശേപ്രസംഗം ശ്രദ്ധാപൂർവ്വം തയ്യാറാക്കേണ്ടതാണ്. ഈ ദിവസങ്ങളിലെ ആളുകൾ സംബന്ധിക്കുന്ന ദിവ്യബലികളിലും സാധിക്കുമ്പോഴൊക്കെ സമയോ

ചിതമായ ചെറിയ വിചിന്തനങ്ങൾ നൽകുന്നത് ഒഴിവാക്കരുത്. പ്രഘോഷിക്കപ്പെട്ട വചനത്തെ സ്വാഗതം ചെയ്യാനും തങ്ങളുടെ ജീവിതത്തിൽ ഫലമണിയാൻ അതിനെ അനുവദിക്കാനും വിശ്വാസികൾക്ക് അവ സഹായകമാകും.

## സുവിശേഷപ്രസംഗകലയെപ്പറ്റിയുള്ള ഒരു ഡയറക്ടറിയുടെ അനുയോജ്യത

**60.** ലെക്ഷണറിയിൽ അധിഷ്ഠിതമായ നല്ല പ്രസംഗത്തിന്റെ കല വളർത്തിയെടുക്കേണ്ട ഒരു കലയാണ്. അതുകൊണ്ട്, മുൻ സിനഡ് പ്രകടിപ്പിച്ച ആഗ്രഹത്തിന്റെ[214] തുടർച്ചയായി, കഴിയുന്നത്ര ഏറ്റവും നന്നായി തങ്ങളുടെ ചുമതല നിർവ്വഹിക്കാൻ ശുശ്രൂഷകരെ സഹായിക്കുന്നതിന് 'ദിവ്യകാരുണ്യ സംഗ്രഹ'ത്തിന്റെ[215] മാതൃകയിൽ പ്രായോഗിക പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കാൻ ബന്ധപ്പെട്ട അധികാരികളോട് ഞാൻ ആവശ്യപ്പെടുന്നു. ഉദാഹരണമായി, പ്രസംഗകർക്ക് അവരുടെ ശുശ്രൂഷാനിർവ്വഹണത്തിന്റെ ഒരുക്കത്തിന് പ്രയോജനകരമായ സഹായം ലഭിക്കുന്ന, സുവിശേഷപ്രസംഗത്തെക്കുറിച്ചുള്ള ഒരു ഡയറക്ടറി തയ്യാറാക്കാം. വിശുദ്ധ ജെറോം നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, പ്രസംഗത്തോടൊപ്പം ഒരു നല്ല ജീവിതത്തിന്റെ സാക്ഷ്യവും ഉണ്ടായിരിക്കണം: "നിങ്ങളുടെ പ്രവൃത്തികൾ നിങ്ങളുടെ വാക്കുകൾക്ക് വിരുദ്ധമാകരുത്. അല്ലാത്തപക്ഷം, നിങ്ങൾ ദൈവാലയത്തിൽ പ്രസംഗിക്കുമ്പോൾ, നിങ്ങളെ കേൾക്കുന്നവർ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങിയേക്കാം. 'നിങ്ങൾക്കുതന്നെ എന്തുകൊണ്ട് അപ്രകാരം ചെയ്തുകൂടാ?'.... ക്രിസ്തുവിന്റെ വൈദികനിൽ ചിന്തയ്ക്കും വാക്കിനും യോജിപ്പുണ്ടാകണം."[216]

## ദൈവവചനവും അനുരഞ്ജനവും രോഗീലേപനവും

**61.** ദൈവവചനവും കൂദാശകളും തമ്മിലുള്ള ബന്ധത്തിന്റെ കേന്ദ്രത്തിൽ നിലകൊള്ളുന്നത് തീർച്ചയായും വിശുദ്ധ കുർബാനയാണ്. എന്നാൽ ദൈവവചനത്തിന് മറ്റ്

കൂദാശകളിൽ, പ്രത്യേകിച്ച് സൗഖ്യത്തിന്റെ കൂദാശകളിൽ, അതായത് അനുരഞ്ജനത്തിന്റെ അഥവാ അനുതാപത്തിന്റെ കൂദാശയിലും രോഗീലേപനം എന്ന കൂദാശയിലുമുള്ള പ്രാധാന്യത്തിനും നാം ഊന്നൽ നൽകേണ്ടതാണ്. ഈ കൂദാശകളിലെ വിശുദ്ധലിഖിതത്തിന്റെ പങ്ക് പലപ്പോഴും അവഗണിക്കപ്പെടാറുണ്ട്. എന്നാൽ അവയിൽ അതിനുള്ള സ്ഥാനം ഉറപ്പാക്കേണ്ടതാണ്. ദൈവവചനം അനുരഞ്ജനത്തിന്റെ ഒരു വചനമാകുന്നു. കാരണം, അതിൽ ദൈവം എല്ലാ കാര്യങ്ങളും തന്നോടുതന്നെ രമ്യതപ്പെടുത്തി (cf. 2 കോറി. 5:18–20; എഫേ. 1:10). യേശുവിൽ മാംസമായിത്തീർന്ന, ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം പാപിയെ ഉയർത്തുന്നു"[217] ഇത് നാം ഒരിക്കലും മറക്കാൻ പാടില്ല. "ദൈവവചനത്തിലൂടെ ക്രൈസ്തവവിശ്വാസി തന്റെ പാപങ്ങൾ തിരിച്ചറിയാനുള്ള പ്രകാശം സ്വീകരിക്കുകയും മാനസാന്തരത്തിലേക്കും ദൈവത്തിന്റെ കാരുണ്യത്തിലുള്ള ദൃഢവിശ്വാസത്തിലേക്കും വിളിക്കപ്പെടുകയും ചെയ്യുന്നു."[218] ദൈവവചനത്തിന്റെ അനുരഞ്ജനശക്തിയുടെ അഗാധമായ ഒരനുഭവം ഉണ്ടാകാൻ, വിശുദ്ധലിഖിതത്തിലെ അനുയോജ്യമായ ഒരു ഭാഗം ധ്യാനിച്ചുകൊണ്ട് കുമ്പസാരത്തിനൊരുങ്ങാനും ബന്ധപ്പെട്ട റീത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ബൈബിളിലെ ഒരു ഉദ്ബോധനം വായിക്കുകയോ ശ്രവിക്കുകയോ ചെയ്തുകൊണ്ട് കുമ്പസാരം ആരംഭിക്കാനും പശ്ചാത്തപിക്കുന്ന വ്യക്തിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പശ്ചാത്താപം പ്രകടിപ്പിക്കുമ്പോൾ, കുമ്പസാരിക്കുന്ന ആൾ, ബന്ധപ്പെട്ട റീത്തിൽ സൂചിപ്പിച്ചിട്ടുള്ള, "വിശുദ്ധലിഖിതത്തിലെ വചനങ്ങളിൽ അധിഷ്ഠിതമായ ഒരു പ്രാർത്ഥന"[219] ഉപയോഗിക്കുന്നത് നന്നായിരിക്കും. ആണ്ടുവട്ടത്തിലെ പ്രത്യേക സന്ദർഭങ്ങളിൽ അഥവാ അവസരം കിട്ടുമ്പോഴൊക്കെ, വ്യത്യസ്ത ആരാധനാക്രമ പാരമ്പര്യങ്ങളോടുള്ള ആദരവോടുകൂടി സാധിക്കുമെങ്കിൽ, ബന്ധപ്പെട്ട റീത്തിൽ ഏർപ്പെടുത്തുന്ന അനുതാപശുശ്രൂഷകളിൽ പങ്കെടുത്ത് പശ്ചാത്തപിക്കുന്ന അനേകംപേർ വ്യക്തിപരമായി കുമ്പസാരിക്കുന്നത് നല്ലതാണ്. ഇവിടെ, അനുയോജ്യമായ

വായനകളിലൂടെ, വചനത്തിന്റെ ശുശ്രൂഷയ്ക്ക് കൂടുതൽ സമയം നീക്കിവയ്ക്കാൻ കഴിയും.

രോഗീലേപനത്തിന്റെ കാര്യത്തിലും "ദൈവവചനത്തിന്റെ സൗഖ്യദായകശക്തി ശ്രോതാവിന്റെ വ്യക്തിപരമായ മാന സാന്തരത്തിനുള്ള നിരന്തരമായ ഒരു വിളി"[220]യാണെന്ന് മറ ക്കാൻ പാടില്ല. ദൈവം നൽകുന്ന സാന്ത്വനത്തെയും തുണ യേയും സൗഖ്യത്തെയുംകുറിച്ച് സംസാരിക്കുന്ന അനേകം വിശുദ്ധഗ്രന്ഥ ഭാഗങ്ങളുണ്ട്. സഹിക്കുന്നവരോടുള്ള യേശു വിന്റെതന്നെ സാമീപ്യത്തെയും അവതരിച്ച ദൈവവചനമായ അവിടുന്ന് എപ്രകാരമാണ് നമ്മുടെ വേദന ഏറ്റെടുക്കുകയും നമ്മോടുള്ള സ്നേഹത്താൽ സഹിക്കുകയും അങ്ങനെ രോഗ ത്തിനും മരണത്തിനും അർത്ഥം നൽകുകയും ചെയ്തത് എന്നതിനെയുംകുറിച്ച് നമുക്ക് പ്രത്യേകമായി ചിന്തിക്കാം. സാഹചര്യങ്ങളനുസരിച്ച്, ഇടവകകളിലും ആശുപത്രിക ളിലും രോഗീലേപനം എന്ന കൂദാശ കൂട്ടായി പരികർമ്മം ചെയ്യുന്നത് നല്ലതാണ്. ഈ സന്ദർഭങ്ങളിൽ വചനത്തിന്റെ പരികർമ്മത്തിന് കൂടുതൽ ഇടം നൽകേണ്ടതാണ്. തിന്മ യിൽനിന്ന് നമ്മെ മോചിപ്പിക്കുന്ന ക്രിസ്തുവിന്റെ രക്ഷാകര ബലിയോട് ചേർന്നുകൊണ്ട് തങ്ങളുടെ വേദനകൾ വിശ്വാ സപൂർവ്വം സഹിക്കാൻ രോഗികളെ സഹായിക്കുകയും വേണം.

## ദൈവവചനവും യാമപ്രാർത്ഥനയും

**62.** *വിശുദ്ധലിഖിത*ത്തിന് ഊന്നൽ നൽകുന്ന പ്രാർത്ഥ നാരൂപങ്ങളുടെ ഇടയിൽ യാമപ്രാർത്ഥനയ്ക്ക് സംശയാതീ തമായ ഒരു സ്ഥാനമുണ്ട്. "*വിശുദ്ധ ലിഖിത*വുമായും സഭ യുടെ സജീവ പാരമ്പര്യവുമായുള്ള സമ്പർക്കത്തിലേക്ക് വിശ്വാസികളെ ആനയിക്കുന്ന ദൈവവചനം ശ്രവിക്കുന്ന തിന്റെ ഒരു സവിശേഷരൂപം"[221] എന്നാണ് സിനഡ് പിതാ ക്കന്മാർ യാമപ്രാർത്ഥനയെപ്പറ്റി പറഞ്ഞത്. എല്ലാറ്റിലുമുപ രി, ഈ പ്രാർത്ഥനയുടെ ദൈവശാസ്ത്രപരവും സഭാപരവു മായ മഹത്ത്വത്തെപ്പറ്റി നാം വിചിന്തനം ചെയ്യണം. "യാമ

പ്രാർത്ഥനയിൽ, സഭ, അവളുടെ നാഥന്റെ പൗരോഹിത്യപദവി ഉപയോഗിച്ചുകൊണ്ട്, 'ഇടവിടാതെ' (1 തെസ. 5:17) ദൈവത്തിന് സ്തോത്രബലി, അതായത് അവിടുത്തെ നാമം ഏറ്റുപറയുന്ന അധരങ്ങളുടെ ഫലം (cf. ഹെബ്രാ. 13:15) അർപ്പിക്കുന്നു. ഈ പ്രാർത്ഥന 'ഒരു മണവാട്ടി അവളുടെ മണവാളനോട് സംസാരിക്കുന്ന സ്വരമാണ്. തന്റെ തിരുശരീരത്തോടൊപ്പം ക്രിസ്തു തന്നെ പിതാവിനെ അഭിസംബോധന ചെയ്ത അതേ പ്രാർത്ഥന തന്നെയാണിത്."[222] ഇതു സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പ്രസ്താവിച്ചു: "തന്മൂലം ഈ ശുശ്രൂഷ നിർവ്വഹിക്കുന്നവരെല്ലാം തിരുസ്സഭയുടെ ഒരു കർത്തവ്യം നിറവേറ്റുക മാത്രമല്ല, ക്രിസ്തുവിന്റെ മണവാട്ടിയുടെ പരമമായ ബഹുമാനത്തിൽ പങ്കുപറ്റുകയും ചെയ്യുന്നുണ്ട്. കാരണം സ്തുതിസമർപ്പണം വഴി മാതാവായ തിരുസ്സഭയുടെ നാമത്തിലത്രേ അവർ ദൈവസിംഹാസനത്തിന്റെ മുമ്പിൽ നിലകൊള്ളുന്നത്.[223] സഭയുടെ പരസ്യ പ്രാർത്ഥനയെന്ന നിലയിൽ, യാമപ്രാർത്ഥന, ദൈവവചനം ശ്രവിക്കുന്നതിന്റെയും സങ്കീർത്തനങ്ങൾ ചൊല്ലുന്നതിന്റെയും താളക്രമത്താൽ മുദ്രിതമായി മുഴുവൻ ദിവസത്തെയും വിശുദ്ധീകരിക്കുകയെന്ന ക്രൈസ്തവ ആദർശമാണ് മുന്നോട്ട് വയ്ക്കുക. ഈ രീതിയിൽ എല്ലാ പ്രവർത്തനവും ദൈവത്തിനു സമർപ്പിക്കുന്ന സ്തുതിയോട് ബന്ധപ്പെടുന്നു.

തങ്ങളുടെ ജീവിതാന്തസ്സനുസരിച്ച് യാമപ്രാർത്ഥന ചൊല്ലാൻ കടപ്പെട്ടവർ മുഴുവൻ സഭയുടെയും നന്മയ്ക്കുവേണ്ടി ഈ ചുമതല വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കണം. ഈ ആരാധനാക്രമം അനുഷ്ഠിക്കാൻ സഭ ചുമതലപ്പെടുത്തിയിട്ടുള്ള മെത്രാന്മാരും വൈദികരും വൈദികവിദ്യാർത്ഥികളും ദിവസംതോറും എല്ലാ യാമപ്രാർത്ഥനകളും ചൊല്ലാൻ കടപ്പെട്ടവരാണ്.[224] സ്വയംഭരണാവകാശമുള്ള പൗരസ്ത്യ കത്തോലിക്കാസഭകളിൽ, ഈ ആരാധനാക്രമം അനുഷ്ഠിക്കാനുള്ള കടപ്പാട് സംബന്ധിച്ച്, അവരുടെ പ്രത്യേകനിയമത്തിലെ നിർദ്ദേശങ്ങൾ പിൻതുടരേണ്ടതാണ്.[225] യാമപ്രാർത്ഥ

ന ചൊല്ലുന്നതിൽ അനുകരണീയരായിരിക്കാനും അങ്ങനെ മുഴുവൻ സഭയുടെയും ആദ്ധ്യാത്മികവും അജപാലനപരവുമായ ജീവിതത്തിൽ മാർഗ്ഗദർശനത്തിനുള്ള ഒരു കേന്ദ്രവും പ്രചോദനവുമായിത്തീരാനും സമർപ്പിതജീവിതം നയിക്കുന്ന സമൂഹങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു.

ഈ പ്രാർത്ഥന, പ്രത്യേകിച്ച് പ്രഭാതപ്രാർത്ഥനയും സായാഹ്ന പ്രാർത്ഥനയും ചൊല്ലുന്നത്, ദൈവജനത്തിന്റെയിടയിൽ കൂടുതൽ വ്യാപകമാക്കാൻ സിനഡ് അഭ്യർത്ഥിച്ചു. വിശ്വാസികളുടെ ഭാഗത്ത് ദൈവവചനം കൂടുതൽ പരിചിതമാകുന്നതിലേക്കു നയിക്കാൻ ഇതിനു കഴിയും. ഞായറാഴ്ചകളുടെയും തിരുനാളുകളുടെയും ആദ്യത്തെ സായാഹ്ന നമസ്കാരത്തിനുള്ള യാമപ്രാർത്ഥനകളുടെ മൂല്യത്തിനും, പ്രത്യേകിച്ച് പൗരസ്ത്യ കത്തോലിക്കാസഭകളിൽ, ഊന്നൽ നൽകേണ്ടതാണ്. ഈ ലക്ഷ്യത്തിനുവേണ്ടി, സാധിക്കുന്ന ഇടങ്ങളിലൊക്കെ, ഇടവകകളും സന്യാസസമൂഹങ്ങളും, അല്മായ വിശ്വാസികളുടെ പങ്കാളിത്തത്തോടുകൂടി, ഈ പ്രാർത്ഥന പ്രോത്സാഹിപ്പിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

## ദൈവവചനവും ആശീർവ്വാദങ്ങളുടെ ഗ്രന്ഥവും

**63.** അതുപോലെതന്നെ, ആശീർവ്വാദങ്ങളുടെ ഗ്രന്ഥം ഉപയോഗിക്കുമ്പോൾ, ദൈവവചനം പ്രഘോഷിക്കാനും ശ്രവിക്കാനും ഹ്രസ്വമായി വിശദീകരിക്കാനും നീക്കിവച്ചിട്ടുള്ള ഭാഗം ശ്രദ്ധിക്കേണ്ടതാണ്. സഭ ക്രമീകരിക്കുകയും വിശ്വാസികൾ ആവശ്യപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ആശീർവ്വാദകർമ്മം ഒറ്റപ്പെട്ട എന്തെങ്കിലുമാകാതെ ദൈവജനത്തിന്റെ ആരാധനാക്രമജീവിതവുമായി അതിന്റെ ശരിയായ അളവിൽ തീർച്ചയായും ബന്ധപ്പെടുന്നതായിരിക്കണം. ഈ അർത്ഥത്തിൽ, "പ്രഘോഷിക്കപ്പെടുന്ന ദൈവവചനത്തിൽ നിന്ന് അതിന്റെ പൊരുളും ഫലദായകത്വവും ഉൾക്കൊള്ളുന്ന"[226] യഥാർത്ഥത്തിൽ വിശുദ്ധമായ ഒരടയാളമാണ് ആശീർവ്വാദം. അതുകൊണ്ട് ദൈവത്തിന്റെ അധരങ്ങളിൽനിന്നുപുറപ്പെടുന്ന ഓരോ വാക്കിനും (cf. മത്താ. 4:4) വേണ്ടി

യുള്ള ഒരു വിശപ്പും ദാഹവും വിശ്വാസികളിൽ വീണ്ടും ഉണർത്താനുള്ള ഒരു മാർഗ്ഗമായി ഈ സന്ദർഭങ്ങൾ ഉപയോഗിക്കുന്നതും പ്രധാനമാണ്.

## ആരാധനാക്രമത്തിൽ പൂർണ്ണ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനുള്ള അഭിപ്രായങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും

**64.** ആരാധനാക്രമവും ദൈവവചനവും തമ്മിലുള്ള ബന്ധത്തിന്റെ ചില അടിസ്ഥാന ഘടകങ്ങൾ ചർച്ച ചെയ്തതിനുശേഷം, ആരാധനാക്രമാനുഷ്ഠാനങ്ങളുടെ പശ്ചാത്തലത്തിൽ അഥവാ അവയോട് ബന്ധപ്പെടുത്തിയെങ്കിലും മുൻപെന്നത്തേക്കാളും കൂടുതലായി ദൈവജനത്തെ ദൈവവചനവുമായി പരിചിതരാക്കാൻവേണ്ടി സിനഡ് പിതാക്കന്മാർ മുന്നോട്ടുവച്ച ഏതാനും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉന്നയിക്കാനും വികസിപ്പിക്കാനും ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു.

### a) ദൈവവചനശുശ്രൂഷ

**65.** തങ്ങളുടെ ശുശ്രൂഷയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സമൂഹങ്ങളിൽ *വചന ശുശ്രൂഷ*യ്ക്ക് അർപ്പിക്കപ്പെടുന്ന അവസരങ്ങൾ ക്രമീകരിക്കാൻ എല്ലാ അജപാലകരെയും സിനഡ് പിതാക്കന്മാർ പ്രോത്സാഹിപ്പിച്ചു.[227] ഈ ശുശ്രൂഷകൾ കർത്താവുമായി കണ്ടുമുട്ടുവാനുള്ള സവിശേഷ സന്ദർഭങ്ങളാണ്. ഈ സമ്പ്രദായം തീർച്ചയായും വിശ്വാസികൾക്ക് ഗുണകരമായിരിക്കും. ആരാധനാക്രമ രൂപീകരണത്തിന്റെ ഒരു സുപ്രധാന ഘടകമായി ഇതിനെ പരിഗണിക്കേണ്ടതാണ്. ഞായറാഴ്ചത്തെ ദിവ്യബലിയുടെ ഒരു ഒരുക്കമെന്നനിലയിൽ ഈ തരത്തിലുള്ള കർമ്മങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ലെക്ഷണറിയുടെ സമ്പന്നതകൾ ആഴത്തിൽ ആരായാനും പ്രത്യേകിച്ച് ആഗമനത്തിന്റെയും ക്രിസ്തുമസ്സിന്റെയും വലിയ നോമ്പിന്റെയും ഈസ്റ്ററിന്റെയും വലിയ ആരാധനാക്രമകാലങ്ങളിൽ പ്രാർത്ഥിക്കുകയും വിശുദ്ധലിഖിതത്തെക്കു

റിച്ച് ധ്യാനിക്കുകയും ചെയ്യാനും വിശ്വാസികളെ സഹായിക്കാനുള്ള ഒരു മാർഗ്ഗംകൂടിയാണവ. വൈദികരുടെ കുറവുകൊണ്ട് ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ദിവ്യബലിയർപ്പിക്കാൻ സാധിക്കാത്ത സമൂഹങ്ങളിൽ ദൈവവചന ശുശ്രൂഷകൾക്ക് പ്രത്യേകമായി വലിയ പ്രോത്സാഹനം നൽകേണ്ടതാണ്. 'ഉപവിയുടെ കൂദാശ' എന്ന സിനഡനന്തര അപ്പോസ്തലിക ഉദ്ബോധനത്തിൽ വൈദികന്റെ അഭാവത്തിൽ ഞായറാഴ്ചത്തെ ശുശ്രൂഷകൾ സംബന്ധിച്ച്[228] നേരത്തേതന്നെ നൽകിയിട്ടുള്ള സൂചനകൾ മനസ്സിൽവച്ചുകൊണ്ടുവേണം ഇത് നിർവഹിക്കാൻ. ബന്ധപ്പെട്ട അധികാരികൾ, വ്യക്തിസഭകളിലെ അനുഭവം ഉൾക്കൊണ്ട്, ശുശ്രൂഷാസംബന്ധമായ ഡയറക്ടറികൾ തയ്യാറാക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ വിശ്വാസികളുടെ വിശ്വാസം പരിപോഷിപ്പിക്കാൻ ഉതകുന്ന വചന ശുശ്രൂഷകൾക്ക് ഇത് സഹായകമാകും. അതേസമയം ഇത് ദിവ്യബലിയാണെന്ന് തെറ്റിദ്ധരിക്കുന്ന അപകടം ഒഴിവാക്കുകയും വേണം. "നേരേമറിച്ച്, തന്റെ തിരുമനസ്സിനു യോജിച്ച വിശുദ്ധരായ വൈദികരെ അയയ്ക്കാൻ ദൈവത്തോട് പ്രാർത്ഥിക്കുന്ന സവിശേഷ നിമിഷങ്ങളായിരിക്കണം അവ."[229]

തീർത്ഥാടനങ്ങളിലും പ്രത്യേക തിരുനാളുകളിലും ജനപ്രിയമിഷനുകളിലും ആത്മീയ ധ്യാനങ്ങളിലും പ്രായശ്ചിത്തത്തിനും പരിഹാരത്തിനും അനുതാപത്തിന്റെ പ്രത്യേക ദിവസങ്ങളിലും ദൈവവചന ശുശ്രൂഷകൾ നടത്തണമെന്നും സിനഡ് പിതാക്കന്മാർ നിർദ്ദേശിച്ചു. ഭക്താഭ്യാസങ്ങളുടെ വിവിധ ആവിഷ്കാരങ്ങൾ ആരാധനാക്രമ നടപടികളല്ല. അവയെ തിരുക്കർമ്മങ്ങളായി തെറ്റിദ്ധരിക്കുകയുമരുത്. എന്നിരുന്നാലും അവ ദൈവവചനത്തിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുകയും സർവ്വോപരി ആ വചനം പ്രഘോഷിക്കാനും ശ്രവിക്കാനും ആവശ്യമായ ഇടം നൽകുകയും വേണം; പ്രചോദനത്തിന്റെ അക്ഷയമായ ഒരു സ്രോതസ്സും പ്രാർത്ഥനയുടെ

അജയ്യമായ മാതൃകകളും വിചിന്തനത്തിനുള്ള ഫലപ്രദമായ വിഷയങ്ങളും ഭക്താഭ്യാസങ്ങൾക്ക് ദൈവവചനത്തിൽ കണ്ടെത്താൻ കഴിയും."[230]

## b) വചനവും നിശ്ശബ്ദതയും

**66.** ദൈവവചനത്തോട് ബന്ധപ്പെട്ടും വിശ്വാസികളുടെ ജീവിതങ്ങളിൽ അതിന്റെ സ്വീകരണത്തിലും നിശ്ശബ്ദതയ്ക്കുള്ള പ്രാധാന്യം, തങ്ങളുടെ ഇടപെടലുകളിൽ, പല സിനഡ് പിതാക്കന്മാരും നിഷ്കർഷിക്കുകയുണ്ടായി.[231] വാസ്തവത്തിൽ, ബാഹ്യവും ആന്തരികവുമായ നിശ്ശബ്ദതയിൽ മാത്രമേ വചനം സംസാരിക്കപ്പെടുകയും ശ്രവിക്കപ്പെടുകയുമുള്ളൂ. വിചിന്തനം പരിപോഷിപ്പിക്കുന്ന ഒരു കാലഘട്ടമല്ല നമ്മുടേത്. ബഹുജനമാദ്ധ്യമങ്ങളിൽനിന്ന് ഒരുനിമിഷം പോലും തങ്ങളെ അകറ്റിനിർത്താൻ ആളുകൾക്ക് ഭയമാണെന്ന് ചിലപ്പോൾ തോന്നും. ഇക്കാരണത്താൽ, നിശ്ശബ്ദതയുടെ മൂല്യത്തെക്കുറിച്ച് ദൈവജനത്തെ ബോധവത്കരിക്കേണ്ടത് ഇക്കാലത്ത് ആവശ്യമാണ്. സഭയുടെ ജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രാമുഖ്യം വീണ്ടും കണ്ടെത്തുകയെന്നതിന്റെ അർത്ഥം വിചിന്തനത്തിന്റെയും ആന്തരിക പ്രശാന്തതയുടെയും ഒരവബോധം വീണ്ടും കണ്ടെത്തുകയെന്നുകൂടിയാണ്. ക്രിസ്തു രഹസ്യങ്ങളെല്ലാം നിശ്ശബ്ദതയിൽ നിമഗ്നമാണെന്ന് പിതാക്കന്മാരുടെ മഹത്തായ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നു.[232] വചനത്തിന്റെ സ്ത്രീയും അവിഭാജ്യമായവിധത്തിൽ നിശ്ശബ്ദതയുടെ സ്ത്രീയുമായ മറിയത്തിൽ ചെയ്തതുപോലെ, നിശ്ശബ്ദതയിൽ മാത്രമേ ദൈവവചനത്തിന് നമ്മിൽ ഒരു വാസസ്ഥാനം കണ്ടെത്താൻ കഴിയൂ. ആത്മാർത്ഥമായി ശ്രവിക്കുന്ന ഈ മനോഭാവം നമ്മുടെ ആരാധനാക്രമങ്ങൾ സുഗമമാക്കണം. ദൈവവചനം പ്രത്യക്ഷപ്പെടുമ്പോൾ വാക്കുകൾ പരാജയപ്പെടുന്നു.[233]

"ധ്യാനത്തിനു സഹായകമായ ഒരു രീതിയിൽ ക്രമീകരിക്കപ്പെടേണ്ട"[234] വചനത്തിന്റെ ആരാധനക്രമത്തിൽ ഇവയുടെയൊക്കെ പ്രാധാന്യം പ്രത്യേകം വ്യക്തമാണ്. നിർദ്ദേശി

ക്കപ്പെട്ടിരിക്കുന്ന ഭാഗങ്ങളിൽ നിശ്ശബ്ദതയെ "ശുശ്രൂഷയുടെ ഒരുഭാഗ"മായി പരിഗണിക്കണം.[235] അതുകൊണ്ട്, വിചിന്തനത്തിന്റെ നിമിഷങ്ങൾ വളർത്തിയെടുക്കാൻ അജപാലകരെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. അതിനാൽ, പരിശുദ്ധാരൂപിയുടെ സഹായത്തോടുകൂടി, ദൈവവചനം നമ്മുടെ ഹൃദയങ്ങളിൽ ഒരു സ്വാഗതം ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാകും.

### c) ദൈവവചനത്തിന്റെ സാഘോഷമായ പ്രഘോഷണം

**67**. സിനഡിൽനിന്ന് ആവിർഭവിച്ച മറ്റൊരു നിർദ്ദേശം ദൈവവചനത്തിന്റെ, പ്രത്യേകിച്ച് സുവിശേഷത്തിന്റെ, പ്രഘോഷണം കൂടുതൽ ആഘോഷപൂർവ്വമാക്കണമെന്നുള്ളതായിരുന്നു. വിശേഷിച്ച്, സുവിശേഷഗ്രന്ഥത്തിന്റെ ഉപയോഗത്തിലൂടെ പ്രധാന തിരുനാളുകളിൽ ഇതു ക്രമീകരിക്കണം. പ്രാരംഭചടങ്ങുകളുടെ സമയത്ത്, സുവിശേഷഗ്രന്ഥം പ്രദക്ഷിണമായി സംവഹിക്കുകയും പിന്നീട് ഡീക്കനോ വൈദികനോ പ്രഘോഷണത്തിനുവേണ്ടി പീഠത്തിലേക്ക് ആഘോഷപൂർവം കൊണ്ടുവരികയും വേണം. "വചനത്തിന്റെ ആരാധനക്രമത്തിലെ ഉന്നതഘട്ടം സുവിശേഷവായനയാണെന്ന്"[236] മനസ്സിലാക്കാൻ ദൈവജനത്തെ ഇതു സഹായിക്കും. 'ദിവ്യബലിക്കുള്ള വായനകളുടെ ക്രമത്തിൽ' അടങ്ങുന്ന സൂചനകൾക്കനുസൃതമായി, ദൈവവചനം, വിശേഷിച്ച് സുവിശേഷം, പ്രത്യേകിച്ച് ചില തിരുനാളുകളിൽ, ഗാനരൂപത്തിൽ സാഘോഷമായി പ്രഘോഷിക്കുക അതിന്റെ മഹത്വത്തിനു ചേർന്നതായിരിക്കും. അഭിവന്ദനം, "വിശുദ്ധ.... അറിയിച്ച സുവിശേഷം" എന്ന പ്രാരംഭ അറിയിപ്പ്, "ദൈവവചനമാണ് നാം കേട്ടത്" എന്ന സമാപനവാക്കുകൾ, എന്നിവ, വായിച്ച ഭാഗത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാനുള്ള ഒരു മാർഗ്ഗം എന്നനിലയിൽ, ഗാനമായി ആലപിക്കാവുന്നതാണ്.[237]

### d) ദൈവവചനം ക്രൈസ്തവദൈവാലയങ്ങളിൽ

**68.** ദൈവവചനം ശ്രവിക്കുന്നതു സുഗമമാക്കാൻ വിശ്വാസികളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു സഹായകമായ നട

പടികൾ പരിഗണിക്കണം. ആരാധനാക്രമപരവും വാസ്തുശില്പപരവുമായ വ്യവസ്ഥകൾ യഥാവിധി ആദരിച്ചുകൊണ്ട്, ദൈവാലയത്തിലെ ശബ്ദസംവിധാനത്തിൽ താല്പര്യം കാട്ടേണ്ടതാണ്. "ദൈവാലയങ്ങൾ നിർമ്മിക്കുമ്പോൾ, അവ വചനപ്രഘോഷണത്തിനും ധ്യാനത്തിനും ദിവ്യബലിയർപ്പണത്തിനും അനുയോജ്യമാക്കാൻ, ഉചിതമായ സഹായത്തോടുകൂടി, മെത്രാന്മാർ ശ്രദ്ധിക്കണം. തിരുക്കർമ്മങ്ങൾക്കുപുറമെ, വിശുദ്ധസ്ഥലങ്ങളും വാചാലമായിരിക്കണം. ദൈവവചനത്തോടു ബന്ധപ്പെട്ട് അവ ക്രൈസ്തവരഹസ്യം അവതരിപ്പിക്കുകയും വേണം."[238]

ദൈവവചനം പ്രഘോഷിക്കുന്ന ആരാധനക്രമപരമായ ഇടം എന്ന നിലയിൽ ഉയർന്നപീഠത്തിന് *(Ambo)* പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. വ്യക്തമായി കാണാവുന്ന ഒരു സ്ഥലത്തുവേണം അതു സ്ഥാപിക്കാൻ. വചനശുശ്രൂഷയുടെ സമയത്ത് വിശ്വാസികളുടെ ശ്രദ്ധ സ്വാഭാവികമായി അവിടെ പതിയണം. അൾത്താരയുമായി സൗന്ദര്യശാസ്ത്രപരമായി പൊരുത്തപ്പെടുന്ന രീതിയിലായിരിക്കണം അത് അലങ്കരിക്കേണ്ടത്. 'വചനത്തിന്റെ മേശയുടെയും ദിവ്യകാരുണ്യത്തിന്റെ മേശയുടെയും ദൈവശാസ്ത്രപരമായ പ്രാധാന്യം ദൃശ്യമായി അവതരിപ്പിക്കാൻവേണ്ടിയാണിത്. വായനകൾ, പ്രതിവചന സങ്കീർത്തനം, പ്രഘോഷണം എന്നിവ ഈ പീഠത്തിൽ നിന്നാണ് ഉദ്ഘോഷിക്കപ്പെടേണ്ടത്. സുവിശേഷപ്രസംഗത്തിനും വിശ്വാസികളുടെ പ്രാർത്ഥനയ്ക്കും അത് ഉപയോഗിക്കാവുന്നതാണ്.[239]

'തിരുക്കർമ്മങ്ങൾക്കുവെളിയിൽ'പോലും വിശുദ്ധലിഖിതങ്ങൾക്ക് ബഹുമാന്യമായ ഒരു സ്ഥലം നൽകണമെന്നും സിനഡ് പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി.[240] ദൈവവചനം അടങ്ങിയിരിക്കുന്ന ഗ്രന്ഥത്തിന് ക്രൈസ്തവദൈവാലയങ്ങളിൽ ദൃശ്യമായ ഒരു ബഹുമാന്യസ്ഥാനം ഉണ്ടായിരിക്കുന്നതു നല്ലതാണ്. വിശുദ്ധകുർബാന ഉൾക്കൊള്ളുന്ന സക്രാരിക്കു നൽകുന്ന അനുയോജ്യമായ കേന്ദ്രസ്ഥാന

ത്തിനു കോട്ടം തട്ടാത്ത രീതിയിലായിരിക്കണം ഇത്.[241]

### e) ആരാധനാക്രമത്തിൽ ബൈബിൾഭാഗങ്ങളുടെമാത്രം ഉപയോഗം

**69.** ആധ്യാത്മികമോ അജപാലനപരമോ ആയ ഒരു നിലപാടിൽ നിന്നുനോക്കുമ്പോൾ എത്ര പ്രാധാന്യമുള്ളതാണെങ്കിലും മറ്റു പുസ്തകങ്ങളിൽനിന്നുള്ള ഭാഗങ്ങൾ ഒരിക്കലും വിശുദ്ധ ലിഖിതത്തിൽനിന്ന് എടുക്കുന്ന വായനകൾക്കു പകരമാകാൻ പാടില്ല എന്ന, മുൻപേ തന്നെ ആരാധനക്രമനിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള,[242] കാര്യവും വ്യക്തമായ രീതിയിൽ സിനഡ് ആവർത്തിച്ചുറപ്പിച്ചു പ്രസ്താവിച്ചു. "ആത്മീയമോ സാഹിത്യപരമോ ആയ ഒരു പുസ്തകത്തിനും, ദൈവവചനമായ വിശുദ്ധലിഖിതം ഉൾക്കൊള്ളുന്ന മൂല്യത്തിനും സമ്പന്നതക്കും തുല്യമാകാൻ കഴിയുകയില്ല."[243] ഇത് എന്നും നിലനിർത്തേണ്ട സഭയുടെ, ഒരു പുരാതനനിയമമാണ്.[244] ചില ദുരുപയോഗങ്ങളുടെ പശ്ചാത്തലത്തിൽ, വിശുദ്ധലിഖിതത്തിന്റെ സ്ഥാനത്ത് മറ്റു വായനകൾ ഒരിക്കലും ഉപയോഗിക്കാൻ പാടില്ല എന്നതിന്റെ പ്രാധാന്യം, ജോൺ പോൾ രണ്ടാമൻ മാർപാപ്പ നേരത്തേതന്നെ ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്.[245] പ്രതിവചനസങ്കീർത്തനവും ദൈവവചനമാണെന്നുള്ളത് മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. അതുകൊണ്ട് അതിനുപകരം മറ്റു പാഠഭാഗങ്ങൾ പാടില്ല. പ്രതിവചനസങ്കീർത്തനം ആലപിക്കുന്നത് തീർച്ചയായും ഏറ്റവും അനുയോജ്യമാണ്.

### f) ബൈബിൾ-പ്രചോദിത ആരാധനക്രമഗീതം

**70.** ആരാധനക്രമത്തിൽ ദൈവവചനത്തിന് ഔന്നത്യം നൽകുന്നതിന്റെ ഭാഗമായി, ബന്ധപ്പെട്ട റീത്ത് ആവശ്യപ്പെടുന്ന അവസരങ്ങളിൽ ഗാനം ഉപയോഗിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ബൈബിളിൽനിന്ന് വ്യക്തമായി പ്രചോദനം ഉൾക്കൊള്ളുന്നതും സംഗീതത്തിന്റെയും പദങ്ങളുടെയും ചേർച്ചയിലൂടെ ദൈവവചനത്തിന്റെ ചാരുതപ്രകടമാക്കുന്നതുമായ

ഗാനങ്ങൾക്ക് മുൻഗണന നല്കണം. ഈ മാനദണ്ഡം മാനിക്കുന്ന, സഭയുടെ പാരമ്പര്യത്തിൽനിന്നു നമുക്കു കൈമാറിക്കിട്ടിയിട്ടുള്ള ഗാനങ്ങൾ പരമാവധി ഉപയോഗിക്കുന്നതു നന്നായിരിക്കും. ഗ്രിഗോറിയൻ സംഗീതത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ പ്രത്യേകം ചിന്തിക്കുകയാണ്.[246]

### g) കാഴ്ചക്കും കേൾവിക്കും വൈകല്യമുള്ളവരെക്കുറിച്ച് പ്രത്യേകപരിഗണന

**71.** ആരാധനക്രമത്തിൽ സജീവമായി പങ്കെടുക്കുന്നതിൽ പ്രശ്നങ്ങൾ നേരിടുന്നവർക്ക് പ്രത്യേക ശ്രദ്ധ നൽകണമെന്ന സിനഡിന്റെ ശുപാർശ ഇവിടെ അനുസ്മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദാഹരണമായി, കാഴ്ചക്കും കേൾവിക്കും വൈകല്യമുള്ളവരെപ്പറ്റിയാണു ഞാൻ ചിന്തിക്കുന്നത്. കർത്താവിന്റെ വചനവുമായി ഒരു സജീവസമ്പർക്കം അനുഭവിക്കാൻ അവരെയും പ്രാപ്തരാക്കാൻ, അങ്ങനെയുള്ള വൈകല്യങ്ങൾ സഹിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രായോഗികമായി സാധ്യമായ എല്ലാ സഹായവും നൽകുന്നതിന് നമ്മുടെ ക്രൈസ്തവസമൂഹങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു.[247]

## സഭയുടെ ജീവിതത്തിൽ ദൈവവചനം

### വിശുദ്ധലിഖിതത്തിലെ ദൈവവചനവുമായുള്ള കണ്ടുമുട്ടൽ

**72.** ദൈവവചനത്തിന്റെ പ്രഘോഷണത്തിനും ശ്രവണത്തിനും ശുശ്രൂഷക്കുമുള്ള സവിശേഷസ്ഥലമാണ് ആരാധനക്രമമെന്നത് സത്യമാണെങ്കിൽ; വിശ്വാസികളുടെ ഹൃദയങ്ങളെ ഈ കണ്ടുമുട്ടലിനായി ഒരുക്കുകയും പിന്നീട്, സർവ്വോപരി, അവർ അത് അഗാധമാക്കുകയും സ്വാംശീകരിക്കുകയും ചെയ്യണമെന്നുള്ളത് അതുപോലെതന്നെ പ്രാധാന്യ

മർഹിക്കുന്നു. തന്നെ അനുഗമിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്ന യേശുവുമായുള്ള ഒരു നേർക്കാഴ്ചയാൽ അത്യന്താപേക്ഷിതമായി മുദ്രിതമാണ് ക്രൈസ്തവജീവിതം. ഇക്കാരണത്താൽ, ക്രൈസ്തവസമൂഹങ്ങളിലെ അജപാലനശുശ്രൂഷയുടെ പ്രാധാന്യത്തെപ്പറ്റി മെത്രാന്മാരുടെ സിനഡ് കൂടെക്കൂടെ സംസാരിച്ചു. ദൈവവചനത്തിൽ അധിഷ്ഠിതമായുള്ള വ്യക്തിപരവും സാമൂഹികവുമായ ഒരു തീർത്ഥാടനം നടക്കുകയും നമ്മുടെ ആത്മീയജീവിതത്തിനുള്ള അടിസ്ഥാനമായി യഥാർത്ഥത്തിൽ പ്രവർത്തിക്കുകയും ചെയ്യാൻ കഴിയുന്ന ഉചിതമായ സംവിധാനമെന്ന നിലയിലാണത്. “പ്രാർത്ഥനാനിർഭരവും വിശ്വാസഭരിതവുമായ ബൈബിൾവായന കാലക്രമേണ യേശുവുമായുള്ള അവരുടെ വ്യക്തിപരമായ ബന്ധം ആഴപ്പെടുത്തത്തക്കവിധം ദൈവജനത്തിലെ ഓരോ അംഗത്തിന്റെയും വിശുദ്ധലിഖിതത്തോടുള്ള വർദ്ധിച്ച സ്നേഹത്തിന്റെ ഒരു നവവസന്തം”[248] സംജാതമാകാൻ വേണ്ടിയുള്ള എന്റെ ഹൃദയംഗമമായ പ്രത്യാശ സിനഡ് പിതാക്കന്മരോടൊപ്പം ഞാൻ പ്രകടിപ്പിക്കുന്നു.

ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ വളരാൻ വിശുദ്ധലിഖിതജ്ഞാനത്തിന്റെ ആവശ്യകതയെപ്പറ്റി സഭാചരിത്രത്തിലുടനീളം അനേകം വിശുദ്ധന്മാർ സംസാരിച്ചിട്ടുണ്ട്. സഭാപിതാക്കന്മാരിൽ ഇതു പ്രത്യേകിച്ചു വ്യക്തമാണ്. വിശുദ്ധ ജറോം, ദൈവവചനത്തോടുള്ള അദ്ദേഹത്തിന്റെ വലിയ സ്നേഹത്തിൽ, പലപ്പോഴും ഇങ്ങനെ വിസ്മയിച്ചിട്ടുണ്ട്: “വിശുദ്ധലിഖിതത്തിൽ പരിജ്ഞാനമില്ലാതെ ഒരാൾക്ക് എങ്ങനെയാണ് ജീവിക്കാൻ കഴിയുക? വിശ്വാസികളുടെ ജീവനായ ക്രിസ്തുവിനെക്കുറിച്ചുതന്നെ നാം അറിയാൻ ഇടയാകുന്നത് അതിലൂടെയാണല്ലോ.”[249] “വിശ്വാസികളോട് ദൈവം ദിവസേന സംസാരിക്കുന്ന”[250] മാർഗ്ഗം ബൈബിളാണെന്ന് വിശുദ്ധ ജറോമിന് നന്നായറിയാമായിരുന്നു. റോമൻ കുടുംബിനി ലേറ്റായ്ക്ക് അവരുടെ മകളെ വളർത്തുന്നതുസംബന്ധിച്ച് അദ്ദേഹത്തിന്റെ ഉപദേശം ഇതായിരുന്നു. “എല്ലാ ദിവ

സവും വിശുദ്ധലിഖിതത്തിലെ ഒരു ഭാഗം അവൾ പഠിക്കുന്നുവെന്ന് ഉറപ്പാക്കുക.. വായനയെത്തുടർന്നു പ്രാർത്ഥനയും പ്രാർത്ഥനയെത്തുടർന്ന് വായനയും വേണം... ആഭരണങ്ങളുടെയും പട്ടിന്റെയും സ്ഥാനത്ത് അവൾ ദൈവികപുസ്തകങ്ങളെ സ്നേഹിക്കാൻ വേണ്ടിയാണിത്."[251] വൈദികനായ നെപോഷ്യനുള്ള ജെറോമിന്റെ ഈ ഉപദേശവും നമുക്കുബാധകമാണ്; "വിശുദ്ധലിഖിതങ്ങൾ കൂടെക്കൂടെ വായിക്കുക. വിശുദ്ധഗ്രന്ഥം ഒരിക്കലും താങ്കളുടെ കൈയിൽ ഉണ്ടാകാതിരിക്കരുത്. താങ്കൾ പഠിപ്പിക്കേണ്ടത് അതിൽനിന്ന് പഠിക്കുക."[252] ബൈബിൾ പഠനത്തിനുവേണ്ടി തന്റെ ജീവിതം സമർപ്പിക്കുകയും അതിന്റെ ലത്തീൻപരിഭാഷയായ 'വുൾഗാത്താ' സഭയ്ക്കു നൽകുകയും ചെയ്ത ഈ മഹാവിശുദ്ധന്റെ മാതൃകയും അതുപോലെതന്നെ തങ്ങളുടെ ആത്മീയജീവിതങ്ങളുടെ കേന്ദ്രമായ ക്രിസ്തുവുമായി നേർക്കാഴ്ച നടത്തിയ എല്ലാ വിശുദ്ധരുടെയും മാതൃകയും നമുക്ക് അനുകരിക്കാം. തന്റെ സഭയ്ക്കു ദൈവം നൽകിയ വചനത്തെ ആഴത്തിൽ മനസ്സിലാക്കാനുള്ള നമ്മുടെ യത്നങ്ങൾ നമുക്കു നവീകരിക്കാം. മൂന്നാം ക്രൈസ്തവസഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ നിർദ്ദേശിച്ച "സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഉന്നതനിലവാരം"[253] നമുക്ക് അങ്ങനെ ലക്ഷ്യമാക്കാൻ കഴിയും. ദൈവവചനം ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതിൽ ഇത് നിരന്തര പരിപോഷണം കണ്ടെത്തുന്നു.

## വിശുദ്ധഗ്രന്ഥപ്രചോദിതമായ അജപാലന പ്രവർത്തനം

**73.** സഭയുടെ ജീവിതത്തിൽ ദൈവവചനത്തിനുള്ള കേന്ദ്രസ്ഥാനത്തിന് ഊന്നൽ നൽകുന്ന അജപാലനപരമായ ഒരു പ്രത്യേക പ്രതിബദ്ധതക്കുവേണ്ടി ഈ രീതിയിൽ സിനഡ് ആഹ്വാനം ചെയ്തു. മറ്റ് അജപാലനപ്രവർത്തനരൂപങ്ങളോടൊപ്പമല്ലാതെ, "എല്ലാ അജപാലനപ്രവർത്തനത്തെയും പ്രചോദിപ്പിക്കാൻ ബൈബിളിനെ അനുവദിക്കുന്ന ഒരു

മാർഗ്ഗ"[254]മായി വർദ്ധിച്ച ഒരു "ബൈബിളധിഷ്ഠിതപ്രേഷിതത്വ"ത്തിന് സിനഡ് ശുപാർശചെയ്തു. ഇതിന്റെ അർത്ഥം ഇടവകകളിലോ രൂപതകളിലോ അവിടെയും ഇവിടെയും ഒരു യോഗം സംഘടിപ്പിക്കുക എന്നല്ല. തന്റെ വചനത്തിലൂടെ തന്നെത്തന്നെ നമുക്കു നൽകുന്ന ക്രിസ്തുവുമായി വ്യക്തിപരമായ ഒരു നേർക്കാഴ്ച വളർത്തിയെടുക്കാൻ ഇടവകകളിലെയും സംഘടനകളിലെയും പ്രസ്ഥാനങ്ങളിലെയും ക്രൈസ്തവസമൂഹങ്ങൾക്ക് യഥാർത്ഥത്തിൽ താല്പര്യമുണ്ടോയെന്നു പരിശോധിക്കാൻ അവയുടെ സാധാരണപ്രവർത്തനങ്ങൾ പരിശോധിക്കുക എന്നാണർത്ഥം. "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞതക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണ്."[255] അതുകൊണ്ട്, ബൈബിളിനെ സാധാരണവും അസാധാരണവുമായ എല്ലാ അജപാലനപ്രവർത്തനങ്ങളുടെയും പ്രചോദനമാക്കുന്നത് ക്രിസ്തു എന്ന വ്യക്തിയെപ്പറ്റിയുള്ള വർദ്ധിച്ച അവബോധത്തിലേക്കു നയിക്കും. ക്രിസ്തുവാണ് പിതാവിനെ വെളിപ്പെടുത്തുന്നത്. അവിടുന്ന് ദൈവികവെളിപാടിന്റെ പൂർണ്ണതയാണ്.

ഇക്കാരണത്താൽ, ബൈബിളിലുള്ള ഈ ഊന്നലിന്റെ പ്രാധാന്യം അംഗീകരിക്കാൻ അജപാലകരെയും വിശ്വാസികളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. സിനഡിൽ ചർച്ച ചെയ്യപ്പെട്ട അജപാലനപരമായ ചില പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും അതു തന്നെയായിരിക്കും ഏറ്റവും നല്ല മാർഗ്ഗം. ഉദാഹരണമായി, വിശുദ്ധലിഖിതത്തിന്റെ വളച്ചൊടിച്ചതും കൃത്രിമവുമായ ഒരു വ്യാഖ്യാനം പരത്തുന്ന സഭാവിഭാഗങ്ങൾ പെരുകുന്നതു സംബന്ധിച്ച പ്രശ്നം ചർച്ചചെയ്യപ്പെട്ടു. സഭയുടെ വിശ്വാസത്തിനനുസൃതമായും അവളുടെ സജീവപാരമ്പര്യത്തിൽ അധിഷ്ഠിതമായും ബൈബിൾ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കാത്ത ഇടങ്ങളിൽ, അജപാലനപരമായ ഈ ശൂന്യത, മേല്പറഞ്ഞവപോലെയുള്ള വിഭാഗങ്ങൾക്ക് വേരുപിടിക്കാൻ പറ്റിയ വളക്കൂറുള്ള മണ്ണായിത്തീരുന്നു. വിശുദ്ധലിഖിതത്തോടുള്ള യഥാർത്ഥസമീപനത്തിൽ ദൈവജനത്തെ പഠിപ്പിക്കാൻ കഴിയുന്ന വൈദികരെയും

അല്മായരെയും അനുയോജ്യമായ രീതിയിൽ ഒരുക്കുന്നതി നുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

കൂടാതെ, സിനഡ്സമ്മേളനങ്ങളിൽ തീരുമാനിച്ചതു പോലെ, അജപാലനപ്രവർത്തനം *'ചെറുസമൂഹങ്ങളെ'* സ ഹായിക്കുന്നതും നല്ലതാണ്. ഈ സമൂഹങ്ങൾ "കുടുംബ ങ്ങളാൽ രൂപീകൃതമാകുന്നവയോ ഇടവകകളിൽ അധിഷ്ഠി തമായവയോ സഭാപ്രസ്ഥാനങ്ങളോടും പുതിയ സമൂഹങ്ങ ളോടും ബന്ധപ്പെട്ടവയോ"[256] ആകാം. ഇവയ്ക്ക് രൂപീകര ണവും പ്രാർത്ഥനയും സഭയുടെ വിശ്വാസത്തിനനുസൃതമായ ബൈബിൾജ്ഞാനവും വർദ്ധിപ്പിക്കുന്നതിൽ സഹായിക്കാൻ കഴിയും.

## മതബോധനത്തിന്റെ ബൈബിൾ സംബന്ധമായ മാനം

**74.** സഭയുടെ അജപാലനപ്രവർത്തനത്തിലെ ഒരു പ്രധാ നവശം മതബോധനമാണ്. വിവേകപൂർവ്വം ഉപയോഗിക്കു കയാണെങ്കിൽ, അതിന്റെ വിവിധ രൂപങ്ങളിലൂടെയും തല ങ്ങളിലൂടെയും ദൈവജനത്തിന്റെ യാത്രയെ നിരന്തരമായി അനുഗമിക്കേണ്ടതാണിത്. എമ്മാവൂസിലേക്കുള്ള വഴി യിൽവച്ച് യേശുവിനെ കാണുന്ന ശിഷ്യന്മാരെപ്പറ്റി ലൂക്കാ നൽകുന്ന വിവരണം (cf. ലൂക്കാ 24:13-35), ഒരർത്ഥത്തിൽ, "വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനത്തിൽ" കേന്ദ്രീകൃതമായ ഒരു മതബോധനത്തിന്റെ മാതൃകയെ പ്രതിനിധീകരിക്കുന്നു. ഇതു ക്രിസ്തുവിനുമാത്രം നൽകാൻ കഴിയുന്ന ഒരു വ്യാഖ്യാ നമാണ് (cf. ലൂക്കാ 24:27-28). താനെന്ന വ്യക്തിയിൽ അവ നിറവേറുന്നതായി അവിടുന്നു കാണിക്കുന്നു.[257] എല്ലാ പരാ ജയത്തിന്റെമേലും വിജയംവരിക്കുന്ന പ്രത്യാശ അങ്ങനെ പുനർജനിക്കുകയും അത് ആ ശിഷ്യന്മാരെ ഉത്ഥിതനായ കർത്താവിൽ ഉത്തമബോദ്ധ്യമുള്ളവരും അവിടുത്തെ വിശ്വ സനീയമായ സാക്ഷികളുമാക്കിത്തീർക്കുകയും ചെയ്തു.

ബൈബിളിൽനിന്നു പ്രചോദനമുൾക്കൊള്ളുന്ന ഒരു മത

ബോധനത്തിനുള്ള വിലപ്പെട്ട മാർഗ്ഗദർശകരേഖകൾ 'പൊതു മതബോധനഡയറക്ടറി'യിൽ അടങ്ങിയിരിക്കുന്നു. അവ പിൻതുടരുന്നതിന് സന്തോഷപുരസ്സരം ഞാൻ പ്രോത്സാഹിപ്പിക്കുകയാണ്.[258] ഇവിടെ പ്രഥമവും പ്രധാനവുമായി ഒരു കാര്യം ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മതബോധനം ബൈബിളിന്റെയും സുവിശേഷങ്ങളുടെയും ഗ്രന്ഥങ്ങളോടുതന്നെ നിരന്തരസമ്പർക്കം പുലർത്തിക്കൊണ്ട് അവയുടെ മന:സ്ഥിതിയും ചൈതന്യവും വീക്ഷണവും സ്വായത്തമാക്കണം. സഭയുടെ മനസ്സും ഹൃദയവും ഉൾക്കൊണ്ട് വിശുദ്ധഗ്രന്ഥം വായിക്കുകയും രണ്ടു സഹസ്രാബ്ദങ്ങളായുള്ള സഭയുടെ വിചിന്തനങ്ങളിൽനിന്നും ജീവിതത്തിൽനിന്നും പ്രചോദനം സ്വീകരിക്കുകയും ചെയ്യുമ്പോൾ മതബോധനം കൂടുതൽ സമ്പന്നവും ഫലപ്രദവുമാകുമെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്."[259] ബൈബിളിലെ വ്യക്തികളെയും സംഭവങ്ങളെയും പ്രസിദ്ധമായ വചനഭാഗങ്ങളെയും കുറിച്ചുള്ള അറിവ് പ്രോത്സാഹിപ്പിക്കണം. ക്രൈസ്തവരഹസ്യങ്ങൾ പ്രത്യേകമായി ആവിഷ്കരിക്കുന്ന ചില ഭാഗങ്ങളുടെ വിവേകപൂർവ്വകമായ 'ഹൃദിസ്ഥമാക്കൽ' വഴിയും ഇതു പ്രോത്സാഹിപ്പിക്കാവുന്നതാണ്. മതബോധനം എപ്പോഴും വിശുദ്ധലിഖിതത്തെ വിശ്വാസത്തിലും സഭയുടെ പാരമ്പര്യത്തിലും സമീപിക്കുന്നത് അനിവാര്യമാക്കുന്നു. അവിടുത്തെ നാമത്തിൽ രണ്ടോ മൂന്നോപേർ ഒരുമിച്ചു കൂടുന്ന ഇടങ്ങളിൽ (cf. മത്താ. 18:20) ക്രിസ്തു ഇന്നു ജീവിക്കുന്നതുപോലെ, വിശുദ്ധലിഖിതവചനങ്ങൾ സജീവമാണെന്നു കാണാൻ വേണ്ടിയാണിത്. മതബോധനം രക്ഷാകര ചരിത്രവും സഭയുടെ വിശ്വാസത്തിന്റെ ഉള്ളടക്കവും സജീവമായ രീതിയിൽ സംവേദനം ചെയ്യണം. അങ്ങനെ വിശ്വാസിസമൂഹത്തിലെ ഓരോ അംഗത്തെയും അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം ജീവിതം ഈ ചരിത്രത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കാൻ പ്രാപ്തരാക്കണം.

'പൊതുമതബോധനഡയറക്ടറി'യിൽ പ്രതിപാദിക്കുന്ന

തുപോലെ, വിശുദ്ധലിഖിതവും 'കത്തോലിക്കാസഭയുടെ മതബോധന'വും തമ്മിലുള്ള ബന്ധത്തിന് ഇവിടെ ഊന്നൽ നൽകേണ്ടത് പ്രധാനമാണ്: 'പരിശുദ്ധാരൂപിയുടെ നിവേശനത്താൽ എഴുതപ്പെട്ട ദൈവവചനം' എന്ന നിലയിൽ വിശുദ്ധലിഖിതവും; സഭയുടെ സജീവപാരമ്പര്യത്തിന്റെ ഒരു സുപ്രധാന സമകാലിക ആവിഷ്കാരവും വിശ്വാസം പഠിപ്പിക്കാനുള്ള ഒരു സുനിശ്ചിതനിയമവും എന്ന നിലയിൽ 'കത്തോലിക്കാസഭയുടെ മതബോധന'വും, ഓരോന്നും അതിന്റെ സ്വന്തം മാർഗ്ഗത്തിലും നിശ്ചിത അധികാരത്തിനനുസൃതമായും ഇന്നത്തെ സഭയിലെ മതബോധനത്തെ പരിപോഷിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു."[260]

## ക്രിസ്ത്യാനികളുടെ ബൈബിളധിഷ്ഠിത രൂപീകരണം

**75.** സിനഡ് നിശ്ചയിച്ച ലക്ഷ്യം, അതായത് സഭയുടെ അജപാലനപ്രവർത്തനത്തിൽ ബൈബിളിന് വർദ്ധിച്ച ഒരു ഊന്നൽ നൽകണമെന്നുള്ളത്, നേടിയെടുക്കാൻ എല്ലാ ക്രിസ്ത്യാനികൾക്കും, പ്രത്യേകിച്ച് മതാദ്ധ്യാപകർക്ക്, അനുയോജ്യമായ പരിശീലനം ലഭിക്കേണ്ടതാവശ്യമാണ്. 'ബൈബിൾപ്രേഷിതത്വ'ത്തിൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. സഭയുടെ അനുഭവം കാണിക്കുന്നതുപോലെ, മേൽപറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിലപ്പെട്ട ഒരു മാർഗ്ഗമാണിത്. ദൈവവചനം മനസ്സിലാക്കാനും അതനുസരിച്ചു ജീവിക്കാനും അതു പ്രഘോഷിക്കാനും അല്മായരെയും മിഷണറിമാരെയും പരിശീലിപ്പിക്കാൻ കഴിയുന്ന രൂപീകരണകേന്ദ്രങ്ങൾ, കഴിയുമെങ്കിൽ നിലവിലുള്ള അക്കാദമികഘടനകൾ ഉപയോഗിച്ചുകൊണ്ട്, സ്ഥാപിക്കണമെന്നും സിനഡ് പിതാക്കന്മാർ ശുപാർശചെയ്തു. ആവശ്യമുള്ളയിടങ്ങളിൽ ബൈബിൾപഠനത്തിന് പ്രത്യേക വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കണം. ബൈബിൾ വ്യാഖ്യാതാക്കൾക്ക് ദൈവശാസ്ത്രത്തിൽ സുദൃഢമായ ജ്ഞാനവും തങ്ങളുടെ ദൗത്യം തങ്ങൾ

നിർവ്വഹിക്കുന്ന പശ്ചാത്തലങ്ങളെക്കുറിച്ച് അനുയോജ്യമായ ഒരു ധാരണയും ഉണ്ടെന്ന് ഉറപ്പുവരുത്താൻവേണ്ടിയാണിത്.[261]

## വിശുദ്ധലിഖിതം വിപുലമായ സഭാസമ്മേളനങ്ങളിൽ

**76.** സാധ്യമായ വിവിധ ഉദ്യമങ്ങളുടെ ഇടയിൽ, രൂപതാതലത്തിലോ ദേശീയമോ അന്തർദ്ദേശീയമോ ആയ തലങ്ങളിലോ ഉള്ള സമ്മേളനങ്ങളിൽ ദൈവവചനത്തിന്റെ പ്രാധാന്യത്തിനും അതു ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതിനും ബൈബിളിന്റെ വിശ്വാസനിർഭരവും പ്രാർത്ഥനാപൂർണ്ണവുമായ വായനയ്ക്കും വർദ്ധിച്ച ഊന്നൽ നൽകണമെന്ന്, സിനഡ് നിർദ്ദേശിച്ചു. ദേശീയമോ അന്തർദ്ദേശീയമോ ആയ ദിവ്യകാരുണ്യ കോൺഗ്രസുകളിലും ലോകയുവജനദിനങ്ങളിലും മറ്റു സമ്മേളനങ്ങളിലും വചനശുശ്രൂഷക്കും ബൈബിൾ–പ്രചോദിതമായ രൂപീകരണനിമിഷങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നത് പ്രശംസനീയമായിരിക്കും.[262]

## ദൈവവചനവും ദൈവവിളികളും

**77.** നമ്മുടെ ഇടയിലെ ദൈവവചനമായ ക്രിസ്തുവുമായുള്ള എപ്പോഴും ആഴപ്പെടുന്ന ഒരു ബന്ധത്തിലേക്കുള്ള വിശ്വാസത്തിന്റെ നൈസർഗ്ഗികക്ഷണത്തിന് ഊന്നൽ നല്കിക്കൊണ്ട്, സിനഡ്, *ജീവിതംതന്നെ ദൈവത്തിൽ നിന്നുള്ള ഒരു വിളിയാണെന്ന്* വെളിപ്പെടുത്തുകയും ഈ വചനം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി വിളിക്കുന്നുവെന്ന് ദൃഢമായി പ്രസ്താവിക്കുകയും ചെയ്തു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, കർത്താവായ യേശുവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തിൽ നാം വളരുന്തോറും, വിശുദ്ധിയിലേക്ക് അവിടുന്നു നമ്മെ വിളിക്കുകയാണെന്ന് നമുക്ക് കൂടുതലായി മനസ്സിലാകും. സഭയെ പടുത്തുയർത്താൻ സഹായകമായ ചുമതലകളും ശുശ്രൂഷകളും എറ്റെടുത്തുകൊണ്ട്, നമ്മുടെ ജീവിതങ്ങളിലെ അവിടുത്തെ സ്നേഹത്തിന്, നിർണ്ണായക തീരുമാനങ്ങളിലും തെരഞ്ഞെടുപ്പുകളിലൂടെയും, നാം പ്രത്യു

ത്തരം നൽകുന്നു. തങ്ങളുടെ ജ്ഞാനസ്നാനം കൊണ്ടുമാത്രമല്ല, വിവിധ ജീവിതാന്തസ്സുകളിലേക്കുള്ള തങ്ങളുടെ വിളിക്കനുസൃതമായും ദൈവവചനവുമായുള്ള തങ്ങളുടെ ബന്ധത്തിൽ വളരാൻ എല്ലാ ക്രിസ്ത്യാനികളെയും സിനഡ് കൂടെക്കൂടെ പ്രോത്സാഹിപ്പിച്ചത് ഇതുകൊണ്ടാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തിലെ ഒരു സുപ്രധാനകാര്യം നാം ഇവിടെ സ്പർശിക്കുന്നു. താന്താങ്ങളുടെ പ്രത്യേകജീവിതാവസ്ഥക്കനുസൃതമായി വിശ്വാസിസമൂഹത്തിലെ ഓരോ അംഗവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് കൗൺസിൽ ദൃഢമായി പ്രസ്താവിച്ചു.[263] വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളി വിശുദ്ധ ലിഖിതത്തിൽ വെളിപ്പെടുന്നുണ്ട്. "പരിശുദ്ധരായിരിക്കുവിൻ, കാരണം, ഞാൻ പരിശുദ്ധനാകുന്നു" (ലേവ്യ. 11:44; 19:2; 20:7). പിന്നീട് അതിന്റെ ക്രിസ്തുവിജ്ഞാനീയപരമായ അടിസ്ഥാനം വിശുദ്ധ പൗലോസ് ചൂണ്ടിക്കാണിക്കുന്നു. "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ പിതാവ് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു" (എഫേ. 1:4). റോമൻ സമൂഹത്തിലെ തന്റെ സഹോദരീസഹോദരന്മാർക്കുള്ള പൗലോസിന്റെ അഭിവന്ദനം നമ്മെ ഓരോരുത്തരെയുംകൂടി അഭിസംബോധന ചെയ്യുന്നതാണെന്ന് കണക്കാക്കാം: "ദൈവത്തിന്റെ സ്നേഹഭാജനങ്ങളും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമായി റോമായിലുള്ള നിങ്ങൾക്കെല്ലാവർക്കും നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപയും സമാധാനവും." (റോമാ. 1:7).

## a) അഭിഷിക്തരായ ശുശ്രൂഷകരും ദൈവവചനവും

**78.** സിനഡിന്റെ ഈ പ്രസ്താവന അവരെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി, സഭയുടെ അഭിഷിക്തരായ ശുശ്രൂഷകരോട് ആദ്യം സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഒരു നല്ല ഇടയന്റെയും വചനശുശ്രൂഷകന്റെയും ഹൃദയരൂപീകരണത്തിന് ദൈവവചനം അനുപേക്ഷണീയമാണ്."[264] വിശു

ദ്ധീകരണത്തോടുള്ള നിർണ്ണായകവും നവീകൃതവുമായ ഒരു പ്രതിബദ്ധത കൂടാതെ തങ്ങളുടെ ദൈവവിളിക്കും ദൗത്യത്തിനും അനുസൃതമായി ജീവിക്കാമെന്ന് ചിന്തിക്കാൻ മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും സാധിക്കുകയില്ല. വിശുദ്ധീകരണത്തിന്റെ ഒരു സ്തംഭം ദൈവവചനവുമായുള്ള സമ്പർക്കമാണ്.

**79.** മെത്രാൻ പദവിയിലേക്കു വിളിക്കപ്പെട്ടവരാണ് വചനത്തിന്റെ ഏറ്റവും ആധികാരികതയുള്ള ആദ്യത്തെ സന്ദേശവാഹകർ. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനത്തിലെ (*Pastores Gregis–അജഗണങ്ങളുടെ ഇടയൻ*) വാക്കുകൾ അവരോട് ഞാൻ ആവർത്തിക്കുകയാണ്. മെത്രാൻ തന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ പോഷണത്തിനും പുരോഗതിക്കും "ദൈവവചനത്തിന്റെ വായനയും ധ്യാനവും എപ്പോഴും പ്രഥമസ്ഥാനത്തു പ്രതിഷ്ഠിക്കണം. ഓരോ മെത്രാനും 'ഉൽക്കർഷംവരുത്തുന്നതിനും സകലവിശുദ്ധരുടെയുമിടയിൽ അവകാശം നേടിത്തരുന്നതിനും കഴിയുന്ന കർത്താവിനും അവിടുത്തെ കൃപയുടെ വചനത്തിനും' (അപ്പ. 20:32) സ്വയംഭരമേല്പിക്കുകയും അങ്ങനെ ഭരമേല്പിക്കപ്പെട്ടതായി അനുഭവപ്പെടുകയും വേണം. വചനം കൈകാര്യം ചെയ്യുന്ന ഒരാളായിത്തീരുന്നതിനുമുൻപ്, മെത്രാൻ, തന്റെ വൈദികരോടുചേർന്ന് തീർച്ചയായും വിശ്വാസിസമൂഹത്തിലെ ഓരോ അംഗത്തെപ്പോലെയും സഭയെത്തന്നെപോലെയും വചനത്തിന്റെ ഒരു ശ്രോതാവാകണം. അദ്ദേഹം വചനത്തിന്റെ 'ഉള്ളിൽ' വസിക്കുകയും ഒരമ്മയുടെ ഉദരത്തിലെന്നപോലെ, അതിനാൽ പരിരക്ഷിക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യാൻ സ്വയം അനുവദിക്കുകയും വേണം."[265] വചനശ്രവണത്തിന്റെ കന്യകയും (*Virgo Audiens*) അപ്പോസ്തലന്മാരുടെ രാജ്ഞിയുമായ മറിയത്തെ അനുകരിച്ച്, വിശുദ്ധലിഖിതം കൂടെക്കൂടെ വ്യക്തിപരമായി വായിക്കുകയും പഠിക്കുകയും ചെയ്യണമെന്ന് എന്റെ എല്ലാ സഹോദരമെത്രാന്മാരോടും ഞാൻ നിർദ്ദേശിക്കുന്നു.

**80.** *വൈദികരെയും* ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ഞാൻ അനുസ്മരിപ്പിക്കുകയാണ്. തന്റെ സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനത്തിൽ *Pastores Dabo Vobis* (*ഞാൻ നിങ്ങൾക്ക് ഇടയന്മാരെ തരും*) അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു. "വൈദികൻ ഏറ്റവും ആദ്യമായി ദൈവവചനത്തിന്റെ പരികർമ്മിയാണ്. വിശ്വാസത്തിന്റെ അനുസരണത്തിലേക്ക് ഓരോ വ്യക്തിയേയും ക്ഷണിക്കുകയും ക്രിസ്തുവിൽ വെളിപ്പെടുകയും അറിയിക്കപ്പെടുകയും ചെയ്ത ദൈവികരഹസ്യത്തിന്റെ എപ്പോഴും വർദ്ധിക്കുന്ന ജ്ഞാനത്തിലേക്കും കൂട്ടായ്മയിലേക്കും വിശ്വാസികളെ നയിക്കുകയും ചെയ്തുകൊണ്ട് എല്ലാവരോടും രാജ്യത്തിന്റെ സദ്വാർത്ത പ്രഘോഷിക്കാൻ അഭിഷേകം ചെയ്ത് അയക്കപ്പെട്ട, ദൈവവചനത്തിന്റെ ശുശ്രൂഷകൻ. ഇക്കാരണത്താൽ, വൈദികൻ തന്നെ ഏറ്റവും ആദ്യം ദൈവവചനവുമായി വ്യക്തിപരമായ ഒരു വലിയ പരിചയം വികസിപ്പിക്കണം. അതിന്റെ ഭാഷാപരവും വ്യാഖ്യാനപരവുമായ വശങ്ങളെക്കുറിച്ചുള്ള അറിവ് തീർച്ചയായും ആവശ്യമാണെങ്കിലും അതുകൊണ്ടു മാത്രമായില്ല. വചനം തന്റെ ചിന്തകളിലും വികാരങ്ങളിലും ആഴത്തിൽ തുളഞ്ഞിറങ്ങുകയും തന്നിൽ ഒരു പുതിയ വീക്ഷണം — 'ക്രിസ്തുവിന്റെ മനസ്സ്' (1 കോറി. 2:16) — ഉളവാക്കുകയും ചെയ്യത്തക്കവണ്ണം വിധേയത്വമുള്ള, പ്രാർത്ഥനാപൂർണ്ണമായ ഹൃദയത്തോടുകൂടി ഒരു വൈദികൻ വചനത്തെ സമീപിക്കേണ്ടതാവശ്യമാണ്.[266] തത്ഫലമായി അദ്ദേഹത്തിന്റെ വാക്കുകളും തീരുമാനങ്ങളും പെരുമാറ്റവും വർദ്ധമാനമായ തോതിൽ സുവിശേഷത്തിന്റെ ഒരു വിചിന്തനവും പ്രഘോഷണവും സാക്ഷ്യവുമായിത്തീരുന്നു: "വചനത്തിൽ 'വസിച്ചെങ്കിൽ' മാത്രമേ വൈദികൻ കർത്താവിന്റെ ഒരു പൂർണ്ണശിഷ്യനായിത്തീരുകയുള്ളൂ. അപ്പോൾ മാത്രമേ അദ്ദേഹം സത്യം അറിയുകയും യഥാർത്ഥത്തിൽ സ്വതന്ത്രനാകുകയും ചെയ്യുകയുള്ളൂ."[267]

ഒറ്റവാക്കിൽ പറഞ്ഞാൽ, ഒരാൾ *"സത്യത്തിൽ" അഭിഷിക്തനാകാൻ* പൗരോഹിത്യദൈവവിളി ആവശ്യപ്പെടുന്നു.

അവിടുത്തെ ശിഷ്യന്മാരെ സംബന്ധിച്ച് യേശു ഇതു വ്യക്ത മായി പ്രസ്താവിക്കുന്നുണ്ട്: "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണു സത്യം. അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു" (യോഹ. 17:17–18). ഒരർത്ഥത്തിൽ ശിഷ്യന്മാർ "ദൈവവചനത്തിൽ നിമഗ്നരായി ദൈവവുമായുള്ള ഗാഢബന്ധത്തിലേക്ക് വലിച്ചടുപ്പിക്കപ്പെ ടുന്നു. വിശുദ്ധീകരിക്കുന്ന സ്നാനമാണ്, അവരെ പരിവർ ത്തനം ചെയ്യുകയും ദൈവത്തിന്റെ സ്വന്തമാക്കുകയും ചെ യ്യുന്ന സർഗ്ഗശക്തിയാണ്, ദൈവവചനമെന്നു പറയാം."[268] ക്രിസ്തുതന്നെ "മാംസമായിത്തീർന്ന ദൈവവചനം" (യോഹ. 1:14)— "സത്യം" (യോഹ. 14:6)— ആയതുകൊണ്ട്, "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ!" എന്ന പിതാവിനോടുള്ള യേശുവിന്റെ പ്രാർത്ഥനയ്ക്ക് ഏറ്റവും അഗാധമായ അർത്ഥമാണുള്ളത്: "ക്രിസ്തുവായ, എന്നോട് അവരെ ഒന്നാക്കണമേ! അവരെ എന്നോടു ബന്ധിപ്പിക്കണമേ. അവരെ എന്നിലേക്ക് വലിച്ചടുപ്പിക്കണമേ! കാരണം, പുതിയ ഉടമ്പടിയിൽ യേശുക്രിസ്തുതന്നെയായ ഒരേ ഒരു പുരോ ഹിതനേയുള്ളു."[269] വൈദികർ ഈ യാഥാർത്ഥ്യത്തെക്കുറി ച്ചുള്ള നിരന്തരമായ അവബോധത്തിൽ വളരേണ്ടതാവശ്യ മാണ്.

**81.** പൗരോഹിത്യപദവിയിലേക്കുള്ള അവസാനചുവട് എന്ന നിലയിൽ മാത്രമല്ല, ഒരു സ്ഥിരം ശുശ്രൂഷ എന്ന നില യിലും, ഡീക്കൻ പദവിയിലേക്കു വിളിക്കപ്പെടുന്നവരുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ സ്ഥാനത്തെപ്പറ്റി സംസാ രിക്കാനും ഞാൻ ആഗ്രഹിക്കുന്നു. 'സ്ഥിരം ഡീക്കൻ പദ വിയേക്കുറിച്ചുള്ള ഡയറക്ടറി'യിൽ ഇങ്ങനെ പ്രസ്താവി ക്കുന്നു: "ഡീക്കന്റെ ദൈവശാസ്ത്രപരമായ തനിമ അദ്ദേഹ ത്തിന്റെ പ്രത്യേകമായ ആദ്ധ്യാത്മികതയുടെ സവിശേഷത കൾ വ്യക്തമായി നിർണ്ണയിക്കുന്നു. അത് അത്യാവശ്യമായും ശുശ്രൂഷയുടെ ഒരു ആദ്ധ്യാത്മികതയായിട്ടാണ് അവതരിപ്പി

ക്കപ്പെടുക. മനുഷ്യവർഗ്ഗത്തിന്റെ നന്മക്കുവേണ്ടി പൂർണ്ണമായും ദൈവശുശ്രൂഷക്കായിട്ടു ജീവിച്ച ദാസനായ ക്രിസ്തുവാണ് ഇക്കാര്യത്തിൽ വിശിഷ്ടമാതൃക."[270] ഈ പരിപ്രേഷ്യത്തിൽനിന്നു നോക്കുമ്പോൾ, ഡീക്കന്റെ ശുശ്രൂഷയുടെ വിവിധമാനങ്ങളിൽ എപ്രകാരമാണ് ദൈവവചനം അദ്ദേഹത്തിന്റെ ആത്മീയതയുടെ സവിശേഷഘടകമാകുന്നതെന്നും താൻ പ്രസംഗിക്കുന്നതു വിശ്വസിക്കുകയും വിശ്വസിക്കുന്നതു പഠിപ്പിക്കുകയും പഠിപ്പിക്കുന്നതനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന, വചനത്തിന്റെ ആധികാരിക പ്രസംഗകനാകാൻ ഡീക്കൻ വിളിക്കപ്പെടുന്നതെന്നും"[271] കാണാൻ കഴിയും. അതുകൊണ്ട്, പഠനത്തോടും പ്രാർത്ഥനയോടുമൊപ്പം വിശുദ്ധലിഖിതത്തിന്റെ വിശ്വാസനിർഭരമായ വായനയും വഴി തങ്ങളുടെ ജീവിതങ്ങൾ സംപുഷ്ടമാക്കാൻ ഡീക്കൻമാരോടു ഞാൻ നിർദ്ദേശിക്കുന്നു. "വിശുദ്ധലിഖിതവും അതിന്റെ ശരിയായ വ്യാഖ്യാനവും, വിശുദ്ധലിഖിതവും പാരമ്പര്യവും തമ്മിലുള്ള ബന്ധം, പ്രത്യേകിച്ച് പ്രസംഗത്തിലും മതബോധനത്തിലും അജപാലനപ്രവർത്തനത്തിൽ പൊതുവായും വിശുദ്ധലിഖിതത്തിന്റെ ഉപയോഗം"[272] എന്നിവ അവർക്കു പരിചയപ്പെടുത്തണം.

## b) ദൈവവചനവും തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നവരും

**82.** ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന അർത്ഥികളുടെ ആദ്ധ്യാത്മികജീവിതത്തിൽ ദൈവവചനം വഹിക്കേണ്ട നിർണ്ണായകപങ്കിനെ സംബന്ധിച്ച് സിനഡ് സവിശേഷപ്രാധാന്യം കല്പിക്കുകയുണ്ടായി. "പൗരോഹിത്യാർത്ഥികൾ ദൈവവചനത്തെ സ്നേഹിക്കാൻ പഠിക്കണം. അവരുടെ ദൈവശാസ്ത്രപരമായ രൂപീകരണത്തിന്റെ ആത്മാവ് ദൈവവചനമായിരിക്കണം. ബൈബിൾ വ്യാഖ്യാനം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, പ്രേഷിതപ്രവർത്തനം എന്നിവയുടെ അനുപേക്ഷണീയമായ പാരസ്പര്യത്തിന്

ഊന്നൽ നൽകേണ്ടതാണ്."[273] പൗരോഹിത്യാർത്ഥികൾ ദൈവവചനവുമായി പ്രത്യേകിച്ച് 'ജ്ഞാനവായന'യിലൂടെ ആഴത്തിലുള്ള വ്യക്തിപരമായ ഒരു ബന്ധത്തിന്, വിളിക്കപ്പെട്ടിരിക്കുന്നു. ഈ ബന്ധം അവരുടെ ദൈവവിളിയെ പോഷിപ്പിക്കും. ദൈവവചനത്തിന്റെ വെളിച്ചത്തിലും ശക്തിയിലുമാണ്, ഒരാൾക്ക് തന്റെ പ്രത്യേക ദൈവവിളി വിവേചിക്കാനും വിലമതിക്കാനും സ്നേഹിക്കാനും പിൻതുടരാനും ദൈവികചിന്തകൾകൊണ്ട് ഹൃദയം പോഷിപ്പിച്ച് സ്വന്തം ദൗത്യം നിർവഹിക്കാനും കഴിയുക. അങ്ങനെ വചനത്തോടുള്ള നമ്മുടെ പ്രത്യുത്തരം എന്ന നിലയിൽ, വിശ്വാസം, വ്യക്തികളെയും വസ്തുതകളെയും സംഭവങ്ങളെയും പ്രശ്നങ്ങളെയും വിധിക്കാനും വിലയിരുത്താനുമുള്ള ഒരു പുതിയ മാനദണ്ഡമായിത്തീരും.[274]

പ്രാർത്ഥനാപൂർണ്ണമായ വിശുദ്ധലിഖിതപാരായണത്തോട് ഇപ്രകാരമുള്ള ശ്രദ്ധ, ഒരു തരത്തിലും രൂപീകരണത്തിന്റെ ഒരു ഭാഗമായ ബൈബിൾ വ്യാഖ്യാനപഠനങ്ങളിൽ നിന്നുള്ള ഒരു വേർപാടിലേക്കു നയിക്കാൻ പാടില്ല. 'ബൈബിൾ പഠനങ്ങളും വിശുദ്ധ ലിഖിതാധിഷ്ഠിതപ്രാർത്ഥനയും തമ്മിലുള്ള ബന്ധം' മനസ്സിലാക്കാൻ വൈദികവിദ്യാർത്ഥികളെ സമൂർത്തമായ രീതിയിൽ സഹായിക്കണമെന്ന് സിനഡ് ശുപാർശ ചെയ്തു. വിശുദ്ധലിഖിതത്തിന്റെ പഠനം ദൈവികവെളിപാടിന്റെ രഹസ്യത്തെക്കുറിച്ചുള്ള വർദ്ധിച്ച ഒരു അവബോധത്തിലേക്കു നയിക്കുകയും; സംസാരിക്കുന്ന കർത്താവിനോട് പ്രാർത്ഥനാനിർഭരമായ പ്രത്യുത്തരത്തിന്റെ ഒരു മനോഭാവം വളർത്തുകയും വേണം. തിരിച്ചുപറഞ്ഞാൽ, അനന്തസ്നേഹമായി തന്റെ വചനത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തിയ ദൈവത്തെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള ഒരാഗ്രഹം അർത്ഥിയുടെ ഹൃദയത്തിൽ വളർത്താതിരിക്കാൻ ഒരു യഥാർത്ഥപ്രാർത്ഥനാജീവിതത്തിനു കഴിയുകയില്ല. അതുകൊണ്ട് 'പഠനവും പ്രാർത്ഥനയും തമ്മിലുള്ള ഈ പാരസ്പര്യം' വൈദികവിദ്യാർത്ഥികൾ എപ്പോഴും തങ്ങളുടെ

ജീവിതങ്ങളിൽ വളർത്തുന്നു എന്നുറപ്പുവരുത്താൻ വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. സമഗ്രമായ ഈ സമീപനത്തിന് സഹായകമായ മാർഗ്ഗങ്ങളിലൂടെ വിശുദ്ധലിഖിതപഠനത്തിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയാണെങ്കിൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും.

### c) ദൈവവചനവും സമർപ്പിതജീവിതവും

**83.** സമർപ്പിതജീവിതം, "ദൈവവചനം ശ്രവിക്കുകയും സുവിശേഷത്തെ അതിന്റെ ജീവിതനിയമമായി ആശ്ലേഷിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ഉറവെടുക്കുന്നതെന്ന്[275] സിനഡ് അനുസ്മരിച്ചു. അങ്ങനെ ക്രിസ്തുവിന്റെ ബ്രഹ്മചര്യത്തിലും ദാരിദ്ര്യത്തിലും അനുസരണത്തിലും അവിടുത്തെ അനുഗമിക്കാൻ സമർപ്പിക്കുന്ന ഒരു ജീവിതം "ദൈവവചനത്തിന്റെ ഒരു സജീവ 'വ്യാഖ്യാനം" [276] ആയിത്തീരുന്നു. പരിശുദ്ധാരൂപിയാലാണ് ബൈബിൾ എഴുതപ്പെട്ടത്. അതേ അരൂപിതന്നെ "സന്യാസസമൂഹങ്ങളുടെ സ്ഥാപകർക്കുള്ള പുതിയ വെളിച്ചത്തോടുകൂടി ദൈവവചനം ദീപ്തമാക്കുന്നു. എല്ലാ ആത്മീയസിദ്ധിയും എല്ലാ നിയമവും അതിൽനിന്നു പുറപ്പെടുകയും അതിന്റെ ഒരാവിഷ്കാരമാകാൻ ശ്രമിക്കുകയും ചെയ്യുന്നു."[277] സുവിശേഷത്തിന്റെ മൗലികത അടയാളമായുള്ള ക്രൈസ്തവജീവിതത്തിന്റെ പുതിയ വഴിത്താരകൾ അങ്ങനെ തുറക്കപ്പെടുന്നു.

മഹത്തായ സന്യാസപാരമ്പര്യം വിശുദ്ധലിഖിതത്തെക്കുറിച്ചുള്ള ധ്യാനത്തെ, പ്രത്യേകിച്ച് 'ജ്ഞാനവായന'യുടെ രൂപത്തിൽ, അതിന്റെ സവിശേഷ ആദ്ധ്യാത്മികതയുടെ ഒരു അവശ്യഭാഗമായി എപ്പോഴും പരിഗണിച്ചിട്ടുണ്ടെന്ന് ഇവിടെ അനുസ്മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നും പ്രത്യേകസമർപ്പണത്തിന്റെ പഴയതും പുതിയതുമായ ആവിഷ്കാരങ്ങൾ ആദ്ധ്യാത്മികജീവിതത്തിന്റെ യഥാർത്ഥപാഠശാലകളാകാൻ വിളിക്കപ്പെടുന്നു. അവിടെ മുഴുവൻ ദൈവജനത്തിന്റെയും പ്രയോജനത്തിനുവേണ്ടി പരിശുദ്ധാരൂപിക്കനുസൃ

തമായി വിശുദ്ധലിഖിതങ്ങൾ വായിക്കാൻ കഴിയും. അതുകൊണ്ട്, ബൈബിളിന്റെ വിശ്വാസനിർഭരമായ വായനയിൽ ഉറച്ച ബോധ്യത്തിനുള്ള ക്രമീകരണം സമർപ്പിതജീവിതസമൂഹങ്ങൾ എപ്പോഴും ചെയ്യേണ്ടതാണെന്ന് സിനഡ് നിർദ്ദേശിച്ചു.[278]

ധ്യാനാത്മകജീവിതം *(contemplative life)* നയിക്കുന്ന സമൂഹങ്ങളെ സംബന്ധിച്ച് സിനഡ് പ്രകടിപ്പിച്ച പരിഗണനയും കൃതജ്ഞതയും ഒരിക്കൽ കൂടി ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരുടെ പ്രത്യേക ആത്മീയസിദ്ധി, തങ്ങളുടെ ദിവസത്തിന്റെ നല്ലൊരുഭാഗം തന്റെ പുത്രന്റെ വചനങ്ങളെയും പ്രവൃത്തികളെയുംകുറിച്ച് ഗാഢമായി ധ്യാനിച്ച ദൈവമാതാവിനെയും (cf. ലൂക്കാ 2:19, 51) കർത്താവിന്റെ പാദത്തിങ്കൽ ഇരുന്ന് അവിടുത്തെ വാക്കുകൾ ശ്രദ്ധാപൂർവ്വം ശ്രവിച്ച ബഥാനിയായിലെ മറിയത്തെയും (cf. ലൂക്കാ 10:38) അനുകരിക്കാൻ ചെലവഴിക്കുക എന്നതാണ്. ആവൃതീബദ്ധമായ ജീവിതം നയിക്കുന്ന സന്യാസിനീസന്യാസിമാരെ ഞാൻ പ്രത്യേകമായി ഓർക്കുന്നു. ലോകത്തിൽനിന്ന് അവർ വേർപെട്ടിരിക്കുന്നതു കാരണം ലോകത്തിന്റെ ഹൃദയമായ ക്രിസ്തുവുമായി അവർ ഏറ്റവും കൂടുതൽ ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നു. "ക്രിസ്തുവിന്റെ സ്നേഹത്തേക്കാൾ മറ്റൊന്നിനും മുൻഗണന നൽകാതിരിക്കാൻ"[279] തീരുമാനിച്ച സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം മുൻപെന്നത്തേയുംകാൾ കൂടുതൽ സഭക്ക് ആവശ്യമുണ്ട്. ലോകം ഇന്നു പലപ്പോഴും അത്യധികമായി ബാഹ്യപ്രവർത്തനങ്ങളിൽ കുടുങ്ങിപ്പോവുകയും അതിന്റെ സദ്ഭാവങ്ങൾ നഷ്ടപ്പെടുന്ന അപകടത്തിൽ പെടുകയും ചെയ്യുന്നു. ധ്യാനാത്മകജീവിതം നയിക്കുന്ന സ്ത്രീപുരുഷന്മാർ തങ്ങളുടെ പ്രാർത്ഥനാജീവിതവും, ദൈവവചനത്തിന്റെ ശ്രദ്ധാപൂർവ്വകമായ ശ്രവണവും ധ്യാനവുംവഴി, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ നാവിൽനിന്നുപുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് (cf. മത്താ. 4:4) എന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ

ജീവിതരീതി "ഏറ്റവും പ്രധാനമായത്; അവശ്യംവേണ്ട ഒരേ ഒരു കാര്യം; എന്താണെന്ന് ഇന്നത്തെ ലോകത്തിന് കാണിച്ചുകൊടുക്കുന്നു. ജീവിതത്തെ ജീവിതയോഗ്യമാക്കുന്ന ആത്യന്തികമായ ഒരു കാരണമുണ്ട്. അതു ദൈവവും അവിടുത്തെ ആഴമായ സ്നേഹവുമാണ്."[280]

## d) ദൈവവചനവും അല്മായ വിശ്വാസികളും

**84.** സിനഡ് കൂടെക്കൂടെ അല്മായരെക്കുറിച്ചു സംസാരിക്കുകയും ദൈനംദിനജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിൽ, ജോലിയിലും വിദ്യാലയങ്ങളിലും കുടുംബത്തിലും വിദ്യാഭ്യാസത്തിലും, സുവിശേഷം പ്രചരിപ്പിക്കുന്ന അവരുടെ ഉദാരമായ പ്രവർത്തനത്തിന് അവരോട് നന്ദിപറയുകയും ചെയ്തു.[281] ജ്ഞാനസ്നാനത്തിൽ അധിഷ്ഠിതമായ ഈ ഉത്തരവാദിത്തം, നമ്മിലുള്ള "പ്രത്യാശയെപ്പറ്റി വിശദീകരണം" ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ (cf. 1 പത്രോ. 3:15) കഴിയുന്ന, എപ്പോഴും കൂടുതൽ ബോധപൂർവ്വകമായ ഒരു ക്രൈസ്തവജീവിതമാർഗ്ഗത്തിലൂടെ വികസിപ്പിക്കേണ്ട ആവശ്യമുണ്ട്. *മത്തായിയുടെ സുവിശേഷത്തിൽ,* "വയൽ ലോകവും, നല്ലവിത്ത് രാജ്യത്തിന്റെ പുത്രന്മാരും" (13:38) ആണെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. ഈ വാക്കുകൾ ക്രൈസ്തവ അല്മായർക്ക് പ്രത്യേകമായി ബാധകമാണ്. പരിശുദ്ധാത്മാവിലുള്ള ഒരു ജീവിതത്തിലൂടെ വിശുദ്ധിയിലേക്കുള്ള തങ്ങളുടെ ദൈവവിളിക്കനുസൃതമായി അവർ ജീവിക്കുന്നു. "ലൗകികകാര്യങ്ങളിൽ ഏർപ്പെട്ടും ഭൗമികപ്രവർത്തനങ്ങളിൽ പങ്കെടുത്തും ഒരു പ്രത്യേക രീതിയിലാണ് അവർ"[282] ഇതു പ്രകടിപ്പിക്കുന്നത്. സഭയുടെ നിയമാനുസൃത അജപാലകരുടെ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ സഭയിൽ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന ദൈവവചനവുമായുള്ള ഒരു പരിചയത്തിലൂടെ ദൈവഹിതം വിവേചിച്ചറിയാൻ അല്മായരെ പരിശീലിപ്പിക്കേണ്ടതാണ്. സഭയുടെ മഹത്തായ ആദ്ധ്യാത്മികതകളുടെ പാഠശാലയിൽ അവർക്ക് ഈ പരിശീലനം നേടാൻ

കഴിയും. ഈ ആദ്ധ്യാത്മികതകളെല്ലാം വിശുദ്ധലിഖിതത്തിൽ അധിഷ്ഠിതമാണ്. സഭാപരമായ പ്രത്യേക ഉത്തരവാദിത്തങ്ങൾ ഏല്പിക്കപ്പെട്ടിട്ടുള്ള അല്മായ വ്യക്തികളുടെ രൂപീകരണം തുടരാനുള്ള അവസരം, കഴിയുന്ന ഇടങ്ങളിലൊക്കെ, രൂപതകൾതന്നെ ഏർപ്പെടുത്തേണ്ടതാണ്.[283]

## e) ദൈവവചനവും വിവാഹവും കുടുംബവും

**85.** ദൈവവചനവും വിവാഹവും ക്രൈസ്തവകുടുംബവും തമ്മിലുള്ള ബന്ധത്തിന് ഊന്നൽനൽകേണ്ട ആവശ്യകതയും സിനഡിന് അനുഭവപ്പെടുകയുണ്ടായി. തീർച്ചയായും "ക്രൈസ്തവകുടുംബങ്ങളുടെ തനിമയും അത് എന്താണെന്നും കർത്താവിന്റെ പദ്ധതിയനുസരിച്ച് അത് എന്തായിരിക്കണമെന്നും, ദൈവവചനത്തിന്റെ പ്രഘോഷണത്തിലൂടെ, പ്രസ്തുത കുടുംബങ്ങൾക്ക് സഭ വെളിപ്പെടുത്തുന്നു."[284] തത്ഫലമായി, *ദൈവവചനം വിവാഹത്തിന്റെ ഉല്പത്തിയിൽ തന്നെയുള്ളതാണെന്നും* (cf. ഉൽപ. 2:4) ആരംഭത്തിൽതന്നെ മനുഷ്യസ്വഭാവത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടതിനെ ഒരു കൂദാശയുടെ മഹത്ത്വത്തിലേക്ക് ഉയർത്തിക്കൊണ്ട് യേശുതന്നെ വിവാഹത്തെ അവിടുത്തെ രാജ്യത്തിന്റെ ഒരു സ്ഥാപനമാക്കിയെന്നും (cf. മത്താ. 19:4–8) ഒരിക്കലും വിസ്മരിച്ചുകൂടാ. ഈ കൂദാശയുടെ പരികർമ്മത്തിൽ അന്യോന്യമുള്ള സ്വയം-ദാനത്തിന്റെ, 'ഒരു ശരീര'മായിത്തീരുന്നതിന്റെ, സഭയുമായുള്ള ക്രിസ്തുവിന്റെ ഐക്യം എന്ന രഹസ്യത്തിലെ ഒരടയാളത്തിന്റെ (cf. എഫേ. 5:31–32) പ്രവചനാത്മകമായ പ്രകടനമാണ് ഒരു സ്ത്രീയും ഒരു പുരുഷനും നടത്തുന്നത്."[285] ഈ സംവിധാനം ഇപ്പോൾ സമകാലികമനോഭാവത്തിൽനിന്ന് പലതരത്തിൽ ആക്രമണവിധേയമാകുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നതിലേക്ക് ദൈവവചനത്തോടുള്ള വിശ്വസ്തത നമ്മെ നയിക്കുന്നു. വൈകാരികമണ്ഡലത്തിലെ വ്യാപകമായ ചിന്താക്കുഴപ്പത്തിന്റെയും മനുഷ്യശരീരത്തെയും ലൈംഗികവേർതിരിവിനെയും നിസ്സാരവത്ക

രിക്കുന്ന ചിന്താസരണികളുടെ വർദ്ധനവിന്റെയും പശ്ചാത്തലത്തിൽ; പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെടുകയും വിശ്വസ്തവും പരസ്പരമുള്ളതും ഫലപ്രദവമായ ഒരു സ്നേഹത്തിലേക്കു വിളിക്കപ്പെടുകയും ചെയ്ത മനുഷ്യന്റെ ആദിമനന്മ ദൈവവചനം ആവർത്തിച്ചുറപ്പിക്കുന്നു.

മാതാപിതാക്കന്മാർക്ക് തങ്ങളുടെ *കുട്ടികളോടുള്ള അത്യന്താപേക്ഷിതമായ ഉത്തരവാദിത്തത്തിന്റെ ഉറവിടം* വിവാഹത്തിന്റെ മഹാരഹസ്യമാണ്. ക്രിസ്തുവിലുള്ള ജീവിതത്തിന്റെ അർത്ഥം കൈമാറുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നത് യഥാർത്ഥപിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും ഭാഗമാകുന്നു. അവരുടെ വിശ്വസ്തതയിലും കുടുംബജീവിതത്തിന്റെ ഐക്യത്തിലുംകൂടി ദമ്പതികളാണ് ആദ്യം അവരുടെ കുട്ടികളോട് ദൈവവചനം പ്രഘോഷിക്കേണ്ടത്. കുടുംബപ്രാർത്ഥന, ദൈവവചനത്തിന്റെ ശ്രദ്ധാപൂർവ്വകമായ ശ്രവണം, ബൈബിളിനെക്കുറിച്ചുള്ള ജ്ഞാനം എന്നിവ വളർത്താൻ അവരെ സഭാസമൂഹം പിൻതുണയ്ക്കുകയും സഹായിക്കുകയും ചെയ്യണം. ഈ ലക്ഷ്യത്തിനുവേണ്ടി, ഓരോ വീട്ടിലും ബൈബിൾ ഉണ്ടായിരിക്കണമെന്നും യോഗ്യമായ ഒരു സ്ഥലത്തു പ്രതിഷ്ഠിച്ച് വായിക്കാനും പ്രാർത്ഥിക്കാനും അതുപയോഗിക്കണമെന്നും സിനഡ് ആഹ്വാനം ചെയ്തു. ഇക്കാര്യത്തിൽ ആവശ്യമായ ഏതു സഹായവും നൽകാൻ വൈദികർക്കും ഡീക്കന്മാർക്കും സുസജ്ജമായ ഒരു അല്മായസമൂഹത്തിനും സാധിക്കും. പൊതുവായ പ്രാർത്ഥനയും വിശുദ്ധലിഖിതഭാഗങ്ങളെക്കുറിച്ചുള്ള ധ്യാനവും വളർത്താൻവേണ്ടി കുടുംബങ്ങളുടെ ചെറിയ കൂട്ടായ്മകൾ രൂപീകരിക്കാനും സിനഡ് നിർദ്ദേശിച്ചു.[286] "വിവാഹത്തിലും കുടുംബജീവിതത്തിലും ഉണ്ടാകുന്ന വൈഷമ്യങ്ങളുടെ മദ്ധ്യത്തിൽ ദൈവവചനം അമൂല്യമായ ഒരു തുണയാണെന്നും"[287] ദമ്പതികൾ ഓർക്കേണ്ടതാണ്.

ദൈവവചനത്തോടു ബന്ധപ്പെട്ട് സ്ത്രീകളുടെ പങ്കിനെക്കുറിച്ചുള്ള സിനഡിന്റെ ശുപാർശകൾ ഇവിടെ എടുത്തുപ

റയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ കാലത്തേക്കാൾ കൂടുതലായി ഇന്ന്, ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുപയോഗിച്ചുപറയട്ടെ, "സ്ത്രൈണപ്രതിഭ,"[288] വിശുദ്ധ ലിഖിതം മനസ്സിലാക്കുന്നതിനും സഭയുടെ മുഴുവൻ ജീവിതത്തിനും വലിയ സംഭാവന നൽകിയിട്ടുണ്ട്. ഇപ്പോൾ ബൈബിൾ പഠനം സംബന്ധിച്ചും ഇത് യാഥാർത്ഥ്യമാണ്. കുടുംബത്തിലും വിദ്യാഭ്യാസത്തിലും മതബോധനത്തിലും മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനും സ്ത്രീകൾ വഹിക്കുന്ന അനുപേക്ഷണീയമായ പങ്കിലേക്ക് സിനഡ് പ്രത്യേക ശ്രദ്ധചെലുത്തുകയുണ്ടായി. "ദൈവവചനം ശ്രവിക്കുന്നതിനും ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം ആസ്വദിക്കുന്നതിനും ക്ഷമയുടെയും സുവിശേഷപരമായ പങ്കുവയ്ക്കലിന്റെയും അർത്ഥം കാട്ടിക്കൊടുക്കുന്നതിനും ആളുകളെ നയിക്കാനുള്ള ഒരു പ്രത്യേക കഴിവ് അവർക്കുണ്ട്."[289] അതുപോലെതന്നെ അവർ സ്നേഹത്തിന്റെ സന്ദേശവാഹകരും കാരുണ്യത്തിന്റെ മാതൃകകളും സമാധാനസ്രഷ്ടാക്കളുമാണ്. ചൂഷണത്തിന്റെയും ലാഭത്തിന്റെയും ക്രൂരമായ മാനദണ്ഡങ്ങൾക്കനുസൃതമായി പലപ്പോഴും ആളുകളെ വിധിക്കുന്ന ഒരു ലോകത്തിൽ അവർ ഊഷ്മളതയും മനുഷ്യത്വവും പകരുന്നു.

## വിശുദ്ധലിഖിതത്തിന്റെ പ്രാർത്ഥനാപൂർണ്ണമായ പാരായണവും 'ജ്ഞാനവായന'യും

**86.** വിവിധശുശ്രൂഷകളിലും ജീവിതാവസ്ഥകളിലും ഉള്ള എല്ലാ വിശ്വാസികളുടെയും ആദ്ധ്യാത്മികജീവിതത്തിലെ ഒരു മൗലികഘടകം എന്ന നിലയിൽ വിശുദ്ധഗ്രന്ഥത്തോട് പ്രാർത്ഥനാപൂർണ്ണമായ ഒരു സമീപനം ഉണ്ടായിരിക്കേണ്ടതാണെന്ന്, 'ജ്ഞാനവായന'യെക്കുറിച്ച് പ്രത്യേക പരാമർശത്തോടുകൂടി, സിനഡ് കൂടെക്കൂടെ നിഷ്കർഷിക്കുകയുണ്ടായി.[290] ദൈവവചനമാണ് എല്ലാ യഥാർത്ഥ ക്രൈസ്തവ ആദ്ധ്യാത്മികതയുടെയും അടിസ്ഥാനം. 'ദൈവവചനം' എന്ന

പ്രമാണരേഖയിലെ വാക്കുകൾ സിനഡ് പിതാക്കന്മാർ ഉദ്ധരിച്ചു: “വിശ്വാസികൾ സന്തോഷത്തോടെ വിശുദ്ധഗ്രന്ഥത്തെത്തന്നെ സമീപിക്കട്ടെ. ദൈവവചനം നിറഞ്ഞുനിൽക്കുന്ന ആരാധനക്രമത്തിലൂടെയോ, ഭക്തിപൂർവ്വകമായ പാരായണത്തിലൂടെയോ ഇതു സാധിക്കാവുന്നതാണ്. ഇതേ കാര്യത്തിനുവേണ്ടി ലക്ഷ്യപ്രാപ്തിക്കുപറ്റിയ പഠനങ്ങളോ മറ്റുപയുക്തമാർഗ്ഗങ്ങളോ സ്വീകരിക്കാം. സഭയിലെ ഇടയന്മാരുടെ അംഗീകാരവും നിയന്ത്രണവുംവഴി ഇക്കാലത്ത് സ്തുത്യർഹമാംവിധം എവിടെയും പ്രചരിച്ചിട്ടുള്ളതാണല്ലോ ഈ മാർഗ്ഗങ്ങൾ. എന്നാൽ എല്ലാവരും ഓർക്കേണ്ട ഒന്നുണ്ട്; വിശുദ്ധഗ്രന്ഥപാരായണത്തോടൊപ്പം പ്രാർത്ഥനയും ആവശ്യമാണ്.”[291] ദൈവവുമായുള്ള സംഭാഷണത്തിൽ വിശുദ്ധലിഖിതത്തെ സമീപിക്കാൻ എപ്പോഴും ശുപാർശചെയ്തിട്ടുള്ള പിതാക്കന്മാരുടെ മഹത്തായ പാരമ്പര്യം വീണ്ടും സ്വായത്തമാക്കാൻ അങ്ങനെ കൗൺസിൽ ശ്രമിച്ചു. വിശുദ്ധ ആഗസ്തീനോസ് ഇപ്രകാരം പറയുന്നു: “ദൈവത്തോട് നിങ്ങൾ സംസാരിക്കുന്ന വാക്കാണ് നിങ്ങളുടെ പ്രാർത്ഥന. നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ ദൈവം നിങ്ങളോടു സംസാരിക്കുന്നു. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ദൈവത്തോടു സംസാരിക്കുന്നു.’’[292] വിശുദ്ധഗ്രന്ഥം ഗ്രഹിക്കാൻ പഠനത്തേക്കാൾപോലും കൂടുതൽ ആവശ്യം ക്രിസ്തുവിനോടുള്ള സാമീപ്യവും പ്രാർത്ഥനയുമാണെന്ന് ഈ രീതിയിലുള്ള ബൈബിൾവായനയുടെ മഹാഗുരുനാഥന്മാരിൽ ഒരാളായ ഒരിജെൻ അഭിപ്രായപ്പെടുന്നു. ദൈവത്തെ അറിയാനുള്ള ഏറ്റവും നല്ല മാർഗ്ഗം സ്നേഹമാണെന്നും; അവിടുത്തെ സ്നേഹത്തിലെ വളർച്ചയിൽനിന്നു ഭിന്നമായി യഥാർത്ഥ ‘ക്രിസ്തുവിജ്ഞാനീയം’ ഇല്ലെന്നും വാസ്തവത്തിൽ ഒരിജെനു ബോദ്ധ്യപ്പെട്ടിരുന്നു. ഗ്രിഗറിക്കുള്ള കത്തുകൾ എന്ന ഗ്രന്ഥത്തിൽ അലക്സാൻഡ്രിയായിലെ മഹാനായ ഈ ദൈവശാസ്ത്രജ്ഞൻ, ഈ ഉപദേശം നൽകുകയുണ്ടായി: ‘വിശുദ്ധലിഖിതങ്ങളുടെ ‘വായന’ക്കുവേണ്ടി നിങ്ങളെത്തന്നെ സമർപ്പി

ക്കുക. സ്ഥിരോത്സാഹത്തോടുകൂടി നിലനിൽക്കുക. ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ പ്രീതിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി നിങ്ങൾ വായിക്കണം. വായനയുടെ സമയത്ത് നിങ്ങൾ ഒരടഞ്ഞ വാതിലിനെ നേരിടേണ്ടിവരികയാണെങ്കിൽ, മുട്ടുക." ദ്വാരപലകൻ അവനുവേണ്ടി അതു തുറന്നുകൊടുക്കും" എന്ന് യേശു ആരെപ്പറ്റി പറഞ്ഞുവോ ആ കാവൽമാലാഖ അതു നിങ്ങൾക്കു തുറന്നുതരും. ഈ രീതിയിൽ 'ജ്ഞാനവായന'യ്ക്ക് നിങ്ങളെത്തന്നെ വ്യയംചെയ്തുകൊണ്ട്, വിശുദ്ധലിഖിതത്തിന്റെ അർത്ഥം വെളിപ്പെടുന്നതിനുവേണ്ടി ചുറുടുറുക്കോടെയും ദൈവത്തിലുള്ള അചഞ്ചലമായ ശരണത്തോടുകൂടിയും അന്വേഷിക്കുക. വലിയ പൂർണ്ണതയിൽ ആ അർത്ഥം ഉള്ളിൽ ഒളിഞ്ഞിരിക്കുന്നു. എന്നിരുന്നാലും, വെറുതെ മുട്ടുകയും അന്വേഷിക്കുകയും ചെയ്യുന്നതുകൊണ്ട് നിങ്ങൾ തൃപ്തരാകരുത്. ദൈവികകാര്യങ്ങൾ മനസ്സിലാക്കാൻ തികച്ചും ആവശ്യമുള്ളത് *പ്രാർത്ഥനയാണ്*. ഇക്കാരണത്താൽ 'അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും,' 'മുട്ടുവിൻ, നിങ്ങൾക്കു തുറക്കപ്പെടും' എന്നു മാത്രമല്ല രക്ഷകൻ നമ്മോട് അരുളിച്ചെയ്തത്. 'ചോദിപ്പിൻ, നിങ്ങൾക്കു കിട്ടും' എന്ന് അവിടുന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു."[293]

എന്നിരുന്നാലും, ഇക്കാര്യത്തിൽ *വ്യക്ത്യധിഷ്ഠിതമായ ഒരു സമീപനത്തിന്റെ അപകടം ഒഴിവാക്കേണ്ടതാണ്*. കൂട്ടായ്മ പടുത്തുയർത്താനാണ്, ദൈവത്തിലേക്കുള്ള നമ്മുടെ പാതയിൽ നമ്മെ സത്യത്തിൽ യോജിപ്പിക്കാനാണ്, ദൈവവചനം കൃത്യമായി നമുക്കു നൽകപ്പെട്ടിരിക്കുന്നതെന്നോർക്കണം. നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അഭിസംബോധനചെയ്യുന്ന വചനമായിരിക്കുമ്പോൾതന്നെ, സമൂഹത്തെപടുത്തുയർത്തുന്ന, സഭയെ പടുത്തുയർത്തുന്ന വചനം കൂടിയാണത്. തത്ഫലമായി, *വിശുദ്ധഗ്രന്ഥത്തെ എപ്പോഴും സമീപിക്കേണ്ടത് സഭയുടെ കൂട്ടായ്മയിലാണ്*. ഫലത്തിൽ, "വിശുദ്ധഗ്രന്ഥത്തിന്റെ, കൂട്ടായ്മയിലുള്ള ഒരു വായന

അത്യന്തം സുപ്രധാനമാകുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധലിഖിതത്തിലെ സജീവവിഷയം ദൈവജനമാണ്, സഭയാണ്... വിശുദ്ധലിഖിതം ഭൂതകാലത്തിന്റേതല്ല. കാരണം, ദൈവത്താൽതന്നെ പ്രചോദിതരായ ദൈവജനം എന്ന അതിന്റെ വിഷയം എപ്പോഴും ഒന്നുതന്നെയാണ്. അതുകൊണ്ട്, ജീവിക്കുന്ന വിഷയത്തിൽ *(subject)* വചനം എപ്പോഴും സജീവമാകുന്നു. അങ്ങനെ, സഭയുമായുള്ള കൂട്ടായ്മയിൽ, അതായത്, ഏറ്റവും ആദ്യകാലത്തെ പിതാക്കന്മാരിൽനിന്നുതുടങ്ങി നമ്മുടെ സ്വന്തം കാലത്തെ വിശുദ്ധന്മാർവരെയുള്ള, ഇപ്പോഴത്തെ പ്രബോധനാധികാരംവരെയുള്ള, എല്ലാ മഹാസാക്ഷികളോടുംകൂടി, വിശുദ്ധലിഖിതം വായിക്കുകയും അനുഭവിക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്."[294]

ഇക്കാരണത്താൽ, വിശുദ്ധലിഖിതത്തിന്റെ പ്രാർത്ഥനാപൂർണ്ണമായ വായനക്കുള്ള സവിശേഷമായ അവസരം ആരാധനക്രമം, പ്രത്യേകിച്ച് വിശുദ്ധകുർബാന ആകുന്നു. വിശുദ്ധകുർബാനയിൽ, ക്രിസ്തുവിന്റെ ശരീരരക്തങ്ങളെ കൂദാശയിൽ നാം പരികർമ്മം ചെയ്യുമ്പോൾ, വചനം തന്നെ അവിടെ സന്നിഹിതമാകുകയും നമ്മുടെയിടയിൽ കർമ്മനിരതമാവുകയും ചെയ്യുന്നു. ഒരർത്ഥത്തിൽ, വ്യക്തിപരവും സാമൂഹികവും, പ്രാർത്ഥനാപൂർണ്ണവുമായ ബൈബിൾ പാരായണം എപ്പോഴും ദിവ്യബലിയുമായി ബന്ധപ്പെട്ടിരിക്കണം. ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യത്തിന്റെ ആരാധനക്രമത്തിനുവേണ്ടി ഒരുക്കുകയും അതിനോടൊപ്പമായിരിക്കുകയും അതിനെ പിൻതുടരുകയും ചെയ്യുന്നു.[295] അതുപോലെതന്നെ, വ്യക്തിപരവും സാമൂഹികവുമായുള്ള പ്രാർത്ഥനാനിർഭരമായ വിശുദ്ധഗ്രന്ഥപാരായണവും, ആരാധനക്രമപരമായ ഒരു പശ്ചാത്തലത്തിൽ സഭ വചനം പ്രഘോഷിക്കുമ്പോൾ അവൾ ശുശ്രൂഷിക്കുന്നത് എന്താണോ അതിനുവേണ്ടി ഒരുങ്ങുകയും അതിനോടൊപ്പമായിരിക്കുകയും അതിനെ ആഴപ്പെടുത്തുകയും ചെയ്യുന്നു. ജ്ഞാനവായ

നയെയും ആരാധനക്രമത്തെയും അത്രമാത്രം അടുപ്പിച്ച് ബന്ധപ്പെടുത്തിക്കൊണ്ട്, അജപാലനത്തിന്റെ മേഖലയിലും ദൈവജനത്തിന്റെ ആദ്ധ്യാത്മികജീവിതത്തിലും ഈ നടപടിക്ക് മാർഗ്ഗദർശകമാകേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് നമുക്കു കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിയും.

**87.** വിശുദ്ധലിഖിതത്തോടുള്ള പ്രാർത്ഥനാഭരിതവും ഫലപ്രദവുമായ ഒരു സമീപനത്തിനുള്ള അനേകം മാർഗ്ഗങ്ങൾ സിനഡിനു മുൻപും സിനഡിന്റെ വേളയിലും ഹാജരാക്കിയ രേഖകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഏറ്റവും കൂടുതൽ ശ്രദ്ധചെലുത്തിയത് 'ജ്ഞാനവായന'യുടെ കാര്യത്തിൽ ആയിരുന്നു. യഥാർത്ഥത്തിൽ 'ജ്ഞാനവായന'യ്ക്ക് "ദൈവവചനത്തിന്റെ നിധികൾ വിശ്വാസികൾക്കു തുറന്നുകൊടുക്കാൻ മാത്രമല്ല, സജീവദൈവവചനമായ ക്രിസ്തുവുമായി ഒരു നേർക്കാഴ്ച ഉളവാക്കാനും കഴിയും."[296] ഇവിടെ ഈ പ്രക്രിയയുടെ അടിസ്ഥാനചുവടുകൾ പുനരവലോകനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ബൈബിൾ ഭാഗത്തിന്റെ വായനയോടുകൂടി *(lectio)* അത് ആരംഭിക്കുന്നു. അതിന്റെ യഥാർത്ഥ ഉള്ളടക്കം മനസ്സിലാക്കാനുള്ള ഒരാഗ്രഹത്തിലേക്ക് ഇതു നയിക്കുന്നു. *ഈ ബൈബിൾഭാഗം അതിൽത്തന്നെ പറയുന്നത് എന്താണ്?* ഇതുകൂടാതെ, നമ്മുടെ സ്വന്തം ആശയങ്ങൾക്കപ്പുറത്തേക്ക് ഒരിക്കലും നീങ്ങാതിരിക്കാനുള്ള ഒഴികഴിവായി വിശുദ്ധലിഖിതഭാഗം തീരാനുള്ള അപകടസാദ്ധ്യത എപ്പോഴുമുണ്ട്. പിന്നീടുവരുന്നത് *വിചിന്തനം (meditation)* ആണ്. അത് ഇങ്ങനെ ചോദിക്കുന്നു: *ഈ ബൈബിൾഭാഗം നമ്മോടു പറയുന്നത് എന്താണ്?* ഇവിടെ ഓരോരുത്തരും വ്യക്തിപരമായി, എന്നാൽ സമൂഹത്തിന്റെ ഒരംഗം എന്ന നിലയിലും, അവനെ അല്ലെങ്കിൽ അവളെത്തന്നെ ചലിപ്പിക്കപ്പെടാനും വെല്ലുവിളിക്കപ്പെടാനും അനുവദിക്കണം. ഇതിനെ തുടർന്നാണ് പ്രാർത്ഥനയുടെ *(oratio)* സ്ഥാനം. അത് ഈ ചോദ്യമാണ്

ചോദിക്കുന്നത്: *അവിടുത്തെ വചനത്തിനു പ്രത്യുത്തരമായി കർത്താവിനോടു നാം എന്താണു പറയുക?* അപേക്ഷ; മാദ്ധ്യസ്ഥതയും കൃതജ്ഞതാപ്രകടനവും സ്തുതിയും എന്നീ നിലയിലുള്ള പ്രാർത്ഥനയാണ് വചനം നമ്മെ പരിവർത്തനം ചെയ്യുന്ന പ്രാഥമിക മാർഗ്ഗം. അവസാനമായി, 'ജ്ഞാനവായന' ധ്യാനത്തോടുകൂടി *(contemplatio)* സമാപിക്കുന്നു. ഈ സമയത്ത്, ദൈവത്തിന്റെ ഒരു ദാനം എന്ന നിലയിൽ, യാഥാർത്ഥ്യത്തെ അവിടുന്നു കാണുകയും വിധിക്കുകയും ചെയ്യുന്ന അതേ രീതി നാം സ്വന്തമാക്കുകയും *മനസ്സിന്റെയും ഹൃദയത്തിന്റെയും ജീവിതത്തിന്റെയും എന്തു പരിവർത്തനമാണ് കർത്താവു നമ്മിൽനിന്ന് ആവശ്യപ്പെടുന്നതെന്ന് നമ്മോടുതന്നെ ചോദിക്കുകയും ചെയ്യുന്നു.* റോമാക്കാർക്കുള്ള ലേഖനത്തിൽ വിശുദ്ധ പൗലോസ് നമ്മോട് ഇങ്ങനെ പറയുന്നു: "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും." (12:2) ദൈവം കാണുന്നതുപോലെ യാഥാർത്ഥ്യത്തെപ്പറ്റി വാസ്തവത്തിൽ വിവേകപൂർണ്ണവും വിവേചിച്ചറിയുന്നതുമായ ഒരു ദർശനം നമ്മിൽ സൃഷ്ടിക്കുകയും "ക്രിസ്തുവിന്റെ മനസ്സ്" (1 കൊറി. 2:16) നമ്മിൽ രൂപീകരിക്കുകയുമാണ് ധ്യാനത്തിന്റെ ലക്ഷ്യം. ഇവിടെ ദൈവവചനം വിവേചിക്കാനുള്ള ഒരു മാനദണ്ഡമായി കാണപ്പെടുന്നു: അത് "സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്." (ഹെബ്രാ. 4:12). ഒരു വ്യക്തിയുടെ ജീവിതം പരസ്നേഹത്തോടുകൂടി മറ്റുള്ളവർക്ക് ഒരു ദാനമാക്കിത്തീർക്കാൻ വിശ്വാസിയെ പ്രചോദിപ്പിക്കുന്ന

പ്രവർത്തനത്തിൽ *(actio)* എത്തിച്ചേരുന്നതുവരെ 'ജ്ഞാന വായന'യുടെ പ്രക്രിയ അവസാനിക്കുന്നില്ല എന്ന് നാം ഓർക്കുന്നതു നന്നായിരിക്കും.

ദൈവമാതാവിൽ ഈ പ്രക്രിയയുടെ പരമമായ സംസ്ലേ ഷണവും പൂർത്തീകരണവും നാം കാണുന്നു. ഓരോ വിശ്വാ സിക്കും, ദൈവവചനം വിധേയത്വത്തോടുകൂടി സ്വീകരിക്കു ന്നതിന്റെ മാതൃകയാണു മറിയം. കാരണം, അവൾ "ഇവ യെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ഗാഢമായി ചിന്തിച്ചുകൊ ണ്ടിരിക്കുന്നു" (ലൂക്കാ 2:19; cf. 2:51). വളരെ വ്യത്യസ്തമെ ന്നുതോന്നുന്നസംഭവങ്ങളെയും പ്രവൃത്തികളെയും കാര്യങ്ങ ളെയും, ദൈവത്തിന്റെ മഹാപദ്ധതിയിൽ, ഒന്നിപ്പിക്കുന്ന അഗാധമായ ബന്ധം അവൾ കണ്ടെത്തി.[297]

സഭയുടെ സാധാരണവ്യവസ്ഥകൾ അനുസരിച്ച്, തനി ക്കുവേണ്ടിയോ മരിച്ച വിശ്വാസികൾക്കുവേണ്ടിയോ ദണ്ഡ വിമോചനം ലഭിക്കാനുള്ള സാധ്യത അനുവദിക്കുന്ന ഒരു നടപടി എന്ന നിലയിലും കൂടി, വിശുദ്ധ ലിഖിതത്തിന്റെ വ്യക്തിപരമായ വായനയുടെ പ്രാധാന്യത്തെപ്പറ്റി സിനഡ് നിർദ്ദേശിച്ചത് ആവർത്തിക്കാനും ഞാൻ ആഗ്രഹിക്കുന്നു.[298] ദണ്ഡവിമോചനങ്ങളുടെ നടപടി[299] ക്രിസ്തുവിന്റെ അനന്ത യോഗ്യതകൾ സംബന്ധിച്ച സിദ്ധാന്തത്തെയാണ് സൂചിപ്പി ക്കുക. രക്ഷയുടെ പരികർമ്മി എന്ന നിലയിൽ സഭ ഇത് പകർന്നുനൽകുകയും പ്രയോഗിക്കുകയും ചെയ്യുന്നു. എ ന്നാൽ അത് വിശുദ്ധരുടെ കൂട്ടായ്മയുടെ സൂചനകൂടിയാണ്. അത് ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു. "ക്രിസ്തുവിനോട് നാം എത്രമാത്രം ഐക്യപ്പെടുന്നുവോ അത്രമാത്രം നാം പര സ്പരം ഐക്യപ്പെട്ടിരിക്കുന്നു. ഓരോരുത്തരുടെയും അതി സ്വാഭാവികജീവൻ അന്യർക്കു പ്രയോജനപ്പെടുത്താവുന്ന താണ്."[300] ഈ നിലപാടിൽനിന്നു നോക്കുമ്പോൾ, ദൈവവ ചനത്തിന്റെ പാരായണം നമ്മുടെ അനുതാപത്തിന്റെയും മാന സാന്തരത്തിന്റെയും യാത്രയിൽ നമ്മെ തുണയ്ക്കുകയും സഭ യുടെ സ്വന്തമാണു നാമെന്ന നമ്മുടെ ബോധം ആഴപ്പെടു

ത്താൻ നമ്മെ പ്രാപ്തരാക്കുകയും ദൈവത്തോടുള്ള ബന്ധത്തിൽ വളരാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. വിശുദ്ധ അംബ്രോസ് ഇങ്ങനെ പ്രസ്താവിക്കുന്നു: "വിശുദ്ധ ലിഖിതങ്ങൾ വിശ്വാസപൂർവ്വം എടുത്ത് സഭയോടൊപ്പം അവ വായിക്കുമ്പോൾ, നാം ദൈവത്തോടൊപ്പം ഒരിക്കൽ കൂടി ഏദൻ തോട്ടത്തിൽ ഉലാത്തുകയാണ്."[301]

## ദൈവവചനവും മറിയത്തോടുള്ള പ്രാർത്ഥനയും

**88.** ദൈവവചനവും നസറത്തിലെ മറിയവും തമ്മിലുള്ള അഭേദ്യമായ ബന്ധം മനസ്സിൽവച്ചുകൊണ്ട്, വിശ്വാസികളുടെ ഇടയിൽ, സർവോപരി കുടുംബജീവിതത്തിൽ, മറിയത്തോടുള്ള പ്രാർത്ഥന പ്രോത്സാഹിപ്പിക്കണമെന്ന്, സിനഡ് പിതാക്കന്മാരോടൊപ്പം, ഞാൻ ആഹ്വാനം ചെയ്യുന്നു. കാരണം, വിശുദ്ധലിഖിതങ്ങളിൽ കാണുന്ന ദിവ്യരഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കാൻ അതു സഹായകമാണ്. ഉദാഹരണമായി, മറിയത്തോടു[302] ചേർന്നു ക്രിസ്തുവിന്റെ രഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കുന്ന ജപമാലപ്രാർത്ഥന[303] വ്യക്തിപരമായോ സാമൂഹികമായോ ചൊല്ലുന്നത് ഏറ്റവുമധികം സഹായകമാകും. പ്രകാശത്തിന്റെ രഹസ്യങ്ങൾ ചേർത്ത് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ജപമാല സംപുഷ്ടമാക്കുകയുണ്ടായല്ലോ.[304] ഓരോ രഹസ്യത്തോടൊപ്പം ആ രഹസ്യത്തോടു ബന്ധപ്പെട്ട ഒരു ചെറിയ ബൈബിൾ ഭാഗം വായിക്കുന്നതു നന്നായിരിക്കും. ക്രിസ്തുവിന്റെ ജീവിതത്തിലെ രഹസ്യങ്ങളോടു ബന്ധപ്പെട്ട തിരുവചനഭാഗങ്ങൾ ഹൃദിസ്ഥമാക്കുന്നതിനെ ഇതു പ്രോത്സാഹിപ്പിക്കും.

ത്രികാലജപം ചൊല്ലുന്നതിന് വിശ്വാസികളെ പ്രോത്സാഹിപ്പിക്കാനും സിനഡ് ശുപാർശചെയ്തു. ലളിതമെങ്കിലും, ഗഹനമായ ഒരു പ്രാർത്ഥനയാണിത്. "അവതരിച്ച വചനത്തിന്റെ രഹസ്യം ദിവസേന അനുസ്മരിക്കാൻ"[305] ഇതു നമുക്കവസരം തരുന്നു. പരമ്പരാഗതമായി പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും സന്ധ്യാവേളയിലും ചൊല്ലുന്ന, മറിയത്തോ

ടുള്ള ഈ പ്രാർത്ഥനയോട് ദൈവജനം; കുടുംബങ്ങളും സമർപ്പിതസമൂഹങ്ങളും, വിശ്വസ്തരായിരിക്കുക ഉചിതമാണ്. ദൈവത്തിന്റെ ഹിതാനുസരണം പ്രവർത്തിക്കുന്നതിലും അവിടുത്തെ വചനത്തെ നമ്മുടെ ജീവിതങ്ങളിൽ സ്വീകരിക്കുന്നതിലും മറിയത്തെ അനുകരിക്കാനുള്ള വരത്തിനുവേണ്ടി, മറിയത്തിന്റെ മാദ്ധ്യസ്ഥതയിലൂടെ, ത്രികാലജപത്തിൽ നാം ദൈവത്തോട് അപേക്ഷിക്കുന്നു. മനുഷ്യാവതാരരഹസ്യത്തോടുള്ള ആത്മാർത്ഥസ്നേഹത്തിൽ വളരാൻ ഈ ശീലം നമുക്കു സഹായകമാകും.

അതുപോലെതന്നെ, രക്ഷണീയചരിത്രം മുഴുവൻ ദൈവമാതാവിന്റെ *(Theotokos)* വെളിച്ചത്തിൽ ധ്യാനിക്കുന്ന പൗരസ്ത്യക്രൈസ്തവരുടെ പുരാതനപ്രാർത്ഥനകൾ അറിയുവാനും വിലമതിക്കുവാനും വ്യാപകമായി ഉപയോഗിക്കുവാനും യോഗ്യമാണ്. ഇവിടെ 'അകാതിസ്ത്', *(Akathist)* 'പാരക്ലേസിസ്' *(Paraklesis)* എന്നീ പ്രാർത്ഥനാസമ്പ്രദായങ്ങളെപ്പറ്റി പ്രത്യേകം പരാമർശിക്കാവുന്നതാണ്. ഒരു ലുത്തിനിയായുടെ രൂപത്തിൽ ആലപിക്കുന്നതും സഭയുടെ വിശ്വാസത്തിലും ബൈബിൾ പരാമർശങ്ങളിലും നിമഗ്നവുമായ ഈ സ്തുതിഗീതങ്ങൾ മറിയത്തോടൊന്നിച്ച് ക്രിസ്തുവിന്റെ രഹസ്യങ്ങൾ ധ്യാനിക്കാൻ വിശ്വാസികളെ സഹായിക്കുന്നു. പ്രത്യേകിച്ച്, ദൈവമാതാവിനോടുള്ള ആദരണീയമായ 'അകാതിസ്ത്, സ്തുതിഗീതം (നിന്നുകൊണ്ടാണ് ഈ പ്രാർത്ഥന ആലപിക്കപ്പെടുന്നത്) ബൈസന്റൈൻ പാരമ്പര്യത്തിൽ[306] മറിയത്തോടുള്ള ഭക്തിയുടെ അത്യുന്നതമായ ഒരാവിഷ്കാരത്തെ പ്രതിനിധീകരിക്കുന്നു. ഈ വാക്കുകൾകൊണ്ടുള്ള പ്രാർത്ഥന ഹൃദയത്തെ വിശാലമായി തുറക്കുകയും അതിനെ ഉന്നതത്തിൽ നിന്നുള്ള, ദൈവത്തിൽ നിന്നുള്ള, സമാധാനത്തിലേക്ക്, നമ്മുടെ രക്ഷക്കുവേണ്ടി മറിയത്തിൽനിന്നു ജനിച്ച ക്രിസ്തു തന്നെയായ സമാധാനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

## ദൈവവചനവും വിശുദ്ധനാടും

**89.** നസറത്തിലെ മറിയത്തിന്റെ ഉദരത്തിൽ മാംസമായി ത്തീർന്ന ദൈവവചനത്തെക്കുറിച്ച് ഓർക്കുമ്പോൾ, നമ്മുടെ രക്ഷയുടെ രഹസ്യം പൂർത്തിയാക്കപ്പെട്ട നാട്ടിലേക്ക് ഇപ്പോൾ നമ്മുടെ ഹൃദയം തിരിയുന്നു. അവിടെ നിന്നാണ് ലോക ത്തിന്റെ അതിർത്തികൾവരെ ദൈവവചനം വ്യാപിച്ചത്. പരി ശുദ്ധാത്മാവിന്റെ ശക്തിയാൽ, ഒരു നിശ്ചിതസമയത്തും സ്ഥ ലത്തും, റോമാ സാമ്രാജ്യത്തിന്റെ അതിർത്തിയിലെ ഒരു തുണ്ടുഭൂമിയിൽ, വചനം മാംസമായി. ക്രിസ്തു എന്ന വ്യക്തി യുടെ സാർവ്വത്രികതയും അതുല്യതയും നാം കൂടുതലായി വിലമതിക്കുന്തോറും അവിടുന്നു ജനിക്കുകയും ജീവിക്കു കയും നമുക്കുവേണ്ടി ജീവൻ നല്കുകയും ചെയ്ത നാട്ടി ലേക്ക് കൃതജ്ഞതാപുരസ്സരം നമ്മുടെ ദൃഷ്ടികൾ തിരി യുന്നു. നമ്മുടെ രക്ഷകൻ ചവിട്ടിനടന്ന കല്ലുകൾ ഇപ്പോഴും അവിടുത്തെ ഓർമ്മയാൽ നിറഞ്ഞിരിക്കുന്നു. അവ തുടർന്നും സദ്വാർത്ത "ഉദ്ഘോഷി"ക്കുന്നുണ്ട്. ഇക്കാരണത്താൽ, വിശു ദ്ധനാടിനെക്കുറിച്ചു പറയുന്ന "അഞ്ചാം സുവിശേഷം"[307] എന്ന അഭിനന്ദനസൂചകമായ പദപ്രയോഗം സിനഡ് പിതാ ക്കന്മാർ അനുസ്മരിക്കുകയുണ്ടായി. അനേകം ക്ലേശങ്ങൾ ഉണ്ടെങ്കിലും ആ സ്ഥലങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ ഉണ്ടെന്നുള്ളത് എത്രയോ പ്രധാനമാണ്! യേശുവിന്റെ നാട്ടിൽ ജീവിക്കുകയും ഉത്ഥിതനിലുള്ള തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ആ ക്രിസ്ത്യാനികളോ ടെല്ലാവരോടും മെത്രാന്മാരുടെ സിനഡ് തങ്ങളുടെ അഗാധ മായ സാമീപ്യം പ്രകടിപ്പിച്ചു. "സാർവ്വത്രികസഭക്കുള്ള വിശ്വാ സത്തിന്റെ ഒരു ദീപസ്തംഭമായി മാത്രമല്ല; പരമ്പരാഗതമായി നാനാത്വവും പല വംശങ്ങളും പല മതങ്ങളും ഉണ്ടായിരു ന്നതും ഇപ്പോഴും അങ്ങനെ തുടരുന്നതുമായ ഒരു സമൂഹ ത്തിന്റെ ജീവിതത്തിൽ, പൊരുത്തത്തിന്റെയും വിവേകത്തി ന്റെയും സമചിത്തതയുടെയും ഒരു പുളിമാവായും"[308]

പ്രവർത്തിക്കാൻ വിശുദ്ധനാട്ടിലെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നു.

ക്രൈസ്തവജനതയുടെ തീർത്ഥാടനത്തിന്റെ ഒരു ലക്ഷ്യസ്ഥാനമായി, പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും, ഒരു സ്ഥലമായി വിശുദ്ധനാട് ഇന്നു നിലകൊള്ളുന്നു. വിശുദ്ധ ജെറോമിനെ[309] പ്പോലെയുള്ള ഗ്രന്ഥകാരന്മാർ പൗരാണിക കാലത്ത് ഇതു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഭൗമികജറുസലേമിലേക്ക് നമ്മുടെ മിഴികളും ഹൃദയങ്ങളും കൂടുതലായി തിരിയുന്തോറും എല്ലാതീർത്ഥാടനത്തിന്റെയും യഥാർത്ഥലക്ഷ്യമായ സ്വർഗ്ഗീയജറുസലേമിനുവേണ്ടിയുള്ള നമ്മുടെ അഭിലാഷവും രക്ഷ കൈവരുത്തുന്ന ഏകനാമമായ യേശുവിന്റെ നാമം എല്ലാവരും അംഗീകരിക്കണമെന്നുള്ള (cf. അപ്പ. 4:12) നമ്മുടെ തീവ്രമായ ആഗ്രഹവും കൂടുതലായി ജ്വലിപ്പിക്കപ്പെടും.

ഭാഗം മൂന്ന്

# വചനം ലോകത്തിനുവേണ്ടി
# (*Verbum Mundo*)

*"ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധംപുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ. 1:18).*

# സഭയുടെ ദൗത്യം: ദൈവവചനം ലോകത്തോട് പ്രസംഗിക്കുക

## പിതാവിൽനിന്നുത്ഭവിച്ച് പിതാവിലേക്കു മടങ്ങുന്ന വചനം

**90.** ക്രൈസ്തവവിശ്വാസത്തിലെ അടിസ്ഥാനപരമായ പൂർവാപര വൈരുദ്ധ്യം ശക്തമായ ഭാഷയിൽ വിശുദ്ധ യോഹന്നാൻ പ്രകടമാക്കിയിട്ടുണ്ട്. ഒരുവശത്ത് "ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല" എന്ന് വിശുദ്ധൻ പറയുന്നു (യോഹ. 1:18; cf. 1 യോഹ. 4:12). നമ്മുടെ സങ്കല്പത്തിനോ ആശയങ്ങൾക്കോ വാക്കുകൾക്കോ അത്യുന്നതനായ ദൈവത്തിന്റെ അനന്തമായ യാഥാർത്ഥ്യം നിർവ്വചിക്കാനോ ഉൾക്കൊള്ളാനോ കഴിയുകയില്ല. ദൈവം എപ്പോഴും എല്ലാറ്റിനേക്കാളും വലിയവനായിരിക്കും *(Deu semper maior)* എങ്കിലും വചനം യഥാർത്ഥത്തിൽ "മാംസമായി" എന്നും വിശുദ്ധ യോഹന്നാൻ പറയുന്നു (യോഹ. 1:14). പിതാവിൽനിന്ന് ജനിച്ച ഏകപുത്രൻ എന്നും പിതാവിനോടൊപ്പം ആയിരുന്നു. പുത്രൻ ആരും ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തെ നമുക്ക് വെളിപ്പെടുത്തി. (യോഹ. 1:18). യേശുക്രിസ്തു നമ്മുടെ അടുത്തേക്ക് വരുന്നത് "കൃപയും സത്യവും നിറഞ്ഞവനായിട്ടാണ്" (യോഹ. 1:14). ഈ ദാനങ്ങൾ നമുക്ക് നല്കുന്നതിനായാണ് അവിടുന്ന് വരുന്നത് (യോഹ. 1:17). "അവന്റെ പൂർണ്ണതയിൽ നിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു" (യോഹ. 1:16). അങ്ങനെ, യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ ദൈവത്തോടൊപ്പം ഉണ്ടായിരുന്ന വചനം മാംസമായതും നമ്മുടെ മനുഷ്യസ്വഭാവ

ത്തോടുകൂടി പിതാവിലേക്കു തന്നെ മടങ്ങിപ്പോകുന്നതും യോഹന്നാൻ ധ്യാനത്തിന് വിഷയമാക്കുന്നു. വചനം മനുഷ്യസ്വഭാവം സ്വീകരിച്ചത് എന്നന്നേക്കുമായാണ്. ഇങ്ങനെ ദൈവത്തിൽനിന്ന് വരികയും ദൈവത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുന്ന ക്രിസ്തുവിനെ ദൈവത്തെപ്പറ്റി പറയുന്നവനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് (യോഹ. 1:18; cf. 13:3, 16:28, 17:8, 10). ലയൺസിലെ വിശുദ്ധ ഐറേനിയസ് പറയുന്നതുപോലെ, "പിതാവിനെ വെളിപ്പെടുത്തുന്നവനാണ് പുത്രൻ."[310] 'ആരും ഒരിക്കലും കണ്ടിട്ടില്ലാത്ത' ദൈവത്തിന്റെ "ദിവ്യവചനവ്യാഖ്യാതാവാണ്" നസറത്തിലെ യേശു എന്നു വേണമെങ്കിൽ പറയാം. "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമാണ്" (കൊളോ. 1:15). ദൈവവചനം എത്ര ഫലപ്രദമാണ് എന്നതു സംബന്ധിച്ച ഏശയ്യായുടെ പ്രവചനം ഇവിടെ പൂർത്തീകരിക്കപ്പെടുന്നതായി നാം കാണുന്നു: "ആകാശത്തുനിന്നു പൊഴിയുന്ന മഴയും മഞ്ഞും ഭൂമിക്ക് വെള്ളം നല്കി അതിനെ ഫലഭൂയിഷ്ഠമാക്കുന്നു. അതുപോലെ, ദൈവവചനവും. എന്റെ അധരങ്ങളിൽനിന്ന് പുറപ്പെടുന്ന വാക്കും അങ്ങനെതന്നെ, സഫലമാകാതെ അത് തിരിച്ചുവരില്ല. എന്റെ ഉദ്ദേശ്യം അത് നിറവേറ്റും, ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും" (cf. ഏശ. 55:10 മുതൽ). പിതാവിൽനിന്ന് പുറപ്പെട്ട നിർണ്ണായകവും ഫലപ്രദവുമായ വാക്കാണ് യേശുക്രിസ്തു. അത് പിതാവിൽനിന്ന് വരികയും പിതാവിലേക്ക് മടങ്ങിപ്പോവുകയും ചെയ്തു. പിതാവിന്റെ കല്പന ഭൂമിയിൽ പൂർണ്ണമായും നിറവേറ്റിയിട്ടാണ് അവിടുന്ന് മടങ്ങുന്നത്.

## പ്രത്യാശയുടെ "വചനം" ലോകത്തോട് പ്രഘോഷിക്കൽ

**91.** ഭൂമിയുടെ മുഖത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവീക ജീവനായാണ് ദൈവവചനം നമുക്ക് നല്കപ്പെട്ടിരിക്കുന്നത്. അത് എല്ലാം പുതുതാക്കിക്കൊണ്ട് ഭൂമിയുടെ മുഖം നവീകരിക്കുന്നു (cf. വെളി. 21:5). ദൈവത്തിന്റെ വെളിപാട് *ശ്രവി*

*ക്കുന്നവര്‍* എന്ന രീതിയില്‍ മാത്രമല്ല ദൈവവചനം നമ്മോട് ഇടപെടുന്നത്. ദൈവവചനത്തിന്റെ *മുന്നോടികളായും* അവിടുന്നു നമ്മെ കാണുന്നു. തന്റെ ഹിതം നിറവേറ്റുവാനായി പിതാവയച്ച ആള്‍ (cf. യോഹ. 5:36–38, 6:38–40; 7:16–18) നമ്മെ തന്നിലേക്ക് ആകര്‍ഷിക്കുകയും തന്റെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും ഭാഗമാക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിന്റെ സാക്ഷ്യത്തിലൂടെ എല്ലായിടത്തും വചനം പ്രഘോഷിക്കുവാന്‍ ഉയിര്‍ത്തെഴുന്നേറ്റ കര്‍ത്താവിന്റെ അരൂപി നമ്മെ ശക്തരാക്കുന്നു. ആദിമക്രൈസ്തവസമൂഹം ഈ വസ്തുത അനുഭവിച്ചറിഞ്ഞവരാണ്. പ്രസംഗത്തിലൂടെയും സാക്ഷ്യത്തിലൂടെയും വചനം പ്രചരിക്കുന്നത് കണ്ടവരാണ് അവര്‍ (cf. അപ്പ. 6:7). ഇവിടെ നമുക്ക് പൗലോസ് അപ്പോസ്തലന്റെ ജീവിതം പ്രത്യേകം അനുസ്മരിക്കാവുന്നതാണ്. കര്‍ത്താവ് പൂര്‍ണ്ണമായും അധിനിവേശിച്ച ഒരു മനുഷ്യനായിരുന്നു പൗലോസ്. "യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു" (cf. ഫിലി. 3:12). "ഇനിമേല്‍ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നില്‍ ജീവിക്കുന്നത്" (ഗലാ. 2:20). പൗലോസിന്റെ ദൗത്യവും അതുതന്നെയായിരുന്നു: "ഞാന്‍ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കില്‍ എനിക്ക് ദുരിതം" (1 കോറി. 9:16). ക്രിസ്തുവില്‍ വെളിവാക്കപ്പെട്ടത് യഥാര്‍ത്ഥത്തില്‍ എല്ലാ ജനങ്ങളുടെയും നിത്യരക്ഷ ആയിരുന്നുവെന്നും, ദൈവമക്കളുടെ സ്വാതന്ത്ര്യം ആസ്വദിക്കുന്നതിനായി പാപത്തിന്റെ അടിമത്തത്തില്‍നിന്നും ലഭിച്ച മോചനമായിരുന്നുവെന്നും, പൗലോസിന് നല്ലതുപോലെ അറിയാമായിരുന്നു.

ലോകത്തോട് തിരുസഭ ഉദ്ഘോഷിക്കുന്നത് പ്രത്യാശയുടെ '*ലോഗോസ്*' ആണ്, വചനമാണ് (cf. 1 പത്രോ. 3:15). ഓരോനിമിഷവും പൂര്‍ണ്ണമായി ജീവിക്കുന്നതിന് മനുഷ്യര്‍ക്ക് മഹത്തായ ഈ പ്രത്യാശ ആവശ്യമാണ്. ഒരു മാനുഷിക മുഖമുള്ളവനും അവസാനംവരെ നമ്മെ സ്നേഹിച്ചവനുമായ ദൈവമാണ് ഈ പ്രത്യാശ (യോഹ. 13:1).[311] അതുകൊണ്ടാണ് പ്രകൃത്യാതന്നെ തിരുസഭ ദൗത്യത്തിന്റെ സഭ (*missionary*),

വചനം പ്രഘോഷിക്കുന്ന സഭ ആയത്. യേശുക്രിസ്തുവിനെ കണ്ടുമുട്ടിയപ്പോൾ നമുക്കു നല്കപ്പെട്ട നിത്യജീവന്റെ വാക്കുകൾ നമുക്കായി മാത്രം സൂക്ഷിച്ചുവയ്ക്കാനുള്ളതല്ല. അത് എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ളതാണ്, ഓരോ പുരുഷനും ഓരോ സ്ത്രീയ്ക്കും വേണ്ടിയുള്ളതാണ്. ഇന്ന് ഓരോ മനുഷ്യനും അയാൾ അത് തിരിച്ചറിയുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ഈ വചനത്തിന്റെ ആവശ്യമുണ്ട്. ആമോസ് പ്രവാചകന്റെ കാലത്തെന്നപോലെ, കർത്താവുതന്നെ നമ്മുടെ ഇടയിൽ ദൈവവചനത്തിനുവേണ്ടിയുള്ള പുതിയ വിശപ്പും, ദാഹവും ഉണർത്തട്ടെ! (cf. ആമോ. 8:11). ദൈവകൃപയാൽ നമുക്ക് ലഭിച്ചിട്ടുള്ളത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

## ദൈവവചനമാണ് സഭയുടെ ദൗത്യത്തിന്റെ ഉറവിടം

**92.** ആദിമകാലം തൊട്ടേ ദൈവജനത്തിന് ഉണ്ടായിരുന്ന സുവിശേഷപ്രഘോഷണം സംബന്ധിച്ച അവബോധം സഭയിൽ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത സിനഡ് പിതാക്കന്മാർ ശക്തമായ ഭാഷയിൽ വീണ്ടും പ്രഖ്യാപിച്ചു. ആദിമക്രൈസ്തവർ സുവിശേഷപ്രഘോഷണത്തെ കണ്ടത് വിശ്വാസത്തിന്റെ സ്വഭാവത്തിൽതന്നെ വേരൂന്നിയിട്ടുള്ള ഒരു ആവശ്യമായിട്ടാണ്. തങ്ങൾ ഏതു ദൈവത്തിലാണോ വിശ്വസിക്കുന്നത്, ആ ദൈവം എല്ലാവരുടെയും ദൈവമാണ്; ഇസ്രായേലിന്റെ ചരിത്രത്തിലും അവസാനമായി തന്റെ പുത്രനിലും സ്വയം വെളിപ്പെടുത്തിയ ഏകസത്യദൈവം. അങ്ങനെ എല്ലാ മനുഷ്യരും അവരുടെ ഉള്ളിന്റെ ഉള്ളിൽ പ്രതീക്ഷിച്ചിരുന്ന പ്രതികരണം ദൈവം അവർക്ക് നല്കി. ആദിമക്രൈസ്തവ സമൂഹങ്ങൾ തങ്ങളുടെ വിശ്വാസം ഏതെങ്കിലും ഒരു സാംസ്കാരികപാരമ്പര്യത്തിന്റെ ഭാഗമാണ് എന്നു കരുതിയില്ല. വിവിധ ജനങ്ങൾക്ക് വ്യത്യസ്തമായ വിശ്വാസം എന്ന് അവർ കരുതിയില്ല. സത്യത്തിന്റെ മേഖലയിലുള്ളതാണ് തങ്ങളുടെ വിശ്വാസമെന്നും അത് എല്ലാവരെയും ഒരുപോലെ

ബാധിക്കുന്ന വിഷയമാണെന്നും അവർ മനസ്സിലാക്കി.

ക്രൈസ്തവദൗത്യത്തിന്റെ അർത്ഥം എന്താണെന്ന് തന്റെ ജീവിതം വഴി ഒരിക്കൽക്കൂടി വ്യക്തമാക്കുന്നത് വിശുദ്ധ പൗലോസാണ്. ക്രൈസ്തവസന്ദേശത്തിന്റെ അടിസ്ഥാനപരമായ സാർവലൗകികത വിശുദ്ധൻ പ്രകടമാക്കുന്നു. അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളിൽ (cf. 17:16-34), ആഥെൻസിലെ 'അരിയോപ്പാഗസിൽ' നടന്ന സംഭവം വിവരിച്ചിരിക്കുന്നത് നമുക്ക് ഇവിടെ ഓർമ്മിക്കാം. ജനതകളുടെ അപ്പോസ്തലനായ പൗലോസ് വിവിധ സംസ്കാരങ്ങളുള്ള ആളുകളുമായി സംവാദത്തിൽ ഏർപ്പെടുന്നതിന്റെ ശരിയായ കാരണം ദൈവത്തെ സംബന്ധിച്ച രഹസ്യം യഥാർത്ഥത്തിൽ ചരിത്രത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹത്തിനുള്ള അവബോധമാണ്. ദൈവത്തെപ്പറ്റിയുള്ള രഹസ്യം ഒരേസമയം അറിയപ്പെട്ടതും അജ്ഞാതവുമാണ്; എത്ര അവ്യക്തമായിട്ടായാലും എല്ലാ മനുഷ്യരും, സ്ത്രീകളും പുരുഷന്മാരും, തങ്ങളുടെ ഹൃദയങ്ങളിൽ ഈ രഹസ്യം അറിയുന്നുണ്ട്. "നിങ്ങൾ ആരാധിക്കുന്ന ആ അജ്ഞാതനെക്കുറിച്ചുതന്നെയാണ് ഞാൻ നിങ്ങളോട് പ്രസംഗിക്കുന്നത്" (അപ്പ. 17:23). യഥാർത്ഥത്തിൽ ക്രൈസ്തവപ്രഘോഷണത്തിന്റെ പുതുമ അടങ്ങിയിരിക്കുന്നത് നമുക്ക് എല്ലാ ജനങ്ങളോടും "ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു: വ്യക്തിപരമായി സ്വയം വെളിപ്പെടുത്തിയിരിക്കുന്നു, ദൈവത്തിലെത്താനുള്ളവഴി ഇപ്പോൾ തുറന്നിരിക്കുന്നു" എന്നു പറയാം എന്നതാണ്. ക്രൈസ്തവസന്ദേശം ഒരു ആശയത്തെ ആശ്രയിച്ചുള്ളതല്ല, ഒരു വസ്തുതയെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നതത്രേ അതിന്റെ പുതുമ: "ദൈവം സ്വയം വെളിപ്പെടുത്തിയിരിക്കുന്നു" എന്നുള്ളത്.[312]

## വചനവും ദൈവരാജ്യവും

**93.** അതുകൊണ്ട് സഭയുടെ ജീവിതത്തിൽ ഈ ദൗത്യം വേണമെങ്കിൽ നിർവ്വഹിക്കാവുന്നതോ മറ്റു പ്രവർത്തന

ങ്ങൾക്കനുപൂരകങ്ങളോ ആയി കണക്കാക്കാവുന്നതല്ല. നേരേ മറിച്ച്, പരിശുദ്ധാരൂപി നമ്മെ ക്രിസ്തുവിന്റെ ഭാഗമാക്കുന്നതിന്, ക്രിസ്തു നമ്മെ സ്വാംശീകരിക്കുന്നതിന് നമ്മെത്തന്നെ അനുവദിക്കുകയാണ് ഇത്. അങ്ങനെ നാം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിൽ പങ്കാളികളാകുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). നിങ്ങളുടെ ജീവിതം മുഴുവനും വചനം പങ്കുവയ്ക്കാൻ നിങ്ങളെ അയയ്ക്കുന്നു. വചനംതന്നെയാണ് നമ്മുടെ സഹോദരീസഹോദരന്മാരുടെ അടുത്തേക്ക് നമ്മെ ശക്തമായി നയിക്കുന്നത്. പ്രകാശം പരത്തുകയും ശുദ്ധീകരിക്കുകയും മാനസാന്തരപ്പെടുത്തുകയും ചെയ്യുന്നത് വചനമാണ്, നാം വചനത്തിന്റെ ശുശ്രൂഷകർ മാത്രമാണ്.

ക്രിസ്തുതന്നെ പ്രസംഗിച്ച ദൈവരാജ്യം വരുന്നതിന് വചനപ്രഘോഷണം എത്ര അത്യാവശ്യമാണ്, അത് അതിമനോഹരമാണ്, എന്ന അവബോധം നിരന്തരം നാം പുതുക്കേണ്ടതുണ്ട്. അങ്ങനെ, സഭാപിതാക്കന്മാർ വ്യക്തമായി മനസ്സിലാക്കിയിരുന്നതുപോലെ, ദൈവരാജ്യത്തിന്റെ അന്തഃസത്ത, ഉള്ളടക്കം, വചനപ്രഘോഷണമാണ് എന്ന തിരിച്ചറിവ് നമ്മിൽ വർദ്ധിക്കും (cf. മർക്കോ. 1:14-15). "യേശു എന്ന വ്യക്തിതന്നെയാണ് ദൈവരാജ്യം"[313] എന്ന് ഒരിജൻ പറയുന്നു. ശ്രദ്ധേയമായ ഒരു പ്രയോഗമാണ് ഇത്. എല്ലാ കാലഘട്ടത്തിലും ജീവിക്കുന്ന ജനങ്ങൾക്ക് കർത്താവ് നിത്യരക്ഷ വാഗ്ദാനം ചെയ്യുന്നു. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ പ്രകാശം പതിക്കേണ്ടത് എത്ര ആവശ്യമാണെന്ന് നാമെല്ലാം തിരിച്ചറിയുന്നു: കുടുംബം, വിദ്യാലയങ്ങൾ, സംസ്കാരം, പ്രവർത്തനം, വിശ്രമം, സാമൂഹിക ജീവിതത്തിലെ മറ്റു മുഖങ്ങൾ, ഇവയിലെല്ലാം ആ വെളിച്ചം വീശണം.[314] സമാശ്വാസത്തിന്റെ ഒരുവാക്ക് പറയലല്ല ഇത്; നിലവിലുള്ള അവസ്ഥ തകിടം മറിക്കുകയും മാനസാന്തരത്തിനു ക്ഷണിക്കുകയും ചെയ്യുന്ന വചനമാണ് ഇത്. ആരിലൂടെയാണോ പുതിയ ഒരു മനുഷ്യവർഗ്ഗം പൂവണിയുന്നത്

ആ വ്യക്തിമായുള്ള കണ്ടുമുട്ടലിനു വഴിതുറക്കുന്ന വചനമാണ് ഇത്.

## ഈ പ്രഘോഷണം നടത്താൻ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കും ഉത്തരവാദിത്തമുണ്ട്

**94.** ദൈവജനം മുഴുവനും ഒരു ജനം എന്ന നിലയ്ക്ക് 'അയയ്ക്കപ്പെട്ടവർ' ആണ്. അതുകൊണ്ട്, "ജ്ഞാനസ്നാനത്തിന്റെ അടിസ്ഥാനത്തിൽ യേശുക്രിസ്തുവിന്റെ അനുയായികളായ എല്ലാവർക്കും ദൈവവചനം പ്രസംഗിക്കുകയെന്ന ദൗത്യം അവർ നിർവ്വഹിക്കേണ്ട ഒരു ചുമതലയായിത്തീരുന്നു"[315] എന്നു സൂനഹദോസ് ഒരിക്കൽക്കൂടി പ്രഖ്യാപിച്ചു. കൂദാശയിലൂടെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായ ഒരു ക്രൈസ്തവവിശ്വാസിക്കും, ഈ ഉത്തരവാദിത്തം തനിക്കു ബാധകമല്ല എന്നു ചിന്തിക്കാൻ കഴിയില്ല. ഓരോ കുടുംബത്തിലും ഇടവകയിലും സമൂഹത്തിലും സംഘടനയിലും സഭയുടേതായ എല്ലാ സംരംഭങ്ങളിലും ഈ അവബോധം വീണ്ടും ഉണർത്തേണ്ടതുണ്ട്. കൂട്ടായ്മയുടെ ഒരു ദിവ്യരഹസ്യമെന്ന നിലയ്ക്കു സഭ പൂർണ്ണമായും ദൗത്യത്തിന്റെ സഭയാണ്. ഓരോരുത്തരും അവനവന്റെ ജീവിതാന്തസ്സിന് അനുയോജ്യമായ രീതിയിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് വ്യക്തമായ, ഫലപ്രദമായ, സംഭാവന നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

തങ്ങളുടെ സവിശേഷമായ ദൗത്യം അനുസരിച്ച്, മെത്രാന്മാരും വൈദികരുമാണ് വചനത്തിന്റെ ശുശ്രൂഷയിൽ തങ്ങളുടെ ജീവിതം മുഴുവൻ വ്യയം ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നവരിൽ പ്രമുഖർ. സുവിശേഷം പ്രഘോഷിക്കുക, കൂദാശകൾ പരികർമ്മം ചെയ്യുക, വിശ്വാസികൾക്കു വിശുദ്ധലിഖിതങ്ങൾ സംബന്ധിച്ച് ആധികാരികമായ അറിവ് പകർന്നുകൊടുത്ത് അവരെ പരിശീലിപ്പിക്കുക — ഇതെല്ലാം മെത്രാന്മാരുടെയും വൈദികരുടെയും ദൗത്യത്തിന്റെ ഭാഗമാണ്. തങ്ങളുടെ പ്രത്യേകദൗത്യമനുസരിച്ചു സുവിശേഷവത്ക

രണം നിർവ്വഹിക്കുവാൻ തങ്ങളെയും വിളിച്ചിരിക്കുന്നു എന്ന് ഡീക്കന്മാർ മനസ്സിലാക്കണം.

തിരുസഭയുടെ ചരിത്രത്തിലുടനീളം സുവിശേഷം സ്വീകരിച്ചിട്ടില്ലാത്തവരുടെ ഇടയിലും വളരെ വിഷമംപിടിച്ച സാഹചര്യങ്ങളിലും ദൈവവചനം പ്രസംഗിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നതിൽ സമർപ്പിതജീവിതം നയിക്കുന്നവരുടെ സംഭാവന വളരെ ശ്രദ്ധേയമായിരുന്നു. പുതിയ സാഹചര്യങ്ങളോടു പൊരുത്തപ്പെട്ടുപോകുവാനും ദൈവവചനം ഫലപ്രദമായി പ്രഘോഷിക്കുന്നതിൽ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ധൈര്യപൂർവ്വം പുതിയ പാതകളിലൂടെ മുന്നേറുന്നതിനും അവർ എപ്പോഴും സന്നദ്ധരായിരുന്നു.[316]

തങ്ങളുടെ പ്രവാചക ദൗത്യം നിർവ്വഹിക്കുവാൻ അല്മായരും വിളിക്കപ്പെട്ടിരിക്കുന്നു. ഈ ദൗത്യം അവർക്ക് ലഭിക്കുന്നത് അവരുടെ ജ്ഞാനസ്നാനത്തിൽനിന്നാണ്. അവർ എവിടെയായിരുന്നാലും തങ്ങളുടെ അനുദിനജീവിതത്തിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. "സുവിശേഷവത്കരണത്തിനു നിരവധി അല്മായ വിശ്വാസികൾ, പ്രത്യേകിച്ചും സ്ത്രീകൾ, നല്കുന്ന സേവനത്തിന് അങ്ങേയറ്റം ആദരവും കൃതജ്ഞതയും പ്രോത്സാഹനവും" സിനഡ് പിതാക്കന്മാർ പ്രകടിപ്പിച്ചു. ലോകമെമ്പാടും തങ്ങളുടെ സമൂഹങ്ങളിൽ വിശാലമനസ്സോടും പ്രതിബദ്ധതയോടുംകൂടി, ഉയിർപ്പിന്റെ സന്തോഷത്തിന്റെ ആദ്യസാക്ഷിയായ മഗ്ദലേനമറിയത്തിന്റെ മാതൃക പിന്തുടർന്നുകൊണ്ട്, ഇവർ സുവിശേഷവത്കരണത്തിനായി സേവനമനുഷ്ഠിക്കുന്നു"[317] എന്ന് പിതാക്കന്മാർ എടുത്തുപറഞ്ഞു. സഭാപ്രസ്ഥാനങ്ങളും പുതിയ സമൂഹങ്ങളും നമ്മുടെ കാലഘട്ടത്തിൽ സുവിശേഷവത്കരണത്തിനുള്ള വലിയ ഒരു ശക്തിയാണ് എന്നു സിനഡ് അംഗീകരിച്ചു. സുവിശേഷം പ്രഘോഷിക്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കാൻ ഇവർ പ്രോത്സാഹനം നല്കുന്നു എന്നു സിനഡ് നന്ദിപൂർവ്വം തിരിച്ചറിഞ്ഞു.[318]

## വിശ്വാസം സ്വീകരിച്ചിട്ടില്ലാത്തവരുടെ ഇടയിലുള്ള ദൗത്യത്തിന്റെ *(missio ad gentes)* ആവശ്യകത

**95.** ദൈവവചനം പ്രഘോഷിക്കുവാൻ എല്ലാ വിശ്വാസികളോടും ആവശ്യപ്പെടുകവഴി, നമ്മുടെ കാലഘട്ടത്തിലും വിശ്വാസം സ്വീകരിച്ചിട്ടില്ലാത്തവരോടു സുവിശേഷം പ്രസംഗിക്കുകയെന്ന ദൗത്യത്തോടു നിർണ്ണായകമായ പ്രതിബദ്ധത പുലർത്തേണ്ടതിന്റെ ആവശ്യകത സിനഡ് പിതാക്കന്മാർ ആവർത്തിച്ചു പ്രഖ്യാപിച്ചു. ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ സുവിശേഷം അറിയാവുന്നവർക്കു മാത്രമായി അജപാലന പ്രവർത്തനം പരിമിതപ്പെടുത്തുവാൻ തിരുസഭയ്ക്ക് ഒരിക്കലും കഴിയുകയില്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണ് വിശ്വാസമില്ലാത്തവരിലേക്കും സുവിശേഷപ്രചരണം വ്യാപിപ്പിക്കുന്നത്. ദൈവവചനം മനുഷ്യനു രക്ഷനല്കുന്ന സത്യമാണെന്നും അത് എല്ലാ കാലഘട്ടങ്ങളിലും മനുഷ്യർ, സ്ത്രീകളും പുരുഷന്മാരും, ശ്രവിക്കേണ്ടതാണ് എന്നും സഭാപിതാക്കന്മാർ തറപ്പിച്ചുപറയുന്നു. ഇക്കാരണത്താൽ ദൈവവചനം പരസ്യമായി പ്രഘോഷിക്കപ്പെടേണ്ടതുണ്ട്. തിരുസഭ അരൂപിയുടെ ശക്തിയിൽ ഇറങ്ങിച്ചെന്ന് ഓരോ വ്യക്തിയേയും കാണണം, സംസാരിക്കണം (1 കൊറി. 2:5). അങ്ങനെ ദൈവവചനം കേൾക്കുന്നതിനു ജനങ്ങൾക്കുള്ള അവകാശവും സ്വാതന്ത്ര്യവും പ്രവാചകരീതിയിൽ സംരക്ഷിക്കുകയെന്ന കടമ സഭ തുടർന്നും നിറവേറ്റണം. അതേസമയംതന്നെ, പീഡനം നേരിടേണ്ടിവന്നാൽപ്പോലും വചനം ഫലപ്രദമായി പ്രഘോഷിക്കുന്നതിനുള്ള ഏറ്റം നല്ല മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിക്കുകയുംവേണം.[319] രക്ഷനല്കുന്ന വചനം ഓരോ മനുഷ്യനോടും പ്രഘോഷിക്കുന്നത് തന്റെ കടമയാണെന്ന് സഭ കരുതുന്നു (cf. റോമാ 1:14).

## പ്രഘോഷണവും നവസുവിശേഷവത്കരണവും

**96.** പോൾ ആറാമൻ മാർപാപ്പ *'ഇവാഞ്ചേലിയി നുൻസിയാന്തി'* എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ പറഞ്ഞ പ്രവചനതുല്യമായ വാക്കുകൾ അനുസ്മരിച്ചുകൊണ്ട്

ജോൺ പോൾ രണ്ടാമൻ മാർപാപ്പ ദൈവജനത്തിനു മുഴുവനും പുതിയ ഒരു സുവിശേഷ പ്രചരണകാലം ഉണ്ടാകണം എന്ന് വിശ്വാസികളെ വിവിധ രീതികളിൽ ഓർമ്മിപ്പിച്ചു.[320] മൂന്നാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ഇനിയും സുവിശേഷത്തെപ്പറ്റി കേട്ടിട്ടില്ലാത്ത ധാരാളം ആളുകളുണ്ടെന്നു മാത്രമല്ല; ദൈവവചനം ഒരിക്കൽക്കൂടി ഫലപ്രദമായ രീതിയിൽ പ്രഘോഷിച്ച് കേൾക്കേണ്ട ക്രൈസ്തവരും ധാരാളമുണ്ട്. ഈ പ്രഘോഷണത്തിലൂടെവേണം സുവിശേഷത്തിന്റെ ശക്തി അവർക്ക് വ്യക്തിപരമായി അനുഭവപ്പെടാൻ. നമ്മുടെ സഹോദരീസഹോദരന്മാരിൽ അനേകംപേർ “ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അവർ വേണ്ടത്ര സുവിശേഷവത്കരണം നേടിയിട്ടില്ല.”[321] ഒരു കാലത്ത് വിശ്വാസസമ്പന്നമായിരുന്നതും ധാരാളം ദൈവവിളികളുണ്ടായിരുന്നുതുമായ രാജ്യങ്ങൾക്ക് മതേതരസംസ്കാരത്തിന്റെ സ്വാധീനത്തിൽപ്പെട്ട് അവയുടെ അനന്യമായ വ്യക്തിത്വം നഷ്ടമായിക്കൊണ്ടിരിക്കുന്നു.[322] എന്റെ വന്ദ്യനായ മുൻഗാമി ഹൃദയത്തിന്റെ ആഴത്തിൽ മനസ്സിലാക്കിയ ഒന്നാണ് ഒരു പുതിയ സുവിശേഷവത്കരണത്തിന്റെ ആവശ്യം. ദൈവവചനം ഫലദായകമാണെന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് പുതിയ സുവിശേഷവത്കരണത്തിന്റെ ആവശ്യം ധീരമായി വീണ്ടും പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. കർത്താവിന്റെ വിശ്വസ്തതയിൽ സഭ ഉറച്ചു വിശ്വസിക്കുന്നു. അതുകൊണ്ട് സുവിശേഷത്തിലെ സദ്വാർത്ത പ്രഘോഷിക്കുന്നതിൽനിന്നും, ക്രിസ്തുവിനെ അനുഗമിക്കുന്നത് എത്ര ആകർഷണീയമാണെന്ന് വീണ്ടും കണ്ടെത്തുന്നതിന് ക്രൈസ്തവരെ ക്ഷണിക്കുന്നതിൽനിന്നും സഭ ഒരിക്കലും ക്ഷീണിച്ച് പിൻവാങ്ങുകയില്ല.

## ദൈവവചനവും ക്രൈസ്തവസാക്ഷ്യവും

**97.** സഭയുടെ ദൗത്യത്തിന്റെ ചക്രവാളങ്ങൾ അതിവിശാലമാണ്. ഇന്നത്തെ സാഹചര്യം വളരെ സങ്കീർണ്ണവും. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് ദൈവവചനം ഫല

പ്രദമായ രീതിയിൽ അനേകരെ അറിയിക്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. എല്ലാ സുവിശേഷ വത്കരണത്തിലെയും പ്രധാന കഥാപുരുഷനായ പരിശുദ്ധാരൂപി സഭയുടെ ഈ പ്രവർത്തനത്തിൽ അവൾക്കു വേണ്ട മാർഗ്ഗനിർദ്ദേശം ഒരിക്കലും നല്കാതിരിക്കുകയില്ല. എങ്കിലും ദൈവവചനം പ്രചരിപ്പിക്കുന്നതും ക്രൈസ്തവസാക്ഷ്യവും തമ്മിലുള്ള ആന്തരികമായ ബന്ധം ഏതുരൂപത്തിലുള്ള സുവിശേഷപ്രഘോഷണത്തിലും ഓർമ്മിക്കേണ്ട സുപ്രധാനമായ ഒരു വസ്തുതയാണ്. നമ്മുടെ പ്രഘോഷണത്തിന്റെ വിശ്വസനീയത തന്നെ ഇതിനെയാണ് ആശ്രയിച്ചിരിക്കുന്നത്. കർത്താവ് നമ്മോട് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സുവിശേഷപ്രഘോഷണത്തിലൂടെ മറ്റുള്ളവരെ അറിയിക്കണം; ഇത് ഒരു വശം. മറുവശത്ത് സാക്ഷ്യത്തിലൂടെ ഈ വചനത്തെ വിശ്വസനീയമാക്കുന്നതും അനിവാര്യമാണ്. അല്ലെങ്കിൽ സുവിശേഷം ആകർഷണീയമായ ഒരു ദർശനമായോ 'അപ്രാപ്യമായ ഒരു പറുദീസ' ആയോ ആളുകൾക്ക് തോന്നും. ജീവിതത്തിൽ പകർത്താവുന്നതും ജീവൻ നല്കുന്നതുമായ ഒരു യാഥാർത്ഥ്യമായി ജനം സുവിശേഷത്തെ അംഗീകരിക്കാതെ വരും. ദൈവവചനവും സാക്ഷ്യവും തമ്മിലുള്ള പാരസ്പര്യം ദൈവം മനുഷ്യാവതാരം ചെയ്ത വചനത്തിലൂടെ സ്വയം വെളിപ്പെടുത്തിയതിനെ പ്രതിഫലിപ്പിക്കുന്നുണ്ട്. "വചനത്തെ സജീവവും വർത്തമാനകാലത്തിന്റേതുമാക്കുന്ന സാക്ഷികളെ കണ്ടുമുട്ടുന്നതുവഴിയാണ്"[323] ദൈവവചനം മനുഷ്യരിൽ എത്തുന്നത്. "മുതിർന്നവരുടെ ആധികാരികമായ സാക്ഷ്യത്തിലൂടെയും അവരെ കണ്ടുമുട്ടുകവഴിയും യുവജനങ്ങളെ ദൈവവുമായി പരിചയപ്പെടുത്തുക എന്നത് അവശ്യം നടക്കേണ്ട ഒരു സംഗതിയാണ്. സ്നേഹിതന്മാരുടെ ക്രിയാത്മകമായ സ്വാധീനവും സഭാസമൂഹത്തിന്റെ മഹത്തായ കൂട്ടായ്മയും വഴി"[324] യുവജനങ്ങൾക്ക് ദൈവവചനത്തെ കണ്ടുമുട്ടാൻ കഴിയണം.

ദൈവവചനം അതിനുതന്നെ നല്കുന്ന സാക്ഷ്യമാണ് വിശുദ്ധലിഖിതങ്ങൾ. ഈ സാക്ഷ്യവും വിശ്വാസികൾ തങ്ങ

ളുടെ ജീവിതത്തിലൂടെ നല്കുന്ന സാക്ഷ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കും. ഒന്ന് മറ്റൊന്നിനെ സൂചിപ്പിക്കുകയും അതിലേക്ക് നയിക്കുകയും ചെയ്യുന്നു. വിശുദ്ധലിഖിതങ്ങളിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വചനം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയാണ് ക്രൈസ്തവസാക്ഷ്യം ചെയ്യുന്നത്. തങ്ങളുടെ ജീവിതംവഴി മറ്റുള്ളവർക്ക് ഏതു സാക്ഷ്യം നല്കാനാണോ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നത് ആ സാക്ഷ്യം വിശുദ്ധലിഖിതങ്ങൾ വിശദമാക്കുന്നു. അങ്ങനെ സുവിശേഷത്തിന്റെ വിശ്വസനീയരായ സാക്ഷികളെ കണ്ടെത്തുന്നവർ ദൈവവചനം സ്വീകരിക്കുന്നവരിൽ ആ വചനം എത്ര ഫലപ്രദമാണ് എന്ന് മനസ്സിലാക്കാൻ ഇടയാകുന്നു.

**98.** സാക്ഷ്യവും വചനവും തമ്മിലുള്ള ഈ പരസ്പരപ്രവർത്തനത്തെ സംബന്ധിച്ച് *'ഇവഞ്ചേലീയി നുൺസിയാന്തി'* എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ പോൾ ആറാമൻ മാർപാപ്പ പറയുന്നത് മനസ്സിലാക്കാൻ നമുക്ക് കഴിയും. നമുക്ക് പൊതുവായ മൂല്യങ്ങളുണ്ടെന്ന് ലോകത്തിന് ചൂണ്ടിക്കാണിക്കുന്നതിൽ ഒതുങ്ങിനില്ക്കുന്നതല്ല നമ്മുടെ ഉത്തരവാദിത്തം. ദൈവവചനം പ്രത്യക്ഷമായി പ്രഘോഷിക്കുന്ന ഒരു സമീപനത്തിൽ നാം എത്തിച്ചേരേണ്ടതുണ്ട്. എങ്കിൽ മാത്രമേ ക്രിസ്തുവിന്റെ കല്പന അനുസരിക്കുന്നതിൽ നാം വിശ്വസ്തത കാണിക്കുന്നുള്ളൂ. "ജീവിതസാക്ഷ്യംവഴി പ്രഘോഷിക്കപ്പെടുന്ന സദ്വാർത്ത, ഉടനെ തന്നെയോ സാവകാശമോ, ജീവന്റെ വചനം വഴിതന്നെ പ്രഘോഷിക്കപ്പെടേണ്ടതുണ്ട്. ദൈവപുത്രനായ നസ്രായൻ യേശുവിന്റെ പേരും പ്രബോധനവും ജീവിതവും വാഗ്ദാനങ്ങളും ദൈവരാജ്യവും ദിവ്യരഹസ്യവും പ്രഘോഷിക്കപ്പെടുന്നില്ലെങ്കിൽ യഥാർത്ഥത്തിലുള്ള സുവിശേഷവത്കരണം നടക്കുന്നില്ല."[325]

ദൈവവചനം പ്രഘോഷിക്കുന്നതിന് ജീവിതത്തിലൂടെയുള്ള സാക്ഷ്യം ആവശ്യമാണെന്ന വസ്തുത ആദിമകാലം തൊട്ടേ ക്രൈസ്തവ അവബോധത്തിൽ നിലനിന്നിരുന്നു. ക്രിസ്തുതന്നെയാണ് വിശ്വസ്തനായ യഥാർത്ഥസാക്ഷി (cf. അപ്പ. 1:5; 3:14). അവിടുന്നാണ് സത്യത്തിന് സാക്ഷ്യം വഹി

ക്കുന്നത് (cf. യോഹ. 18:37). സിനഡ് സമ്മേളനത്തിൽ കേൾക്കാൻ ഞങ്ങൾക്ക് ഭാഗ്യം ഉണ്ടായ നിരവധി സാക്ഷ്യങ്ങളുടെ പ്രതിധ്വനി നിങ്ങളുടെ മുൻപിൽ വയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. ക്രൈസ്തവമതത്തോട് ശത്രുത പുലർത്തുന്ന ഭരണകൂടങ്ങൾ നിലനില്ക്കുന്നിടത്തും മതപീഡനത്തിന്റെ സാഹചര്യങ്ങളിലും, തങ്ങളുടെ വിശ്വാസമനുസരിച്ച് ജീവിക്കുകയും സുവിശേഷത്തിന് വളരെ ശ്രദ്ധേയമായ സാക്ഷ്യം വഹിക്കുകയും ചെയ്ത വിശ്വാസികളുടെ കഥകൾ കേട്ട് ഞങ്ങൾ ആഴമേറിയ വികാരങ്ങൾക്ക് വിധേയരായി.

ഇവയൊന്നും നമ്മെ ഭയപ്പെടുത്തരുത്. യേശുതന്നെ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. "ദാസൻ യജമാനനേക്കാൾ വലിയവനല്ല, അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളേയും പീഡിപ്പിക്കും" (cf. യോഹ. 15:20). അതുകൊണ്ട് സഭ മുഴുവനോടുമൊപ്പം, കുരിശിൽ മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ക്രിസ്തുവിൽ വെളിപ്പെടുത്തിയ ദൈവസ്നേഹത്തിന്റെ യാഥാർത്ഥ്യം മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ നമ്മുടെ കാലഘട്ടത്തിൽത്തന്നെ സ്വന്തം ജീവൻ വെടിഞ്ഞ നമ്മുടെ അനേകം വിശ്വസ്തരായ സഹോദരീസഹോദരന്മാരുടെ സാക്ഷ്യത്തിന് ദൈവത്തിൻമുൻപാകെ ഉച്ചത്തിൽ ഒരു സ്തുതിഗീതം ആലപിക്കുവാൻ ഞാനാഗ്രഹിക്കുന്നു. പ്രതിബന്ധങ്ങൾ ഉണ്ടായിട്ടും സുവിശേഷത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കേണ്ടിവന്നിട്ടും വിശ്വസ്തതയോടെ നിലകൊണ്ട ആ ക്രൈസ്തവരോട് മുഴുവൻ സഭയ്ക്കുമുള്ള കൃതജ്ഞത പ്രകടിപ്പിക്കുവാനും ഞാനാഗ്രഹിക്കുന്നു. തങ്ങളുടെ വിശ്വാസം കാരണം ജീവഹാനി ഭയപ്പെടുന്നവരും സമൂഹത്തിൽനിന്ന് പുറംതള്ളപ്പെട്ടവരുമായ ക്രൈസ്തവസമൂഹങ്ങളെ, പ്രത്യേകിച്ചും ഏഷ്യയിലും ആഫ്രിക്കയിലുമുള്ള ക്രൈസ്തവസമൂഹങ്ങളിലെ വിശ്വാസികളെ, ആഴമേറിയ സഹോദരസ്നേഹത്തോടുകൂടി നാം ആശ്ലേഷിക്കുന്നു. ഇവിടെയാണ് സുവിശേഷത്തിന്റെ യഥാർത്ഥ അരൂപിയെ നാം കണ്ടുമുട്ടുന്നത്. കർത്താവായ യേശുവിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ

എന്ന് ഉദ്ഘോഷിക്കുന്നതും ആ അരൂപിയാണ് (cf. മത്താ. 5:11). ഇങ്ങനെ നമ്മുടെ സഹോദരങ്ങളെ അനുസ്മരിക്കുമ്പോൾ, വിവിധ രാഷ്ട്രങ്ങളുടെ ഭരണകൂടങ്ങളോട് എല്ലാവർക്കും മതസ്വാതന്ത്ര്യവും മനസാക്ഷിസ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ ഞങ്ങൾ ആവശ്യപ്പെടുന്നു. തങ്ങളുടെ വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുവാനുള്ള സാധ്യതയും ഭരണകൂടങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തണം.[326]

# ദൈവവചനവും ലോകത്തിലെ പ്രതിബദ്ധതയും

## "ഏറ്റവും എളിയവരായ അവിടുത്തെ സഹോദരങ്ങളിൽ" യേശുവിന് ചെയ്യുന്ന ശുശ്രൂഷ (മത്താ. 25:40)

**99.** ദൈവവചനം മനുഷ്യന്റെ അസ്തിത്വത്തിന്മേൽ പ്രകാശം ചൊരിയുകയും നമ്മുടെ ജീവിതത്തെ കുറെക്കൂടി ആഴത്തിൽ നോക്കിക്കാണുന്നതിനു നമ്മുടെ മനഃസാക്ഷിയെ വിളിച്ചുണർത്തുകയും ചെയ്യുന്നു. മനുഷ്യചരിത്രം മുഴുവനും ദൈവത്തിന്റെ വിധിയുടെ കീഴിലാണെന്ന് മനസ്സിലാക്കുമ്പോഴാണ് ഈ അവബോധത്തിന്റെ ആവശ്യം വ്യക്തമാകുന്നത്: "മനുഷ്യപുത്രൻ സകല മാലാഖമാരുമൊത്ത് തന്റെ മഹത്ത്വത്തിൽ എഴുന്നള്ളി തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചുകൂട്ടപ്പെടും" (മത്താ. 25:31–32). കടന്നുപോകുന്ന ഈ നിമിഷത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഈ കാലഘട്ടത്തിൽ വളരെ ഉപരിപ്ലവമായ രീതിയിലേ ചിന്തിക്കാറുള്ളൂ. ഭാവിയെ ഈ നിമിഷം യാതൊരുവിധത്തിലും സ്പർശിക്കില്ലെന്ന മട്ടിലാണ് നാം പെരുമാറുന്നത്. എന്നാൽ സുവിശേഷം നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും പ്രാധാന്യം അർഹിക്കുന്നു, സ്വജീവിതത്തെപ്പറ്റി ഓരോരുത്തർക്കും കണക്ക് ബോധിപ്പിക്കേണ്ടിവരും എന്നു തിരിച്ചറിഞ്ഞ് ആ നിമിഷങ്ങളത്രയും തീവ്രമായി, തീക്ഷ്ണതയോ

ടെ, ജീവിക്കണം എന്നാണ്. മത്തായിയുടെ സുവിശേഷം ഇരുപത്തഞ്ചാം അദ്ധ്യായത്തിൽ "യേശുവിന്റെ ഏറ്റം എളിയവരായ സഹോദരങ്ങളോട്" നാം എന്തു ചെയ്തു, എന്ത് ചെയ്തില്ല, എന്ന് മനുഷ്യപുത്രൻ പരിശോധിക്കുന്നു (cf. മത്താ. 25:40,45); അവരോട് ചെയ്തത് തന്നോട് ചെയ്തതായും അവരോട് ചെയ്യാത്തത് തന്നോട് ചെയ്യാത്തതായും അവിടുന്നു കരുതുന്നു. "എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കുവാൻ തന്നു. എനിക്ക് ദാഹിച്ചു, നിങ്ങൾ കുടിക്കുവാൻ തന്നു. ഞാൻ പരദേശിയായിരുന്നു നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ വന്നുകണ്ടു" (മത്താ. 25:35,36). നാം ലോകവുമായി ഇടപെടണമെന്നും ചരിത്രത്തിന്റെ നാഥനായ ക്രിസ്തുവിന്റെ മുമ്പിൽ നമുക്ക് ഉത്തരവാദിത്തമുണ്ടെന്നും ദൈവവചനം തന്നെ ഊന്നിപ്പറയുന്നു. സുവിശേഷം പ്രഘോഷിക്കുന്നതോടൊപ്പം നന്മ ചെയ്യാനും നീതിക്കും അനുരഞ്ജനത്തിനും സമാധാനത്തിനുംവേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിക്കാനും നമുക്ക് പരസ്പരം പ്രോത്സാഹിപ്പിക്കാം.

## ദൈവവചനവും സമൂഹത്തിൽ നീതിയോടുള്ള പ്രതിബദ്ധതയും

**100.** സത്യസന്ധതയിലും നീതിയിലും മാനുഷിക ബന്ധങ്ങൾ പടുത്തുയർത്തുവാനും ദൈവത്തിന്റെ ദൃഷ്ടിയിൽ കുറേക്കൂടി നീതിനിഷ്ഠവും വാസയോഗ്യവുമായ ഒരു ലോകം സൃഷ്ടിക്കാനുമുള്ള ഏതൊരു ശ്രമവും എത്ര വിലപ്പെട്ടതാണെന്നതിന് സാക്ഷ്യം വഹിക്കുന്നതിനും ദൈവവചനം ജനങ്ങൾക്ക് പ്രചോദനം നൽകുന്നു.[327] ദൈവവചനംതന്നെ വളരെ വ്യക്തമായി അനീതികളെ തള്ളിപ്പറയുകയും കൂട്ടായ്മയും സമത്വവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.[328] കർത്താവിന്റെ വാക്കുകളുടെ വെളിച്ചത്തിൽ, ചരിത്രത്തിൽ കാണപ്പെടുന്ന "കാലത്തിന്റെ അടയാളങ്ങളെ" നമുക്ക് തിരി

ച്ചറിയാം. വേദനിക്കുന്നവരോടും വിവിധ രീതിയിലുള്ള സ്വാർത്ഥതയുടെ ബലിയാടുകളോടും പ്രതിബദ്ധത പാലിക്കുന്നതിൽനിന്നും ഒളിച്ചോടാതിരിക്കാം. നീതിയോടും ഈ ലോകത്ത് പരിവർത്തനം വരുത്തുന്നതിനുമുള്ള പ്രതിബദ്ധത സുവിശേഷവത്കരണത്തിന്റെ ഒരു അവശ്യഘടകമാണെന്ന് സിനഡ് അനുസ്മരിച്ചു. പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, "ദൈവവചനത്തിന് നിരക്കാത്തതും നിത്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെ സംവിധാനത്തിന് വിരുദ്ധമായിട്ടുള്ളതുമായ മാനദണ്ഡങ്ങളെയും (കാര്യങ്ങളെ വിധിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ) താത്പര്യങ്ങളെയും ചിന്താഗതിയേയും പ്രചോദനത്തിന്റെ സ്രോതസ്സുകളെയും ജീവിതശൈലിയേയും സുവിശേത്തിന്റെ ശക്തി പ്രയോഗിച്ച് പരാജയപ്പെടുത്തണം."[329]

ഈ കാരണത്താൽ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിൽ പങ്കെടുക്കുന്ന എല്ലാവരോടും പ്രത്യേകിച്ച് ഒരു കാര്യം പറയുവാൻ സിനഡ് പിതാക്കന്മാർ ആഗ്രഹിച്ചു. ഓരോ വ്യക്തിയുടെയും അന്തസ്സിനോട് ആദരവ് പുലർത്തുന്നതിനും ആ അന്തസ്സ് വളർത്തുന്നതിനും അങ്ങനെ യഥാർത്ഥത്തിലുള്ള പൊതുനന്മയ്ക്കായി അവർ പരിശ്രമിക്കുമ്പോൾ; ഈ ലോകത്തിലെ അവരുടെ പ്രവർത്തനങ്ങൾക്ക് സുവിശേഷവത്കരണവും ദൈവവചനത്തിന്റെ പ്രചരണവും പ്രചോദനമായിരിക്കേണ്ടതാണ്. കുറേക്കൂടി നീതിനിഷ്ഠമായ ഒരു സമൂഹം സൃഷ്ടിക്കുകയെന്നത് പ്രത്യക്ഷത്തിൽ തിരുസഭയുടെ ചുമതലയല്ല. വ്യക്തികളുടെയും ജനതകളുടെയും നന്മയുമായി ബന്ധപ്പെട്ട സദാചാരപരമായ പ്രശ്നങ്ങളിൽ ഇടപെടാൻ സഭയ്ക്ക് അവകാശമുണ്ട്, ചുമതലയും ഉണ്ട്. എന്നാൽ സമൂഹത്തെ നീതിനിഷ്ഠമാക്കുകയെന്നത് പ്രധാനമായും അല്മായ വിശ്വാസികളുടെ ചുമതലയാണ്. സുവിശേഷപാഠങ്ങൾ ഉൾക്കൊണ്ടിട്ടുള്ള അല്മായ വിശ്വാസികളുടെ, രാഷ്ട്രീയവും സാമൂഹികവുമായ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്ന അല്മായ വിശ്വാസികളുടെ, ചുമതലയാണ് ഇത്. ഇക്കാരണത്താൽ സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ

തത്ത്വങ്ങളിൽ അനുയോജ്യമായ പരിശീലനം അവർക്ക് നൽകണം എന്ന് സിനഡ് ശുപാർശ ചെയ്യുന്നു.[330]

**101.** പ്രകൃതി നിയമത്തിന്റെ അടിസ്ഥാനത്തിൽ ഓരോ *വ്യക്തിക്കുമുള്ള മനുഷ്യാവകാശങ്ങൾ* സംരക്ഷിക്കുന്നതിന്റേയും പ്രോത്സാഹിപ്പിക്കുന്നതിന്റേയും പ്രാധാന്യത്തിലേക്ക് എല്ലാവരും ശ്രദ്ധതിരിക്കണം എന്ന് ആഹ്വാനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. മനുഷ്യഹൃദയത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണ് പ്രകൃതിനിയമം. "ഇത് സാർവ്വലൗകികവും അലംഘനീയവും അന്യാധീനപ്പെടുത്താൻ ആകാത്തതുമാണ്."[331] ഈ മനുഷ്യാവകാശങ്ങൾ അംഗീകരിക്കുകവഴി വ്യക്തികളുടെ അന്തസ്സ് കുറേക്കൂടി ഫലപ്രദമായ രീതിയിൽ തിരിച്ചറിയപ്പെടുമെന്നും അത് ലോകമെമ്പാടും പ്രോത്സാഹിക്കപ്പെടുമെന്നും തിരുസഭ പ്രത്യാശിക്കുന്നു.[332] യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും മരണത്തിലും പുനരുത്ഥാനത്തിലുംകൂടി വീണ്ടെടുക്കപ്പെട്ടതും ഉയർത്തപ്പെട്ടതുമായ തന്റെ സൃഷ്ടിയുടെമേൽ സ്രഷ്ടാവ് പതിച്ചിട്ടുള്ള തിരിച്ചറിവ് ചിഹ്നമാണ് ഈ മാന്യത. ദൈവവചനത്തിന്റെ പ്രചാരം ഓരോ വ്യക്തിയുടെയും മനുഷ്യാവകാശങ്ങളെ തിരിച്ചറിയുന്നതും ആദരിക്കുന്നതും ശക്തിപ്പെടുത്താതിരിക്കില്ല.[333]

## ദൈവവചന പ്രഘോഷണവും ജനതകൾക്കിടയിലെ അനുരഞ്ജനവും സമാധാനവും

**102.** പ്രതിബദ്ധത പ്രകടമാക്കേണ്ട മേഖലകൾ അനേകമുണ്ട്. ഇവയിൽ സിനഡ് തീവ്രമായി ആഗ്രഹിക്കുന്ന ഒന്നാണ് അനുരഞ്ജനത്തിന്റേയും സമാധാനത്തിന്റേയും പ്രോത്സാഹനം. ഇന്നത്തെ സാഹചര്യത്തിൽ അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ഒരു സ്രോതസ്സായി ദൈവവചനത്തെ വീണ്ടും കണ്ടെത്തുകയെന്നത് എന്നത്തേക്കാളും കൂടുതൽ ആവശ്യമായിത്തീർന്നിരിക്കുന്നു. കാരണം, ആ വചനത്തിൽ എല്ലാറ്റിനേയും ദൈവം തന്നോട് അനുരഞ്ജനപ്പെടുത്തുന്നു (cf. 2 കോറി. 5:18–20; എഫേ. 1:10). ക്രിസ്തുവാണ് "നമ്മുടെ സമാധാനം"(എഫേ. 2:14); വിഭജനത്തിന്റെ മതിലുകൾ തകർക്കുന്നത് അവിടുന്നാണ് . നമ്മുടെ ഭൂഗോളത്തിൽ നില

നിൽക്കുന്ന അക്രമംനിറഞ്ഞ സംഘട്ടനങ്ങളെപ്പറ്റിയും സംഘർഷങ്ങളെപ്പറ്റിയും സിനഡിൽ പലരും അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. ചിലപ്പോൾ ഈ സംഘട്ടനങ്ങൾ വിവിധ മതവിശ്വാസികൾ തമ്മിലുള്ള സംഘട്ടനമായി കാണപ്പെടുന്നു. മതവിശ്വാസത്തിന് ഒരിക്കലും അസഹിഷ്ണുതയേയും യുദ്ധത്തേയും ന്യായീകരിക്കാൻ ആകില്ലെന്ന് ഒരിക്കൽക്കൂടി ഉറക്കെ പ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ നാമത്തിൽ നമുക്ക് കൊലപാതകം നടത്താൻ കഴിയില്ല![334] എല്ലാ മതങ്ങളും യുക്തിചിന്തയുടെ ശരിയായ പ്രയോഗം പ്രോത്സാഹിപ്പിക്കണം. സാമൂഹിക സഹവർത്തിത്വം ഉറപ്പുവരുത്തുന്ന സദാചാരമൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം.

ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുക്രിസ്തുവിൽ ദൈവം നിർവ്വഹിച്ച അനുരഞ്ജനപ്രക്രിയയോട് വിശ്വസ്തത പുലർത്തിക്കൊണ്ട്, കത്തോലിക്കരായ ജനങ്ങളും, സന്മനസ്സുള്ള എല്ലാ മനുഷ്യരും, നീതിനിഷ്ഠവും സമാധാനത്തിൽ കഴിയുന്നതുമായ ഒരു സമൂഹം പണിതുയർത്തുന്നതിനുവേണ്ടി അനുരഞ്ജനത്തിന്റെ ഒരു മാതൃകയാകാൻ തങ്ങളെത്തന്നെ സമർപ്പിക്കണം.[335] "അക്രമവും ആയുധങ്ങളും കൊടികുത്തിവാഴുന്നിടത്ത് മനുഷ്യന്റെ വാക്കുകൾക്ക് ശക്തിയില്ലാതായിത്തീരുന്നു. എന്നാൽ അപ്പോഴും പ്രവചനശക്തിയുള്ള ദൈവവചനം ഉറച്ചുനിൽക്കുന്നു. സമാധാനം സാധ്യമാണെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു. നാം അനുരഞ്ജനത്തിന്റേയും സമാധാനത്തിന്റേയും ഉപകരണങ്ങളാകണമെന്ന് അത് നമ്മെ അനുസ്മരിപ്പിക്കുന്നത് നാം എപ്പോഴും ഓർക്കേണ്ടതാണ്."[336]

## ദൈവവചനവും പ്രായോഗികമായ പരസ്നേഹവും

**103.** നീതിയോടും അനുരഞ്ജനത്തോടും സമാധാനത്തോടും കാട്ടുന്ന പ്രതിബദ്ധതയുടെ ആത്യന്തികമായ അടിത്തറയും പൂർത്തീകരണവും ക്രിസ്തുവിൽ നമ്മോട് വെളിപ്പെടുത്തിയിട്ടുള്ള സ്നേഹത്തിലാണ്. സിനഡിനിടയ്ക്ക് നൽകപ്പെട്ട സാക്ഷ്യങ്ങൾ കേട്ടപ്പോൾ സ്നേഹനിർഭരമായ

ഹൃദയത്തോടെ ദൈവവചനം ശ്രവിക്കുന്നതും. നമ്മുടെ സഹോദരീസഹോദരന്മാർ നടത്തുന്ന നിസ്വാർത്ഥമായ സേവനവും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമായി ഞങ്ങൾ മനസ്സിലാക്കി. "നാം കേൾക്കുന്ന വചനം, സ്നേഹം വ്യക്തമാക്കുന്ന പ്രവൃത്തികളായി മാറ്റേണ്ടതിന്റെ ആവശ്യകത എല്ലാ വിശ്വാസികളും മനസ്സിലാക്കണം. കാരണം, സുവിശേഷപ്രഘോഷണത്തിന് വിശ്വാസ്യത ഉണ്ടാകാൻ ഈ ഒരു മാർഗ്ഗമേ ഉള്ളൂ. വ്യക്തികളെന്ന നിലയിൽ മാനുഷികമായ ബലഹീനത ഉണ്ടെങ്കിൽക്കൂടി അപ്പോൾ സുവിശേഷപ്രഘോഷണത്തിന് വിശ്വാസ്യത ഉണ്ടാകും."[337] നന്മ ചെയ്തുകൊണ്ട് യേശു ഈ ലോകത്തിലൂടെ കടന്നുപോയി (cf. അപ്പ. 10:38). തിരുസഭയിൽ ശരിയായ മനോഭാവത്തോടുകൂടി ദൈവവചനം ശ്രവിക്കുമ്പോൾ, ശ്രോതാക്കളിൽ, "എല്ലാവരോടും, പ്രത്യേകിച്ചും, സാധുക്കളോട് അനുകമ്പയും നീതിബോധവും ഉണരും."[338] സ്നേഹം *(caritas)* എന്നും തികച്ചും നീതിനിഷ്ഠമായ സമൂഹത്തിൽപ്പോലും ആവശ്യമായിരിക്കും എന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. സ്നേഹത്തെ ഒഴിവാക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അയാളുടെ ശ്രമം മനുഷ്യനെത്തന്നെ ഒഴിവാക്കാനായിരിക്കും."[339] അതുകൊണ്ട് പൗലോസ് അപ്പോസ്തലന്റെ സ്നേഹത്തെപ്പറ്റിയുള്ള സ്തുതിഗീതം കൂടെക്കൂടെ ധ്യാനവിഷയമാക്കാൻ വിശ്വാസികളെ ഞാൻ ഉദ്ബോധിപ്പിക്കുന്നു: "സ്നേഹം ദീർഘക്ഷമയും ദയയും ഉള്ളതാണ്; സ്നേഹം അസൂയപ്പെടുന്നില്ല; ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല; കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല. സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലത്തേയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കോറി. 13:4–8).

വ്യക്തിയെന്നനിലയിലും ഒരു സഭാസമൂഹമെന്നനില

യിലും പ്രാദേശികമായും സാർവ്വത്രികമായും നാം എപ്പോഴും ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ അയൽക്കാരനോടുള്ള സ്നേഹത്തോട് പ്രതിബദ്ധത പുലർത്തണം. വിശുദ്ധ ആഗസ്തിനോസ് പറയുന്നു: "നിയമത്തിന്റെ അതുപോലെ തന്നെ സർവ്വ വിശുദ്ധലിഖിതങ്ങളുടെയും പൂർത്തീകരണമാണ് സ്നേഹമെന്ന് മനസ്സിലാക്കുക അടിസ്ഥാനപരമായ സംഗതിയാണ്. ദൈവത്തോടും അയല്ക്കാരനോടുമുള്ള ഈ ദ്വിമുഖ സ്നേഹത്തിൽ വളരാൻ കഠിനമായി പ്രയത്നിക്കാത്തവൻ തനിക്ക് വിശുദ്ധലിഖിതങ്ങൾ മനസ്സിലായിട്ടുണ്ട്, അല്ലെങ്കിൽ വിശുദ്ധലിഖിതങ്ങൾ ഏതെങ്കിലും ഭാഗങ്ങൾ മനസ്സിലായിട്ടുണ്ടെന്ന് അവകാശപ്പെട്ടാൽ അയാൾ ഇനിയും അവയൊന്നും മനസ്സിലാക്കിയിട്ടില്ലെന്നു വ്യക്തം."[340]

## ദൈവവചന പ്രഘോഷണവും യുവജനങ്ങളും

**104.** യുവതലമുറയോട് ദൈവവചനം പ്രഘോഷിക്കുന്നതിൽ സിനഡ് പ്രത്യേകശ്രദ്ധ ചെലുത്തി. യുവജനങ്ങൾ ഇപ്പോൾത്തന്നെ സഭയുടെ സജീവ അംഗങ്ങളാണ്. സഭയുടെ ഭാവിയെ പ്രതിനിധീകരിക്കുന്നവരാണ് അവർ. പലപ്പോഴും ദൈവവചനം കേൾക്കുന്നതിൽ പരപ്രേരണകൂടാതെയുള്ള ഒരു തുറന്ന മനസ്സ് അവർ പ്രകടമാക്കുന്നുണ്ട്. *യേശുവിനെ അറിയാനുള്ള ആത്മാർത്ഥമായ ആഗ്രഹവും അവർ കാണിക്കുന്നുണ്ട്.* ജീവിതത്തിന്റെ അർത്ഥം സംബന്ധിച്ച് അവ്യാജവും അടക്കാനാകാത്തതുമായ *ചോദ്യങ്ങൾ* സ്വയം ചോദിക്കുന്ന ഒരു കാലഘട്ടമാണ് യൗവ്വനം. അതുപോലെതന്നെ തങ്ങളുടെ ജീവിതം ഏതുദിശയിലേക്കാണ് നീങ്ങേണ്ടത് എന്നത് സംബന്ധിച്ചും ചോദ്യങ്ങൾ ഉയരും. ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം ദൈവത്തിനുമാത്രമേ നൽകാനാകൂ. യുവജനങ്ങളെപ്പറ്റി ഉത്ക്കണ്ഠാകുലരാകുന്ന നാം അവർക്ക് നൽകുന്ന സന്ദേശം ധീരവും വ്യക്തവും ആയിരിക്കണം. ആത്മവിശ്വാസം നേടാൻ നാം യുവജനങ്ങളെ സഹായിക്കണം. വിശുദ്ധലിഖിതങ്ങളുമായി പരിചയപ്പെടാനും അവരെ സഹായിക്കണം. അപ്പോൾ വിശുദ്ധലിഖിതങ്ങൾ

അവർ പേകേണ്ടവഴി കാട്ടിക്കൊടുക്കുന്ന ഒരു ദിശാസൂചിയായി മാറും.[341] യുവജനങ്ങൾക്ക് തങ്ങളോടൊപ്പം നടക്കുന്ന സാക്ഷികളെയും അദ്ധ്യാപകരെയും ആവശ്യമുണ്ട്. സുവിശേഷത്തെ സ്നേഹിക്കാനും അത് മറ്റുള്ളവരുമായി, പ്രത്യേകിച്ചും സമപ്രായക്കാരുമായി പങ്കുവയ്ക്കാനും അവരെ പഠിപ്പിക്കണം. അപ്പോൾ അവർ വിശ്വസനീയരായ യഥാർത്ഥ സന്ദേശവാഹകരാകും.[342]

ഓരോ വ്യക്തിയുടെയും ദൈവവിളിയിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്ന രീതിയിലായിരിക്കണം ദൈവവചനം അവതരിപ്പിക്കുക. പൂർണ്ണമായും തങ്ങളെ ദൈവത്തിനു സമർപ്പിക്കുകയെന്നതുൾപ്പെടെ തങ്ങളുടെ ജീവിതം ഏതു ദിശയിലേക്ക് നീങ്ങണമെന്ന് തീരുമാനിക്കാൻ അത് യുവജനങ്ങളെ സഹായിക്കണം.[343] സമർപ്പിത ജീവിതത്തിലേക്കും പൗരോഹിത്യത്തിലേക്കുമുള്ള ദൈവവിളി വിളയുന്ന ഫലഭൂയിഷ്ഠമായ മണ്ണ് ദൈവവചനവുമായുള്ള സമ്പർക്കം ധാരാളമടങ്ങിയിട്ടുള്ള വിശ്വാസത്തിൽ ഉണ്ടായിരിക്കും. സഭയുടെ ഭരണം ഏറ്റെടുത്തയുടൻ ഞാൻ നടത്തിയ “ക്രിസ്തുവിനായി ഹൃദയത്തിന്റെ വാതിലുകൾ വിശാലമായി തുറന്നിടുക” എന്ന ഉദ്ബോധനം ഒരിക്കൽക്കൂടി ഇതാ ആവർത്തിക്കുന്നു. നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാൻ ക്രിസ്തുവിനെ അനുവദിച്ചാൽ ജീവിതം സ്വതന്ത്രവും മനോഹരവും മഹത്ത്വമുള്ളതും ആക്കുന്ന യാതൊന്നും നഷ്ടപ്പെടുന്നില്ല, യാതൊന്നും നഷ്ടമാകില്ല, എന്നു ഞാൻ തറപ്പിച്ചുപറയുന്നു. ഈ സുഹൃദ്ബന്ധത്തിൽ മാത്രമേ ജീവിതത്തിന്റെ വാതിലുകൾ വിശാലമായി തുറക്കപ്പെടുകയുള്ളൂ. ഈ സുഹൃദ്ബന്ധത്തിൽ മാത്രമേ മനുഷ്യജീവിതത്തിന്റെ മഹത്തായ സാദ്ധ്യതകൾ വെളിപ്പെടുകയുള്ളൂ... പ്രിയപ്പെട്ട യുവജനങ്ങളേ, നിങ്ങൾ ക്രിസ്തുവിനെ ഭയപ്പെടാതിരിക്കുവിൻ! അവിടുന്ന് നിങ്ങളിൽനിന്ന് യാതൊന്നും എടുത്തുമാറ്റുന്നില്ല; അവിടുന്ന് നിങ്ങൾക്കെല്ലാം നൽകുന്നു. നാം നമ്മെത്തന്നെ ക്രിസ്തുവിനു നൽകുമ്പോൾ അവിടുന്നു നൂറിരട്ടി മടക്കിത്തരുന്നു. അതുകൊണ്ട് വാതിലുകൾ തുറക്കുവിൻ,

ക്രിസ്തുവിനായി വാതിലുകൾ വിശാലമായി തുറക്കുവിൻ. അപ്പോൾ നിങ്ങൾ യഥാർത്ഥത്തിലുള്ള ജീവിതം കണ്ടെത്തും."[344]

## ദൈവവചനപ്രഘോഷണവും കുടിയേറ്റക്കാരും

**105.** ചരിത്രത്തിലും നമ്മുടെ കാലഘട്ടത്തിൽ ആവിർഭവിക്കുന്ന യാഥാർത്ഥ്യങ്ങളിലും ശ്രദ്ധചെലുത്താൻ ദൈവവചനം നമ്മെ പ്രേരിപ്പിക്കുന്നു. സഭയുടെ സുവിശേഷവത്കരണത്തിനുള്ള ദൗത്യം ചർച്ചചെയ്തപ്പോൾ കുടിയേറ്റമെന്ന സങ്കീർണ്ണമായ പ്രതിഭാസം പഠനവിധേയമാക്കാൻ സിനഡ് തീരുമാനിച്ചു. അടുത്തകാലത്ത് മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത തോതിലാണ് ആളുകൾ സ്വന്തം നാടുവിട്ട് അന്യരാജ്യങ്ങളിൽ എത്തുന്നത്. രാഷ്ട്രങ്ങളുടെ സുരക്ഷിതത്വം, മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ആരോഗ്യരക്ഷയും ജോലിസാദ്ധ്യതയും തേടി പരദേശത്ത് അഭയം പ്രാപിക്കുന്നവർക്ക് ലഭിക്കുന്ന സ്വാഗതം — ഇതെല്ലാം വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട അനേകം പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന സാഹചര്യങ്ങളാണ്. ക്രിസ്തുവിനെപ്പറ്റി യാതൊന്നും അറിയാത്തവർ, അല്ലെങ്കിൽ തികച്ചും അപര്യാപ്തമായ അറിവ് മാത്രമുള്ളവർ, ക്രൈസ്തവപാരമ്പര്യം നിലവിലുള്ള രാജ്യങ്ങളിൽ കുടിയേറിപ്പാർക്കുന്നു. അതേസമയംതന്നെ ക്രൈസ്തവവിശ്വാസം ആഴത്തിൽ വേരോടിയിട്ടുള്ള രാജ്യങ്ങളിൽനിന്നും ക്രിസ്തു ഇനിയും പ്രസംഗിക്കപ്പെട്ടിട്ടില്ലാത്ത രാജ്യങ്ങളിലും കുടിയേറിപ്പാർക്കുന്നു. അവിടെ വീണ്ടും സുവിശേഷവത്കരണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യങ്ങൾ ദൈവവചനം പ്രചരിപ്പിക്കുന്നതിനുള്ള പുതിയ സാദ്ധ്യതകൾ ലഭ്യമാക്കുന്നു. ഇത് സംബന്ധിച്ച് സിനഡ് പിതാക്കന്മാർ പറഞ്ഞത് കുടിയേറ്റക്കാർക്ക് ക്രൈസ്തവസന്ദേശം ലഭിക്കാൻ അർഹതയുണ്ട് എന്നാണ്; അവരോട് സുവിശേഷം പ്രസംഗിക്കണം എന്നാണ്. ഇത് അവരുടെ മുമ്പിൽ അവതരിപ്പിക്കുകയേ ആകാവൂ, അടിച്ചേല്പിക്കാൻ പാടില്ല. അവർ ക്രൈസ്തവരാണെങ്കിൽ അവരുടെ വിശ്വാസം വർദ്ധിക്കാൻ

സഹായകമായ അജപാലനശുശ്രൂഷ അവർക്ക് ലഭിക്കണം. അങ്ങനെ അവർ സുവിശേഷത്തിന്റെ യഥാർത്ഥ സന്ദേശവാഹകരാകും. ഈ പ്രതിഭാസത്തിന്റെ സങ്കീർണ്ണത കണക്കിലെടുക്കുമ്പോൾ, സുവിശേഷത്തിന്റെ സാന്നിദ്ധ്യവും പ്രഘോഷണവും സാധിക്കുന്നതിന് പുതിയ പ്രചരണരൂപങ്ങൾ കണ്ടെത്താനുള്ള അവസരമായി, സ്ഥിരവാസത്തിനായി ഒരു നാട്ടിൽനിന്ന് വേറൊരു നാട്ടിലെത്തുകയെന്ന ഈ പ്രക്രിയ കാണപ്പെടും. ഇവിടെ ബന്ധപ്പെട്ട രൂപതകളെല്ലാം കൂട്ടായി പ്രവർത്തിക്കണം; സംഘടിതമായി പ്രശ്നം നേരിടണം. നമ്മുടെ ഈ സഹോദരീസഹോദരന്മാർക്ക് സ്നേഹപൂർവ്വമായ സ്വാഗതവും ശ്രദ്ധയും ലഭിക്കുന്നുണ്ടെന്ന് കഴിയുന്നത്ര ഉറപ്പുവരുത്തണം. അങ്ങനെ സുവിശേഷത്തിന്റെ സദ്വാർത്ത അവരുടെ ഹൃദയത്തെ സ്പർശിക്കുകയും അവർ ദൈവവചനത്തിന്റെ മുന്നോടികളാകുകയും ലോകത്തിന്റെ പ്രത്യാശയായ പുനരുത്ഥാനം ചെയ്ത യേശുവിന് സാക്ഷ്യം വഹിക്കുകയും ചെയ്യും.[345]

## ദൈവവചനപ്രഘോഷണവും സഹനമനുഭവിക്കുന്നവരും

**106.** സിനഡിന്റെ പ്രവർത്തനങ്ങൾക്കിടയിൽ ശാരീരികമോ മാനസികമോ ആത്മീയമോ ആയ വേദന അനുഭവിക്കുന്നവരോട് ദൈവവചനം പ്രഘോഷിക്കേണ്ടതിന്റെ ആവശ്യകതയും സിനഡ് പിതാക്കന്മാർ ചർച്ച ചെയ്തു. ഇങ്ങനെ വേദന അനുഭവിക്കുന്ന സമയത്താണ് *ജീവിതത്തിന്റെ അർത്ഥം സംബന്ധിച്ച ആത്യന്തിക ചോദ്യങ്ങൾ ഏറ്റം* തീവ്രമായി ഒരാൾക്ക് അനുഭവപ്പെടുന്നത്. തിന്മയുടെയും വേദനയുടെയും രഹസ്യത്തിനുമുമ്പിൽ മാനുഷികവചനം നിശ്ശബ്ദമാകുമ്പോൾ, നമ്മുടെ സമൂഹം ജീവിതത്തിനു വിലകല്പിക്കുന്നത് കാര്യപ്രാപ്തിയും ആരോഗ്യവും ഭേദപ്പെട്ടനിലയിൽ ഉണ്ടെങ്കിൽ മാത്രമാകുമ്പോൾ, ഈ വേദനയുടെ നിമിഷങ്ങൾപോലും "ദൈവസ്നേഹത്തിന്റെ ആശ്ലേഷത്തിൽ" ഉൾപ്പെടുന്നുണ്ടെന്ന് ദൈവവചനം നമുക്ക് കാണിച്ചുതരുന്നു.

വ്യാധിയും വേദനയും മനുഷ്യജീവിതത്തെ ദുർബലമാക്കു മ്പോഴും *മനുഷ്യജീവിതം പൂർണ്ണമായും ജീവിക്കപ്പെടേണ്ട താണ് എന്ന്* മനസ്സിലാക്കാൻ ദൈവവചനത്തെ കണ്ടുമുട്ടുന്ന തിൽനിന്നുണ്ടാകുന്ന വിശ്വാസം നമ്മെ സഹായിക്കുന്നു. നമുക്ക് സന്തോഷവും ജീവനും ഉണ്ടായിരിക്കേണ്ടതിനാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. പാപത്തിന്റെ ഫലമായാണ് രോഗങ്ങളും മരണവും ലോകത്തിൽ പ്രവേശിച്ചത് (cf. ജ്ഞാ നം. 2:23–24). എങ്കിലും ജീവന്റെ പിതാവാണ് മനുഷ്യവർഗ്ഗ ത്തിന്റെ ഏറ്റം വലിയ ഭിഷഗ്വരൻ. വേദനിക്കുന്ന മനുഷ്യ വർഗ്ഗത്തെ അവിടുന്ന് സ്നേഹപൂർവ്വം നിരന്തരം നിരീക്ഷി ച്ചുകൊണ്ടിരിക്കുന്നു, ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. "മനുഷ്യ നായി അവതരിച്ച വചനമായ യേശുവിൽ" ദൈവം നമ്മുടെ വേദനകളിൽ നമ്മോട് എത്രമാത്രം അടുത്താണ് നിലകൊ ള്ളുന്നത് എന്ന് നാം കാണണം. "അവിടുന്ന് നമുക്കുവേണ്ടി പീഡകൾ സഹിക്കുകയും മരിക്കുകയും ചെയ്തു. തന്റെ പീഡാനുഭവവും മരണവുംവഴി അവിടുന്ന് നമ്മുടെ ബലഹീ നതകൾ ഏറ്റെടുക്കുകയും അതിനെ പൂർണ്ണമായും രൂപാന്ത രപ്പെടുത്തുകയും ചെയ്തു."[346]

*യേശു വേദനയനുഭവിക്കുന്നവരുടെ സമീപം എപ്പോഴു മുണ്ട്.* സഭയുടെ ദൗത്യത്തിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനംവഴി ഈ സാന്നിദ്ധ്യം കാലത്തിൽ തുടർന്നുപോ കുന്നു. വചനത്തിലും കൂദാശകളിലുംകൂടി, സന്മനസ്സുള്ള ജന ങ്ങളിൽക്കൂടി, സഹോദരസ്നേഹത്താൽ പ്രേരിതരായി പര സ്നേഹ സംരംഭങ്ങൾ നടത്തുന്ന സമൂഹങ്ങളിലൂടെ, ഈ സാന്നിദ്ധ്യം തുടരുന്നു. അപ്രകാരം ദൈവത്തിന്റെ യഥാർത്ഥ മുഖവും അവിടുത്തെ സ്നേഹവും വെളിപ്പെടുന്നതിന് ഇട യാകുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും യഥാർത്ഥ ഭിഷഗ്വരനായ ക്രിസ്തുവിന് തങ്ങളുടെ കൈകളും കണ്ണു കളും ഹൃദയങ്ങളും കടംകൊടുക്കുന്ന അനേകം ക്രൈസ്ത വർ, വൈദികരും, സന്യസ്തരും അല്മായ വിശ്വാസികളും നൽകുന്ന പ്രകാശമാനമായ സാക്ഷ്യത്തിന് സിനഡ് ദൈവ ത്തിന് നന്ദി പറഞ്ഞു. രോഗികളെ ശുശ്രൂഷിക്കുന്ന സംരംഭ

ങ്ങൾ തുടരാനും അങ്ങനെ ദൈവവചനത്തിൽ സന്നിഹിത നായിരിക്കുന്ന കർത്താവായ യേശുവിന്റെ ജീവദായകമായ സാന്നിദ്ധ്യത്തിലേക്ക് അവരെ കൊണ്ടുവരുന്നതിനും സിനഡ് എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. വേദന അനുഭവിക്കു ന്നവരെ വിശുദ്ധലിഖിതങ്ങൾ വായിക്കാൻ സഹായിക്കണം. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ക്രിസ്തു സഹിച്ച വേദ നകളിൽ സവിശേഷമായ രീതിയിൽ പങ്കാളികളാകുവാൻ തങ്ങൾക്ക് കഴിയുമെന്ന് ഇങ്ങനെയുള്ള വായനയിലൂടെ അവർ തിരിച്ചറിയുന്നതിനും അവരെ സഹായിക്കണം (cf. 2 കോറി. 4:8–11,14).[347]

## ദൈവവചന പ്രഘോഷണവും ദരിദ്രരും

**107.** ദരിദ്രരോടും ആവശ്യത്തിൽ കഴിയുന്നവരോടും ദൈവത്തിന് പ്രത്യേക സ്നേഹമുണ്ടെന്ന് വിശുദ്ധലിഖിത ങ്ങൾ വ്യക്തമാക്കുന്നു (cf. മത്താ. 25:31–46). നമ്മുടെ സഹോ ദരന്മാരും സഹോദരിമാരുമായ പാവപ്പെട്ടവർക്ക് സുവിശേ ഷത്തിലെ സന്ദേശം കേൾക്കാനും അവരുടെ അജപാലകരും സമൂഹങ്ങളും അവരുടെ അടുത്തുണ്ടെന്ന് അനുഭവിച്ചറിയു വാനും അവരെ സഹായിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി സിനഡ് പിതാക്കന്മാർ ആവർത്തിച്ചു സംസാരിച്ചു. “സുവി ശേഷപ്രഘോഷണം കേൾക്കാൻ ഏറ്റം കൂടുതൽ അവകാ ശമുള്ളത് പാവപ്പെട്ടവർക്കാണ്. അവർക്ക് അപ്പംമാത്രം പോരാ, ജീവന്റെ വചസ്സുകളും ആവശ്യമാണ്.”[348] പരസ്നേഹ ശുശ്രൂഷ എപ്പോഴും വചനപ്രഘോഷണവും ദിവ്യരഹസ്യ ങ്ങളുടെ ആഘോഷവുമായി ബന്ധപ്പെട്ടിരിക്കണം. നമ്മുടെ ദൈവാലയങ്ങളിൽ എപ്പോഴും പരസ്നേഹശുശ്രൂഷ ഉണ്ടാ യിരിക്കേണ്ടതാണ്.[349] അതേസമയംതന്നെ പാവപ്പെട്ടവരും സുവിശേഷവത്കരണത്തിന്റെ നിർവ്വാഹകരാണെന്ന വസ്തുത നാം തിരിച്ചറിയേണ്ടതുണ്ട്. അതിനെ വിലമതിക്കേ ണ്ടതുമുണ്ട്. വിശുദ്ധഗ്രന്ഥത്തിൽ യഥാർത്ഥ ദരിദ്രരായി വിശേ ഷിക്കപ്പെടുന്നത് തങ്ങളെത്തന്നെ പൂർണ്ണമായും ദൈവത്തിന് ഏല്പിച്ചുകൊടുത്തവരാണ്. സുവിശേഷത്തിൽ യേശു

അവരെ "ഭാഗ്യവാന്മാർ" എന്ന് വിളിക്കുന്നു. "എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" (cf. മത്താ. 5:3, ലൂക്കാ 6:20). തങ്ങളുടെ പ്രത്യാശ ദൈവത്തിൽ അർപ്പിക്കുകയും ദൈവത്തിൽ യഥാർത്ഥ സമ്പത്ത് കണ്ടെത്തുകയും ചെയ്യുന്നവരുടെ ഹൃദയസാരള്യത്തെ കർത്താവ് അതിയായി ശ്ലാഹിക്കുന്നു. അവർ ലോകത്തിന്റേതായ സമ്പത്തിൽ പ്രത്യാശ അർപ്പിക്കുന്നില്ല. യാതൊരു കാരണവശാലും തിരുസഭ പാവപ്പെട്ടവരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാതിരിക്കരുത്. "അവർക്ക് പറയാനുള്ളത് ശ്രദ്ധിച്ച് കേൾക്കുന്നതിനും അവരിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നതിനും, വിശ്വാസത്തിൽ അവരെ നയിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ സംബന്ധിച്ച ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും അജപാലകർ വിളിക്കപ്പെട്ടിരിക്കുന്നു."[350]

അനേകം വിശുദ്ധന്മാർ ചെയ്തിട്ടുള്ളതുപോലെ, സ്വതന്ത്രമായി തിരഞ്ഞെടുക്കുകയും ശീലിക്കുകയും ചെയ്യാവുന്ന ഒരു *പുണ്യമാണ്* ദാരിദ്ര്യം എന്നും തിരുസഭ മനസ്സിലാക്കുന്നുണ്ട്. ജീവിതത്തിന് അവശ്യംവേണ്ട വസ്തുക്കളുടെ കുറവായും ദാരിദ്ര്യം അനുഭവപ്പെടാം. വിശപ്പും ഇല്ലായ്മയും സംഘർഷത്തിന്റെ ഒരു ഉറവിടവുമാണ്. പലപ്പോഴും അനീതിയും സ്വാർത്ഥതയുമാണ് ദാരിദ്ര്യത്തിന് കാരണമാകുന്നത്. തിരുസഭ ദൈവവചനം പ്രഘോഷിക്കുമ്പോൾ *"ശീലിക്കേണ്ട ദാരിദ്ര്യം* എന്ന പുണ്യവും *ചെറുക്കേണ്ട ദാരിദ്ര്യവും* ഒരുമിച്ച് കാണണം. ഈ രണ്ട് വിഭാഗങ്ങൾ തമ്മിലും പാരസ്പര്യം പ്രോത്സാഹിപ്പിക്കണം. സാർവ്വത്രികമായി സാധുതയുള്ള സുവിശേഷ മൂല്യങ്ങളായ മിതത്വവും കൂട്ടായ്മയും നാം വീണ്ടും കണ്ടെത്തേണ്ടതുണ്ട്. ഇതിന് നീതിബോധവും മിതത്വവും വ്യക്തമാക്കുന്ന തീരുമാനങ്ങൾ ഉണ്ടാകണം."[351]

## ദൈവവചനപ്രഘോഷണവും പ്രകൃതിയുടെ സംരക്ഷണവും

**108.** നാം ലോകവുമായി ഇടപെടണമെന്നാണ് ദൈവവ

ചനം ആവശ്യപ്പെടുന്നത്. ദൈവം സൃഷ്ടിച്ച സമസ്ത പ്രപഞ്ചത്തേയും പുതിയ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാൻ ഇത് നമ്മെ നിർബന്ധിക്കുന്നു. ഏത് വചനത്തിലൂടെയാണോ സമസ്തവും സൃഷ്ടിക്കപ്പെട്ടത് ആ വചനത്തിന്റെ കാല്പാടുകൾ പ്രപഞ്ചത്തിൽ കാണാൻ കഴിയും (cf. യോഹ. 1:12). സുവിശേഷത്തിൽ വിശ്വസിക്കുകയും അത് പ്രഘോഷിക്കുകയും ചെയ്യുന്ന മനുഷ്യർ എന്ന നിലയ്ക്ക് നമുക്ക് പ്രപഞ്ചത്തോട് ഒരു ഉത്തരവാദിത്തം ഉണ്ട്. പ്രപഞ്ചത്തെപ്പറ്റിയുള്ള തന്റെ സങ്കല്പം വെളിപാടുവഴി ദൈവം നമ്മെ അറിയിച്ചിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളും അവയുടെ സ്രഷ്ടാവിനെ പ്രതിഫലിപ്പിക്കുന്നു എന്ന് അംഗീകരിക്കാൻ കൂട്ടാക്കാതെ തെറ്റായ മനോഭാവത്തെ തള്ളിപ്പറയാൻ ഇത് നമ്മെ നിർബന്ധിതരാക്കുകയും ചെയ്യുന്നു. യാതൊരു വീണ്ടുവിചാരവുമില്ലാതെ ചൂഷണം ചെയ്യേണ്ട അസംസ്കൃത വസ്തുക്കൾ മാത്രമായി പ്രപഞ്ചത്തെ കാണുന്ന ഈ മനോഭാവത്തെ തള്ളിപ്പറയേണ്ടിയിരിക്കുന്നു. ദൈവത്തിൽനിന്ന് ലഭിച്ച ഒരു ദാനമാണ് പ്രപഞ്ചമെന്നും അത് അവിടുത്തെ സംവിധാനമനുസരിച്ച് സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നും കാണാൻ മനുഷ്യന് കഴിവ് നൽകുന്ന അടിസ്ഥാനപരമായ വിനയം മനുഷ്യൻ കാണിക്കുന്നില്ല. നേരേമറിച്ച് "ദൈവം ഇല്ലെന്ന രീതിയിൽ" ജീവിക്കുന്ന മനുഷ്യന്റെ ധാർഷ്ട്യം പ്രകൃതിയെ ചൂഷണം ചെയ്യാനും വിരൂപമാക്കാനും ഇടയാക്കുന്നു. സർഗ്ഗാത്മകമായ ദൈവവചനത്തിന്റെ കൈവിരുതുകാണാൻ അവനു കഴിയുന്നില്ല. ദൈവശാസ്ത്രപരമായ ഈ സന്ദർഭത്തിൽ സിനഡ് പിതാക്കന്മാരുടെ ചില പ്രസ്താവങ്ങൾ ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. "വിശുദ്ധലിഖിതങ്ങളും സഭയുടെ സജീവമായ പാരമ്പര്യവും സാക്ഷ്യംവഹിക്കുന്ന ദൈവവചനത്തെ സ്വീകരിക്കുന്നത് എല്ലാം ഒരു പുതിയ കാഴ്ചപ്പാടിലൂടെ കാണാൻ ഇടയാക്കുന്നു; ആധികാരികമായ പരിസ്ഥിതിവിജ്ഞാനീയം ഇത് പ്രോത്സാഹിപ്പിക്കുന്നു. വിശ്വാസത്തിന്റേതായ അനുസരണത്തിലാണ് ഈ പരിസ്ഥിതി വിജ്ഞാനീയത്തിന്റെ

വേരുകൾ ആഴത്തിൽ ഓടിയിരിക്കുന്നത്. എല്ലാ വസ്തുക്കളുടെയും നന്മ തിരിച്ചറിയുന്ന പുതിയ ഒരു ദൈവശാസ്ത്ര അവബോധം ഇത് വികസിപ്പിക്കുന്നു. എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിലാണല്ലോ."[352] സിനഡ് പിതാക്കന്മാർ നമ്മെ അനുസ്മരിപ്പിക്കുന്നത് ഈ വസ്തുതകളാണ്. അത്ഭുതപ്പെടാൻ നാം വീണ്ടും പഠിക്കേണ്ടിയിരിക്കുന്നു. സൃഷ്ടവസ്തുക്കളിൽ വെളിപ്പെടുത്തപ്പെടുന്ന മനോഹാരിത തിരിച്ചറിയാനുള്ള കഴിവ് നാം വീണ്ടും നേടേണ്ടിയിരിക്കുന്നു.[353]

# ദൈവവചനവും സംസ്കാരവും

## മനുഷ്യസമൂഹത്തിന്റെ ജീവിതത്തിൽ സംസ്കാരത്തിനുള്ള മൂല്യം

**109.** വചനം മാംസമായി എന്ന വിശുദ്ധ യോഹന്നാന്റെ പ്രഖ്യാപനം *ദൈവവചനവും* ദൈവം മനുഷ്യരുമായി ആശയവിനിമയം നടത്താൻ ഉപയോഗിക്കുന്ന *മാനുഷികമായ വാക്കുകളും* തമ്മിലുള്ള അഭേദ്യമായ ബന്ധം വെളിപ്പെടുത്തുന്നു. ഈ പശ്ചാത്തലത്തിൽ ദൈവവചനവും സംസ്കാരവും തമ്മിലുള്ള ബന്ധം സിനഡ് പിതാക്കന്മാർ ചർച്ച ചെയ്തു. ദൈവം അമൂർത്തമായല്ല, അവ്യക്തമായല്ല, തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. വിവിധ സംസ്കാരങ്ങളുമായി ബന്ധപ്പെട്ട ഭാഷകളും പ്രതിരൂപങ്ങളും പ്രയോഗങ്ങളും ഈ വിനിമയത്തിന് അവിടുന്ന് ഉപയോഗിക്കുന്നു. ഈ ബന്ധം ഫലപ്രദമായിരുന്നു എന്നതിന് തിരുസഭയുടെ ചരിത്രം സമൃദ്ധമായി സാക്ഷ്യം വഹിക്കുന്നുണ്ട്. സുവിശേഷം പ്രചരിക്കുന്നതുകൊണ്ടും വിവിധ സംസ്കാരങ്ങളിൽ അത് വേരോടിയിട്ടുള്ളതുകൊണ്ടും ഈ പരസ്പരബന്ധം ഇന്ന് ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. പാശ്ചാത്യ സംസ്കാരത്തിൽ ഈ അടുത്തകാലത്തുണ്ടായ വികസനങ്ങളും ഇതിനു നിമിത്തമായിട്ടുണ്ട്. എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ സംസ്കാരത്തിനുള്ള പ്രാധാന്യം തിരിച്ചറിയണം എന്നാണ് ഇത് ആദ്യമേതന്നെ ആവശ്യപ്പെടുന്നത്. സംസ്കാരം എന്ന

പ്രതിഭാസം മനുഷ്യാനുഭവത്തിന്റെ അടിസ്ഥാനപരമായ ഒരു തത്ത്വമാണ്. ഇതിന് വിവിധ മുഖങ്ങളുണ്ട്. "മനുഷ്യൻ എന്നും ജീവിക്കുന്നത് ഒരു സംസ്കാരത്തിന് അനുസൃതമായിട്ടാണ്, അവന്റേതായ ഒരു സംസ്കാരം. ഈ സംസ്കാരം ആളുകൾക്കിടയിൽ അവരുടേതുമാത്രമായ ഒരു ബന്ധം സൃഷ്ടിക്കുന്നു. മനുഷ്യജീവിതത്തിന്റെ സ്വഭാവവും ജീവിതത്തിലെ പരസ്പര ബന്ധങ്ങളും നിർണ്ണയിക്കുന്നത് ഈ സംസ്കാരമാണ്."[354]

നൂറ്റാണ്ടുകളിലൂടെ ദൈവവചനം വിവിധ സംസ്കാരങ്ങൾക്ക് പ്രചോദനമായിരുന്നിട്ടുണ്ട്. അടിസ്ഥാനപരമായ സാന്മാർഗ്ഗിക മൂല്യങ്ങൾ, അതി മനോഹരമായ കലാരൂപങ്ങൾ അനുകരണീയമായ ജീവിത മാതൃകകൾ – ഇവയ്ക്കെല്ലാം ഈ സംസ്കാരം രൂപംനല്കിയിട്ടുണ്ട്.[355] അതുകൊണ്ട് ബൈബിളും സംസ്കാരവും തമ്മിൽ പുതിയ ഒരു കണ്ടുമുട്ടലിന് തയ്യാറെടുക്കുന്ന ഈ സമയം, ദൈവവചനത്തോട് തുറവിയുള്ളവരാകുന്നതുകൊണ്ട് സാംസ്കാരികലോകത്തിന്റെ ഭാഗമായിട്ടുള്ളവർക്ക് യാതൊന്നും ഭയപ്പെടാനില്ലെന്ന് അവർക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവവചനം യഥാർത്ഥ സംസ്കാരത്തെ ഒരിക്കലും നശിപ്പിക്കുകയില്ല. നേരേമറിച്ച് കൂടുതൽ അനുയോജ്യവും അർത്ഥപൂർണ്ണവും മനുഷ്യത്വം തുടിക്കുന്നതുമായ പ്രയോഗവും ശൈലിയും കണ്ടെത്തുന്നതിന് തുടർച്ചയായി ലഭിക്കുന്ന ഒരു പ്രചോദനമായിരിക്കും ദൈവവചനം. യഥാർത്ഥമായ ഏതൊരു സംസ്കാരവും, മനുഷ്യവർഗ്ഗത്തിനുനേരായും സേവനമനുഷ്ഠിക്കുകയാണ് അതിന്റെ ലക്ഷ്യമെങ്കിൽ, അതീന്ദ്രിയ മേഖലകളിലേക്ക് ഉയരേണ്ടിയിരിക്കുന്നു; അവസാനം ദൈവത്തിലേക്കെത്താൻ അവ സന്നദ്ധമായിരിക്കണം.

## സംസ്കാരങ്ങൾക്കുള്ള മഹത്തായ ഒരു പെരുമാറ്റച്ചട്ടമാണ് ബൈബിൾ

**110.** സാംസ്കാരികമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഇടയിൽ ബൈബിൾ സംബന്ധിച്ച അനുയോജ്യമായ അറിവ്

വളർത്തുന്നതിന്റെ പ്രാധാന്യം സിനഡ് പിതാക്കന്മാർ ഏറെ ഊന്നൽ കൊടുത്ത് പറഞ്ഞുവച്ചിട്ടുണ്ട്. മതനിരപേക്ഷമായ സാഹചര്യങ്ങളിലും വിശ്വാസികളല്ലാത്തവരുടെ ഇടയിലും ഈ അറിവ് പ്രോത്സാഹിപ്പിക്കണം.[356] മനുഷ്യസമൂഹത്തെ മുഴുവനും വിശുദ്ധലിഖിതങ്ങളിൽ കാണുന്ന നരവംശശാസ്ത്രപരവും ദാർശനികവുമായ മൂല്യങ്ങൾ സ്വാധീനിച്ചിട്ടുണ്ട്.[357] സംസ്കാരങ്ങൾക്കു പൊതുവായുള്ള ഒരു പെരുമാറ്റച്ചട്ടമാണ്, നിയമസംഹിതയാണ്, ബൈബിൾ എന്ന സമീപനം വീണ്ടും ഉണ്ടാകേണ്ടിയിരിക്കുന്നു.

## വിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും ബൈബിൾ വിജ്ഞാനം

**111.** ദൈവവചനവും സംസ്കാരവും പരസ്പരം കണ്ടുമുട്ടാവുന്ന ഒരു വേദിയാണ് വിദ്യാലയങ്ങളും സർവ്വകലാശാലകളും. അജപാലകർ ഈ സാഹചര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം. ഇക്കാലത്തും ബൈബിൾ സംബന്ധിച്ച് കൂടുതൽ ആഴത്തിലുള്ള അറിവും സാംസ്കാരിക മേഖലയിൽ അത് എത്ര ഫലപ്രദമായിരിക്കും എന്ന ബോധവും പ്രോത്സാഹിപ്പിക്കാൻ അജപാലകർ ശ്രമിക്കണം. കത്തോലിക്കാ സംഘങ്ങളുടെ പിൻബലമുള്ള പഠനകേന്ദ്രങ്ങൾ സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും വ്യക്തമായ സംഭാവനകൾ നൽകുന്നുണ്ട്. ഇത് തിരിച്ചറിയേണ്ട ഒരു വസ്തുതയാണ്. മതബോധനവും അവഗണിച്ചുകൂടാ. മതബോധനം നൽകുന്ന അദ്ധ്യാപകർക്ക് ശരിയായ പരിശീലനം ലഭ്യമാക്കണം. വിശ്വാസത്തിന്റെ സന്ദേശം ലഭിക്കാനും അതിനോട് പ്രതികരിക്കാനും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഒരേ ഒരവസരം പലപ്പോഴും മതപരമായ വിദ്യാഭ്യാസമാണ്. മതപ്രബോധനത്തിൽ വിശുദ്ധലിഖിതങ്ങൾ അറിയുന്നതിന്, പഠിപ്പിക്കുന്നതിന്, ഊന്നൽ നൽകണം. പഴയതും പുതിയതുമായ മുൻവിധികളെ മറികടക്കുന്നതിനും വിശുദ്ധലിഖിതങ്ങളിൽ അടങ്ങിയിരിക്കുന്ന സത്യം കൂടുതൽ ആഴത്തിൽ ഗ്രഹിക്കുന്നതിനും ഇത് സഹായകമാകും.[358]

## വിശുദ്ധലിഖിതങ്ങൾ വൈവിദ്ധ്യമാർന്ന കലാരൂപങ്ങളിൽ

**112.** പല മേഖലകളിൽ, പ്രത്യേകിച്ചും *കലയുടെ മേഖലയിൽ*, ദൈവവചനവും സംസ്കാരവും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ പാശ്ചാത്യലോകത്തും പൗരസ്ത്യലോകത്തും വിശുദ്ധലിഖിതങ്ങളിൽനിന്നു പ്രചോദനം ഉൾക്കൊണ്ട കലാസൃഷ്ടികളെ ആദരിക്കുകയെന്ന മഹത്തായ പാരമ്പര്യം നിലവിലിരുന്നു. ആലങ്കാരിക കലകളും വാസ്തുശില്പവും സാഹിത്യവും സംഗീതവും ഇതിന് ഉദാഹരണങ്ങളാണ്. പൗരസ്ത്യ പാരമ്പര്യത്തിൽ ഉണ്ടായതും ക്രമേണ ലോകമെങ്ങും വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ ബിംബങ്ങളുടേതായ പ്രാചീനഭാഷയും ഞാൻ ഇവിടെ അനുസ്മരിക്കുന്നു. വിശുദ്ധഗ്രന്ഥഭാഗങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് 'മനോഹാരൃതയിൽ മനംമയങ്ങി' കലാസൃഷ്ടി നടത്തുന്നവരോട് സിനഡ് പിതാക്കന്മാരും തിരുസഭ മുഴുവനും ആദരവും പ്രശംസയും അഭിനന്ദനവും പ്രകടിപ്പിച്ചുകൊള്ളുന്നു. നമ്മുടെ ദൈവാലയങ്ങൾ അലങ്കരിക്കുന്നതിൽ കലകൾ വലിയ സംഭാവന നൽകിയിട്ടുണ്ട്; നമ്മുടെ വിശ്വാസം ഒരാഘോഷമാക്കുന്നതിനും നമ്മുടെ ആരാധനാനുഷ്ഠാനങ്ങളെ സമ്പന്നമാക്കുന്നതിനും അവർ സംഭാവനകൾ നൽകിയിരിക്കുന്നു. കാലദേശങ്ങളുടെ മാനങ്ങൾക്കുള്ളിൽ അനശ്വരവും അദൃശ്യവുമായ യാഥാർത്ഥ്യങ്ങളെ ഇന്ദ്രിയ ഗോചരമാക്കാൻ അനേകം കലാകാരന്മാർ സഹായിച്ചിട്ടുണ്ട്.[359] സഭയുടെ സജീവമായ പാരമ്പര്യത്തിന്റെയും പ്രബോധനാധികാരത്തിന്റെയും വെളിച്ചത്തിൽ കലാകാരന്മാർക്ക് വിശുദ്ധലിഖിതങ്ങളിൽ അടിസ്ഥാനപരമായ അറിവ് ലഭ്യമാക്കുന്നതിന് സമർത്ഥരായ ഉദ്യോഗസ്ഥരും സംഘങ്ങളും ശ്രമിക്കുന്നതിനെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു.

## ദൈവവചനവും സാമൂഹ്യവിനിമയ ഉപാധികളും

**113.** പഴയതും പുതിയതുമായ ആശയവിനിമയമാദ്ധ്യമങ്ങളെ ശ്രദ്ധാപൂർവവും ബുദ്ധിപൂർവവും പ്രയോജനപ്പെടു

ത്തേണ്ടതിന്റെ ആവശ്യകത ദൈവവചനവും സംസ്കാരവും തമ്മിലുള്ള ബന്ധത്തിലെ ഒരു കണ്ണിയാണ്. ഈ മാദ്ധ്യമങ്ങളെപ്പറ്റി ശരിയായ അറിവ് സമ്പാദിക്കാൻ സിനഡ് പിതാക്കന്മാർ ആഹ്വാനം ചെയ്യുന്നു. ഈ മാദ്ധ്യമങ്ങളുടെ ദ്രുതഗതിയിലുള്ള വികസനവും വിവിധതലങ്ങളിൽ അവ പരസ്പരം പ്രവർത്തനം നടത്തുന്നു എന്നതും പിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെട്ടു. മാദ്ധ്യമങ്ങളുടെ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം നേടണം, പ്രത്യേകിച്ചും *ഇന്റർനെറ്റ്* പോലുള്ള *പുതിയ മാദ്ധ്യമങ്ങളിൽ* വൈദഗ്ദ്ധ്യം നേടുന്നതിന് കൂടുതലായി ശ്രമിക്കണം, എന്ന് അവർ ഉദ്ബോധിപ്പിക്കുന്നു. ബഹുജന-വിനിമയങ്ങളുടെ ലോകത്ത് സഭയ്ക്ക് ഇപ്പോൾത്തന്നെ ശ്രദ്ധേയമായ സാന്നിദ്ധ്യമുണ്ട്. ഈ വിഷയത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലും സഭയുടെ പ്രബോധനാധികാരവും പലപ്പോഴും ഇടപെട്ടിട്ടുണ്ട്.[360] സുവിശേഷസന്ദേശം പ്രചരിപ്പിക്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുകയെന്നത് സുവിശേഷവത്കരണം തുടർന്നുപോകാനുള്ള വിശ്വാസികളുടെ ഔത്സുക്യത്തിന്റെ ഭാഗമാണ്. ഇന്ന് ആശയവിനിമയങ്ങൾ നടക്കുന്നത് ആഗോളവ്യാപകമായ ശൃംഖലകൾവഴിയാണ്. "അന്ധകാരത്തിൽ നിങ്ങളോട് ഞാൻ പറയുന്നവ പ്രകാശത്തിൽ പറയുവിൻ; ചെവിയിൽ മന്ത്രിച്ചത് പുരമുകളിൽനിന്ന് ഘോഷിക്കുവിൻ" (മത്താ. 10:27) എന്ന കർത്താവിന്റെ വാക്കുകൾക്ക് ഇങ്ങനെ പുതിയ ഒരർത്ഥം കൈവന്നിരിക്കുകയാണ്. അച്ചടി മാദ്ധ്യമത്തിൽ മാത്രമല്ല ദൈവവചനം മുഴങ്ങിക്കേൾക്കേണ്ടത്. മറ്റു വിനിമയരൂപങ്ങളിലും ഇത് സംഭവിക്കണം.[361] മാദ്ധ്യമങ്ങളിൽ ശ്രദ്ധേയമായ ഒരു സാന്നിദ്ധ്യം നേടുന്നതിന് ഗൗരവപൂർവ്വം യത്നിക്കുന്ന കത്തോലിക്കരോട് എനിക്കുള്ള കൃതജ്ഞത ഞാൻ പ്രകടമാക്കിക്കൊള്ളുന്നു. ഈ മേഖലയിൽ കൂടുതൽ വൈദഗ്ദ്ധ്യം നേടിയതും കൂടുതൽ വിശാലവുമായ പ്രതിബദ്ധത ഉണ്ടാകുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.[362]

ബഹുജനങ്ങളുമായി വിനിമയം നടത്തുന്നതിനുള്ള പുതിയ മാദ്ധ്യമങ്ങളിൽ ഇന്റർനെറ്റിന്റെ വർദ്ധിച്ചവരുന്ന പ്രാ

ധാന്യം നാം തിരിച്ചറിയേണ്ടതുണ്ട്. ആളുകൾക്ക് സുവിശേഷം ശ്രവിക്കുവാൻ പുതിയ ഒരു വേദിയാണ് ഇത് ലഭ്യമാക്കുന്നത്. എങ്കിലും ഇപ്രകാരമുള്ള മാദ്ധ്യമങ്ങളുടെ ലോകത്തിന് യഥാർത്ഥ ലോകത്തിന്റെ സ്ഥാനത്തിന് പകരമാകാൻ കഴിയില്ല; അനുപേക്ഷണീയമായ വ്യക്തിതല സമ്പർക്കം ഉണ്ടെങ്കിലേ പുതിയ മാദ്ധ്യമങ്ങൾ തുറന്നുതരുന്ന പുതിയ ലോകം സുവിശേഷവത്കരണത്തിനായി പ്രയോജനപ്പെടുത്തി അർത്ഥവത്തായ പുതിയ ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ഇന്റർനെറ്റിന്റെ ലോകത്ത് കോടാനുകോടി ചിത്രങ്ങൾ ബഹുസഹസ്രം പ്രതലങ്ങളിൽ ലോകമെമ്പാടും പ്രത്യക്ഷപ്പെടുന്നു. ഇന്റർനെറ്റിന്റെ ഈ ലോകത്ത് ക്രിസ്തുവിന്റെ മുഖം ദൃശ്യമാകുകയും അവിടുത്തെ സ്വരം കേൾക്കപ്പെടുകയും വേണം. കാരണം, "ക്രിസ്തുവിന് ഇടമില്ലെങ്കിൽ മനുഷ്യനും ഇടമുണ്ടാകില്ല."[363]

## ബൈബിളും സംസ്കാരങ്ങളുടെ സ്വാംശീകരണവും

**114.** മനുഷ്യാവതാരത്തിന്റെ ദിവ്യരഹസ്യം നമ്മെ പഠിപ്പിക്കുന്നത് എപ്പോഴും സമൂർത്തമായ ചരിത്രത്തിലാണ്, ചരിത്രത്തിൽ അടങ്ങിയിട്ടുള്ള സാംസ്കാരികനിയമങ്ങളെ മാനിച്ചുകൊണ്ടാണ്, ദൈവം മനുഷ്യരുമായി വിനിമയം നടത്തുന്നത് എന്നാണ്. എങ്കിലും അതേ വചനംതന്നെ വിവിധ സംസ്കാരങ്ങളിലും പ്രത്യക്ഷപ്പെടണം, പ്രത്യക്ഷപ്പെടാൻ അതിനു കഴിയും. അങ്ങനെ *ആ സംസ്കാരങ്ങളെ ഉള്ളിൽ നിന്ന് രൂപാന്തരപ്പെടുത്തും.* ഈ പ്രക്രിയയെ പോൾ ആറാമൻ മാർപാപ്പ *'സംസ്കാരങ്ങളുടെ സുവിശേഷവത്കരണം'* എന്നാണ് വിളിക്കുന്നത്.[364] ക്രൈസ്തവവിശ്വാസത്തിനെന്നപോലെ ദൈവവചനത്തിനും ആഴമേറിയ ഒരു *സംസ്കാരാന്തര സ്വഭാവം* ഉണ്ട്. വിവിധ സംസ്കാരങ്ങളെ കണ്ടുമുട്ടുന്നതിനും അവയുമായി ഇടപെടുന്നതിനും അങ്ങനെ ആ സംസ്കാരങ്ങൾ പരസ്പരം അടുത്ത് ഇടപഴകുന്നതിന് ഇടയാക്കിക്കൊണ്ട് ദൈവവചനം പ്രവർത്തിക്കുന്നു.[365]

ഇവിടെയും സുവിശേഷം സംസ്കാരങ്ങളുടെ അന്തർധാരയുമായി പൊരുത്തപ്പെടുന്നതിന്റെ പ്രാധാന്യം നമുക്ക് ബോദ്ധ്യമാകുന്നു.[366] അവരവരുടെ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ മനുഷ്യരോടും സംസാരിക്കാൻ ദൈവവചനത്തിന് ആന്തരികമായ കഴിവുണ്ടെന്ന് തിരുസഭ ഉറച്ചുവിശ്വസിക്കുന്നു. ഈ വിശ്വാസത്തിന്റെ ഉറവിടം ബൈബിൾ തന്നെയാണ്. ഉൽപ്പത്തിയുടെ പുസ്തകം മുതൽക്കേ ബൈബിൾ സ്വീകരിച്ചിരിക്കുന്നത് ഒരു സാർവ്വലൗകിക കാഴ്ചപ്പാടാണ് (cf. ഉല്പ. 1:27–28). അബ്രഹാമിലൂടെയും അദ്ദേഹത്തിന്റെ സന്തതികളിലൂടെയും എല്ലാ ജനങ്ങൾക്കും വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹം ഈ വീക്ഷണം സ്ഥിരീകരിക്കുന്നു (cf. ഉല്പ. 12:3; 18:18). എല്ലാ ജനതകൾക്കും സുവിശേഷം പ്രസംഗിക്കാൻ കല്പിക്കുന്നതുവഴി ഈ കാഴ്ചപ്പാട് നിർണ്ണായകമായി സ്ഥിരീകരിക്കപ്പെടുന്നു.[367] ഇക്കാരണത്താൽ സംസ്കാരത്തിന്റെ സ്വാംശീകരണം എന്ന് പറയുന്നത് ഉപരിപ്ലവമായ അനുരൂപപ്പെടലിന്റെ ഒരു പ്രക്രിയയായി തെറ്റിദ്ധരിക്കപ്പെടരുത്. വിവിധ വിശ്വാസങ്ങളെ കൂട്ടിക്കുഴച്ച് കൂടുതൽ സ്വീകാര്യമാക്കാൻവേണ്ടി സുവിശേഷത്തിന്റെ അനന്യതയിൽ വെള്ളം ചേർക്കുകയും അരുത്.[368] ദൈവവചനത്തിന്റെ മനുഷ്യാവതാരമാണ് സംസ്കാര സ്വാംശീകരണത്തിന്റെ ആധികാരികമായ മാതൃക. സുവിശേഷത്താൽ പുതിയൊരു ജീവൻ കണ്ടെത്തിയ സംസ്കാരം രൂപാന്തരം പ്രാപിക്കുമ്പോൾ, ആ സംസ്കാര സ്വാംശീകരണം മനുഷ്യാവതാരത്തിന്റെ ഒരു യഥാർത്ഥ പ്രതിച്ഛായയായിത്തീരുന്നു. അപ്പോൾ ആ സംസ്കാരം സജീവമായ സ്വന്തം പാരമ്പര്യത്തിൽനിന്ന് ക്രൈസ്തവജീവിതത്തിന് പുതിയ ആവിഷ്കരണശൈലികൾ സമ്മാനിക്കും. ആരാധനാക്രമത്തിലും ചിന്താരീതിയിലും സ്വന്തം സംസ്കാരം അവ പ്രതിഫലിപ്പിക്കും.[369] അങ്ങനെ പ്രാദേശിക സംസ്കാരത്തിൽ പുളിമാവായി അത് പ്രവർത്തിക്കും; ആ സംസ്കാരത്തിൽ നിലവിലിരുന്ന *വചനത്തിന്റെ വിത്തുകളും (Semina Verbi)* ക്രിയാത്മ

ക ഘടകങ്ങളും വികസിക്കാൻ ഇത് സഹായിക്കും. അങ്ങനെ ആ സംസ്കാരം സുവിശേഷമൂല്യങ്ങളോടു തുറവിയുള്ളതാകും.[370]

## ബൈബിൾ വിവർത്തനവും അത് കൂടുതൽ വിപുലമായി ലഭ്യമാക്കലും

**115.** ദൈവവചനത്തെ വിവിധ സംസ്കാരങ്ങൾ സ്വാംശീകരിക്കുന്നത് സഭയുടെ ഈ ലോകത്തിലെ ദൗത്യത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. ഈ പ്രക്രിയയിലെ ഒരു നിർണ്ണായകനിമിഷമാണ്, ബൈബിൾ വിവിധ ഭാഷകളിൽ വിവർത്തനം ചെയ്ത് വ്യാപകമായി ലഭ്യമാക്കുക എന്ന വിലയേറിയ ദൗത്യം. "പഴയനിയമ കാലത്തുതന്നെ വിശുദ്ധലിഖിതങ്ങൾ പരിഭാഷപ്പെടുത്തിയിരുന്നു എന്ന വസ്തുത നാം എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ആദ്യം ഹീബ്രൂ ബൈബിൾ അറമായിക്ക് ഭാഷയിലേക്ക് (വാച്യരൂപത്തിൽ) (നെഹ. 8:8, 12) വിവർത്തനം ചെയ്യപ്പെട്ടു. പിന്നീട് ഗ്രീക്ക് ഭാഷയിലേക്ക് ബൈബിൾ ലിഖിതരൂപത്തിൽ വിവർത്തനം ചെയ്യപ്പെട്ടു. മൂലകൃതിയെ പദാനുപദം മറ്റു ഭാഷയിലാക്കുന്നതല്ല വിവർത്തനം എന്ന് നമുക്കറിയാം. ഒരു ഗ്രന്ഥഭാഗം ഭാഷാന്തരം ചെയ്യപ്പെടുമ്പോൾ സാംസ്കാരികമായ പശ്ചാത്തലത്തിലും മാറ്റം വരുത്തേണ്ടിവരും. വിവിധ ഭാഷകളിൽ ആശയങ്ങൾ പൂർണ്ണമായും സമാനമായിരിക്കില്ല, ഒരേ പ്രതീകത്തിന് വ്യത്യസ്ത അർത്ഥങ്ങളുണ്ടായിരിക്കും. കാരണം വ്യത്യസ്തമായ ചിന്താശൈലിയിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും ജീവിതശൈലികളിൽനിന്നുമാണ് അവ ഉരുത്തിരിയുന്നത്."[371]

കുറെ ഏറെ പ്രാദേശിക സഭകൾക്ക് അവരുടെതന്നെ ഭാഷയിലേക്ക് വിവർത്തനം ചെയ്ത ബൈബിൾ ഇല്ലെന്ന് സിനഡിനിടയ്ക്ക് വ്യക്തമാക്കപ്പെട്ടു. ഇന്ന് എത്രയോ ആളുകൾ ദൈവവചനത്തിനുവേണ്ടി ദാഹിക്കുന്നു. എങ്കിലും രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗ്രഹിച്ചതുപോലെ വിശുദ്ധലിഖിതങ്ങൾ അവർക്ക് പ്രയാസംകൂടാതെ ലഭ്യമാകുന്നില്ല.[372]

അതുകൊണ്ട് വിവിധ ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യുന്നതിന് പ്രതിബദ്ധതയുള്ള വിദഗ്ദ്ധരെ പരിശീലിപ്പിക്കുന്നത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്ന് സിനഡ് കരുതി.[373] ഈ മേഖലയിൽ വിഭവങ്ങൾ നിക്ഷേപിക്കുവാൻ (ധനം വിനിയോഗിക്കുവാൻ) ഞാൻ ഉത്ബോധിപ്പിക്കുന്നു. കാത്തലിക് ബൈബിൾ ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്ക് പിൻതുണ നൽകണമെന്ന് ശുപാർശചെയ്യാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. അങ്ങനെ വിവർത്തനങ്ങളുടെ എണ്ണം വർദ്ധിക്കുവാനും കൂടുതൽ വ്യാപകമായി വിശുദ്ധലിഖിതങ്ങൾ ലഭ്യമാകുവാനും ഇടയാകുമല്ലോ.[374] ഇത്തരം ഒരു സംരംഭത്തിന്റെ സ്വഭാവത്തിൽ നിന്നുതന്നെ വ്യക്തമാകുന്നതുപോലെ, കഴിയുന്നത്ര വിവിധ ബൈബിൾ സൊസൈറ്റികളുമായി സഹകരിച്ചുവേണം ഇത് നടപ്പിലാക്കാൻ.

## ദൈവവചനം സംസ്കാരത്തിന്റെ പരിധികൾ അതിലംഘിക്കുന്നു

**116.** ദൈവവചനവും സംസ്കാരങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചർച്ച ചെയ്തപ്പോൾ, ആദിമക്രൈസ്തവർക്ക് പെന്തക്കോസ്താദിവസം തൊട്ട് ഉണ്ടായ അനുഭവം എടുത്തുപറയേണ്ടതിന്റെ ആവശ്യകത സിനഡ് സമ്മേളനത്തിന് ബോദ്ധ്യമായി (അപ്പ. 12:1–2). വിവിധ സംസ്കാരങ്ങളിലും ഭാഷകളിലും പ്രവേശിക്കുന്നതിനും അനുയോജ്യമായ ആവിഷ്കരണം കണ്ടെത്തുന്നതിനും ദൈവവചനത്തിനു കഴിയും. അതേസമയംതന്നെ ഓരോ സംസ്കാരത്തിന്റേയും പരിമിതികളെ മറികടക്കാനും. അങ്ങനെ വിവിധ ജനതകൾക്കിടയിൽ ഒരു കൂട്ടായ്മ സൃഷ്ടിക്കുന്നതിനും അതേ ദൈവവചനത്തിനു കഴിയും. സഭ വികസിച്ചുകൊണ്ടിരിക്കുന്ന വിശാലമായ ഒരു കൂട്ടായ്മയിലേക്ക് നടന്നടുക്കുവാനാണ് കർത്താവിന്റെ വചനം നമ്മോട് ആവശ്യപ്പെടുന്നത്; നമ്മെ വിളിക്കുന്നത്. “നമ്മുടെ അനുഭവത്തിന്റെ പരിമിതികൾക്കപ്പുറത്തേക്ക് കടന്നു തികച്ചും സാർവ്വത്രികമായ യാഥാർത്ഥ്യത്തിൽ നാം

പ്രവേശിക്കുന്നു. ദൈവവചനവുമായുള്ള കൂട്ടായ്മയിൽ പ്രവേശിക്കുമ്പോൾ ദൈവവചനം ജീവിക്കുന്ന സഭയുടെ കൂട്ടായ്മയിൽ നാം പ്രവേശിക്കുന്നു. ഓരോ സംസ്കാരത്തിന്റെയും പരിധികൾക്കപ്പുറത്തെത്തി എല്ലാവരെയും പരസ്പരം ബന്ധപ്പെടുത്തുന്നതും ഒന്നിപ്പിക്കുന്നതും എല്ലാവരെയും സഹോദരീസഹോദരന്മാരാക്കുന്നതുമായ സാർവ്വ ലൗകികതയിൽ നാം പ്രവേശിക്കുന്നു എന്നാണ് ഇതിനർത്ഥം."[375] ദൈവത്തിന്റെ പ്രവൃത്തി പ്രഘോഷിക്കുന്നതിന് നമ്മിൽനിന്ന് ആദ്യമായി ആവശ്യപ്പെടുന്നത് പുതിയ ഒരു പുറപ്പാടാണ്. പരിമിതികളുള്ള നമ്മുടെ മാനദണ്ഡങ്ങളും സങ്കല്പങ്ങളും ഉപേക്ഷിച്ചിട്ട് ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിനു സ്ഥലമുണ്ടാക്കുന്ന ഒരു പുറപ്പാട്.

# ദൈവവചനവും മതാന്തരസംവാദവും

## മതങ്ങൾ തമ്മിലുള്ള സംവാദത്തിന്റെ മൂല്യം

**117.** സന്മനസ്സുള്ള എല്ലാ മനുഷ്യരുമായി, പ്രത്യേകിച്ചും മനുഷ്യവർഗ്ഗത്തിന്റെ വ്യത്യസ്ത മതപരമായ പാരമ്പര്യങ്ങൾ പിന്തുടരുന്നവരുമായി, പരസ്പരം ബന്ധപ്പെടുകയും സംവാദത്തിലേർപ്പെടുകയും സഹകരിക്കുകയും ചെയ്യുന്നത് വചനപ്രഘോഷണത്തിന്റെ ഒരവശ്യഘടകമാണെന്ന് തിരുസഭ കരുതുന്നു. മതവിശ്വാസപരമായ വൈരുദ്ധ്യങ്ങളെ സംയോജിപ്പിക്കാൻ ശ്രമിക്കാതെയും ആപേക്ഷികസിദ്ധാന്തം അംഗീകരിക്കാതെയും ഈ സംവാദം നടക്കണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ *'നമ്മുടെ യുഗം'* എന്ന പ്രമാണരേഖയിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ ഇവിടെ പിൻതുടരാവുന്നതാണ്. ഈ നിർദ്ദേശങ്ങൾ പിന്നീട് മാർപാപ്പമാർ പ്രബോധനാധികാരം ഉപയോഗിച്ച് വികസിപ്പിച്ചിട്ടുണ്ട്.[376] ഇക്കാലത്ത് ആഗോളവത്കരണം ദ്രുതഗതിയിൽ നടക്കുന്നതുകൊണ്ട് വിവിധ സംസ്കാരങ്ങളും മതവിശ്വാസവുമുള്ള ജനതകൾക്ക്

കൂടുതൽ അടുത്തറിയാൻ കഴിയുന്ന സാഹചര്യമുണ്ടായിരിക്കുന്നു. സാർവ്വലൗകിക സാഹോദര്യത്തിന്റെ ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിന് യഥാർത്ഥമായ മതവിശ്വാസത്തിന് എങ്ങനെയെല്ലാം കഴിയും എന്ന് വ്യക്തമാക്കുന്നതിന് ദൈവപരിപാലനയിൽ ലഭിച്ച ഒരവസരമായി ഇതിനെ കാണണം. മിക്കവാറും മതനിരപേക്ഷതയിൽ ഊന്നിനിൽക്കുന്ന നമ്മുടെ സമൂഹങ്ങളിൽ സർവ്വശക്തനായ ദൈവമാണ് എല്ലാ നന്മയുടെയും അടിത്തറയെന്നും സാന്മാർഗ്ഗികമൂല്യങ്ങളുടെ അക്ഷയ സ്രോതസ്സെന്നും സാർവ്വത്രിക സാഹോദര്യം എന്ന ആശയത്തിന്റെ ശക്തമായ കോട്ടയെന്നും തിരിച്ചറിയുന്ന ഒരു മനോഭാവം പരിപോഷിപ്പിക്കുവാൻ മതങ്ങൾക്ക് കഴിയുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്.

ഉദാഹരണത്തിന്, യഹൂദ-ക്രൈസ്തവപാരമ്പര്യത്തിൽ എല്ലാ ജനതകളോടും ദൈവത്തിനുള്ള സ്നേഹത്തിന് ഹൃദയസ്പർശിയായ സാക്ഷ്യം കാണാൻ കഴിയും. നോഹയുമായുണ്ടാക്കിയ ഉടമ്പടിയിൽ എല്ലാ ജനങ്ങളെയും അവിടുന്ന് ഒരാശ്ലേഷത്തിൽ ഉൾപ്പെടുത്തുന്നു; ഇതിന്റെ പ്രതീകമാണ് 'മേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മഴവില്ല്' (ഉല്പ. 9:13, 14, 16). പ്രവാചകന്മാർ പറയുന്നത് ദൈവം എല്ലാ ജനതകളെയും സർവ്വവ്യാപകമായ ഒരൊറ്റ കുടുംബമായി ഒരുമിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നു എന്നാണ് (cf. ഏശ. 2:2ff; 42:6; 66:18-21; ജെറ. 4:2; സങ്കീ. 47). ദൈവവുമായുള്ള ബന്ധവും എല്ലാവരെയും സ്നേഹിക്കണമെന്ന സദാചാരവിധിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനുള്ള തെളിവ് മഹത്തായ അനേകം മതപാരമ്പര്യങ്ങളിൽ കാണാൻകഴിയും.

## ക്രൈസ്തവരും മുസ്ലീങ്ങളും തമ്മിൽ സംവാദം

**118.** വിവിധ മതങ്ങളുടെയിടയിൽ ഏക ദൈവത്തെ ആരാധിക്കുന്നവരായ[377] ഇസ്ലാംമതത്തോടും സഭ ആദരവ് പുലർത്തുന്നു. അവർ അബ്രഹാമിനെ അനുകരിച്ച് എല്ലാറ്റിനുമുപരി പ്രാർത്ഥനയിലൂടെയും ....... ദാനധർമ്മത്തിലൂടെയും ഉപവാസത്തിലൂടെയും ദൈവത്തെ ആരാധിക്കുന്നു. ഇസ്ലാ

മിക പാരമ്പര്യത്തിൽ ബൈബിളിൽ കാണുന്ന നിരവധി കഥാപുരുഷന്മാരും പ്രതീകങ്ങളും പ്രതിപാദ്യങ്ങളും ഉൾക്കൊള്ളുന്നുണ്ടെന്ന് നാം അംഗീകരിക്കുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പ നടത്തിയ പ്രയത്നങ്ങളെ പിൻതുടർന്ന്, വർഷങ്ങളായി ക്രൈസ്തവർക്കും ഇസ്ലാംമതവിശ്വാസികൾക്കും ഇടയിൽ സ്ഥാപിതമായ വിശ്വാസപരമായ ബന്ധങ്ങൾ ആത്മാർത്ഥവും ആദരവോടുകൂടിയതുമായ സംവാദത്തിന്റെ അരൂപിയിൽ തുടർന്നും വികസിക്കുമെന്ന എന്റെ പ്രത്യാശ പ്രകടിപ്പിച്ചുകൊള്ളട്ടെ.[378] ഈ സംവാദത്തിൽ ജീവനോടുള്ള ആദരവ് ഒരു അടിസ്ഥാനമൂല്യമായി കണ്ട് അതിന്മേൽ ആഴമേറിയ വിചിന്തനമുണ്ടാകണമെന്ന് സിനഡ് ആവശ്യപ്പെട്ടു. ജനങ്ങളുടെ അന്യാധീനപ്പെടുത്താനാകാത്ത അവകാശങ്ങൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേതോതിലുള്ള അന്തസ്സ് – ഈ വിഷയങ്ങളും വിചിന്തനത്തിനു വിധേയമാക്കണം. സാമൂഹിക–രാഷ്ട്രീയ മേഖലയും മതവിശ്വാസത്തിന്റെ മേഖലയും വ്യത്യസ്തങ്ങളാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട്, വിവിധ മതങ്ങൾ പൊതുനന്മയ്ക്ക് തങ്ങളുടേതായ സംഭാവന നൽകണം. ക്രൈസ്തവരും മുസ്ലീങ്ങളും പരസ്പരം കൂടുതൽ അടുത്തറിയുന്നതിനും അങ്ങനെ സമൂഹത്തിനാവശ്യമായ സമാധാനപരവും ക്രിയാത്മകവുമായ സഹവർത്തിത്വം വളർത്തുന്നതിനും സഹായകവും സമുചിതവുമാകുമ്പോഴെല്ലാം രണ്ടുമതത്തിൽപ്പെട്ടവരും ഒന്നിച്ചുകൂടുന്നത് മെത്രാൻസമിതികൾ പ്രോത്സാഹിപ്പിക്കണമെന്ന് സിനഡ് നിർദ്ദേശിക്കുന്നു.[379]

## മറ്റുമതങ്ങളുമായുള്ള സംവാദം

**119.** വിവിധ ഭൂഖണ്ഡങ്ങളിലെ മതപരവും ആത്മീയവുമായ പ്രാചീനപാരമ്പര്യങ്ങളോട് തിരുസഭയ്ക്കുള്ള ആദരവ് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യക്തികൾ തമ്മിലും ജനതകൾ തമ്മിലുമുള്ള പരസ്പര ധാരണ ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയുന്ന മൂല്യങ്ങൾ ഈ പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.[380] പലപ്പോഴും അവരുടെ മത

ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള മൂല്യങ്ങളോടും നമുക്ക് യോജിക്കാൻ കഴിയും. ഉദാഹരണത്തിന്, ബുദ്ധമതത്തിൽ കാണുന്ന ജീവനോടുള്ള ആദരവ്, ധ്യാനം, മൗനം, ലാളിത്യം; ഹിന്ദുമതത്തിൽ കാണുന്ന പവിത്രമായതിനെ ആദരിക്കുന്ന അവബോധം, ത്യാഗം, ഉപവാസം; കൺഫ്യൂഷ്യനിസത്തിൽ, കുടുംബത്തിനും സാമൂഹ്യമൂല്യങ്ങൾക്കും നൽകുന്ന പ്രാധാന്യം മുതലായവ. ദൈവത്തിന്റെ അതീന്ദ്രിയത സംബന്ധിച്ച ആത്മാർത്ഥമായ ഉത്ക്കണ്ഠ, ദൈവത്തെ സ്രഷ്ടാവായി തിരിച്ചറിയൽ, ജീവനോടും വിവാഹം, കുടുംബം ഇവയോടുമുള്ള ആദരവ്, മനുഷ്യവർഗ്ഗത്തിന്റെ കൂട്ടായ്മ സംബന്ധിച്ച ശക്തമായ അവബോധം – അന്യമത പാരമ്പര്യങ്ങളിൽ ഇതെല്ലാം കാണാൻ കഴിയുന്നത് ഞങ്ങളെ സന്തുഷ്ടരാക്കുന്നു.

## സംവാദവും മതസ്വാതന്ത്ര്യവും

**120.** ഇതൊക്കെ ശരിയാണെങ്കിലും, ഓരോ വ്യക്തിയോടും ആത്മാർത്ഥമായ ആദരവ് പുലർത്തുന്നില്ലെങ്കിൽ, എല്ലാവർക്കും അവരവരുടെ മതവിശ്വാസമനുസരിച്ച് ജീവിക്കുവാൻ സ്വാതന്ത്ര്യമല്ലെങ്കിൽ, സംവാദംകൊണ്ട് ഫലമുണ്ടാകില്ല. അതുകൊണ്ട്, വിവിധ മതങ്ങൾ പിന്തുടരുന്നവർ തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുമ്പോഴും "തങ്ങളുടെ മതവിശ്വാസം സ്വകാര്യതയിലും പൊതുസ്ഥലത്തും ഏറ്റുപറയുവാനുള്ള സ്വാതന്ത്ര്യവും മനഃസാക്ഷി സ്വാതന്ത്ര്യവും ഫലപ്രദമായരീതിയിൽ എല്ലാ വിശ്വാസികൾക്കും നൽകേണ്ടതിന്റെ ആവശ്യകതയും സിനഡ് എടുത്തുകാട്ടി.[381] ആദരവും സംവാദവും എല്ലാ മണ്ഡലങ്ങളിലും ഇരുഭാഗത്തുനിന്നും ഉണ്ടാകണം. അടിസ്ഥാനപരമായ സ്വാതന്ത്ര്യം സംബന്ധിച്ച്, പ്രത്യേകിച്ചും മതസ്വാതന്ത്ര്യം സംബന്ധിച്ച്, ഈ പാരസ്പര്യം കൂടിയേതീരൂ. ഇത്തരം ആദരവും സംവാദവും സമാധാനത്തെയും ജനതകൾ തമ്മിലുള്ള പരസ്പരധാരണയെയും പരിപോഷിപ്പിക്കും."[382]

# ഉപസംഹാരം

## ദൈവത്തിന്റെ നിർണ്ണായകമായ വചനം

**121.** 'ദൈവവചനം, സഭയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും' എന്ന പ്രമേയത്തെ ആസ്പദമാക്കി നടന്ന മെത്രാന്മാരുടെ സിനഡിന്റെ പന്ത്രണ്ടാമതു പൊതുസമ്മേളനത്തിലെ ധന്യമായ ഫലങ്ങൾ സമാഹരിക്കുവാനും കൂടുതൽ പൂർണ്ണതയോടെ പരിശോധിക്കുവാനുമാണ് ഈ വിചിന്തനത്തിൽ ഞാൻ ശ്രമിച്ചത്. ഇത് ഉപസംഹരിക്കുമ്പോൾ, ദൈവവചനത്തോട് കൂടുതൽ ആഭിമുഖ്യമുള്ളവരാകുവാൻ അജപാലകർ, സമർപ്പിതർ, അല്മായർ തുടങ്ങി മുഴുവൻ ദൈവജനത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. ആധികാരികവും സജീവവുമായ എല്ലാ ക്രിസ്തീയ ആധ്യാത്മികതയും അധിഷ്ഠിതമായിരിക്കുന്നത്; *സഭയിൽ പ്രഘോഷിക്കുകയും സ്വീകരിക്കുകയും ആഘോഷിക്കുകയും ധ്യാനവിഷയമാക്കുകയുംചെയ്യപ്പെടുന്ന* ദൈവചനത്തിലാണ് എന്നു നാം ഒരിക്കലും വിസ്മരിച്ചുകൂടാ. ദൈവവചനവും സഭയുടെ സജീവപാരമ്പര്യവുമനുസരിച്ച് ഈ പ്രപഞ്ചത്തെയും ചരിത്രത്തെയും സംബന്ധിച്ച ദൈവത്തിന്റെ നിർണ്ണായകവചനത്തിനു മുൻപിലാണ് നാം നിലകൊള്ളുന്നത് എന്ന അവബോധം നമുക്കുണ്ടെങ്കിൽ; ദൈവവചനത്തോടുള്ള ആഭിമുഖ്യത്തിലുള്ള ഈ വളർച്ചയിൽ നാം കൂടുതൽ ശുഷ്കാന്തിയുള്ളവരായിരിക്കും.

അസ്തിത്വമുള്ളവയെല്ലാം ദൈവത്തിന്റെ വചനത്തിന്റെ അടയാളത്തിനു കീഴിലാണ് എന്ന ധ്യാനത്തിലേക്ക് വിശുദ്ധ യോഹന്നാന്റെ സുവിശേഷം നമ്മെ നയിക്കുന്നു. വചനം പിതാവിൽനിന്നും പുറപ്പെട്ട് നമ്മുടെ ഇടയിൽ വസിക്കുകയും

തിരികെ പിതാവിങ്കലേക്ക് മടങ്ങുകയും ചെയ്യുന്നു. തന്നിലും തനിക്കുവേണ്ടിയും ഉരുവാക്കപ്പെട്ടവയായ സമസ്തസൃഷ്ടികളെയും പിതാവിങ്കലേക്ക് ആനയിക്കുന്നതിനുവേണ്ടിയാണിത്. മണവാളനായ അവിടുത്തെ യുഗാന്ത്യോന്മുഖമായ വെളിപ്പെടുത്തലിനെ ശ്രദ്ധാപൂർവ്വം കാത്തുകൊണ്ടാണ് സഭ ഇപ്പോൾ അവളുടെ ദൗത്യം നിർവ്വഹിക്കുന്നത്; ആത്മാവും മണവാട്ടിയും പറയുന്നു: "വരിക" (വെളി. 22:17). ഈ പ്രതീക്ഷയാകട്ടെ ഒരിക്കലും നിഷ്ക്രിയമായ ഒന്നല്ല; മറിച്ച് എല്ലാ മനുഷ്യരെയും സൗഖ്യമാക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നതിനുള്ള പ്രേഷിത തീക്ഷ്ണതയാണത്. ഉത്ഥിതനായ യേശു ഇന്നും നമ്മോടു പറയുന്നു: "ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15).

## പുതിയ സുവിശേഷവത്കരണവും പുതിയ ശ്രവണവും

**122.** ദൈവവചനത്തിന് പുത്തനുണർവോടെ കാതോർക്കുന്നതും ഒരു പുതിയ സുവിശേഷവത്കരണവും നമ്മുടെ കാലഘട്ടത്തിന്റെ മുഖമുദ്രയാകണം. ക്രിസ്തീയ ജീവിതത്തിൽ ദൈവവചനത്തിനുള്ള കേന്ദ്രസ്ഥാനം വീണ്ടെടുക്കുമ്പോൾ, വിശ്വാസത്തിൽനിന്നും അകലെയായിരിക്കുന്ന ജനതകളുടെ ഇടയിലുള്ള പ്രവർത്തനവും (*missio ad gentes*) നവസുവിശേഷവത്കരണവും തീവ്രമായി ആരംഭിക്കുവാനുള്ള, ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ശക്തമായ ആഹ്വാനം നമുക്കു കൂടുതൽ ഉൾക്കൊള്ളുവാനാകും. സുവിശേഷം വിസ്മരിക്കപ്പെടുകയോ വ്യാപകമായ മതനിരപേക്ഷതമൂലം സുവിശേഷത്തോട് ഉദാസീനത പുലർത്തുകയോ ചെയ്യുന്ന രാജ്യങ്ങളിലാണ് ഈ പ്രവർത്തനങ്ങൾ പ്രത്യേകമായി നടക്കേണ്ടതെന്ന് മാർപാപ്പ എടുത്തുപറയുന്നു. പരിശുദ്ധാരൂപി ദൈവത്തോടുള്ള വിശപ്പും ദാഹവും നമ്മിലുണർത്തി സുവിശേഷത്തിന്റെ തീക്ഷ്ണതയുള്ള മുന്നോടികളും സാക്ഷികളുമായി നമ്മെ മാറ്റട്ടെ.

കർത്താവിന്റെ സ്വരം ശ്രവിച്ചപ്പോൾ തന്റെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റിയ ജനതകളുടെ അപ്പോസ്തലനെ പിൻതുടർന്ന് (cf. നടപടി 9:1–30), നമുക്കും, ഇന്ന്, ഇവിടെ വ്യക്തിപരമായി നമ്മോടു സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം ശ്രവിക്കാം. നടപടി പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ, പരിശുദ്ധാരൂപി, പൗലോസിനെയും ബർണബാസിനെയും ദൈവവചനം പ്രഘോഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി പ്രത്യേകം നിയോഗിക്കുന്നു (cf. 13:12). നമ്മുടെ കാലഘട്ടത്തിലും ബോദ്ധ്യമുള്ളവരും ബോദ്ധ്യം നൽകാൻ കഴിവുള്ളവരുമായ പ്രഘോഷകരെയും ശ്രോതാക്കളെയും അതേ പരിശുദ്ധാരൂപി നിരന്തരം വിളിച്ചുകൊണ്ടിരിക്കുന്നു.

## വചനവും ആനന്ദവും

**123.** ദൈവവചനത്തോടു കൂടുതൽ തുറവിയുള്ളവരാകുന്നതിനനുസരിച്ച് ഇന്നും ദൈവത്തിന്റെ സഭയിൽ പന്തക്കുസ്താ മഹാരഹസ്യം സംഭവിക്കുന്നുണ്ടെന്നു തിരിച്ചറിയാൻ നമുക്കു കഴിയും. നമ്മെ പൂർണ്ണമായ സത്യത്തിലേക്കു നയിക്കുന്നതിനും വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം നമുക്കു മനസ്സിലാക്കിത്തരുന്നതിനും ലോകത്തിൽ നമ്മെ രക്ഷയുടെ വചനത്തിന്റെ വിശ്വസ്തരായ മുന്നോടികളാക്കിത്തീർക്കുന്നതിനുംവേണ്ടി കർത്താവിന്റെ ആത്മാവ് സഭയിൽ തന്റെ ദാനങ്ങൾ തുടർന്നും വർഷിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ നാം യോഹന്നാന്റെ ഒന്നാം ലേഖനത്തിലേക്ക് മടങ്ങിവരുന്നു. ദൈവത്തിന്റെ വാക്കുകളിൽ യോഹന്നാനെപ്പോലെ നമ്മളും അവിടുത്തെ ജീവന്റെ വചനം കേൾക്കുകയും കാണുകയും സ്പർശിക്കുകയും ചെയ്തിരിക്കുന്നു. നിത്യജീവിതം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നുള്ള പ്രഖ്യാപനം, ദൈവകൃപയാൽ നമ്മളും സ്വീകരിച്ചു. അങ്ങനെ പരസ്പരമുള്ള നമ്മുടെ സാഹോദര്യം മനസ്സിലാക്കുവാനും അംഗീകരിക്കുവാനും നമുക്കു കഴിയുന്നു. വിശ്വാസത്തിന്റെ മുദ്രയണിഞ്ഞ് നമുക്കു മുൻപേ കടന്നുപോയവരും, ലോകമെങ്ങും, വചനം ശ്രവിക്കുകയും ദിവ്യബലിയിൽ പങ്കുചേരുകയും ചെയ്തുകൊണ്ട്

തങ്ങളുടെ ജീവിതത്തിലൂടെ ഉപവിക്ക് സാക്ഷ്യം വഹിക്കുന്നവരെല്ലാം ഈ സാഹോദര്യത്തിന്റെ വലയത്തിൽ ഉൾപ്പെടുന്നു. അപ്പോസ്തലനായ യോഹന്നാൻ ഓർമ്മിപ്പിക്കുന്നതുപോലെ, "നമ്മുടെ സന്തോഷം പൂർണ്ണമാകുന്നതിനുവേണ്ടിയാണ്" (1 യോഹ. 1:4) ഈ പ്രഘോഷണം നമ്മളുമായി പങ്കുവയ്ക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ യോഹന്നാൻ പറയുന്ന കാര്യങ്ങളെല്ലാം സിനഡ് സമ്മേളനത്തിൽ ഞങ്ങൾക്കനുഭവിച്ചറിയുവാൻ കഴിഞ്ഞു: വചനം *ഐക്യം* (*communion*) സൃഷ്ടിക്കുകയും *സന്തോഷം* (*joy*) പ്രദാനം ചെയ്യുകയും ചെയ്യുന്നു. പരിശുദ്ധത്രിത്വത്തിന്റെ ജീവിതകേന്ദ്രത്തിൽ ഉറവെടുത്ത് പുത്രനിൽ നമ്മോട് അറിയിക്കപ്പെട്ട പരമമായ ഒരു സന്തോഷമാണിത്; ലോകത്തിനു നൽകുവാൻ കഴിയാത്ത അവാച്യമായ ഒരു സന്തോഷം. ആഘോഷങ്ങൾ സംഘടിപ്പിക്കുവാൻ കഴിയും. എന്നാൽ സന്തോഷം ലഭ്യമാക്കാനാകണമെന്നില്ല. വിശുദ്ധ ലിഖിതമനുസരിച്ച്, വചനത്തിലേക്ക് പ്രവേശിക്കുവാൻ നമ്മെയും നമ്മിലേക്ക് കടന്നുവന്ന് നിത്യജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ദൈവിക വചനത്തെയും പ്രാപ്തരാക്കുന്ന പരിശുദ്ധാരൂപിയുടെ ദാനമാണ് സന്തോഷം (cf. ഗലാ. 5:22). പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവത്തിന്റെ വചനം പ്രഘോഷിക്കുകവഴി യഥാർത്ഥ സന്തോഷത്തിന്റെ സ്രോതസ്സിൽ പങ്കെടുക്കുന്നതിന് നമ്മളും ആഗ്രഹിക്കുന്നു. ഉപരിപ്ലവമോ ക്ഷണികമോ ആയ ഒരു സന്തോഷമല്ല; മറിച്ച് കർത്താവായ യേശുവിൽ മാത്രമാണ് നിത്യജീവന്റെ വചസ്സുകൾ ഉള്ളതെന്ന ബോധ്യത്തിൽ നിന്നും ഉളവാകുന്ന സന്തോഷമാണ് ഇത് (cf. യോഹ. 6:68).

## വചനത്തിന്റെ മാതാവും ആനന്ദത്തിന്റെ മാതാവും

**124.** ദൈവമാതാവായ മറിയത്തിൽ, ദൈവത്തിന്റെ വചനവും ആനന്ദവും തമ്മിലുള്ള ഈ ദൃഢമായ ബന്ധം പ്രകടമാകുന്നുണ്ട്. വിശുദ്ധ എലിസബത്തിന്റെ വാക്കുകൾ നമുക്കനുസ്മരിക്കാം; "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറ

വേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1:45). വിശ്വസിച്ചതിനാൽ മറിയം ഭാഗ്യവതിയായി. ലോകത്തിന് നൽകുവാനായി ദൈവത്തിന്റെ പുത്രനെ അവൾ ഉദരത്തിൽ സ്വീകരിച്ചതും ഈ വിശ്വാസത്തിലാണ്. വചനത്തിൽ നിന്നുത്ഭവിച്ച ഈ സന്തോഷം, വിശ്വാസത്തിൽ, ദൈവവചനത്തിലൂടെ, തങ്ങളെത്തന്നെ പരിവർത്തനവിധേയരാക്കുന്ന എല്ലാവരിലേക്കും വ്യാപിക്കുന്നു. വചനശ്രവണവും സന്തോഷവും തമ്മിലുള്ള ഈ ബന്ധത്തിന്റെ രഹസ്യം, ലൂക്കാ സുവിശേഷകൻ രണ്ടിടത്ത് അവതരിപ്പിക്കുന്നുണ്ട്: "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8:21). ജനക്കൂട്ടത്തിൽനിന്ന്, 'അവിടുത്തെ വഹിച്ച ഉദരവും, പാലൂട്ടിയ പയോധരങ്ങളും അനുഗൃഹീതങ്ങളാകുന്നു' എന്നു വിളിച്ചുപറഞ്ഞ സ്ത്രീയോട്, യഥാർത്ഥ സന്തോഷത്തിന്റെ രഹസ്യം യേശു വെളിപ്പെടുത്തുന്നുണ്ട്: "ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 12:28). മറിയത്തിന്റെ യഥാർത്ഥമഹത്ത്വം യേശു ചൂണ്ടിക്കാണിക്കുകയാണിവിടെ. വചനം ശ്രവിക്കുകയും പാലിക്കുകയും ചെയ്തുകൊണ്ട് നമുക്കും പ്രാപിക്കാവുന്ന ഒരനുഗൃഹീതാവസ്ഥയാണതെന്ന് അവിടുന്ന് എടുത്തുപറയുന്നു. ദൈവത്തോടുള്ള വ്യക്തിപരവും സമൂഹപരവുമായ നമ്മുടെ ബന്ധം ദൈവവചനത്തോടുള്ള ആഭിമുഖ്യത്തിൽ നാം വളരുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത് എന്ന കാര്യം എല്ലാ ക്രൈസ്തവരെയും അനുസ്മരിപ്പിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. അവസാനമായി, സഭയോടുള്ള ബന്ധത്തിൽ നിന്നും വേർപെട്ടുപോയവരും വിശ്വാസം ഉപേക്ഷിച്ചവരും രക്ഷയുടെ പ്രഘോഷണം ഒരിക്കലും ശ്രവിച്ചിട്ടില്ലാത്തവരും ഉൾപ്പെടെ, എല്ലാ സ്ത്രീപുരുഷന്മാരിലേക്കും എന്റെ ശ്രദ്ധ തിരിയുന്നു. എല്ലാവരോടുമായി കർത്താവു പറയുന്നു: "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽതുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്കു

വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും" (വെളി. 3:20)

നമ്മുടെ ഓരോ ദിവസത്തെയും ജീവിതം, പിതാവിന്റെ മാംസംധരിച്ച വചനമായ ക്രിസ്തുവുമായുള്ള ഒരു നവമായ കണ്ടുമുട്ടലിലൂടെ രൂപപ്പെടുന്നതാകട്ടെ. അവിടുന്ന് ആരംഭത്തിലും അന്ത്യത്തിലും സന്നിഹിതനാണ്. "അവനിൽ സമസ്തവും സ്ഥിതിചെയ്യുന്നു" (കൊളോ. 1:17). കർത്താവിന്റെ വചനം ശ്രവിക്കുന്നതിനും അവയെപ്പറ്റി ധ്യാനിക്കുന്നതിനും പരിശുദ്ധാരൂപിയുടെ പ്രവർത്തനത്താൽ ആ വചനങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ നിലനിന്ന് ജീവിതത്തിലെ ഓരോ ദിവസവും നമ്മോടു സംസാരിക്കുന്നതിനുമായി നിശ്ശബ്ദതയിൽ നമുക്കു കാതോർക്കാം. ഈ വിധത്തിൽ നിത്യം നിലനിൽക്കുന്ന വചനത്താൽ (cf. 1 പത്രോ. 1:25, ഏശ. 40:8), സഭ എല്ലായ്പ്പോഴും നവീകരിക്കപ്പെടുകയും നവചൈതന്യമാർജ്ജിക്കുകയും ചെയ്യും. അങ്ങനെ, വിശുദ്ധ ലിഖിതങ്ങൾ ഉപസംഹരിക്കപ്പെടുന്ന സ്നേഹോഷ്മളമായ ആ സംവാദത്തിൽ നമ്മളും പങ്കാളികളായിത്തീരും: "ആത്മാവും മണവാട്ടിയും പറയുന്നു: 'വരിക!' ഇതു സാക്ഷ്യപ്പെടുത്തുന്നവർ പറയുന്നു: 'അതെ ഞാൻ വേഗം വരുന്നു, ആമ്മേൻ, കർത്താവായ യേശുവേ വരേണമേ!" (വെളി. 22:17-20).

*എന്റെ പാപ്പാ ശുശ്രൂഷയുടെ ആറാം വർഷം, 2010 സെപ്റ്റംബർ 30-ന്, വിശുദ്ധ ജെറോമിന്റെ അനുസ്മരണാദിനത്തിൽ, റോമിൽ സെന്റ് പീറ്റേഴ്സിൽവച്ച് നൽകപ്പെട്ടത്.*

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**